
യാവനപാനം നീയേ

ആത്മകഥാപരമായ ആഖ്യായിക



ആഹാ കുര്യാക്കോസ് ഏലിയാ

ഭാഷ്യകർത്താവ്

ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ

യാവനപാനം നീയേ

ആത്മകഥാപരമായ ആഖ്യായിക

ആഹാ കുര്യാക്കോസ് ഏലിയാ

ഭാഷ്യകർത്താവ്
ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ

(Malayalam)

Yavanapanam Niyye

(You My Food and Drink)

Author	:	Fr. Pul Kalluveettil CMI St. Teresa's Monastery Kottackal-Mala Kottamuri P.O. 680732 Mob: 9846720092 Email : *paulkalluveettil@gmail.com*
Cover Design	:	Ramesh Chandran
Printed at	:	Madona Offset Printers East Fort, Thrissur Ph : 0487 2330564
Price	:	₹ : **170/-**

അകത്താളുകളിൽ

അഞ്ജലി 5

ഉപോദ്ഘാതം 6

ഒന്നാം ഭാഗം: കാരുണ്യത്തിന്റെ കഥ

1 "ആയതിനെന്തുമൂലം" 10

രണ്ടാം ഭാഗം: മേച്ചിൽപ്പുറത്തെ മേഷം

2 കാരുണ്യന്റെ തൃക്കടാക്ഷം 19

3 കൈതാതന്റെ കോവിലിൽ 23

4 താതനും തനയനും 26

5 പുണ്യത്തിന്റെ കണ്ണാടി 28

6 ഗുരുകുലത്തിൽ 32

7 പീഡാസഹനത്തിലെ പങ്കാളി 34

മൂന്നാം ഭാഗം: സന്ന്യാസമെന്ന സ്വപ്നം

8 അൾത്താരയിലേക്ക് 41

9 അമൂല്യമായ രത്നമന്വേഷിച്ച് 44

10 ദൈവസാക്ഷാത്ക്കാരം=ആത്മസാക്ഷാത്ക്കാരം 46

11 കർത്താവ് വീട് പണിയുന്നില്ലെങ്കിൽ 48

12 കൂടപ്പിറപ്പുകളുടെ കൂട്ടായ്മ 55

നാലാം ഭാഗം: സഭാശുശ്രൂഷി

13 മന്ത്രമൂലം ഗുരോർവാക്യം 58

14 വേർപാടിന്റെ വേദനയിൽ 61

15 ബോധിസത്ത്വരാകാൻ 66

16 "അസതോമയ സദ്ഗമയാ" 69

17 മെസ്കേനൂസാ ദ് തക്സാ 73

18 കർമ്മലനാഥേ, വാഴ്ക 84

19 ഒരു വടംവലി 87

അഞ്ചാം ഭാഗം: വദനങ്ങളെ ദിവ്യാനനമാക്കൽ

20 നർമ്മഭാഷികൾ 90

21 "സ്നേഹമണവാളന്റെ സ്വരം ഓർക്കുന്നവർ" 93

22 പെട്ടകത്തിൽ പൂട്ടുപെടുവാൻ 101

ആറാം ഭാഗം: "ഞാൻ തിരുസ്സഭയുടെ പുത്രനാകുന്നു"

23 വ്യാജഅജപാലകനെതിരായി 106

24 ചൊൽവിളിയുടെ നൊമ്പരങ്ങൾ 114

25 കർമ്മയോഗി 117

26 ഒന്നിപ്പിക്കുവാൻ ഒരാലോചന 125

ഏഴാം ഭാഗം: സന്ധ്യാവന്ദനം

27 ഞാൻ നല്ല അപ്പൻ 130

28 അവസാനസന്ദർശനം 136

29 കാർമേഘപടലങ്ങൾ സഭയുടെ നഭോമണ്ഡലത്തിൽ 139

30 അവതാരാഘോഷകൻ 141

31 ക്രൂശിതദർശകൻ 150

32 കടശിഅപേക്ഷ 156

എട്ടാം ഭാഗം: കലാശക്കൊട്ട്

33 മരണപത്രിക 159

ഒമ്പതാം ഭാഗം: അന്ത്യമന്ത്രണം

34 എന്റെ സ്ലീവാപാത 164

അനുസ്മൃതി 173

അഞ്ജലി

യുഗപുരുഷനായ വി. ചാവറ കുര്യാക്കോസ് ഏലിയാ പിതാവേ, അങ്ങയുടെ സഭയിൽ ഒരംഗമാകുവാൻ വിളിക്കപ്പെട്ട എന്നോടു കൂടി പരമകാരുണികനായ ദൈവത്തോട് നന്ദി പറയണമേ, അവിടുത്തെ സ്തുതിക്കണമേ, ആരാധിക്കണമേ.

അങ്ങയെക്കുറിച്ച് പഠിക്കാൻ നവസന്ന്യാസകാലം മുതൽ ഭാഗ്യം ലഭിച്ചതിന് എന്നോടൊത്തു സന്തോഷിക്കണമേ.

അങ്ങയുടെ ദർശനസല്ലാപ ആദ്ധ്യാത്മികതയാകുന്ന മഹാസാഗരത്തിലെ അമൃതധാരയെ ഒരു കക്കകൊണ്ടു കോരിയെടുക്കുവാൻ അനുഗ്രഹിച്ചതോർക്കുമ്പോൾ അങ്ങയോടൊത്ത് ഞാനും ആലപിക്കുന്നു:

"ആയതിനെന്തുകാരണം ദൈവമേ
ആദിഹീനനാം നിന്റെ ദയതന്നെ"

(ആത്മാനുതാപത്തിന്റെ ആരംഭവരികൾ)

മറ്റൊരു മഹാഭാഗ്യവും ത്രിത്വകുടുംബമാകുന്ന തിരുക്കുടുംബം എനിക്കു നൽകിയിരിക്കുന്നു. വത്സലസുതനായ വി. കുര്യാക്കോസ് പിതാവിന്റെ ഭാഷയും ശൈലിയും പ്രയോഗങ്ങളും കടമെടുത്ത് അദ്ദേഹത്തിന്റെ ആത്മകഥാപരമായ ആഖ്യായിക രചിക്കാനുള്ള കൃപാവരം!

ദൈവപിതാവേ അങ്ങേക്കാദരാഞ്ജലികൾ!
ഈശോമിശിഹായെ അങ്ങേക്കു നമോവാകം!
പാവനാത്മാവേ, അങ്ങേക്കു അഭിപൂജനം!

ഉപോദ്ഘാതം

മമ പിതാവു നീ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ!
എന്നുടെ സ്നേഹം നീയേ, ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു?
ശ്വാസവുമെനിക്കു നീ, യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ!

കാരുണ്യനാഥൻ എന്നിലേക്കു തിരിഞ്ഞ് എന്നെ അങ്ങയുടെ സ്വന്തമാക്കുവാൻ ചെയ്ത കരകാണാത്ത കടലിലിറങ്ങി "ആയതിനെന്തുകാരണം ദൈവമേ!" എന്ന് ആത്മാലാപനം ചെയ്തുകൊണ്ടിരിക്കുമ്പോൾ അതാ ആരോ വാതിലിൽ മുട്ടുന്നു! തിരിഞ്ഞു നോക്കിയപ്പോഴോ ബർണ്ണർദീനോസ് മെത്രാപ്പോലീത്താ! പ്രയാസപ്പെട്ടെഴുന്നേറ്റ് കൈമുത്തി. കഷ്ടം, ദൈവമേ പിതാവിനനുയോജ്യമായ ഒരിരിപ്പിടം മുറിയിലില്ലല്ലോ.

"പിതാവേ, ഈ കസേരയിൽ ഉപവിഷ്ടനായാലും!"- ഞാനിരുന്ന കസേര ചൂണ്ടികാണിച്ചുകൊണ്ട് അപേക്ഷിച്ചു.

പക്ഷേ അദ്ദേഹം വഴങ്ങിയില്ല.

"പ്രിയോരച്ചൻ തന്നെ അവിടെ ഇരിക്കൂ. ഞാൻ ആ പെട്ടിപ്പുറത്ത് ഇരിക്കാം"

"അസുഖമെല്ലാം എങ്ങനെയുണ്ട്?"

ചില പ്രതിവിധികൾ വിനയപൂർവ്വം ഉണർത്തിച്ചപ്പോൾ അദ്ദേഹം സംപ്രീതനായി സ്ഥലം വിട്ടു.

മെത്രാപ്പോലീത്തായിലൂടെ ദൈവം "നന്ദിഹീനനായിടുമെന്റെ മേലുള്ള സ്നേഹം" തുടരുന്നതോർത്ത് ഞാൻ വിസ്മയപരവശനായി.

"എന്നിതു സർവ്വേശ്വരാ, നിൻ കരുണയിൻ കടൽ
അന്തം കൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം!"

ഓ, അറുതിയില്ലാത്ത മഹിമശോഭനം നിറയപ്പെട്ടിരിക്കുന്ന പരമപരാപരനായവനെ "ഞാനിതിനെന്തു കൃതോത്തര (=പ്രതിനന്ദി) ത്തെയണക്കേണ്ടു?" കർത്താവേ, സുവിശേഷത്തിലെ ശതാധിപനെപ്പോലെ ഞാൻ പറയേണ്ടതായിരുന്നു "അങ്ങ് എന്റെ മുറിയിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല." പക്ഷേ അങ്ങ് പാപിയായ സക്കേവൂസിന്റെ വീട്ടിൽ അയാൾ ആവശ്യപ്പെടാതെ തന്നെ ചെന്നു പാർത്തുവല്ലോ. സങ്കീർത്തകനോടൊപ്പം ഞാൻ ഉരുവിടട്ടെ : "രക്ഷയുടെ കാസ കയ്യിലെടുത്ത് ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും. തിരുസന്നിധിയിൽ എന്റെ നേർച്ചകൾ നിറവേറ്റും."

ദൈവം അനാദിമുതൽ എന്നിലേക്കു തിരിഞ്ഞ കഥയിലേക്കു ഞാൻ ഉൾപ്രവേശിക്കട്ടെ. എനിക്കിപ്പോൾ 63 വയസ്സായി. എന്റെ കാരണവന്മാരേക്കാളധികം ആയുസ്സു നീട്ടിത്തന്നിരിക്കുന്നു കാരുണ്യനാഥൻ. കൂടിയാൽ ഇനി രണ്ടോ മൂന്നോ വർഷം. അവശതകളും രോഗങ്ങളും പിടികൂടിക്കഴിഞ്ഞു. അതിനിടക്ക് ഞാൻ ഒരു അവിവേകം പ്രവർത്തിച്ചു. അല്ല, തിരുസന്നിധിയിൽ അതു ഭോഷത്തരമായിരിക്കണമെന്നില്ല. മരിയ ദേ അഗ്രദ എന്ന മിസ്റ്റിക്കിനുണ്ടായ ദിവ്യവെളിപാടുകളടങ്ങിയ *ദൈവത്തിന്റെ നഗരം* എന്ന കൃതിയുടെ ഇറ്റാലിയൻ തർജ്ജമ എന്റെ ആത്മപിതാവായ ലെയോപ്പോൾദ് മൂപ്പച്ചന്റെ കൈവശമുണ്ടായിരുന്നു. അതൊന്നു വായിച്ച് ധ്യാനിക്കണമെന്ന് അദമ്യമായ ആഗ്രഹം എന്നെ പിടികൂടി. ഊണിലും ഉറക്കത്തിലും വിട്ടുമാറിയില്ല. ഇറ്റാലിയൻ ഭാഷ പഠിക്കാതെ എങ്ങനെ വായിക്കാനാകും? ആത്മപിതാവിനെ എന്റെ ഹൃദയാഭിലാഷം ധരിപ്പിച്ചു. "കൊള്ളാം നല്ല കാര്യം ഈ കൃതി വായിച്ചാൽ ദൈവത്തോട് കൂടുതൽ അടുക്കാനാകും."ദൈവാരൂപിയുടെ പ്രചോദമെന്ന് അഭിവാഞ്ഛയെ വിശേഷിപ്പിക്കുന്നത് അഹങ്കാരമാകുമോ ആവോ?

ഏതായാലും ധാരാളം ജോലിത്തിരക്കിന്റേയും യാത്രകളുടേയും ഇടയിൽ ഭാഷ പഠിക്കുവാൻ അവസരം കണ്ടെത്തി. രാത്രിയുടെ നീണ്ടയാമങ്ങളിൽ ഉറക്കമിളച്ചിരുന്നു. അവസാനം ഭാഷ അല്പം സ്വായത്തമായപ്പോൾ രണ്ടായിരത്തിൽപരം പേജുകൾ വരുന്ന *ദൈവത്തിന്റെ നഗരം* ആർത്തിയോടെ വിഴുങ്ങുകയായി. ദിവ്യാനുഭൂതിയുടെ നിമിഷങ്ങളായിരുന്നു അവ. പക്ഷേ ശാരീരികമായ അവശത എന്നെ പിടികൂടി. അമിതമായ ആയാസം മൂലം കാഴ്ച്ച അവതാളത്തിലായി. എന്നിട്ടും ഞാൻ വിട്ടുകൊടുത്തില്ല. മരിയ ദേ അഗ്രദയുടെ

മിസ്റ്റിക്കൽ കാഴ്ച്ചപ്പാടുകളുടെ വെളിച്ചത്തിൽ എന്റെ ആത്മകഥ *ആത്മാനുതാപം* എന്ന പേരിൽ രചിച്ചുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ ഇത് ഈശോ മറിയം യൗസേപ്പ് എന്ന തിരുക്കുടുംബമാകുന്ന ത്രിത്വകുടുംബത്തിന്റെ ജീവചരിത്രമാണ്. അവരിലേക്കു തിരിഞ്ഞ് അതിന്റെ വെളിച്ചത്തിൽ നന്ദിഹീനനും നികൃഷ്ടനുമായ എന്നിലേക്കു തിരിയുവാനുള്ള വിനീതശ്രമം. ഒരു സത്യം ആരംഭത്തിലേ ഏറ്റുപറയട്ടെ. "എന്റെ ആയുഷ്ക്കാലം മുഴുവൻ ഈ വിശുദ്ധത്രിത്വത്തിലാണ് ഞാൻ ജീവിതം കഴിച്ചിരുന്നത്." എന്റെ കട്ടിലിന്റെ അരികിൽ എപ്പോഴും കാണത്തക്കവിധം മേശമേൽ തിരുക്കുടുംബരൂപം ഞാൻ സാദരം സ്ഥാപിച്ചിരുന്നു. അവരുടെ പ്രർത്ഥനയിലും മാദ്ധ്യസ്ഥത്തിലും ശരണീകരിച്ചുകൊണ്ട് അയോഗ്യദാസനായ എന്നിൽ അരങ്ങേറിയ കർത്താവിന്റെ കാരുണ്യത്തിന്റെ കഥയിലേക്ക് എത്തിനോക്കട്ടെ.

ദൈവത്തിനു സ്തുതി!
ശുദ്ധ.ദേവമാതാവിന് കൊണ്ടാട്ടം (വന്ദനം)!

ഒന്നാം ഭാഗം

കാരുണ്യത്തിന്റെ കഥ

1

"ആയതിനെന്തുമൂലം?"

"ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നതെങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി? കൊവേന്തയിൽ എങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങനെ വന്നു? ഇതൊന്നിനും നിന്നെ കൊള്ളാമോ? ഇല്ല, ഇല്ല, നിശ്ചയം. അപ്പോഴോ തിരുമനസ്സു നടക്കും, നടത്തും."

ധ്യാനസല്ലാപങ്ങൾ എന്ന കൃതിയിൽ ഞാൻ ആരംഭത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്യങ്ങളാണിവ. എന്റെ ജീവചരിത്രത്തിന്റെ സംക്ഷിപ്തരൂപമെന്ന് ആ ഒമ്പത് ചോദ്യങ്ങളെ വിശേഷിപ്പിക്കാം, ബാല്യകാലം അതിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും. "ഞങ്ങൾ അയോഗ്യരാകുന്നു, ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു" എന്ന കുർബ്ബാനക്രമത്തിലെ ഉദ്ഘാടനം എന്റെ ആത്മനിസ്വനമാണ്.

ഒന്നിനും കൊള്ളരുതാത്തവനാണ് ഞാൻ. പക്ഷേ സർവ്വശക്തൻ എന്നിലൂടെ വൻകാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു! തിരുചിത്തമറിഞ്ഞാൽ അത് നിവർത്തിക്കുന്നതിൽനിന്ന് ഞാൻ പിന്മാറിയിട്ടില്ല ഇതുവരെയും. എന്റെ ജീവിതരഹസ്യമെന്ന് ഈ സത്യത്തെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ലതന്നെ.

ജനനവൃത്താന്തത്തിലേക്കു മടങ്ങട്ടെ.

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ?
ആദിഹീനനാം നിന്റെ ദയതന്നെ!"

ദൈവമേ, അങ്ങയുടെ സാദൃശ്യവും പ്രതിച്ഛായയുമായ മനുഷ്യനായി സൃഷ്ടിക്കപ്പെടുവാൻ എനിക്കെന്തർഹതയാണുണ്ടായിരുന്നത്? ഒരു മൃഗമായോ കൃമിയായോ ഞാൻ ജനിച്ചിരുന്നെങ്കിൽ പരാതിപ്പെടുവാൻ എനിക്കവകാശമുണ്ടായിരുന്നുവോ? ഇഹത്തിലും പരത്തിലും ആർക്കെങ്കിലും അതിനെ ചോദ്യംചെയ്യുവാൻ കഴിയുമായിരുന്നുവോ? ഈ മഹാപാപിയെ മാലാഖമാരേക്കാൾ അല്പം താഴ്ന്നവനായി "മഹത്വത്തിൽ ചെയ്തതിനും," "ഉന്നതനായനിന്നുടെ സന്നിധേ, ഉന്നതേ കരേറ്റുവാനും ചിത്തമായ"ല്ലോ എന്തൊരതിശയം! ഒരു കാരണമേ കാണാനാകുന്നുള്ളൂ, "ആദിഹീനനാം നിന്റെ ദയ;" "ഈശനായ നിൻ കൃപ!" "ആദിനായകനായ സർവ്വേശ്വരൻ," "ഉത്തമനായവൻ" അധമനും ദ്രോഹിയുമായ എന്നിലേക്കു തിരിയുവാൻ തിരുമനസ്സായിരിക്കുന്നു! സ്വർഗ്ഗീയകുടുംബത്തിലേക്കു എന്നെ തിരിപ്പിച്ചിരിക്കുന്നു! "സർവ്വേശാ ജയാ ജയാ!"

ജന്മദേശമായ കൈനകരിയുടെ ചേതോഹരചിത്രം മനസ്സിൽ തെളിഞ്ഞുവരുന്നു. കടലും കായലും, തോടുകളും പുഴകളും! പച്ചപ്പട്ടു വിരിച്ച നെൽപ്പാടങ്ങൾ! ഏവരേയും തലയാട്ടി സ്വാഗതം ചെയ്യുന്ന കേരവൃന്ദങ്ങൾ! സ്നേഹനിർഭരമായ ചാവറകുടുംബം. അപ്പന്റെ പേരു തന്നെ ഇളയവനായ എനിക്കു നൽകപ്പെട്ടു, കൊച്ചുകുര്യാക്കോസ്. മറിയമെന്ന മാതാവിന്റെ തത്സ്വരൂപമായ അമ്മ. ചേട്ടായിയും എന്നെ ഓമനിച്ചുവളർത്തിയ നാലു സഹോദരിമാരും.

ഭക്തയായ അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ ഈ വയസ്സന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുകയാണ്.

"വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായി എന്നെയും തീർത്തു നീ.
പൈതൽ കാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യ (ദു:ഖം) കൂടാതെ തന്നു മാതാവിനെ"

എന്നെ പാലൂട്ടുമ്പോൾ ആ അമൃതപാനത്തോടൊപ്പം ജപങ്ങൾ കലർത്തുവാൻ അമ്മ ഉത്സാഹിച്ചിരുന്നു. അതെന്നെ ദൈവത്തിലേക്കു തിരിപ്പിച്ചു. ബുദ്ധിയുറച്ചപ്പോൾ പ്രാർത്ഥനകൾ പഠിപ്പിക്കുകയായി.

അമ്മയുടെ കാൽക്കലിരുന്നുകൊണ്ട് കൊച്ചുകുര്യാക്കോസ് സാവധാനത്തിൽ ദൈവജ്ഞാനത്തിലേക്കും ഭക്തിമാർഗ്ഗത്തിലേക്കും വളർന്നുകൊണ്ടിരുന്നു. പാതിരാക്കും മൂട്ടുകുത്തി നമസ്ക്കരിച്ചിരുന്നു ആ തപസ്വിനി. കൊച്ചുകുഞ്ഞും ഉണർന്ന് ഒട്ടുനേരം മുട്ടിൻമേൽ ചായുക പതിവാക്കി. അമ്മയായിരുന്നു ദൈവൈക്യം പ്രാപിക്കുന്നതിന് എനിക്കുള്ള മാതൃക. ജനനി മന്ത്രം പോലെ ഉരുവിട്ടുകൊണ്ടിരുന്ന സ്തോത്രമിതാ:

"പരം ജ്യോതിയേ, ഈശോയേ രക്ഷിക്ക
പാരിതിൻ പുഷ്പമേ, ജയ, ജയ"

കേട്ടുകേട്ട് ആ ഗീതകം കൊച്ചുകുര്യാക്കോസിനും മന:പാഠമായി. ഉറങ്ങാൻ പോകുമ്പോഴും ഉണരുമ്പോഴും അവൻ ആ പാട്ട് പാടിത്തുടങ്ങി. അമ്മക്ക് അതിരറ്റ സന്തോഷം! സമയം കിട്ടുമ്പോഴെല്ലാം ആ ജപം ഓമനമകനോട് പാടാൻ ആവശ്യപ്പെടുമായിരുന്നു. ആ വാക്ക് കേൾക്കാനായി കാത്തിരിക്കുകയായിരുന്നുവെന്ന വിധം കുഞ്ഞ് ആരംഭിക്കുകയായി, "പരം ജ്യോതി..."

സന്ന്യാസവൈദികനായിത്തീർന്ന ശേഷമാണ് ആ ഈരടികളുടെ ആഴമേറിയ തലങ്ങളിലേക്ക് കർത്താവെന്നെ ആനയിച്ചത്. അനശ്വര പ്രകാശമാണ് ഈശോ. നിത്യനഗരത്തിന്റെ ദീപമായ കുഞ്ഞാട്. മറ്റൊരു പ്രകാശവും സ്വർഗ്ഗത്തിലാവശ്യമില്ല. ആ ദിവ്യതേജസ്സാൽ പുതിയ ആകാശം പ്രോജ്ജ്വലിച്ചു നിൽക്കുന്നു. പ്രകാശത്തിന്റെ തനയരായ രക്ഷിക്കപ്പെട്ടവരാകാൻ രക്ഷകനോട് അർത്ഥിച്ചുകൊണ്ടിരിക്കുന്നവർ ഭാഗ്യവാന്മാർ! അവിടുത്തേക്ക് നൽകിയിരിക്കുന്ന മറ്റൊരു വിശേഷണം "പാരിതിൻ പുഷ്പ"മെന്നാണ്. എത്ര കാവ്യാത്മകവും മിസ്റ്റിക്കലുമായ സംജ്ഞ! മനുഷ്യവതാരത്തിലൂടെ ഭൂമിയിൽ മുളച്ചുയർന്ന് ഉത്ഥാനമെന്ന കൈത്താക്കാലത്ത് പുഷ്പിച്ച് പ്രകൃതി സ്വർഗ്ഗത്തിലേക്കുയർത്തപ്പെട്ടതിന്റെ പ്രതീകമായി തിരുസന്നിധിയിൽ പരിമളം പരത്തി നിൽക്കുന്ന സുന്ദരസൂനമേ, വന്ദനം! വന്ദനം! ബാല്യകാലത്ത് അമ്മിഞ്ഞപ്പാലോടുകൂടി മനസ്സിൽ സംഗ്രഹിച്ച ആ ജപം വാർദ്ധക്യത്തിലും ആലപിക്കുന്നതിൽ ഞാൻ നിർവൃതി കണ്ടെത്തുന്നു.

അമ്മ തന്റെ ഓമൽപ്പൈതലിനെ തിരുക്കുടുംബത്തിലേക്ക് തിരിച്ച മറ്റൊരു വിധം ഓർത്തുപോകുന്നു:

"അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടി പറയിക്കും ദൈവത്തിൻ -
ശുദ്ധനാമമാമീശോമറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും"

തിരുക്കുടുംബരൂപം വീട്ടിലുണ്ടായിരുന്നു. പുറത്തുപോകുമ്പോഴും തിരിച്ചെത്തുമ്പോഴും രൂപം തൊട്ടുമുത്തി സ്തുതി പറയുന്ന ശീലം അമ്മ ഞങ്ങളിൽ വളർത്തി. ഉറങ്ങാൻ പോകുമ്പോഴും ഉണർന്നെഴുന്നേൽക്കുമ്പോഴും ഉയരമില്ലാത്തവനായ എന്നെ പൊക്കിക്കൊട്ടിയാണ് ഈശോയുടേയും മാതാവിന്റേയും മാർ യൗസേപ്പിന്റേയും നാമങ്ങൾക്ക് സ്തുതി ചൊല്ലിക്കാറ്. ഇന്നും ഈ ശീലങ്ങൾ ഞാൻ പാലിക്കുന്നുണ്ട്. പിൽക്കാലത്ത് ഞാൻ ഉഷ:കാലജപവും രാത്രി ജപവും എഴുതിയുണ്ടാക്കി. പ.ത്രിത്വക്കുടുംബത്തിലൂടെ തിരുക്കുടുംബത്തിലേക്ക് തിരിഞ്ഞിരിക്കുന്ന ജീവിതവും, നല്ല മരണവും ലഭിക്കുവാനുള്ള പ്രാർത്ഥനകളാണവ.

അമ്മ ചൊല്ലിത്തന്നു പഠിപ്പിച്ച മറ്റു ചില വിശ്വാസരഹസ്യങ്ങൾ ഞാൻ ഓർത്തിരിക്കുന്നുണ്ട്, ത്രിത്വദൈവം, മനുഷ്യാവതാരം, മാതാവിന്നൂദരത്തിൽ വന്നു പിറന്നത്, റോമൻ ഗവർണ്ണറാൽ കുരിശുമരണത്തിന് വിധിക്കപ്പെട്ടത്, പീഡാസഹനം, ഉത്ഥാനം: ചുരുക്കത്തിൽ വിശ്വാസപ്രമാണത്തിലെ നിത്യസത്യങ്ങളെല്ലാം മകന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിച്ചു ആ നന്മനിറഞ്ഞവൾ. അപ്പോഴെങ്ങാനും ബാല സഹജമായ അശ്രദ്ധ കാണിച്ചുപോയാലോ? പരിശീലന വിദഗ്ധയായവൾ കണ്ണൊന്നുരുട്ടും. അമ്മയുടെ നോട്ടം മതിയായിരുന്നു എന്നിൽ ജാഗ്രതയുണർത്തുവാൻ. ദൈവമേ, ഇത്രയും സ്നേഹനിർഭരയും വിശ്വാസപൂരിതയുമായ അമ്മയെ നൽകിയതിൽ എന്നോടു കാണിച്ച കാരുണ്യമോർത്ത് അങ്ങയെ ഞാൻ സ്തുതിക്കുന്നു. ഈശോയേ, അങ്ങയുടെ പ്രിയജനനിയായ കന്യകാമറിയത്തിന് സദൃശ്യയായ അമ്മവഴി എന്നെ ചെറുപ്പത്തിൽ തന്നെ തിരുക്കുടുംബത്തിലേക്കും ത്രിത്വക്കുടുംബത്തിലേക്കും തിരിപ്പിച്ചതിന് ഹൃദയം നിറഞ്ഞ നന്ദിയോതട്ടെ:

"നന്ദി ദൈവമേ, നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ."

ദൈവത്തിന്റെ വർത്തനപ്രക്രിയയുടെ മറ്റ് സുപ്രധാനതലങ്ങൾ എന്റെ മനോമുകുരത്തിൽ തെളിയുന്നു. ദൈവപരിപാലനയുടെ ഒരത്ഭുതം അമ്മയുടെ അധരങ്ങളിൽ നിന്ന് കേൾക്കാനിടയായി. മാതൃദരത്തിലായിരിക്കുമ്പോൾ അകാലമൃത്യുവിനിരയാക്കുവാൻ പിശാച് പലപ്രാവശ്യം ശ്രമിച്ചെങ്കിലും കർത്താവ് എന്നെ കാത്തുരക്ഷിച്ചു. ജ്ഞാനസ്നാനമെന്ന കൂദാശയില്ലാതെ ഉത്ഭവപാപത്തോടുകൂടി ഞാൻ മരിച്ചിരുന്നെങ്കിലോ! ജനനശേഷവും പിശാച് ശ്രമം തുടർന്നു കൊണ്ടിരുന്നെങ്കിലും സ്വർഗ്ഗീയതാതൻ തന്റെ "കരുണയുടെ

കടക്കണ്ണിനാൽ" എന്നെ കാത്തുപാലിച്ചു. അവിടുന്ന് എന്നിലേക്കു തിരിഞ്ഞിരുന്നതിനാലാണ് ഞാൻ രക്ഷപ്പെട്ടത്.

"നന്ദി ദൈവമേ നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ"

ദൈവത്തിന്റെ പ്രത്യേക കടാക്ഷത്തിന് പാത്രമായവനാണ് ഞാൻ. ഊനഹീനനായി എനിക്കു ജന്മം തന്നു. കാലിനും കൈക്കും കേടുള്ളവർ, കുരുടർ, ചെകിടർ, ഊമർ - അവരിലൊരാളായിരുന്നു ഞാനെങ്കിലോ? ദൈവത്തിന്റെ പ്രതിച്ഛായകളെ കൺകുളിർക്കെ ദർശിച്ച് അവിടുന്നിലാനന്ദിക്കുവാൻ നേത്രങ്ങൾ! സൃഷ്ടപ്രപഞ്ചം ദൈവമഹത്ത്വത്തെ പ്രകീർത്തിക്കുന്നത് ശ്രവിക്കുവാൻ കർണ്ണേന്ദ്രിയങ്ങൾ! ജീവജാലങ്ങളോടൊത്ത് സ്രഷ്ടാവിനെ പ്രകീർത്തിക്കുവാൻ അധരങ്ങൾ!

സ്നേഹധനനായവന്റെ മറ്റൊരു കാരുണ്യപ്രവൃത്തി കാവൽമാലാഖയെ ഏർപ്പെടുത്തി തന്നതാണ്:

"ഊനം കൂടാതെ ഭൂമിയിൽ മേവുവാൻ
ഊനഹീനനാം കാവലും തന്നല്ലോ"

ജനിച്ച നാൾമുതൽ വാനദൂതൻ എന്നെ കാത്തു, ഭരിച്ചു, സൂക്ഷിച്ചു. എന്നെ ഉറക്കിക്കിടത്തി അമ്മ പോകുമ്പോൾ "ഉറക്കഹീനനായൊരിയാൾ കാക്കും." ഇപ്രകാരം

"കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായി സ്മരിച്ചു രക്ഷിച്ചല്ലോ"

കർത്താവേ, അങ്ങെന്നെ ഓമനയായി കരുതി; ഒരിക്കലും മറന്നില്ല; നിരന്തരം രക്ഷിച്ചുപോന്നു. കരുണാനിധിയായ അങ്ങയിലേക്ക് ജാഗ്രതാപൂർവ്വം തിരിഞ്ഞിരിക്കേണ്ടവനല്ലേ ഞാൻ? കഷ്ടം, പലപ്പോഴും അപ്രകാരം വർത്തിക്കാഞ്ഞതിൽ ഞാൻ ഖേദിക്കുന്നു, മാപ്പിരക്കുന്നു.

എന്നിലേക്കുള്ള ദൈവവർത്തനത്തിന്റെ മായാത്ത മുദ്രയാണ് മാമോദീസാ.

"ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൻ മോക്ഷാനന്ദവും തന്നല്ലോ."

ഉത്ഭവപാപം നീക്കി പരമപവിത്രനായവന്റെ തനയനായി ഉയർത്തുന്ന ഈ അവർണ്ണനീയാനുഗ്രഹത്തെക്കുറിച്ചുള്ള അതീന്ദ്രിയ ജ്ഞാനം കാരുണ്യവാനായ കർത്താവ് ഈ നികൃഷ്ടജീവിക്കു

നൽകി. ആ രഹസ്യാത്മകത നിറഞ്ഞ കുദാശയുടെ ഏതാനും തലങ്ങൾക്കു ഭാഷ്യമേകട്ടെ. അവിടുന്ന് എന്നിൽ കാരുണ്യശോഭ തൂകി. നന്മയിൽ വളർത്തി. എന്റെ ദേഹത്തെ സൂര്യരശ്മിയാലെന്ന വിധം പ്രകാശിപ്പിച്ചു. നന്മയെന്ന ധവളവസ്ത്രം ധരിപ്പിച്ചു. ജീവന്റെ പുസ്തകത്തിൽ എന്റെ പേരെഴുതി. ദൈവനന്ദനനെപ്പോലെ ഞാനും ലോകത്തിന്റെ പ്രകാശമാകണമെന്നോർമിപ്പിക്കുവാൻ കത്തിച്ച തിരികയ്യിൽ പിടിപ്പിച്ചു. പാപം മൂലം ചീഞ്ഞഴിയാതിരിക്കുവാൻ ഉപ്പ് ജപിച്ച് പുരോഹിതൻ ശിശുവായ എന്റെ നാവിൽ തൊടുവിച്ചു. സഹചരരുടെ ജീവിതത്തിനു സ്വാദേകുവാൻ കടപ്പെട്ടവനാണു ഞാൻ.

അവിടുന്നിലേക്കു തിരിഞ്ഞു ജീവിക്കുവാൻ കന്യകാംബികയുടെ പ്രത്യേകസംരക്ഷണം ആവശ്യമാണല്ലോ. ആ അനുഗ്രഹം എനിക്കും ലഭിച്ചു. ആറുമാസം പ്രായമായിരുന്നപ്പോൾ മാതാപിതാക്കന്മാർ എന്നെ വെച്ചൂരുള്ള കന്യകാമാതാവിന്റെ പള്ളിയിലേക്കു കൊണ്ടു പോയി, അടിമവയ്ക്കാൻ. കുഞ്ഞിന്റെ സംരക്ഷണം ഇനി വെച്ചൂർ മുത്തി ഏറ്റെടുത്തുകൊള്ളും. കാരണം ശിശു മറിയത്തിന്റെ ദാസനായിത്തീർന്നിരിക്കുന്നു! നേർച്ചകാഴ്ച്ച സമർപ്പിച്ചപ്പോൾ പുരോഹിതൻ പൂവും നീരും നൽകുകയും പിഞ്ചുകുഞ്ഞിന്റെ കരങ്ങളിൽ പിടിക്കുകയും ചെയ്തുകൊണ്ട് മൊഴിഞ്ഞു:

"കൊച്ചുകുര്യാക്കോസ് ഇനി നിന്റെ മകനല്ല, മാതാവിന്റേതാണവൻ. അപ്രകാരം നീ അവനെ സൂക്ഷിച്ചു വളർത്തുകയും പാലിക്കുകയും ഭരിക്കുകയും ചെയ്യണം."

മരണം വരെ ആ നല്ല അമ്മ സെപ്തംബർ 8-ാം തിയ്യതി വെച്ചൂർ പള്ളിയിൽ പോയി നേർച്ച പുതുക്കുകയും അടിമപ്പണം അടയ്ക്കുകയും ചെയ്തിരുന്നു.

"മോനേ, നീ ദൈവമാതാവിന്റെ ദാസനാണെന്ന് ഓർക്കണം, ട്ടോ" - നിരന്തരം എന്നെ ഓർമിപ്പിച്ചുകൊണ്ടിരുന്നു.

സ്വർഗ്ഗീയതാതൻ ഈ എളിയവനിലേക്ക് തുടർന്നും തിരിഞ്ഞ് പ്രത്യേകവരങ്ങൾ നൽകിക്കൊണ്ടിരുന്നത് അനുസ്മരിച്ച് അവിടുത്തെ സ്തുതിക്കട്ടെ. അക്കാലത്ത് നാട്ടിലുടനീളം പടർന്നു പിടിച്ച വസൂരി ആയിരങ്ങളുടെ ജീവൻ അപഹരിച്ചു. എങ്ങും ദുരന്തവും പ്രലാപവും മാത്രം.

"സർവ്വേശ്വരൻ, നീതീശ്വരൻ, സർവ്വദയവിൻ നാഥൻ
സർവ്വത്തിൽനിന്നും കാത്തുരക്ഷിച്ചു മമ ജീവൻ."

കരുണാസമ്പന്നൻ എനിക്കുചെയ്ത മറ്റൊരു ദാനമിതാണ്:

"എന്നെ നീ കുറച്ചില്ല, പൊക്കിയില്ലിഹലോകെ
എന്നതിനാലല്ലയോ ഈ വണ്ണം ചരിക്കുന്നു"

തീരെ ദരിദ്ര കുടുംബത്തിലോ, അതിസമ്പന്ന ഭവനത്തിലോ ഞാൻ ജനിച്ചിരുന്നെങ്കിലോ? കർത്താവിൽ നിന്നകന്നുപോകാൻ കാരണമായേനെ. ഒന്നുകിൽ ദൈവത്തെ പഴിക്കും, അല്ലെങ്കിൽ മറക്കും. ഒരു ഇടത്തരം കുടുംബത്തിൽ എനിക്കു ജന്മം നൽകിയ അനന്തദയാനിധന് അഞ്ജലി അർപ്പിക്കുന്നു.

തന്നിലേക്ക് എന്നെ തിരിപ്പിക്കുവാൻ മനുഷ്യരെ മാത്രമല്ല "കര കാണാത്ത കൃപയിൻദൈവം" ഉപയോഗിച്ചത്. ദിവ്യമഹത്ത്വത്തെ പ്രഘോഷിക്കുന്ന പ്രപഞ്ചം (സങ്കീ.19) എനിക്കു പ്രചോദനമരുളി. പ്രകൃതിയുടെ സൗന്ദര്യമാസ്വദിച്ചുകൊണ്ട് ശാശ്വതസൗകുമാര്യമായ അവിടുന്നിലേക്ക് എന്നെ തിരിപ്പിച്ചു:

"ആകാശഗമനവു, മാദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തുകാരണമെന്നും
ഇതിനെക്കണ്ടു നിന്റെ മഹിമ ഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമീലോകെ വെച്ചുവെങ്കിൽ
അപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം!"

ദൈവികസൗന്ദര്യത്തിന്റെ അകന്ന നിഴലുകളായ ഭൂതലം നശ്വരമാണെന്ന് എന്നെ ഓർമിപ്പിച്ചുകൊണ്ട് "എന്നും നവീനവും എന്നും പുരാതനവുമായ" ചാരുരൂപനിലേക്ക് തിരിയുവാനും "കാരുണ്യൻ" എനിക്കു കൃപ നൽകി.

"ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദം കൂടാതെ മാറി നീങ്ങുന്നു ക്ഷണേ ക്ഷണേ
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചുവരളുന്നു, വാടുന്നു ശീതോഷ്ണത്താൽ
മെച്ചമായ് കണ്ടിടുന്ന പുഷ്പങ്ങൾ പലവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ട് മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളാരഴകുമൊക്കെപ്പോകും"

"അനാദ്യഗുണനിധി"യായവൻ കൊച്ചുകുര്യാക്കോസിന് ഓരോന്നും സസൂക്ഷ്മം. വീക്ഷിക്കുന്നതിന് അനുഗ്രഹമേകി. അനശ്വരനും ശാശ്വതസൗന്ദര്യപൂരിതനും സർവ്വത്തിന്റെയും അധീശനുമായവനേ നന്ദി! വിത്തപ്രതാപവും സത്കീർത്തിയും അധികാരവുമൊന്നും എന്നേക്കും നിലനിൽക്കുന്നവയല്ലെന്നും അവിടുന്ന് എന്റെ ശ്രദ്ധയിൽപ്പെടുത്തി. അവയെ വിലമതിക്കുന്നതും സ്നേഹിക്കുന്നതും നേടിയെടുക്കാൻ പരക്കം പായുന്നതും പമ്പര വിഡ്ഢിത്തരമല്ലേ? കർത്താവേ, കൊച്ചുനാളിൽത്തന്നെ അങ്ങ് ഈ സനാതനസത്യങ്ങൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിച്ചുവല്ലോ.

"ആയതിനെന്തുമൂലം നിൻ കരുണയല്ലാതെ
എന്നതിനാലുമെത്ര നിന്നെ ഞാൻ സേവിക്കണം!

ആത്മാലാപനത്തിൽ ലയിച്ചിരുന്നതിനാൽ നേരം പോയതറിഞ്ഞില്ല. മുറിയിലേക്കിതാ ഇരുൾ എത്തിനോക്കുന്നു! അതോ എന്റെ കണ്ണുകളുടെ പ്രകാശം മന്ദീഭവിച്ചതുകൊണ്ടോ? ദൈവമേ, ആർക്കും വേല ചെയ്യാൻ കഴിയാത്ത രാത്രി അടുത്തെത്തിയെന്ന് തോന്നുന്നു. ജീവിതകഥയിലൂടെ അനുതാപാശ്രുക്കളൊഴുക്കി അങ്ങയിൽ വിലയം പ്രാപിക്കുവാൻ കൃപ നൽകണമേ. അടക്കമില്ലാതുള്ള കളികളും

"നടക്കുന്നതും നഗ്നരൂപം യഥാ
വചനത്തിലും ദൂഷിതവാക്കുകൾ
അശനത്തിലുമജ്ഞാനാചാരങ്ങൾ"

മലയാളവും തമിഴും സംസ്കൃതവും കണക്കും പഠിച്ചെങ്കിലും അജ്ഞാനികളുമായുള്ള സഹവാസം "ദൈവത്തിനുമിഷ്ടനായിരുന്ന" എന്നെ കുറച്ചൊക്കെ തളർത്തിക്കളഞ്ഞുവെന്ന് വേദനാപൂർവ്വം ഏറ്റുപറയട്ടെ.

"അയ്യോ, നാഥനേ, സ്നേഹഗുണനിധേ
അയ്യം തോന്നുന്ന കാലം തുടങ്ങിമേ"

പത്താം വയസ്സിൽ ദൈവവിളി ലഭിച്ച കാലം മുതൽ കളരിയിലെ നന്ദിഹീനതയുടെ ദിനങ്ങൾ ഓർത്ത് അനുതാപക്കണ്ണീർ ചിന്തുകയാണ് ഈ നികൃഷ്ടജീവി.

"അയ്യയ്യോ മഹാദു:ഖമെന്നുടെ പാപത്താലേ
അയ്യം കൊണ്ടടിയന്റെ കണ്ണുകൾ താഴുന്നയ്യോ!"

രണ്ടാം ഭാഗം

മേച്ചിൽപ്പുറത്തെ മേഷം

2

കാരുണ്യന്റെ തൃക്കടാക്ഷം

ആ ഭാഗ്യദിനം ഇന്നും ഞാൻ ഓർക്കുന്നു. പള്ളിപ്പുറം സെമിനാരി റെക്ടർ പാലയ്ക്കൽ തോമാ മല്പാൻ തന്റെ ഇളയമ്മയെ കാണാൻ കൈനകരിയിലെത്തിയ ദിവസം. അവരുടെ വീടിന്റെ അടുത്തുത്തന്നെയുള്ളവരായിരുന്നു ഞങ്ങളും. കളരിയിലെ വിദ്യാഭ്യാസം കഴിഞ്ഞ് തുടർന്നും പഠിക്കുവാൻ ഒരു വഴി കാണിച്ചുതരണമെന്ന് തിരുക്കുടുംബത്തോട് കരഞ്ഞപേക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു ഈ പത്തുവയസ്സുകാരൻ. അപ്പോഴാണ് വന്ദ്യവൈദികന്റെ ആഗമനം! കേട്ടപ്പാടെ ഞാൻ അടുക്കളയിലേക്കോടി. അച്ചനെ കാണുവാനായി എന്റെ കൂടെ വരാൻ അമ്മയെ നിർബന്ധിച്ചു. പുരോഹിതരെ ആദരിച്ചിരുന്ന അമ്മ എന്നോടൊത്ത് കാളശ്ശേരി ഭവനത്തിലെത്തി.

"അച്ചോ, ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ!" - അമ്മയും മകനും കൈക്കൂപ്പി.

"എപ്പോഴും സ്തുതിയായിരിക്കട്ടെ" - മറുപടി എന്റെ മുഖത്ത് ദൃഷ്ടിയുറപ്പിച്ചായിരുന്നു. ഒരു ഭാവഭേദം മുഖത്തുണ്ടായോ? ഇളയവനായ ദാവീദിനെ കണ്ടപ്പോൾ ദൈവം സാമുവൽ പ്രവാചകനോട് മന്ത്രിച്ചല്ലോ, "ഇവനാണവൻ!" അതുപോലെ മല്പാനച്ചന് ദൈവനിവേശനമുണ്ടായോ ആവോ? ഏതായാലും അച്ചൻ എന്നെ അരികിൽ വിളിച്ച് തഴുകിക്കൊണ്ട് ചോദിച്ചു.

"എന്താ കൊച്ചിന്റെ പേര്?"

"കൂര്യാക്കോസ്" - വിനയാന്വിതമായ ഉത്തരം.

"അപ്പന്റേയോ?"

വീണ്ടും അതേ മറുപടി.

"അപ്പോൾ വീട്ടിലെന്തു വിളിക്കും?"

"കൊച്ചുകുര്യാക്കോസ് "

വാക്കിൽ അല്പം വിക്കലുണ്ടായോ? ഉടനടി അമ്മ ഇടപ്പെട്ടു.

"അച്ചോ, ചാവറക്കാരാണു ഞങ്ങൾ. ഞാൻ ചോതിനിക്കുന്നേൽ മറിയം. ഇവൻ നാലു പെൺമക്കൾക്കുശേഷം രണ്ടാമത്തെ ആൺ കുഞ്ഞായി ജനിച്ചതിനാൽ അപ്പന്റെ പേരിട്ടു."

മല്പാനച്ചന്റെ അടുത്തചോദ്യം എന്നോടായിരുന്നു.

"കുര്യാക്കോസ് എന്ന നാമത്തിന്റെ അർത്ഥമെന്താണെന്നറിയാമോ?"

"ഇല്ലച്ചോ" - ശാലീനത നിറഞ്ഞ പ്രതികരണം.

"എന്നാൽ കേട്ടോളൂ. ഗ്രീക്കുഭാഷയിൽ *കീരിയോസ്* കർത്താവാണ്. മോൻ കർത്താവിനുള്ളവനാണ് "

സന്തോഷാധിക്യത്താൽ എനിക്കു തുള്ളിച്ചാടാൻ തോന്നി. പട്ടക്കാരന്റെ മുമ്പിലായതിനാൽ നിയന്ത്രിച്ചു. എങ്കിലും മുഖകമലം വിടർന്നിരുന്നു. മല്പാനച്ചൻ അതു ശ്രദ്ധിക്കുകയും ചെയ്തു.

അല്പനേരം എന്തോ ചിന്തിച്ചശേഷം (അതോ പ്രാർത്ഥിച്ചോ?) അച്ചൻ ഇളയമ്മയോടു പറഞ്ഞു.

"ഞാൻ ഇവരുടെ വീട്ടിലൊന്നു കയറിവരാം."

അമ്മക്കും എനിക്കും തോന്നിയ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. കർത്താവിന്റെ പ്രതിഷ്ഠിതൻ ഭവനത്തിൽ വരിക! സ്വർഗ്ഗം കിട്ടിയതുപോലുള്ള പ്രതീതി. മാത്രമല്ല ചാവറ തറവാട്ടിൽ അച്ചന്മാരില്ലല്ലോ.

"അച്ചോ, ഈശോമിശിഹാക്കു സ്തുതി! വീട്ടിൽ ചെന്ന് എന്തെങ്കിലും ഉണ്ടാക്കട്ടെ" - ഒറ്റ ഓട്ടം അമ്മ, കന്യകാമാതാവ് ഇളയമ്മയുടെ ഭവനത്തിലേക്ക് ത്വരിതഗമനം ചെയ്തതുപോലെ.

അച്ചനും ഞാനും സാവധാനം നടന്നു. വഴിയിൽവെച്ച് കുടുംബകാര്യങ്ങൾ, വിദ്യാഭ്യാസം, ഭക്തജീവിതം, പ്രാർത്ഥനാശീലം മുതലായവ തോമാ മല്പാനച്ചൻ ചോദിച്ചറിഞ്ഞു. എന്തുസാഹത്തോടെയാണെന്നോ ഞാൻ മറുപടി പറഞ്ഞത്! അവസാനം ഒരു ചോദ്യം:

"കൊച്ചുകുര്യാക്കോസ് സെമിനാരിയിൽ ചേരുന്നോ?"

ഇപ്രാവശ്യം ഞാൻ തുള്ളിച്ചാടുക തന്നെ ചെയ്തു

"അച്ചോ, ഇന്നുതന്നെ എന്നെ കൊണ്ടുപോണേ"

"ഇച്ചായനേയും അമ്മയേയും ചേട്ടായിയേയും ചേച്ചിമാരേയും വിട്ടുപോകാൻ വിഷമമില്ലേ?"

എന്റെ മുഖം അല്പം മങ്ങിപ്പോയി. ഏറ്റവും സ്നേഹിക്കുന്ന അവരെ എങ്ങനെ വേർപിരിയും? അല്പസമയം മൗനമായിരുന്ന ശേഷം മൊഴിഞ്ഞു

"ഈശോക്കുവേണ്ടിയല്ലേ? കർത്താവ് ശക്തി തരും"- നഷ്ടപ്പെട്ട പ്രസാദം വീണ്ടുകിട്ടി.

"കൈനകരിയിൽനിന്ന് മാറിനിൽക്കാൻ പറ്റുമോ?"

കായലും കരയും കേരവൃക്ഷങ്ങളും കുളിൽക്കാറ്റും എന്നെ മാടി വിളിക്കുന്നു! ശങ്കയുണ്ടാകാതിരുന്നില്ല. എങ്കിലും എന്നെ വിളിക്കുന്നവനോട് സാമുവലിനെപ്പോലെ "ഇതാ ഞാൻ" എന്ന് ത്യാഗപൂർവ്വം പ്രത്യുത്തരിക്കും.

"പ്രയാസമുണ്ടച്ചോ. എങ്കിലും സർവ്വശക്തനിൽ ഞാൻ ആശ്രയിക്കുന്നു"

"മിടുക്കൻ" - മല്പാനച്ചൻ എന്നെ അഭിനന്ദിച്ചു.

"മോൻ കർത്താവിനെ അള്ളിപ്പിടിക്കുക. അവിടുന്ന് അനുഗ്രഹമാരി പൊഴിക്കും...."

"ആട്ടെ ഇച്ചായനും അമ്മയും ചേട്ടായിയും ചേച്ചിമാരും സമ്മതിക്കുമോ?"

"ഓമനയായ ഞാൻ വിട്ടുപോകുമ്പോൾ അവർ അങ്ങേയറ്റം വേദനിക്കും. എന്നാൽ പട്ടമേറ്റ് ആദ്യകുർബ്ബാനചൊല്ലുന്നതു കാണുമ്പോൾ സങ്കടം സന്തോഷമായി പകരും. അല്ലേ മല്പാനച്ചാ?"

"കൊച്ചുകുര്യാക്കോസ് പറയുന്നത് നൂറുശതമാനം ശരിയാണ്. കർത്താവിനല്ലേ പ്രിയപ്പെട്ടവനെ നൽകുന്നത്! അവിടുന്ന് അവരെയെല്ലാം അനുഗ്രഹിക്കും. മോൻ അവർക്കുവേണ്ടി പ്രാർത്ഥിക്കണം."

"തീർച്ചയായും. പ്രാർത്ഥന ഇപ്പോൾ തന്നെ തുടങ്ങിയാലോ?"

"മിടുമിടുക്കൻ"

നടപ്പു നിർത്തി. അല്പസമയത്തിനുശേഷം ഞാൻ സ്വർഗ്ഗത്തിലേക്കു കണ്ണുകളും കരങ്ങളുമുയർത്തി പ്രാർത്ഥിച്ചു:

"കർത്താവേ കനിയണമേ! എന്റെ വീടിനെ അങ്ങേക്ക് സമർപ്പിക്കുന്നു. അങ്ങെന്നെ വിളിക്കുന്നുവെന്ന് ഞാനറിയുന്നു. ഞാൻ അയോഗ്യനാണ്. എന്നിട്ടും എന്നെ തൃക്കൺ പാർക്കുന്നതിന് ആയിരം നന്ദി! കർത്താവേ, ശക്തിയേകണമേ. ഇച്ഛായന് ശക്തി നൽകണമേ. അമ്മക്കു ശക്തി പകരണമേ. ചേട്ടായിക്കും ചേച്ചിമാർക്കും ധൈര്യമേകണമേ. അങ്ങയിൽ, അങ്ങയിൽ മാത്രം ഞാൻ ആശ്രയിക്കുന്നു. വെച്ചൂർമുത്തിയേ, ഞാൻ അമ്മയുടെ അടിമയാണെന്നോർക്കണമേ. എന്നെ കാത്തുകൊള്ളണമേ. തിരുക്കുടുംബത്തിന്റെ പാലകനായ മാർ യൗസേപ്പു പിതാവേ, ഞങ്ങളെ അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. ആമ്മേൻ."

മല്പാനച്ചൻ സന്തോഷപൂർവ്വം എന്റെ തോളിൽതട്ടി.

'ആരാണ് ഇങ്ങനെയൊക്കെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത്?"

അല്പം നാണത്തോടെ: "കളരിയിലെ പഠനശേഷം വീട്ടിൽ വെറുതെ നിൽക്കുമ്പോൾ കർത്താവിനോടു സംസാരിക്കുക പതിവാക്കിയിരുന്നു. പ്രാർത്ഥനയുടെ വിത്ത് അമ്മയാണ് കൊച്ചു നാളിൽത്തന്നെ പാകിയത്."

"ദൈവത്തിന് സ്തുതി! നിന്റെ അമ്മ മറിയമെന്ന പേരിന് അർഹതന്നെ, സംശയമില്ല... ആട്ടെ, കൊച്ചുകുര്യാക്കോസേ നമുക്കു കാര്യത്തിലേക്കു കടക്കാം. സെമിനാരി പ്രവേശനത്തിനു ഏറ്റവും തടസ്സം നിൽക്കുക ആരായിരിക്കും?"

"ഇച്ഛായനാണെന്നു തോന്നുന്നു."

"ആളെ സമ്മതിപ്പിക്കുവാൻ എന്താണു മാർഗ്ഗം?"

അല്പം ആലോചിച്ചശേഷമാണ് ഞാൻ പ്രത്യുത്തരിച്ചത്.

"അമ്മവഴി ശ്രമിക്കുകയായിരിക്കും ഉചിതം. അമ്മ വലിയ ഭക്തയാണ്. വൈദികരോട് വലിയ ബഹുമാനമാണ്. സ്വന്തം മകൻ അച്ചനായി കാണാൻ ഉള്ളിന്റെയുള്ളിൽ സന്തോഷമായിരിക്കും."

"ദ്വിപുത്രന്മാരിലേകൻ ദൈവത്തിനു

ദാനം ചെയ്യുന്നതെക്കും."

"കൊള്ളാം. നല്ല ആശയം. ഞാൻ സംസാരിക്കുമ്പോൾ നീ "ഉൾക്കുരുന്നലിഞ്ഞുള്ള ജപത്തെ കാഴ്ച്ച വയ്ക്കു.""

3

കൈതാതന്റെ കോവിലിൽ

വീട്ടുപടിക്കലെത്തി കഴിഞ്ഞിരുന്നു അപ്പോഴേക്കും. എല്ലാവരും ഞങ്ങളെ കാത്തിരിക്കുകയായിരുന്നു. നല്ല സന്തോഷത്തിലായിരുന്നു ഞാൻ. ചേട്ടായിയും ചേച്ചിമാരും അത് ശ്രദ്ധിച്ചുവെന്നു തോന്നുന്നു. ഇച്ചായനാണ് ആദ്യം പുറത്തിറങ്ങിവന്ന് സ്തുതി ചൊല്ലിയത്. അമ്മ നല്ല സത്ക്കാരമൊരുക്കിയിരുന്നു. കുടിക്കാൻ കരിക്കിൻ വെള്ളം. കപ്പപ്പുഴുക്കും മത്തിക്കറിയും. മല്പാനച്ചൻ കാര്യമായൊന്നും കഴിച്ചില്ല. എല്ലാം വിശേഷമായിരിക്കുന്നുവെന്ന് പറഞ്ഞശേഷം അരികിൽവരാൻ എന്നെ കണ്ണുകാണിച്ചു. ഓടിച്ചെന്ന എന്റെ കയ്യിൽ പിടിച്ചുകൊണ്ടു പറഞ്ഞു.

"കൊച്ചുകുര്യാക്കോസിനെ കർത്താവിനു വേണം. ഞാനിവനെ പള്ളിപ്പുറം സെമിനാരിയിലേക്കു കൊണ്ടുപോവുകയാണ്."

ഷോക്കടിച്ചതുപോലെയായി എല്ലാവരും. ചേച്ചിമാർ കരച്ചിലായി. വിവർണ്ണമായ മുഖത്തോടുകൂടി ഇച്ചായൻ തടസ്സങ്ങൾ നിരത്തി വയ്ക്കുവാൻ തുടങ്ങി.

"ഓമനമകനാണ്; ബാല്യപ്രായം കഴിഞ്ഞിട്ടില്ല"

അമ്മ ഒരക്ഷരം ഉരിയാടിയില്ല. വേർപിരിയാനുള്ള വിഷമം മുഖത്തു നിഴലിച്ചിരുന്നു. ദൈവികതലത്തിൽനിന്ന് എല്ലാം നോക്കിക്കാണുവാൻ മല്പാനച്ചൻ ഉദ്ബോധിപ്പിച്ചു. ദൈവമാണ് വിളിക്കുന്നത്. വിഘടിച്ചു നിൽക്കുക വിപത്തുളവാക്കും. കുടുംബത്തിൽനിന്ന് ഒരു

കത്തനാരുണ്ടാകാൻ അനുഗ്രഹിക്കുന്ന ദൈവത്തിന് നന്ദി പറയുവിൻ! മക്കളിലൊരുവനെ ദൈവത്തിനു ദാനം ചെയ്യുക എത്രയോ ശ്രേഷ്ഠം! ദൈവം നൂറിരട്ടി പ്രതിഫലം നൽകും.

അപ്പോൾ അമ്മയുടെ മുഖം തെളിഞ്ഞു. മറ്റുള്ളവരേയും സമ്മതിപ്പിക്കുവാൻ ശ്രമമായി. ഏറെ നേരത്തെ ചർച്ചകൾക്കുശേഷം ഒരൊത്തുത്തീർപ്പിലെത്തി. തത്ക്കാലം ഇടവകപ്പള്ളിയിൽ താമസിച്ച് വികാരിയച്ചന്റെ നേതൃത്ത്വത്തിൽ സുറിയാനി കുർബ്ബാനക്കു കൂടുവാനും, വേദോപദേശവും പ്രാർത്ഥനാരീതികളും ഭക്താഭ്യാസങ്ങളും പഠിക്കട്ടെ. കാണണമെന്നു തോന്നുമ്പോൾ വീട്ടുകാർക്ക് പള്ളിയിൽ ചെല്ലാമല്ലോ. ചേന്നങ്കിരി ദേവാലയം അത്ര ദൂരത്തല്ല താനും. വള്ളത്തിൽ പോകണമെന്നു മാത്രം.

ഞാനാണ് ഏറ്റവും സന്തോഷിച്ചത്. തന്റെ മഹാദയ ദൈവം എന്നിൽ ചൊരിഞ്ഞിരിക്കുന്നു.

"ഇത്ര പാപിയാമെന്നുടെ ഹീനത
തത്രപോക്കിയതത്രെ മഹാചിത്രം!"

മാർ യൗസേപ്പിന്റെ നാമത്തിലുള്ള കോവിൽ. ഈശോയുടേതു പോലെ എന്റേയും "കൈതാതനാകുവാൻ" പിതാവിനോടു ഞാൻ അപേക്ഷിച്ചു. നല്ലിടയൻ ഞാനാകുന്ന അജത്തെ ദൈവാനുഗ്രഹത്തിന്റെ നിത്യഹരിതമാർന്ന മേച്ചിൽസ്ഥലത്ത് തീറ്റിപ്പോറ്റണേ. ജീവജലത്തിന്റെ നീരുറവയിൽനിന്ന് യഥേഷ്ടം കുടിപ്പിക്കണമേ. ആത്മാവിന് വിശ്രാന്തിയേകണമേ.

വാത്സല്യനിധിയായ വികാരിയച്ചൻ പള്ളിയിൽ ഒരു യോഗാർത്ഥിയായി ജീവിക്കുവാൻ എന്നെ സഹായിച്ചു.

"പൂജ കാണ്മാനും ശുശ്രൂഷചെയ്വാനും
പൂജ്യമായെന്നെച്ചേർക്കും ദയയോടെ
പുണ്യമായി നടന്നീടുവാൻ കാട്ടിടും
തണ്യതൊക്കെ ത്യജിക്കുവാൻ പഠിപ്പിക്കും"

വികാരിയച്ചന്റെ ഭക്തിതീക്ഷ്ണതയും വിശുദ്ധജീവിതവും എന്റെ ആത്മീയ പുരോഗതിയിൽ ഗണ്യമായ സ്ഥാനം നിർച്ചഹിച്ചുവെന്ന് ഏറ്റുപറയട്ടെ. കുർബ്ബാനക്കു കൂടാനുള്ള സുറിയാനിജപങ്ങളെല്ലാം പെട്ടന്ന് ഹൃദിസ്ഥമാക്കുവാൻ കർത്താവെന്നെ സഹായിച്ചു. സ്വർഗ്ഗവാസികൾ നിരന്തരം ആലപിക്കുന്ന കീർത്തനമായിരുന്നു എനിക്കേറ്റവും ഇഷ്ടപ്പെട്ട ഗീതം.

"കന്തീശാ ആലാഹാ
കന്തീശാ ഹൈൽസാനാ
കന്തീശാ ലാമായോസാ
എസ്രാഹം അലൈൻ"

(ദൈവമേ, നീ പരിശുദ്ധനാകുന്നു!
ബലവാനേ, നീ പരിശുദ്ധനാകുന്നു!
അമർത്ത്യനേ, നീ പരിശുദ്ധനാകുന്നു!
ഞങ്ങളിൽ കനിയണമേ!)

ഞായറാഴ്ച്ച പള്ളിയിലെത്തുന്ന വീട്ടുകാരിൽ എന്റെ കുർബ്ബാന ക്കുകൂടൽ വിസ്മയം ജനിപ്പിച്ചു. സുറിയാനി ജപങ്ങൾ സ്ഫുടത യോടും ഭക്തിയോടുംകൂടി ഞാൻ ഉരുവിടുന്നതും ധൂപക്കുറ്റി ആരാ ധനാക്രമത്തിനനുസൃതം കൈകാര്യം ചെയ്യുന്നതും കേട്ടും കണ്ടും അവരെല്ലാം നിർവൃതിയടഞ്ഞു, പ്രത്യേകിച്ച് ചേച്ചിമാർ. കുർബ്ബാന ക്കുശേഷം ഒന്നിച്ചുകൂടുമ്പോൾ *കന്തീശാ* ജപം എന്നെക്കൊണ്ട് വീണ്ടും വീണ്ടും ചൊല്ലിക്കുമായിരുന്നു. എനിക്കും ഹരം തന്നെ. കൊച്ചുകുര്യാക്കോസ് നല്ലൊരു അച്ചനാകുമെന്ന വിശ്വാസത്തോടും ആശംസയോടും കൂടിയാണ് എല്ലാവരും തിരിച്ചുപോയിരുന്നത്.

രണ്ടുവർഷത്തോളമായപ്പോൾ മല്പാനച്ചൻ വന്ന് എന്നെ പള്ളിപ്പുറം സെമിനാരിയിലേക്ക് കൊണ്ടുപോയി.

4

താതനും തനയനും

കർത്താവിന്റെ വർത്തനപ്രക്രിയയുടെ അനുചിന്തനം ഇത്രടമായപ്പോൾ എന്റെ ആദ്ധ്യാത്മികപിതാവ് ബ.ലെയോപോൾദ് മൂപ്പച്ചൻ മുറിയിലേക്കു കടന്നുവന്നു. ഈശോമിശിഹാക്കു സ്തുതി ചൊല്ലിക്കൊണ്ട് ഞാൻ ആദരപൂർവ്വം എഴുന്നേറ്റുനിന്നു. പ്രേഷിത തീക്ഷണതയാൽ ജ്വലിച്ച് ഇറ്റലിയിലെ ഈ ജനോവക്കാരൻ 1859 ൽ കേരളത്തിലെത്തി, സന്യാസവൈദികപഠനം പൂർത്തിയാക്കി, പട്ടമേറ്റു. ഈ നാടിനേയും നാട്ടുകാരേയും അതിയായി സ്നേഹിച്ച ഫാ.ലെയോപോൾദ് മലയാളം നന്നായി പഠിച്ചു, തെറ്റുകൂടാതെ സംസാരിച്ചു, ഗ്രന്ഥങ്ങൾ എഴുതി. 1861 ൽ കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭയായി പ്രഖ്യാപിക്കപ്പെട്ടു മാന്നാനത്തെ അമലോത്ഭവ മറിയത്തിന്റെ ദാസസംഘസമൂഹം. അപ്പോൾ ഞങ്ങൾ റോമിലെ കർമ്മലീത്താ ജനറാളിന്റെ നേരിട്ടുള്ള അധികാരത്തിലായിത്തീർന്നു. പ്രൊവിൻഷ്യൽ ദലഗേദായി നിയമിക്കപ്പെട്ടത് ലെയോപോൾദച്ചനാണ്. സഭയുടെ കാനോനികശ്രേഷ്ഠൻ. എന്നെക്കാൾ വളരെ ചെറുപ്പമായിരുന്ന അദ്ദേഹത്തെ ഞാൻ എന്റെ ആത്മനിയന്താവായി തിരഞ്ഞെടുത്തു. സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്ത മനസ്സിനെ പൂർണ്ണമായി ഉപേക്ഷിച്ചുകൊണ്ടുള്ള "കണ്ണുംചെവിയുമില്ലാത്ത ചൊൽവിളി" യാണെന്ന് എനിക്കറിയാമായിരുന്നു. ഈ ആശയം അനുദിനജീവിതത്തിലഭ്യസിച്ചതിനാൽ "മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ വെച്ചുതന്നെ

രസിക്കുവാൻ" കർത്താവ് ഇടയാക്കി. മൂപ്പച്ചന് എന്നോട് വളരെ സ്നേഹമായിരുന്നു. എനിക്ക് അങ്ങോട്ടും. സുഹൃത്തിനോടെന്ന വിധമാണ് പെരുമാറിയിരുന്നത്. സുപ്രധാന കാര്യങ്ങൾ ചർച്ച ചെയ്യും. ഞങ്ങൾ രണ്ടാളുംകൂടി സഭാംഗങ്ങൾക്ക് ഒരു സർക്കുലർ എഴുതുകയുണ്ടായി. കാരണം പിന്നീട് പറയാം.

വന്നപാടെ ചോദിച്ചു.

"പ്രിയോരച്ചാ, ക്ഷീണം എങ്ങനെയുണ്ട്?"

"കുറവുണ്ട്, പിതാവേ" - സന്തോഷപൂർവ്വമായ പ്രത്യുത്തരം.

'ഏകാന്തധ്യാനം എങ്ങനെ പോകുന്നു?"

"അല്പനും ഒന്നിനും കൊള്ളാത്തവനു"മായ എന്നിൽ ജനനം മുതൽ "അനാദ്യഗുണനിധി"യായവൻ അന്തം കൂടാതെ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന കാരുണ്യമോർത്ത് ഞാൻ വിസ്മയിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം നന്ദിഹീനനായി വർത്തിച്ചതിൽ തപിക്കയും. പള്ളിപ്പുറം സെമിനാരി പ്രവേശനത്തിലേക്കു കടക്കുന്നതേയുള്ളൂ.

അനന്തരം എല്ലാം ആത്മപിതാവിനെ സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. സമയം കടന്നുപോയതറിഞ്ഞില്ല. അപ്പോൾ അതാ വാതിൽക്കൽ ആരോ മുട്ടുന്നു. നോക്കുമ്പോൾ ആഹാ (സഹോദരൻ) നിക്കോവോസ്.

"പ്രിയോരച്ചാ, സന്ധ്യയായല്ലോ രാത്രിഭക്ഷണത്തിന് പ്രത്യേകിച്ച് എന്തെങ്കിലും ഉണ്ടാക്കിത്തരട്ടെ?"

"നന്ദി സഹോദരാ. പൊതുഭക്ഷണം മാത്രം മതി. അല്ല, ഇന്നു വെള്ളിയാഴ്ചയല്ലേ? കാലത്തു അല്പം പാലു കുടിച്ചല്ലോ. ദിവസം മുഴുവൻ ഈ കിഴവൻ ഉപവസിക്കട്ടെ. എനിക്കുവേണ്ടി പ്രാർത്ഥിക്കണേ."

അല്പം നേരം നിന്നശേഷം സഹോദരൻ സ്തുതിചൊല്ലി തിരിച്ചുപോയി.

അതുവരെ നിശബ്ദനായിരുന്ന ജ്ഞാനപിതാവ് പറഞ്ഞു.

"കൊള്ളാം പ്രിയോരച്ചോ. ദൈവത്തിന്റെ കാരുണ്യത്തിന്റെ കഥ അനുസ്മരിച്ചുകൊണ്ടിരിക്കൂ. അതു നമ്മെ സർവ്വശക്തനോടുള്ള തീക്ഷണതയാൽ എരിയിക്കും. കർത്താവിന്റെ ആശീർവാദം തരാം."

5

പുണ്യത്തിന്റെ കണ്ണാടി

എന്നെ അനുഗ്രഹിച്ചുകൊണ്ട് മുപ്പച്ചൻ പുറത്തുകടന്നു. കൂട്ട ക്രമങ്ങളായ കൊന്ത, കാനോനനമസ്ക്കാരം, ധ്യാനം എന്നിവയിൽ സംബന്ധിക്കുവാൻ ഞാൻ പ്രാർത്ഥനാമുറിയിലേക്കും. സ്ഥലത്തു ള്ളപ്പോൾ എല്ലാത്തിലും മുമ്പനായി സംബന്ധിക്കണമെന്ന് എനിക്കു നിർബന്ധമായിരുന്നു. ഇതാ, ദിവ്യകാരുണ്യനാഥനായ അപ്പൻ എന്നെ മാടി വിളിക്കുന്നു! തിരുക്കുടുംബാംഗങ്ങൾക്ക് സ്വസ്തി പറഞ്ഞു കൊണ്ട് ഞാൻ ചാപ്പലിലേക്കു കയറി.

അമ്മക്കു അടിമവ്യ്ക്കപ്പെട്ടവനായ എനിക്കു നാഥയുടെ അപദാനങ്ങൾ പ്രകീർത്തിക്കുക എന്തൊരാനന്ദമായിരുന്നെന്നോ! സ്വന്തമായി എഴുതിയുണ്ടാക്കിയ 151 വിശേഷണങ്ങളാലാണ് കന്യ കാംബികയെ ഞാൻ വാഴ്ത്തിസ്തുതിച്ചിരുന്നത്. "കർത്താവിന്റെ ദിവ്യരഹസ്യങ്ങൾ തന്റെ ജീവിതകഥയാക്കിത്തീർത്തവളേ, ആ ദിവ്യാ നുഗ്രഹം ഈശോയിൽനിന്ന് ഈ അഗതിക്കും വാങ്ങിത്തരണമേ." കാനോനനമസ്ക്കാരം ചിട്ടപ്പെടുത്തുവാൻ എന്നെ ഉപകരണമാക്കിയ കർത്താവിനു സ്തുതി! സ്വർഗ്ഗീയസഭയോടു ചേർന്നുകൊണ്ടാണ് ഞാൻ അത് ജപിച്ചിരുന്നത്. ധ്യാനം, അത് ഈശോമിശിഹായോ ടൊന്നിച്ചുള്ള സ്നേഹസല്ലാപമാണെന്ന് "മാംസത്തള്ള" യെക്കാളും എന്നെ സ്നേഹിക്കുന്ന ധ്യാനപാരംഗതയായ ആവിലായിലെ അമ്മ പഠിപ്പിച്ചിരുന്നു. ഒരു മണിക്കൂർ നീളുന്ന ധ്യാനവേളയിൽ ഞാൻ മുട്ടി ന്മേൽനിന്ന് ആനന്ദക്കണ്ണീർ വാർത്തു. "സ്നേഹത്തിന്റെ ദൈവമേ,

ദൈവത്തിന്റെ സ്നേഹമേ" യെന്ന് എന്റെ അന്തരാത്മാവ് മന്ത്രിച്ചു കൊണ്ടിരുന്നു. പാരവശ്യത്തിൽ ലയിച്ചിരുന്നതിനാൽ സമയമാകുന്നത് അറിഞ്ഞതേയില്ല. സമീപത്തുള്ളവർ വിളിച്ചറിയിച്ചപ്പോൾ അവസാനപ്രാർത്ഥന കഷ്ടിച്ചുച്ചൊല്ലി കണ്ണീരണിഞ്ഞ മുഖത്തോടെ മുറിയിലേക്കു നടന്നു.

തുടർന്ന് ന്യായപ്രമാണം അനുശാസിക്കുന്ന അടിപ്രായശ്ചിത്തം നടത്തി. "കർത്താവേ, എനിക്കുവേണ്ടി, എന്റെ പാപങ്ങളെ പ്രതി അങ്ങ് മുള്ളാണികളാൽ മെടഞ്ഞ ചമ്മട്ടികൾകൊണ്ട് നിർദ്ദയം പ്രഹരിക്കപ്പെട്ടുവല്ലോ. അങ്ങയുടെ മാംസക്ഷണങ്ങൾ ചുറ്റും ചിതറി വീണു. ശരീരം മുഴുവൻ രക്തം വാർന്നൊഴുകുന്ന വ്രണതുല്യം പകർന്നല്ലോ. വേദനയാൽ പുളയുകയായിരുന്നല്ലോ അവിടുന്ന്. എന്റെ മനോഗുണമുള്ള അപ്പാ, റോമൻ പടയാളികളല്ല വാസ്തവത്തിൽ അങ്ങയെ അടിച്ചത്. തിരുമേനി തല്ലിച്ചതച്ചത് ഈ നന്ദിഹീനനും നികൃഷ്ടനുമായവൻ തന്നെയാണ്. നാറുന്ന എന്റെ ശരീരത്തെ സ്നേഹിച്ചതിനാൽ ഇതൊക്കെയും നിനക്കു ഞാൻ വരുത്തി. കർത്താവേ, എന്ന ശിക്ഷിച്ചുകൊള്ളുക." ഏറെനേരം ഞാൻ നിലത്ത് പ്രണമിച്ചുകിടന്നു. അതാ മണിയൊച്ച! ലെലിയാ (രാത്രി നമസ്ക്കാരം) ക്കുള്ളതാണ്. തിരുക്കുടുംബരൂപം മുത്തിക്കൊണ്ട് അപ്പന്റെ സവിധത്തിലെത്തി; മുട്ടുകുത്തി വന്ദിച്ചുകൊണ്ട് ക്രമമാരംഭിച്ചു.

ലെലിയാ ആഘോഷപൂർവ്വം രണ്ടുഗണമായാണ് സമൂഹം ആലപിച്ചിരുന്നത്. നോമ്പുകാലത്തും മറ്റും ഖാലാ ദ്ശഹറ (ജാഗരണ ഗീതങ്ങൾ) കൂട്ടിച്ചേർക്കും. യാമപ്രാർത്ഥനക്കുശേഷം മറ്റുജപങ്ങളും ചെല്ലും. അവസാനം ശന്തർ ആലാഹാ ("ദൈവമേ തിരുവാഗ്ദാന മനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയക്കണമേ") എന്ന ശിമയോന്റെ കീർത്തനം പാടും. അതോടെ ക്രമങ്ങൾ അവസാനിച്ചുവെങ്കിലും പാതിരാവരെ ഞാൻ ആരാധനക്കായി ചിലവഴിക്കുമായിരുന്നു. എന്റെ പാവപ്പെട്ട സഭയുടെ ഇപ്പോഴുള്ള ആശ്രമങ്ങളായ മാന്നാനം, കൂനമ്മാവ്, എൽത്തുരുത്ത്, വാഴക്കുളം, പുളിങ്കുന്ന്, അമ്പഴക്കാട് എന്നീ കൊവേന്തകളേയും ഭാവിയിൽ സ്ഥാപിതമാകാനിരിക്കുന്നവയേയും എല്ലാ അംഗങ്ങളേയും തിരുക്കുടുംബത്തിന് പ്രതിഷ്ഠിച്ച പ്രാർത്ഥനയായിരുന്നു സുപ്രധാനം.

"എന്റെ കൂടപ്പിറപ്പുകളെയെല്ലാം നിവേദിതരും, അർപ്പിതരും, തട്ടീയരും, തന്മയരും നിയതരുമാക്കണമേ." - കണ്ണീർ ചിന്തിയുള്ള ഈ യാചന ത്രിത്വദൈവം ശ്രവിക്കാതിരിക്കയില്ല എന്നാണെന്റെ ആത്മവിശ്വാസം.

സന്ന്യാസിയുടെ മുറി എന്റെ നോട്ടത്തിൽ ദിവ്യമണവാളന്റെ മണവറയാണ്. പീഡാനുഭവചരിത്രം ഭക്തിയോടെ വായിച്ച്, ഞാൻ രചിച്ച രാത്രിജപം ഉരുവിട്ട്, കുരിശുരൂപം പലപ്രാവശ്യം മുത്തി കിടന്നു, തിരുക്കുടുംബത്തിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിച്ചു കൊണ്ട്. നിദ്രയിലമരുംവരെ കൈകൾ കുരിശാകൃതിയിൽ പിടിച്ച് സുകൃതജപങ്ങളും അമ്മ പഠിപ്പിച്ച "പരംജ്യോതിയേ..." എന്ന ഗീതവും പാടി.

"ഉണർന്നെഴുന്നേൽക്കൂ! കർത്താവിനെ പുകഴ്ത്തൂ!" - കാവൽ മാലാഖ എന്റെ ചെവിട്ടിൽ മന്ത്രിക്കുന്നു!! ഞാൻ ചാടിയെഴുന്നേറ്റു. തിരുക്കുടുംബരൂപം തൊട്ടുമുത്തി. പ്രഭാതകൃത്യങ്ങൾ പെട്ടെന്ന് നിർവഹിച്ചശേഷം മുട്ടിന്മേൽവീണ് ഞാൻ രചിച്ചിട്ടുള്ള ഉഷഃകാല ജപം ഭക്തിപൂർവ്വം ചൊല്ലി. "അറുതിയില്ലാത്ത ബാഹാതമ്പുരാനേ, പുത്രൻ തമ്പുരാനേ, റൂഹാദ്ക്കുദ്ശാ തമ്പുരാനേ, എന്റെ നാഥനും എന്റെ പിതാവും എന്റെ ഗുരുനാഥനും ആകുന്ന നിന്നെ വന്ദിച്ചു കുമ്പിടുന്നേൻ... എന്റെ സ്നേഹപ്പെട്ട ദൈവമേ, എന്റെ ഹൃദയ മൊക്കെയും കൊണ്ട് നിന്നെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തെ സാക്ഷിക്കുന്നതിനായിട്ട് ഇന്നത്തെ ദിവസത്തിലും എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും ചെയ്യുന്നതൊക്കെയും, പാടുപെടുന്നതൊക്കെയും നിനക്ക് കാഴ്ച വെക്കുന്നേൻ. ഈശോമിശിഹായുടേയും മർത്താമറിയത്തിന്റേയും യൗസേപ്പുപുണ്യവാളന്റേയും നന്മ പ്രവൃത്തികളോടുകൂടെ എന്നെ നിനക്കു കാഴ്ച വയ്ക്കുന്നു. നിന്റെ സ്തുതിക്കായിട്ടു എന്റെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുമൊക്കെയും, എന്റെ പക്ഷങ്ങളൊക്കെയും (ആഗ്രഹങ്ങൾ), വസ്തുക്കളൊക്കെയും ഇന്നും എപ്പോഴും തിരുക്കാഴ്ച വയ്ക്കുന്നേൻ... പരിശുദ്ധ ദേവമാതാവേ... തൃച്ചേവടികളിൽ ഞാൻ കമിഴുന്നു വീഴുന്നേൻ. എന്റെ ഹൃദയത്തെ അമ്മക്കു സമർപ്പിക്കുന്നു. നിന്റെ മക്കളുടെ ഗണത്തിൽ എന്നേയും കൂട്ടണമേ..." തുടർന്ന് 1 സ്വർഗ്ഗസ്ഥനായ പിതാവും, 3 നന്മനിറഞ്ഞ മറിയവും, കർത്താവിന്റെ മാലാഖയും... മനസ്താപപ്രകരണവും ചൊല്ലി.

അനന്തരം ചാപ്പലിലെത്തി സമൂഹത്തോടൊപ്പം ഉദയാരാധയും സപ്രായും നടത്തിയശേഷം പള്ളിയിൽചെന്ന് വി.കുർബ്ബാന ചൊല്ലുകയായി. ദിവ്യകാരുണ്യരഹസ്യത്തെക്കുറിച്ച് കർത്താവ് ഈ അയോഗ്യ പാപിക്ക് ആഴമായ വണക്കവും വിശ്വസവും നൽകിയിരുന്നുവെന്ന് ഏറ്റുപറയട്ടെ. തന്മൂലം "മഹാസൂക്ഷത്തോടും ഭക്തിയോടും അടക്കത്തോടും" കൂടി ദിവ്യബലി അർപ്പിക്കുവാൻ കഴിഞ്ഞിരുന്നു. അനുദിനം

നീണ്ട മണിക്കൂറുകൾ തിരുസന്നിധിയിൽ ചിലവഴിച്ചുപോന്നു. കുർബ്ബാന ക്കുശേഷം എല്ലാവരുംകൂടി സകലവിശുദ്ധരുടെ ലുത്തിനിയാ ചൊല്ലും.

ഉന്നതങ്ങളിലെ മലയിൽ കഠിനാദ്ധ്വാനം ചെയ്ത് കയറിപ്പറ്റി അവിടെ വാണരുളുന്നവരാണല്ലോ വിശുദ്ധാത്മാക്കൾ. ബേസ് റൗമാ നിവാസികൾക്ക് അവരുമായി അഭേദ്യമായ ബന്ധമുണ്ട്. പുണ്യവാന്മാരുടെ ഒരുമ്പാടിൽ ജീവിക്കുവാനാണല്ലോ ദർശനവീട്ടുകാർ വിളിക്കപ്പെട്ടിരിക്കുക. ഞങ്ങളും സ്വർഗ്ഗമാകുന്ന ബേസ്റൗമായിൽ നിത്യമായി വാസമുറപ്പിക്കുവാൻ യത്നിക്കുകയാണല്ലോ. വിശുദ്ധരുടെ മാദ്ധ്യസ്ഥം അതിന് അത്യന്താപേക്ഷിതമാണ്. സകലവിശുദ്ധരുടെ ലുത്തിനിയായുടെ അർത്ഥം മാന്നാനം കുന്ന് വെട്ടിത്തെളിച്ചു കൊണ്ടിരുന്ന അവസരത്തെക്കുറിച്ചുള്ള അനുചിന്തനത്തിൽ കൂടുതൽ വ്യക്തമാക്കാം.

6

ഗുരുകുലത്തിൽ

ആത്മകഥയുടെ ആദ്യകാലങ്ങളിലേക്കു മടങ്ങട്ടെ. ഇടവക പള്ളിയിലെ പരിശീലനം പിന്നിട്ടപ്പോൾ കൊച്ചുകുര്യാക്കോസിനെ പള്ളിപ്പുറം സെമിനാരിയിൽ കൊണ്ടുചെന്നാക്കി. എന്നെ ഞാനാക്കിയത് പാലാക്കൽ തോമാ മല്പാനച്ചനാണ്. "പൈതൽ പ്രായം മുതൽ ആത്മീയവും ശാരീരികവുമായ രണ്ടു കാര്യങ്ങളിലും അദ്ദേഹം തന്നെ അന്വേഷിച്ചു നടത്തി, പഠിപ്പിച്ചു വളർത്തി." തന്റെ രക്തബന്ധുക്കളോടും ആത്മീയമക്കളായ ശിഷ്യന്മാരോടും കാണിച്ചതിൽ കൂടുതൽ സ്നേഹം എന്നോടു പ്രദർശിപ്പിച്ചു. എന്നെ തന്റെ ഇഷ്ടനിക്ഷേപവും ഒരേയൊരു സമ്പത്തുമായ കൊവേന്തയുടെ അനന്തരാവകാശിയാക്കിക്കൊണ്ടാണ് മരണമടഞ്ഞത്.

മല്പാനച്ചനെ തന്നെ ആദ്ധ്യാത്മികപിതാവും കുമ്പസാരക്കാരനുമായി ഞാൻ തിരഞ്ഞെടുത്തു. അദ്ദേഹത്തിൽ എന്നെ ഏറ്റവും ആകർഷിച്ചത് ആ തപോജീവിതവും പ്രാർത്ഥനയും പഠനവുമായിരുന്നു. ജ്ഞാനവായനയില്ലാത്ത വൈദികർക്ക് ദൈവത്തിന്റെ മനുഷ്യരാകുവാൻ കഴിയുകയില്ലയെന്ന് നിരന്തരം ഞങ്ങളെ ഉദ്ബോധിപ്പിക്കുമായിരുന്നു. സുറിയാനി ഭാഷയിൽ കാര്യമായ ഗ്രന്ഥങ്ങളില്ലാത്തതിനാൽ തമിഴ് പുസ്തകങ്ങൾ എഴുതി വരുത്തും, മല്പാനച്ചൻ. ചിലവ കടം വാങ്ങിച്ച് ഞങ്ങളെക്കൊണ്ട് പകർത്തി എഴുതിപ്പിക്കുകപതിവാക്കി. ഭാഷ അറിയാവുന്ന യുവാവിനെ തമിഴ് പുസ്തകങ്ങൾ

പകർത്തുവാൻ നിയോഗിക്കുകയും ചെയ്തു. എപ്പോഴും ഗുരു വരന്റെ കയ്യിൽ ഒരു പുസ്തകം കാണാം. എന്റെ തമിഴ് പരിജ്ഞാനം മല്പാനച്ചൻ ആഴപ്പെടുത്തി; ചില ഗ്രന്ഥങ്ങൾ എന്നെക്കൊണ്ട് തർജ്ജമ ചെയ്യിപ്പിച്ചു. സെമിനാരിയിലെ ക്രമങ്ങൾ വളരെ കഠിന മായിരുന്നുവെന്നു പറയാം. പ്രാർത്ഥനയും പഠനവും മാത്രം. ഞാനു ത്സാഹപൂർവ്വം പഠിച്ചു; നിരന്തരം പ്രാർത്ഥിച്ചു. ഒരു നിമിഷം പോലും വെറുതെ ചിലവഴിച്ചിരുന്നില്ല. എന്നെ വിളിച്ച തമ്പുരാനുവേണ്ടി അനസ്യൂതം വേല ചെയ്യുക - അതെന്റെ ഹരമായിത്തീർന്നു. പിന്നീട് എന്റെ വളർത്തുമക്കളായിത്തീർന്ന സിസ്റ്റേഴ്സിനെ ഞാൻ വീണ്ടും വീണ്ടും ഓർമിപ്പിക്കുമായിരുന്നു: "യാതൊരുത്തനും അല്പനേരം പോലും വെറുതെ കളയാതിരിക്കുവാൻ ഉത്സാഹിക്കുവിൻ. ഇതിന്റെ വില എത്ര വലുതാണെന്നോർക്കണമേ."

ഞങ്ങളുടെ കൂട്ടത്തിൽ നാല്പതുവയസ്സുകഴിഞ്ഞ പീലിപ്പോസ് എന്നൊരാൾ ചേർന്നിരുന്നു. ഭക്തനായിരുന്നുവെങ്കിലും കാര്യമായ ബുദ്ധിയുണ്ടായിരുന്നില്ല. മല്പാനച്ചൻ പഠിച്ചപണി പതിനെട്ടും നോക്കി യെങ്കിലും സുറിയാനിഭാഷ പീലിപ്പോസിന്റെ തലയിൽ കയറുന്നില്ല. ശെമ്മാശനെ പഠിപ്പിക്കുവാൻ ഞാൻ ഏറെ സമയം ചിലവിട്ടു. പക്ഷേ പ്രയോജനമുണ്ടായില്ല. സുറിയാനി പഠിക്കാതെ കുർബ്ബാന ചെല്ലാനോ കാനോനനമസ്ക്കാരം ജപിക്കാനോ പറ്റില്ലല്ലോ. തന്മൂലം പീലിപ്പോ സിനെ സെമിനാരിയിൽ നിന്നും വിടുവാൻ മല്പാനച്ചൻ നിർബന്ധി തനായി.

ദൈവം എനിക്കുതന്ന ബുദ്ധിസാമർത്ഥ്യത്തിലും തീക്ഷ്ണത യിലും സംപ്രീതനായ അദ്ദേഹം എന്നെ ലത്തീൻ പഠിപ്പിക്കുവാൻ വരാപ്പുഴ സെമിനാരിയിൽ കൊണ്ടുചെന്നാക്കി. പക്ഷേ, അവർ സഹ കരിച്ചില്ല. തുടർന്ന് ആറെട്ടുമാസം വടക്കൻ പള്ളിപ്പുറത്തുള്ള മെയിൻ പാതിരിയച്ചൻ എന്നെ ലത്തീൻ, പേർച്ചുഗീസ് ഭാഷകൾ പഠിപ്പിച്ചു.

7

പീഡാസഹനത്തിലെ പങ്കാളി

രണ്ടുകൊല്ലത്തിനുശേഷം 1817 ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ പീറ്റർ ദേ അലക്രാന്താ മെത്രാനിൽനിന്ന് ആസ്തപ്പാടു പട്ടം സ്വീകരിക്കുവാൻ ദൈവം കൃപയേകി. അപ്പോൾ "കർത്താവാണ് എന്റെ ഓഹരി"യെന്ന സങ്കീ. 119:57 ലെ വാക്യം എന്റെ ആദർശമന്ത്രമായി ഞാൻ സ്വീകരിച്ചു.

"മമപിതാവു നീ, ഭാഗ്യവുമെനിക്കു നീ,
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ!
എന്നുടെ സ്നേഹം നീയേ, ാഗ്യവുമെനിക്കു നീ,
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ, യാവനാപാനം നീയേ,
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ!"

തനിക്കിഷ്ടപ്പെട്ടവർക്ക് ഈശോ നൽകുന്ന അവകാശമാണല്ലോ കന്മഷത്തിന്റെ കാസായിൽ നിന്ന് പാനം ചെയ്യുവാനുള്ള അനുവാദം. തുടർന്നുള്ള ദിനങ്ങളിൽ ആ വരം വീണ്ടും വീണ്ടും നൽകി ദൈവം എന്നെ അനുഗ്രഹിച്ചു.

ആസ്തപ്പാടുപട്ടത്തിനുശേഷമുള്ള അന്നത്തെ ഒരു സമ്പ്രദായമായിരുന്നു 'വീടുകയറ്റം.' പട്ടമേറ്റ വ്യക്തി ഇടവകപ്പള്ളിയിലേക്ക് ആഘോഷമായി ചെല്ലുന്നു; നാട്ടുകാരും വികാരിയച്ചനും എതിരേൽക്കുന്നു. അവർക്കെല്ലാം വീട്ടുകാർ വിരുന്നു നൽകണം. തുടർന്ന്

മ്ശംശാന ആ രാത്രി പള്ളിയിൽ അന്തിയുറങ്ങുന്നു. എന്റെ കാര്യത്തിൽ ചേന്നങ്കിരി പള്ളിക്കാർ സ്വീകരണത്തിന് തയ്യാറായില്ല. സെമിനാരിയിൽ ചേർന്നപ്പോൾ ദേശക്കൂറി വാങ്ങിച്ചിരുന്നില്ലെന്നതാണ് കാരണം. മല്പാനച്ചനോ അക്കാര്യം ഓർപ്പിക്കുവാനും വിട്ടുപോയി. തന്മൂലം ഇടവകക്കാരിൽ ചിലർ എനിക്കെതിരായിത്തീർന്നു. വീടുകയറ്റമെന്ന കർമ്മം മുടക്കുകയും ചെയ്തു. വലിയ നാണക്കേടായിപ്പോയി. എങ്കിലും ആലപ്പുഴ മാർ സ്ലീവാ പള്ളിക്കാർ എന്നെ എതിരേൽക്കുവാനെത്തി. മാനഹാനി കുറച്ചൊക്കെ പരിഹരിക്കപ്പെട്ടുവെന്നു പറയാം. എളിമപ്പെടുവാൻ ദൈവം നൽകിയ അവസരമായിട്ടാണ് ഞാൻ ആ സംഭവം പരിഗണിച്ചത്. ആ രാത്രിത്തന്നെ ഇടവകപ്പള്ളിയിൽചെന്ന് വികാരിയച്ചനെ കണ്ടു. പൊറുതിയപേക്ഷിച്ചു. അദ്ദേഹത്തിന് എന്നോട് നീരസമുണ്ടായിരുന്നില്ല. നാട്ടുകാരിൽ ചിലരുടെ സമ്മർദ്ദത്തിന് വഴങ്ങിപ്പോയെന്നുമാത്രം. കർത്താവു കാണിച്ച മാതൃകയനുസരിച്ച് ഞാൻ പള്ളിക്ക് മാർ യൗസേപ്പുപിതാവിന്റെ ഒരു കൊത്തുരൂപം സമ്മാനമായി നൽകി. ആണ്ടുതോറും പ്രതിഫലം കൂടാതെ തിരുനാൾ പ്രസംഗം നടത്തിക്കൊള്ളാമെന്ന് വാക്കു കൊടുക്കുകയും ചെയ്തു.

"ഞാൻ സ്നേഹിക്കുന്നവർക്കു നൽകുന്ന സമ്മാനമാണു സഹനം" - ഈശോ ഒരിക്കൽ വി. അമ്മത്രേസ്യായോടു പറഞ്ഞ വാക്കുകൾ എന്നിലും അന്വർത്ഥമായി ആയിടക്കു കൈനകരിയിൽ വസൂരിരോഗം പടർന്നുപിടിച്ചു. ഇച്ചായനും അമ്മയും ചേട്ടായിയും അകാലമൃത്യുവിനിരയായി. ഗ്രാമത്തിൽ നിന്നാരും പുറത്തു പോകരുതെന്ന സർക്കാരിന്റെ നിരോധാജ്ഞമൂലം എന്നെ കാര്യമറിയിക്കാനായില്ല.

"കൊച്ചുകുര്യാക്കോസിനെ ഒരു നോക്കു കാണണം അതിനുശേഷം മരിച്ചുകൊള്ളട്ടെ" - അതായിരുന്നിരിക്കണം ഇച്ചായന്റേയും അമ്മയുടേയും അന്ത്യാഭിലാഷം. പക്ഷേ ദൈവതിരുമനസ്സിന് ആ പുണ്യപ്പെട്ടവർ അമ്മേൻ പറഞ്ഞു.

രോഗത്തിന്റെ സംഹാരതാണ്ഡവം അവസാനിച്ചപ്പോഴാണ് ഇളയപ്പനും മറ്റും സെമിനാരിയിലെത്തിയത്. ആദ്യം മല്പാനച്ചനെ കണ്ട് വിവരങ്ങൾ അറിയിച്ചു. അദ്ദേഹത്തിന് വളരെ വിഷമമായി. അല്പം പ്രാർത്ഥിച്ചശേഷം എന്നെ വിളിപ്പിച്ചു.

ആകസ്മികമായ അവരുടെ വരവിൽ എനിക്ക് പരിഭ്രമം തോന്നി. എന്തോ സംഭവിച്ചിരിക്കണം. "കർത്താവേ ശക്തി തരണമേ" എന്ന് ഉരുവിട്ടുകൊണ്ട് സ്തുതിചൊല്ലിയശേഷം ഞാൻ ഇളയപ്പന്റേയും മറ്റും മുഖത്തുനോക്കി മിണ്ടാതിരുന്നു. അല്പനേരത്തെ മൗനത്തിനു ശേഷം

"കൊച്ചുകുര്യാക്കോസേ"

"എന്തോ... വീട്ടിൽ വല്ലതും സംഭവിച്ചോ?" - തൊണ്ടയിടറിക്കൊണ്ട് ഞാൻ ചോദിച്ചു

മല്പാനച്ചനാണ് മറുപടി പറഞ്ഞത്.

"കുര്യാക്കോസ് ശെമ്മാശ്ശാ, ദൈവമറിയാതെ ഒന്നും സംഭവിക്കുകയില്ല. എന്തു വന്നാലും അതിനെ നേരിടാനുള്ള ശക്തി കർത്താവു നൽകും."

വന്നവർക്ക് സംസാരിക്കാമെന്നായി. മുക്കിയും മൂളിയും വിവരം പറഞ്ഞു.

"മോനേ, കൈനകരിയിൽ വസൂരിദീനം പടർന്നുപിടിച്ചു. നമ്മുടെ വീട്ടിലുള്ളവരേയും ആക്രമിച്ചു."

"ഈശോയേ" - പൊട്ടിക്കരഞ്ഞുകൊണ്ട് ഞാൻ നിലത്തുവീണു. ഏറെനേരം കഴിഞ്ഞാണ് വിതുമ്പലടങ്ങിയത്. മല്പാനച്ചൻ എന്റെ തോളത്ത് കൈവെച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

"കൊച്ചുകുര്യാക്കോസേ, ഇനി കാര്യത്തിലേക്കു കടക്കട്ടെ. വീട്ടിലെ ഇപ്പോഴത്തെ സ്ഥിതി മനസ്സിലാകുമല്ലോ. ജ്യേഷ്ഠന്റെ വിധവയും കൊച്ചുമോളും മാത്രം."

ഞാൻ തലയാട്ടി. ഇനി എന്താണാവോ പറയാൻ പോകുന്നത്? അവരുടെ മുഖത്തു ദൃഷ്ടി പതിപ്പിച്ചു, പേടിച്ചരണ്ട കണ്ണുകളോടെ.

"ഞങ്ങൾ വന്നത് നിന്നെ വീട്ടിലേക്കു കൊണ്ടു പോകുവാനാണ്. ശേഷിച്ചിരിക്കുന്ന ആൺതരിയാണല്ലോ നീ. അവിടെ താമസിച്ച് തറവാട് നിലനിർത്തേണ്ടത് നിന്റെ കടമയാണ്. "

ഞെട്ടിപ്പോയി ഞാൻ. കുനിന്മേൽ കുരു വന്നാലത്തെ സ്ഥിതി.

"കർത്താവേ അങ്ങല്ലേ എന്നെ വിളിച്ചത്? ഇപ്പോൾ ഞാൻ എന്തു ചെയ്യണം? കരുണതോന്നണമേ. ഒരു വഴി കാണിച്ചുതരണമേ. നാഥാ കനിയണമേ. "

ഒരു നീണ്ട മൗനത്തിനുശേഷം ഞാൻ മല്പാനച്ചനെ നോക്കി. ഈ പ്രതിസന്ധിഘട്ടത്തിൽ എന്റെ ഗുരുനാഥൻ ഉചിതമായ ഉപദേശം നൽകുകയില്ലേ?

"കുര്യാക്കോസ് ശെമ്മാശ്ശാ, മനസമാധാനം കൈവെടിയരുത്. ദൈവമറിയാതെ ഒന്നും സംഭവിക്കുകയില്ല. അവിടുത്തെ പദ്ധതികൾ

മാത്രമേ വിജയിക്കൂ. ആർക്കും അതിനെതിരായി നിൽക്കാനാകില്ല. കർത്താവിന്റെ സഹനത്തിൽ പങ്കുചേർന്ന് ബലിയായ് തീർന്നാലേ നമ്മൾ അവിടുത്തെ യഥാർത്ഥശിഷ്യരാകൂ. പ്രശ്നങ്ങളെല്ലാം കലങ്ങിത്തെളിയും. ദൈവത്തിന്റെ സമയത്തിനുവേണ്ടി ക്ഷമാപൂർവ്വം പ്രാർത്ഥിച്ച് കാത്തിരിക്കുക. ഞാനും മുട്ടിപ്പായി അപേക്ഷിക്കാം. ഇപ്പോൾ ഇവരോടൊത്ത് വീട്ടിലേക്കു പോകൂ."

എന്നെ വാത്സല്യപൂർവ്വം തഴുകിക്കൊണ്ട് തലയിൽ കൈവെച്ച് അനുഗ്രഹിച്ചു.

"നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും കുര്യാക്കോസ് ശെമ്മാശ്ശനോടും വീട്ടുകാരോടും കൂടെ ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും."

ഞാൻ കൈമുത്തി സ്തുതിചൊല്ലിയപ്പോൾ,

"വീട്ടിൽനിന്ന് കൊണ്ടുവന്നതൊക്കെ എടുത്തോ" ഇളയപ്പന്മാർ ഓർമിപ്പിച്ചു.

അപ്രകാരം ചെയ്തശേഷം ഞാൻ അവരോടൊപ്പം യാത്രയായി.

ചേന്നങ്കരിയിലേക്കാണ് ആദ്യം പോയത്. വള്ളത്തിൽനിന്നിറങ്ങിയ ഉടനെ പ്രിയപ്പെട്ടവരെ അടക്കം ചെയ്തിരുന്ന പുണ്യഭൂമിയിലേക്കോടി. തൊട്ടുതൊട്ടായി മൂന്നു മൺകൂനകൾ! നിലത്തു വീണ് അവയെ പൂണർന്നുകൊണ്ട് ഞാൻ അലറിക്കരഞ്ഞു. ഉള്ളിൽ തളം കെട്ടി നിന്നിരുന്ന ദു:ഖമൊക്കെ കണ്ണീർധാരയായി പുറത്തേക്കൊഴുകി.

"ഇച്ചായാ, അമ്മേ, ചേട്ടായി" വീണ്ടും വീണ്ടും വിളിച്ചുകൊണ്ടിരുന്നു.

സമയം വൈകിയപ്പോൾ ഇളയപ്പന്മാർ എന്നെ പിടിച്ചെഴുന്നല്പിച്ചു. അപ്പോൾ അവിടെ ഒരു കുളിർക്കാറ്റ് വീശി, പ്രിയപ്പെട്ടവരുടെ സാന്ത്വന സ്പർശം പോലെ. ഞാൻ വീട്ടിലേക്ക് പുറപ്പെട്ടു, ഒന്നും ഉരിയാടാതെ. ഉള്ളിന്റെയുള്ളിൽ അഭൗമികമായ സമാധാനം നിറഞ്ഞിരുന്നു.

പിറ്റേദിവസം പള്ളിയിൽ കുർബ്ബാനക്കുപോയി. ദിവ്യബലിയുടെ സമയം മുഴുവൻ "കർത്താവേ കനിയണമേ" എന്നുരുവിടുകയായിരുന്നു. വികാരിയച്ചൻ എന്നെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. ഞാൻ കാര്യമായി ഒന്നും സംസാരിച്ചില്ല.

വീണ്ടും സെമിത്തേരിയിലേക്ക്. അവിടുത്തെ നിശബ്ദത ഒരു നിസ്വനമായി പകർന്നു. "ഇച്ചായാ, അമ്മേ, ചേട്ടായി, ഞാൻ ഇനി എന്തു ചെയ്യണം? ദൈവവിളി ഉപേക്ഷിക്കണമോ? കർത്താവിന്റെ ഇംഗിതം എനിക്കറിയിച്ചു തരണമേ."

ഒരാഴ്ചയോളം ഇതേ പരിപാടി ആവർത്തിച്ചു. അപ്പോൾ ഒരു പോംവഴി മനസ്സിലുദിച്ചു. എന്തുകൊണ്ട് ജ്യേഷ്ഠന്റെ കുഞ്ഞിന് പ്രായപൂർത്തിയാകുന്നതുവരെ പെങ്ങളെ വീട്ടിൽ നിർത്തിക്കൂടാ? മറിയംകുഞ്ഞിനെ വിവാഹം ചെയ്യുന്ന ആളെ ചാവറ കുടുംബത്തിലേക്കു ദത്തെടുക്കാനാകുമല്ലോ? അപ്പോൾ തറവാട് അന്യം നിൽക്കുകയുമില്ല. പെങ്ങൾക്കും ചേട്ടത്തിക്കും എന്റെ ഭാഗം എഴുതിക്കൊടുക്കുകയും ചെയ്യാം. ഈ തീരുമാനത്തിലെത്തിച്ചേർന്നതോടെ ദൈവികസമാധാനം എന്നെ ഗ്രസിക്കുന്നതായിതോന്നി.

ഇളയപ്പന് എന്റെ തീരുമാനം സമ്മതമായില്ല.

"നീയിനി സെമിനാരിയിൽ പോകുന്നില്ല, രണ്ടുതരം."

ഒരു മുറിയിലേക്കെന്നെ പിടിച്ചുതള്ളി. പുറത്തുനിന്നു പൂട്ടുകയും ചെയ്തു.

"ദൈവമേ, അന്തരീക്ഷം തെളിഞ്ഞെന്നുതോന്നിയപ്പോൾ വീണ്ടുമിതാ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നു! കർത്താവേ, ഞാൻ എന്തു ചെയ്യണം? അങ്ങുമാത്രമാണ് എന്റെ ഓഹരി. അങ്ങിൽ ഞാൻ സമാശ്രയിക്കുന്നു. ഒരുനാളും ഞാൻ ലജ്ജിക്കുകയില്ല."

ഒന്നും കഴിക്കുവാൻ തോന്നിയില്ല. രാത്രി ഒരുപോള കണ്ണടക്കുകയുണ്ടായില്ല. സങ്കീർത്തനവാക്യം വീണ്ടും വീണ്ടും ഉരുവിടുകമാത്രം ചെയ്തു. ദു:ഖവെള്ളിക്കുശേഷം ഉയിർപ്പുഞായർ ഉണ്ടാകുകയില്ലേ?

അതാ വാതിൽ ആരോ തുറക്കുന്നു. നോക്കിയപ്പോൾ തോപ്പിലമ്മാവൻ, കൂടെ ഇളയപ്പന്മാരും. അദ്ദേഹം എന്റെ കൈ കടന്നുപിടിച്ചു. പുറത്തുത്തട്ടി സമാശ്വസിപ്പിച്ചുകൊണ്ട് ഇളയപ്പന്മാരെ നേരിട്ടു.

കാര്യങ്ങൾ വിവേചിച്ചറിയാനുള്ള പ്രായം കുര്യാക്കോസ് ശെമ്മാശനുണ്ട്. ദൈവം വിളിക്കുന്നുണ്ടെന്ന് അവന് തീർച്ചയുണ്ടെങ്കിൽ നമുക്കാർക്കും എതിർത്തുനിൽക്കാൻ അവകാശമില്ല. കർത്താവിന്റെ കോപം വിളിച്ചുവരുത്തണമോ? ശെമ്മാശ്ശന്റെ തീരുമാനം നമുക്കു സ്വീകരിക്കാം. അതുകൊണ്ട് തറവാട് അഭിവൃദ്ധിപ്പെടുകയേയുള്ളൂ. ദൈവാനുഗ്രഹം ധാരാളം ലഭിക്കുകയും ചെയ്യും.

അധികാരപൂർവ്വമുള്ള ഈ വാക്കുകളെ ചോദ്യം ചെയ്യാൻ ആരും തുനിഞ്ഞില്ല. എല്ലാവരും മൗനസമ്മതം നൽകി. അനന്തരം തോപ്പില മ്മാവൻ എന്റെ നേരെ തിരിഞ്ഞു.

"നീ സെമിനാരിയിലേക്കു മടങ്ങിക്കൊള്ളുക. വീടിനുവേണ്ടി ധാരാളം പ്രാർത്ഥിക്കണം. ഞങ്ങളെയെല്ലാം കർത്താവിനു സമർപ്പിച്ചുകൊണ്ടിരിക്കണം."

സമാധാനത്തിന്റേയും സന്തോഷത്തിന്റേയും അശ്രുധാര നേത്രങ്ങളിൽനിന്ന് പ്രവഹിച്ചു. തോപ്പിലമ്മാവന്റെ കൈമുത്തിക്കൊണ്ട് ഞാൻ നന്ദിപറഞ്ഞു. എല്ലാ ക്രമീകരണങ്ങളും ചെയ്തശേഷം അടുത്ത ദിവസം തന്നെ പള്ളിപ്പുറത്തേക്കു മടങ്ങുകയും ചെയ്തു.

എന്റെ തിരിച്ചുവരവിൽ എല്ലാവരും സന്തോഷിച്ചു. മല്പാനച്ചന് എന്റെ ദൈവവിളിയെക്കുറിച്ച് തീർച്ചയുണ്ടായിരുന്നു. എല്ലാവരും കൂടി കപ്പേളയിൽകയറി കർത്താവിനു നന്ദിപറഞ്ഞു.

ആത്മീയപക്വതയിലുള്ള വളർച്ചയാണ് സഹനം സമ്മാനമായി എനിക്കു നൽകിയത്. ദിനം തോറും ഞാൻ ദൈവത്തിലേക്കു വളർന്നുകൊണ്ടിരുന്നു. എനിക്കിനി കന്യകാമറിയവും മാർ യൗസേപ്പിതാവും മാത്രമേ മാതാപിതാക്കന്മാരായിട്ടുള്ളൂ. ഓരോ ദിവസവും ഞാൻ തിരുക്കുടുംബത്തിന് സ്വയം പ്രതിഷ്ഠിച്ചുകൊണ്ടിരുന്നു. അവർ എന്നെ ജ്ഞാനത്തിലും ഭക്തിയിലും വളർത്തുകയായി. സെമിനാരിയിലെ മാതൃകാവിദ്യാർത്ഥിയാക്കിത്തീർത്തു. സതീർത്ഥരോട് സഹകരിച്ചും, അവരെ സ്നേഹിച്ചും, സഹായിച്ചും, സദുപദേശങ്ങൾ നൽകിയും ജീവിച്ച എന്നിൽ മല്പാനച്ചൻ ഭാവിയിലെ ഒരു ആചാര്യനെ കണ്ടെത്തുകയായിരുന്നു. പല പ്രത്യേകജോലികളും എനിക്കു നൽകി. സുറിയാനിയിലെ കാനോനനമസ്കാരം ക്രോഡീകരിക്കുവാൻ എന്നോടാവശ്യപ്പെട്ടു. അക്കാലത്ത് അനുദിനദിവ്യകാരുണ്യസ്വീകരണം നടപ്പില്ലായിരുന്നുവെങ്കിലും മിക്ക ദിവസങ്ങളിലും കുർബ്ബാന സ്വീകരിക്കുവാൻ എന്നെ അനുവദിച്ചു. 1828 ൽ മ്ശംശാന പട്ടം നൽകപ്പെട്ടു. താൻ സ്ഥലത്തില്ലാതിരിക്കുന്ന അവസരങ്ങളിൽ സെമിനാരിയിലെ കാര്യങ്ങൾ നോക്കുവാൻ അതോടെ എന്നോടാവശ്യപ്പെട്ടു തുടങ്ങി.

മൂന്നാം ഭാഗം

സന്ന്യാസമെന്ന സ്വപ്നം

8

അൾത്താരയിലേക്ക്

അക്കാലത്താണ് മല്പാനച്ചനും പോരുക്കരയച്ചനും കണിയാന്തറയാക്കോബും കൂടി പട്ടക്കാർക്കൊരു തപസ്സുഭവനവും ദർശനവീടും ഉണ്ടാക്കാനുള്ള പരിശ്രമങ്ങളാരംഭിച്ചത്. തന്റെ ഭാവി സ്വപ്നങ്ങളെക്കുറിച്ച് ഗുരുവരൻ എന്നോട് ചർച്ച ചെയ്യുമായിരുന്നു. യൂറോപ്പിലെപ്പോലെ മലയാളക്കരയിലും ആശ്രമമുണ്ടാകണമെന്നും, അതിലെ ഒരംഗമായിത്തീരണമെന്നുമുള്ള അഭിവാഞ്ജ അതോടെ എന്നിലുദിച്ചു. 24-ാം വയസ്സിലാണ് മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്ന് 1829 നവംബർ 29-ാം തിയ്യതി അർത്തൂങ്കൽ വി.അന്ത്രയോസ് ശ്ലീഹായുടെ ദേവാലയത്തിൽവെച്ച് കുർബ്ബാന പട്ടമേറ്റത്. "ദൈവമേ, അങ്ങയുടെ അവർണ്ണനീയമായ ദാനത്തിന് എന്നേക്കും സ്തുതി!" ഗായകസംഘത്തോടൊത്ത് ഞാനും ആത്മനാ ആലപിച്ചു:

> "എത്ര സമുന്നതമിന്നു പുരോഹിതാ,
> നീ ഭരമേറ്റ വിശിഷ്ടസ്ഥാനം!
> അഗ്നിമയന്മാർ ദിവ്യാരൂപിക-
> ളായതിൽ അത്ഭുതമാർന്നിടുന്നു!

മെത്രാനച്ചൻ വിശുദ്ധ മൂറോൺ (തൈലം) കൊണ്ട് എന്റെ നെറ്റിയിൽ കുരിശടയാളം വരച്ച് ഉച്ചത്തിൽ ഉദ്ഘോഷിച്ചു: "തിരുസ്സഭയിൽ പൗരോഹിത്യനിർവ്വഹണത്തിനായി ചേന്നങ്കരി

ഇടവക്കാരനായ കുര്യാക്കോസ് ചാവറ മ്ശംശാനാ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നേയ്ക്കുമായി വേർതിരിക്കപ്പെടുകയും, വിശുദ്ധീകരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർണ്ണനാക്കപ്പെടുകയും ചെയ്തിരിക്കുന്നു." അപ്പോൾ എന്റെ നേത്രങ്ങൾ നിറഞ്ഞൊഴുകുകയായിരുന്നു. ദൈവസ്നേഹത്തിന്റെയും നന്ദിയുടെയും സന്തോഷത്തിന്റെയും സ്തുതിയുടെയും സമർപ്പണത്തിന്റെയും ആത്മാവിഷ്ക്കരണമായിരുന്നു ആ കണ്ണീർക്കണങ്ങൾ. ആരാധനാവത്സരത്തിന്റെ ആദ്യദിനമായ മംഗളവാർത്ത (സൂബാറാ) ഒന്നാം ഞായറാഴ്ച്ച എന്റെ പുത്രൻ ജീവിതത്തിന്റെ ആദ്യദിനമായിത്തീർന്നു. ഇനി മുതൽ കർത്താവായ കാരുണ്യക്കടലിലായിരിക്കും ഞാൻ നീന്തിത്തുടിച്ച് ആമോദിച്ചാനന്ദിക്കുക. ദിവ്യരൂപിയുടെ ജീവജലം അനേകായിരങ്ങൾക്ക് പകർന്നു കൊടുക്കുക മാത്രമായിരിക്കും ഏകലക്ഷ്യം. "ദൈവമേ, അങ്ങയുടെ ഓമൽസുതനായ ഈശോയെപ്പോലെ എന്നെ ജീവിക്കുന്ന സൂബാറായാക്കണമേ! കർത്താവേ, കനിയണമേ! കൃപ തോന്നണമേ! അടിയനെ അനുഗ്രഹിക്കണമേ!"

ചേന്നങ്കിരിപള്ളിയിലായിരുന്ന പ്രഥമദിവ്യപൂജ. ആദ്യബലിയർപ്പണത്തിനുമുമ്പ് പ്രിയപ്പെട്ടവരുടെ കുഴിമാടത്തിൽ ചെന്നുവീണ് നമസ്കരിച്ചു. "ഇച്ചായാ, അമ്മേ, ചേട്ടായി, ഇതാ കൊച്ചു കുര്യാക്കോസ് പട്ടമേറ്റു വന്നിരിക്കുന്നു! നിങ്ങളുടെ ചിരാഭിലാഷം പൂർത്തീകരിക്കപ്പെട്ടുവല്ലോ. പ്രാർത്ഥനകൊണ്ട് എന്നെ എന്നുമെന്നും സഹായിച്ചുകൊണ്ടിരുന്ന പ്രിയപ്പെട്ടവരേ, എന്റെ തലയിൽ കൈവെച്ചനുഗ്രഹിക്കണമേ. കർത്താവിന്റെ വഴിയിലൂടെമാത്രം വ്യാപരിക്കാൻ നിത്യപുരോഹിതനായ ഈശോയോട് വിൺപ്രഭ കാട്ടണമെന്ന് തുടർന്നും അപേക്ഷിച്ചുകൊണ്ടിരിക്കണമേ."

"നിൻ തിരുസ്സഭയെ നയിച്ചിടുവാൻ
നിൻ സുവിശേഷം നൽകിടുവാൻ
ദു:ഖിതരെ പരിരക്ഷിപ്പാൻ
വരമിന്നരുളുക ദാസനായ്"

എന്ന പ്രാർത്ഥന എനിക്കായി, ഞാനും നിങ്ങളോടൊപ്പം സ്വർഗ്ഗത്തിൽ വന്നുചേരുന്നതുവരെ എന്നുമെന്നും ചൊല്ലിക്കൊണ്ടിരിക്കണമേ.

കുഴിമാടത്തിൽ അള്ളിപ്പിടിച്ചുകൊണ്ട് എത്രനേരം ഞാൻ കിടന്നുവെന്നറിഞ്ഞുകൂടാ. മറ്റൊരു ലോകത്തിലായിരുന്നു ഞാൻ. പ്രിയപ്പെട്ടവർ ഓരോരുത്തരും അവിടെ ഉണ്ടായിരുന്നു എന്നെ ആശ്ലേഷിക്കുകയും ആശീർവദിക്കുകയും ചെയ്തുകൊണ്ട്.

ഏലിയാപ്രവാചകന്റെ തീക്ഷണതയോടെ ബലിയർപ്പിക്കുവാൻ കർത്താവെനിക്കു വരം നൽകി. "സന്ന്യാസഭവനമെന്ന സ്വപ്നം പൂവണിയിക്കാൻ ഇടയാക്കണമേ ദൈവമേ" എന്നതായിരുന്നു പ്രഥമനിയോഗം. "ഇതെന്റെ ശരീരമാകുന്നു; ഇതെന്റെ രക്തമാകുന്നു" എന്ന കർത്താവിന്റെ വചസ്സുകൾ ഉദീരണം ചെയ്തപ്പോഴും, "കർത്താവേ നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ" യെന്ന് ഉദ്ഘോഷിച്ചപ്പോഴും സംഭവിച്ച അവർണ്ണനീയവും ദൈവികവുമായ പരിവർത്തന പ്രതിഭാസം ഞാൻ അനുഭവിച്ചറിഞ്ഞു. ആ അത്ഭുതത്തിന്റെ അതീന്ദ്രിയഭാവവുമായി ഞാൻ അലിഞ്ഞുച്ചേർന്നുവെന്നു പറയാം.

കർത്താവിന്റെ അരൂപിയാൽ ഞാൻ അഭിഷേകം ചെയ്യപ്പെട്ടപ്പോൾ വചനപ്രഘോഷണത്തിനുള്ള തീക്ഷ്ണത എന്നെ ഗ്രസിച്ചു. പല ഇടവകകളിലും ചെന്ന് കുർബ്ബാന ചൊല്ലുകയും പടാർത്ഥ (പ്രസംഗം) പറയുകയും ചെയ്യുക ഹരമായിത്തീർന്നു. വാർഷികധ്യാനം നടത്തുന്നതും പതിവാക്കി. അക്കാലത്ത് അത്തരമൊരു ഭക്താഭ്യാസം പ്രചുരപ്രചാരമായിരുന്നില്ല. പുളിങ്കുന്നു ദേവാലയത്തിൽ ഞാൻ നടത്തിയ വാർഷികധ്യാനം മാനസാന്തരത്തിന്റെ നൂറു നൂറുഫലങ്ങൾ വിളയിച്ചു. "പ്രസംഗപീഠത്തിലെ സിംഹ"മെന്ന് ഞാൻ അറിയപ്പെട്ടു തുടങ്ങി. അതോടെ വികാരിയച്ചന്മാർ എന്നെ വളഞ്ഞു, ഞങ്ങളുടെ പള്ളികളിലും വന്ന് കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്യണമെന്ന അപേക്ഷയുമായി. അവരുടെ അഭ്യർത്ഥന നിവർത്തിച്ചുകൊടുക്കുവാൻ ഞാൻ എപ്പോഴും തയ്യാറായിരുന്നു.

9

അമൂല്യമായ രത്നമന്വേഷിച്ച്

അപ്പോഴാണ് മല്പാനച്ചന്റെ ദൂതൻ ഒരു സന്ദേശവുമായി എന്നെ സമീപിച്ചത്. പള്ളിപ്പുറത്തുവന്നു താമസിക്കണം; സെമിനാരിക്കാര്യങ്ങളിൽ സഹായിക്കണം. തനിക്ക് പിടിപ്പതു ജോലിയുണ്ട്. തപസ്സുവേനം പണിയാൻ മെത്രനച്ചന്റെ അനുവാദം ലഭിച്ചിരുന്നുവെങ്കിലും തുടർനടപടികൾ മുന്നോട്ടുപോയിരുന്നില്ല. പിരിവു നടത്തണം; സ്ഥലമന്വേഷിക്കണം. ഇക്കാര്യങ്ങൾക്കും ഞാൻ മുന്നോട്ടിറങ്ങണം. സമയം കിട്ടുമ്പോഴൊക്കെ പള്ളിപ്പുറത്തിനടുത്തുള്ള പള്ളികളിൽ ചെന്ന് പ്രസംഗിക്കുകയും ധ്യാനിപ്പിക്കുകയുമൊക്കെ ചെയ്യാമല്ലോ.

പാലക്കൽ മല്പാനച്ചന്റെ നിർദ്ദേശം ഞാൻ ശിരസ്സാ വഹിച്ചു. പിരിവിന് മുഖ്യമായി പോയ്ക്കൊണ്ടിരുന്നത് പോരുക്കരയച്ചനായിരുന്നു. സ്ഥലം കണ്ടെത്താൻ ഞാനും കണിയാന്തറ യാക്കോബും, ചിലപ്പോൾ മല്പാനച്ചനും. കേരളത്തിൽ പലയിടങ്ങളിലും ചെന്നന്വേഷിച്ചെങ്കിലും എല്ലാം തികഞ്ഞതായ സ്ഥലം കണ്ടെത്താനായില്ല. ജനവാസം കുറഞ്ഞിരിക്കണം; ഉയർന്ന കുന്നോ മലയോ ആയിരിക്കണം, എന്നാൽ വള്ളവും വഞ്ചിയും വന്നടുക്കുവാൻ തക്ക സൗകര്യവും ഉണ്ടായിരിക്കണം; ശുദ്ധജലം സുലഭമായി ലഭിക്കണം. ആശ്രമസ്ഥാപനമെന്ന ആശയത്തെ ജനങ്ങൾ സസന്തോഷം സ്വാഗതം ചെയ്തു. സഹായഹസ്തവുമായി പലരും മുന്നോട്ടു വന്നു.

സ്ഥലമന്വേഷിച്ച് സ്ഥലമന്വേഷിച്ച് ഞങ്ങൾ വലഞ്ഞു. ആറ്റിനക്കരെ കടന്ന് പല മലകളും കുന്നുകളും കയറിയിറങ്ങി മടുത്തുവെന്നു പറയാം. കുടമാളൂർ പള്ളിക്കു കിഴക്ക് പുഴയരികിൽ ഒരു കുന്ന് കണ്ടെത്തിയപ്പോൾ ആശ്വാസമായി. പൂല്ലരിക്കുന്ന് എന്നായിരുന്നു പേര്. അവിടെയാകട്ടെ കൊവേന്തയെന്ന് തീരുമാനിച്ചു. മെത്രാനച്ചന്റെ സമ്മതം വാങ്ങി. സർക്കാരിന്റെ അനുവാദം വളരെ ബുദ്ധിമുട്ടി സമ്പാദിച്ചു. അപ്പോഴാണ് അറിഞ്ഞത്, പൂല്ലരിക്കുന്നും പുറം കുമാരനെല്ലൂർ ഭഗവതിയുടെ സങ്കേതമായതിനാൽ ഊരാണ്മക്കാർ എതിരാണെന്ന്. "വഴക്കുള്ള സ്ഥലം വേണ്ട" - ഞങ്ങൾ തീർത്തു പറഞ്ഞു. വിട്ടുകൊടുക്കേണ്ടതില്ലെന്നു കത്തോലിക്കാവിശ്വാസികൾ. വളരെ ബുദ്ധിമുട്ടിയാണ് അവരെ സമാധാനിപ്പിക്കാനായത്.

വീണ്ടും അന്വേഷണം തന്നെ. ജീവിതം നിത്യതയുടെ തീരത്തേക്കുള്ള സഞ്ചാരമാണല്ലോ. വിശിഷ്ട രത്നങ്ങൾ തേടി നടക്കുന്ന വ്യാപാരിയോടത്രേ മിശിഹാതമ്പുരാൻ സ്വർഗ്ഗരാജ്യത്തെ ഉപമിച്ചിരിക്കുക (മത്താ.13:45-46). പ്രത്യാശ കൈവിടാതെയുള്ള ഞങ്ങളുടെ ഭഗീരഥയത്നത്തിൽ സന്തുഷ്ടനായിത്തീർന്ന കർത്താവ് ഒരമൂല്യരത്നം കാട്ടിതന്നു, മാന്നാനം കുന്ന്. സന്ന്യാസ ഭവനത്തെക്കുറിച്ചുള്ള ഞങ്ങളുടെ സങ്കല്പങ്ങളെല്ലാം സാക്ഷാത്കരിക്കുന്ന സ്ഥലം. സസന്തോഷം അച്ചന്മാരെല്ലാം മുട്ടുകുത്തി തമ്പുരാനെ സ്തുതിച്ചു. അപ്പോഴിതാ മാന്നാനം കുന്നിന്റെ ഉടമസ്ഥൻ വരുന്നു, സ്ഥലം കൊവേന്തക്ക് സൗജന്യമായി നൽകാമെന്നറിയിച്ചുകൊണ്ട്. കുന്നിനു ഞങ്ങൾ സുറിയാനിയിൽ ഒരു പേരു നൽകി, ബേസ് റൗമ്മാ (മുകളിലെ വീട്). ഉന്നതങ്ങൾ സ്വർഗ്ഗത്തിന്റെ പ്രതിരൂപമാണല്ലോ. ദൈവവുമായി സംസർഗ്ഗം പുലർത്താനുതകുന്ന ഹോറെബ് ഗുഹ (1 രാജാ.19:8-18). മനുഷ്യസമ്പർക്കത്തിൽ നിന്നകന്ന് ഏകാന്തതയിൽ ധ്യാനയോഗവും ആത്മനാഥനോടുള്ള സല്ലാപവുമായി സമയം ചിലവഴിക്കാൻ പ്രേരണ നൽകുന്ന താബോർ മല. ദൈവൈക്യം കൂടാതെ അവിടുത്തെ പ്രതിച്ഛായകളായ മാനവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കാനാവില്ലെന്ന സത്യം ഞങ്ങൾക്കറിയാമായിരുന്നു. എല്ലാം ശുഭമാക്കി തീർക്കണമേ എന്ന അപേക്ഷയോടുകൂടി കുർബ്ബാനകൾ അർപ്പിച്ചു. അതിനുശേഷം മാത്രമാണ് സർക്കാർ അനുവാദങ്ങൾക്കായുള്ള നടപടികളാരംഭിച്ചത്. പോരൂക്കരയച്ചൻ ഏറ്റവുമാനൂർ തഹസിൽദാരെ ചെന്നുകണ്ടു. ദൈവസഹായത്താൽ അദ്ദേഹം അനുവാദപത്രം നൽകി. ഞങ്ങൾ പള്ളിപ്പുറം സെമിനാരിയിൽ ചെന്ന് കൃതജ്ഞതാർത്ഥം ഒരു പാട്ടുകുർബ്ബാന ചൊല്ലുകയും ചെയ്തു.

10

ദൈവസാക്ഷാത്ക്കാരം = ആത്മസാക്ഷാത്ക്കാരം

ഏകാന്തധ്യാനത്തിലേർപ്പെട്ടിരുന്ന ഞാൻ ദൈവകാരുണ്യ ചെയ്തികളെക്കുറിച്ചുള്ള അനുസ്മരണ ലോകത്ത് വ്യാപരിച്ചു കൊണ്ടിരിക്കുമ്പോൾ ആരോ വാതിൽക്കൽ മുട്ടുന്നു. അനുവാദം നൽകിയപ്പോൾ നിക്ലാവോസ് സഹോദരൻ!

"മഠത്തിലെ മദർ ഒരാളെ ഈ കത്തുമായി വിട്ടിരിക്കുന്നു. ഉടനടി മറുപടി വേണമത്രെ."

ഞാൻ കത്തു തുറന്നു നോക്കി.

"ദൈവൈകൃത്തിൽ കഴിയുന്ന പ്രിയോരച്ചാ, ഏതാനും ആത്മീയ ചിന്തകൾ കുറിച്ച് കൊടുത്തയക്കുവാൻ കനിയണമേ."

കുറച്ചുനേരം കർത്താവിനോടു പ്രാർത്ഥിച്ചപ്പോൾ ഇപ്രകാരം എഴുതുവാൻ ആത്മപ്രചോദനമുണ്ടായി.

"ആ! ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ!

എപ്പോഴും തന്റെ കൺമുമ്പിലിരിപ്പിൻ!

തന്റെ അരികെ നടപ്പിൻ!

തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ!"

കുറിപ്പു മടക്കി ബ്രദറിനെ ഏല്പിച്ചു. സഹോദരൻ കൈമുത്തി സ്ഥലം വിട്ടു.

എന്റെ ഹൃദയത്തിന്റെ ഭാഷ്യമാണ് ഈ കാച്ചിക്കുറുക്കിയുള്ള വാക്കുകളിൽ കാണാനാവുക. കർമ്മലീത്താ സന്ന്യസ്തരുടെ ആദ്ധ്യാത്മികജീവിതം ഈ നാലു അടിസ്ഥാനശിലകളിലാകണം കെട്ടിപ്പടുക്കേണ്ടത്. അല്ലെങ്കിൽ മണലിൽ പണിത കൊട്ടാരം പോലെ തകർന്നുവീഴും. അപ്രകാരം സംഭവിക്കാൻ സാധ്യത കാണുന്നു മുണ്ട്. മാറത്തടിച്ചുകൊണ്ട് ഞാൻ താണുവീണപേക്ഷിച്ചു.

"കർത്താവേ കനിയണമേ, കരുണ തോന്നണമേ, ദയ കാണിക്കണമേ

ബേസ്റൗമ്മാ വാസികൾ ഈ നാല് ആദർശങ്ങൾ അഭ്യസിക്കുന്നതിൽനിന്ന് പുറകോട്ടു മാറാൻ ഇടയാക്കരുതേ.

മിശിഹാ തമ്പുരാനേ, അങ്ങയുടെ അമ്മയുടെയും വളർത്തുപിതാവിന്റെയും യോഗ്യതകളോർത്ത് നന്ദിഹീനരും അവിശ്വസ്തരുമായ ഈ അടിയാന്മാരോട് പൊറുക്കണമേ.

അങ്ങയുടെ മണവാട്ടിയായ ആവിലായിലെ വി.ത്രേസ്യായുടെ ഞങ്ങൾക്കുവേണ്ടിയുള്ള അർത്ഥനകൾ ശ്രവിക്കണമേ.

അതുപോലെ എന്റെ പ്രത്യേകമദ്ധ്യസ്ഥകളും, ഞാൻ പലപ്പോഴും സന്ധിച്ചുവരുന്നവരുമായ ഈജിപ്തിലെ മറിയം, കൊർത്തോനയിലെ മറിയം, മഗ്ദലേനാ മറിയം എന്നീ അനുതാപിനികളായ അമ്മമാരുടേയും അപേക്ഷ തിരസ്കരിക്കരുതേ."

ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കുന്നതിനും, എപ്പോഴും തന്റെ കൺമുമ്പിലിരിക്കുന്നതിനും, തന്റെ അരികിൽ നടക്കുന്നതിനും, തന്നോടുകൂടെ എപ്പോഴും സംസാരിക്കുന്നതിനും കർത്താവെനിക്കു കൃപ നൽകി. സ്വർഗ്ഗത്തിൽ അരങ്ങേറുന്ന ഈ നാലു പ്രതിഭാസങ്ങൾ "ചെറിയ മോക്ഷമായ കൊവേന്തയിൽ വെച്ചു തന്നെ രസിക്കു"വാൻ ഭാഗ്യം കൈവന്നു. പുത്രൻ പിതാവിൽ വസിക്കുന്നവനാണല്ലോ. അതുപോലെ താതനും തനയനും ദിവ്യാത്മാവിൽ മനുഷ്യമക്കളോടൊത്ത് അധിവസിക്കുവാൻ ആഗ്രഹിക്കുന്നു. ആ വരം ലഭിച്ചവർക്ക് ജീവിതം ആഘോഷമായിത്തീരും.

"എത്രയും ചിത്രമാം നിൻ മുഖപത്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം"

മാത്രമല്ല ബഥനിയായിലെ മറിയത്തെപ്പോലെ (ലൂക്കാ.10:39) ആത്മീയമായി ഗുരുവരന്റെ കൺമുമ്പിലിരുന്ന് അവിടുന്ന് ഉരുവിടുന്ന ഓരോ വാക്കും ഒപ്പിയെടുക്കുവാൻ സദാ കാതുകൂർപ്പിച്ചിരുന്നവനാണ് അടിയൻ. എന്റെ ചലനങ്ങൾ എപ്പോഴും ഈശോയോടൊത്തുള്ള ഗമനമാക്കുവാൻ ഞാൻ ഭഗീരഥയത്നം ചെയ്തു. അവിടുത്തോടുകൂടി എപ്പോഴും സല്ലപിക്കുവാനും നിതാന്തം പരിശ്രമിച്ചു.

11

കർത്താവ് വീടുപണിയുന്നില്ലെങ്കിൽ

ദർശനവീടു പണിയുന്ന കഥയിലേക്കു മടങ്ങട്ടെ. വലിയ ആഴ്ച്ചയിലെ ബുധനാഴ്ച്ചയായിരുന്നു ജോലി ആരംഭിച്ചത്. ഞങ്ങൾ ബേസ് റൗമായിൽ കയറി പുലയരെക്കൊണ്ട് കാടു വെട്ടിച്ചു തുടങ്ങി. ഉയിർപ്പു തിങ്കളാഴ്ച്ച ജോലി പുനരാരംഭിച്ചു. ആ ദിവസങ്ങളിലെ വൃത്താന്തങ്ങൾ നാളാഗമങ്ങളിൽ ഞാൻ കുറിച്ചുവച്ചിരുന്നു. പ്രസക്ത ഭാഗങ്ങൾ മാത്രം പകർത്തട്ടെ. "ഒശനാരുമേത്തരും ഒരു ദിവസം പുലയാളുകളെ അയപ്പിച്ച് അയാളുടെ പേർക്ക് വെട്ടിക്കയും, പിന്നെയും പലരും, കൊച്ചുപ്പുര, പീടികയ്ക്കൽ, പോവെനി, തറേൻ, മലയൻ ഇങ്ങനെയുള്ളവരും ആയതുകൊണ്ട് പോരാത്തതൊക്കെയും പാറായിത്തരകനും അനുജനും, ഇവരു വന്നിരുന്ന് വെട്ടിക്കുകയും..." ദൈവം എനിക്കു നൽകിയ ഒരു മഹാദാനമായിരുന്നു എന്തെന്തു സഹായം ചെയ്തവരുടേയും പേരുകളോർമിച്ച് അവർക്കു വേണ്ടി നന്ദി പറയുകയും, തിരുസന്നിധിയിൽ അവരെ സമർപ്പിക്കുകയും ചെയ്യൽ. മനുഷ്യരോട് നന്ദിയുണ്ടായാൽ മാത്രമേ ദൈവത്തോടുള്ള നന്ദിയാൽ ഹൃദയം തുടിക്കുകയുള്ളൂ. "കർത്താവേ സഭാംഗങ്ങളെ കൃതജ്ഞതയുടെ കേദാരങ്ങളാക്കണമേ!" ഞാൻ മാന്നാനത്തും പള്ളിപ്പുറത്തുമായി ദിവസങ്ങൾ ചിലവഴിച്ചു. കാര്യങ്ങൾ എങ്ങനെ നടക്കുന്നുവെന്നറിയാൻ ദാഹിച്ചുമോഹിച്ചിരുന്ന മല്പാനച്ചൻ എന്നെ ഇടക്കിടക്ക് സ്ഥലത്തേക്കയക്കും. ആ ദിവസങ്ങളിൽ അതിരമ്പുഴചെന്ന് പോരുക്കരയച്ചനോടുകൂടി കുർബ്ബാന

ചൊല്ലും. മലയിൽ കയറി പണിക്കാരെ പ്രോത്സാഹിപ്പിക്കുകയും എന്നാൽ കഴിയുന്ന ജോലിയിലേർപ്പെടുകയും ചെയ്യുമായിരുന്നു. വെട്ടുകയും ചുടുകയുമൊക്കെ തകൃതിയിൽത്തന്നെ. ഒരു കിണർ ഉണ്ടായിരുന്നെങ്കിൽ! - പ്രാർത്ഥന തുടങ്ങി. അത്ഭുതമേ, പൊട്ടക്കിണർ പോലെ ഒന്നു കണ്ടെത്തി. ദൈവത്തോടുള്ള നന്ദിയാൽ നയനങ്ങൾ നിറഞ്ഞൊഴുകിയെന്നു പറയാം.

ദിവസവും അതിരമ്പുഴചെന്ന് കുർബ്ബാന ചൊല്ലിപ്പോന്നു. എന്നും മലകയറിയിറങ്ങുക എളുപ്പമായിരുന്നില്ല. മുകളിൽ തന്നെ ഒരു കുരിശുപുര കെട്ടി കുർബ്ബാന ചൊല്ലുവാൻ പറ്റിയിരുന്നെങ്കിൽ! അനുവാദത്തിനായി മെത്രാനച്ചനെ സമീപിച്ചു.

"കല്ലുകൊണ്ട് ഒരു കുരിശുപുര പണിയൂ. അപ്പോൾ അതേറെനാൾ ഉപയോഗിക്കാമല്ലോ."

ആ മെച്ചമായ നിർദ്ദേശം പ്രാവർത്തികമാക്കാൻ ശ്രമമാരംഭിച്ചു. മാർ ഗീവർഗ്ഗീസ് രക്തസാക്ഷിയുടെ തിരുനാളിന്റെ തലേദിവസമായ ഏപ്രിൽ 23-ാം തിയതി ഞങ്ങൾ മരകുറ്റികളുടെ ചുവടുകളിൽ മുട്ടുകുത്തി വേസ്പര ചൊല്ലി. ചിറ്റേഴത്ത് ഈച്ചരച്ചാർ എന്ന നല്ല മനുഷ്യന്റെ കളപ്പുരയിലാണ് അന്തിയുറങ്ങിയത്. രാത്രി ഭക്ഷണവും അയാളുടെ വകയായിരുന്നു. പുണ്യവാന്റെ തിരുനാളിൽ അതിരമ്പുഴചെന്ന് തപസ്സുകുർബ്ബാന ചൊല്ലിയശേഷം തിരിച്ചെത്തി. മലമുകളിൽ ഒരു മരക്കുരിശു നാട്ടി. ഏപ്രിൽ 28-ാം തിയ്യതിയാണ് പോരുക്കരയച്ചൻ കുരിശിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തിയത്. അടുത്തുള്ള ചില വികാരിയച്ചന്മാരും ജനങ്ങളും വന്നുചേർന്നിരുന്നു. സകലവിശുദ്ധരുടെ ലുത്തിനിയാ ആഘോഷപൂർവ്വം ചൊല്ലി. അവരുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചു.

ആ ലുത്തിനിയായുടെ പ്രത്യേകത വിശദീകരിക്കട്ടെ.

"കർത്താവേ അനുഗ്രഹിക്കണമേ" എന്നാരംഭിച്ച് ത്രിത്വക്കുടുംബത്തിലെ ഓരോ വ്യക്തികളെയും അഭിസംബോധന ചെയ്യുന്നു. അമലോത്ഭവ കന്യകാമറിയത്തിന്റെ മക്കളാകുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഞങ്ങൾ അമ്മയുടെ മൂന്ന് അപദാനങ്ങൾ പ്രകീർത്തിക്കുന്നു. തുടർന്ന് മുഖ്യദൂതന്മാരുടേയും നവവൃന്ദം മാലാഖമാരുടേയും മാദ്ധ്യസ്ഥം തേടുന്നു. പഴയനിയമത്തിലെ പൂർവ്വപിതാക്കന്മാരെയും പ്രവാചകന്മാരെയും വിളിച്ചപേക്ഷിക്കുന്നു. അനന്തരം ശ്ലീഹന്മാരോരുത്തരുടേയും പേരെടുത്തു പറഞ്ഞ് പ്രാർത്ഥിക്കുന്നു. സുവിശേഷകന്മാരെയും കർത്താവിന്റെ ശിഷ്യന്മാരെയുമാണ്

തുടർന്ന് അഭിസംബോധന ചെയ്യുക. അടുത്തതായി രക്തസാക്ഷികളുടെ ലോകത്തിലേക്ക് കടക്കുന്നു. കുഞ്ഞിപ്പൈതങ്ങളെയാണ് ആദ്യം ഓർത്തപേക്ഷിക്കുക. അതിനുശേഷം മെത്രാന്മാരും വന്ദകരും വേദശാസ്ത്രികളും ഗുരുക്കന്മാരും ആചാര്യന്മാരും സന്ന്യാസികളും തപോധനൻമാരുമായ വിശുദ്ധരുടെ നാമം പ്രഘോഷിക്കുന്നു. കന്യകകളും വിധവകളുമായ സകല പുണ്യവതികളുടെയും പ്രാർത്ഥന യാചിക്കുന്നു. അവസാനത്തിൽ കർത്താവിന്റെ ദാസരായിരിക്കുന്ന സ്ത്രീപുരുഷന്മാരായ സകല വിശുദ്ധരുടെയും സങ്കേതം തേടുന്നു.

തുടർന്നുള്ളത് ശാരീരികവും മാനസികവും ഭൗമികവും പൈശാചികവുമായ സകല തിന്മകളിലും നിന്ന് മോചനം ലഭിക്കാനുള്ള നിലവിളിയാണ്. ഈശോയുടെ മനുഷ്യാവതാരം മുതൽ ആരോഹണം വരെയുള്ള രഹസ്യങ്ങളെയും, പരിശുദ്ധാത്മാവിന്റെ ആഗമനത്തെയും പ്രതി കരുണയും ഉത്തമമനസ്താപവും യാചിക്കുന്നു. സഭയിലേയും രാജ്യത്തിലേയും മേലധികാരികൾക്കും സന്ന്യാസിനീ സന്ന്യാസികൾക്കും സകല ക്രൈസ്തവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ഇപ്രകാരം സ്വർഗ്ഗീയസഭ, സമരസഭ, ഭൂമി, പ്രകൃതി മുതലായവയെയെല്ലാം കോർത്തിണക്കുന്ന കൂട്ടായ്മയായിത്തീരണം ബേസ്റൗമ്മാ നിവാസികൾ. ദൈവത്തിന്റെ സൃഷ്ടികളെയെല്ലാം പ്രാർത്ഥനാപൂർവ്വം ആശ്ലേഷിക്കുന്ന പ്രക്രിയക്ക് അന്നുമുതൽ തന്നെ ഞങ്ങൾ തുടക്കം കുറിച്ചു. എല്ലാ ദിവസവും ജോലിയുടെ അവസാനത്തിൽ വേലക്കാരെയെല്ലാം കൂട്ടി സകല പുണ്യവാന്മാരുടെ ലുത്തിനിയാ ചൊല്ലുക പതിവാക്കി. ഏപ്രിൽ 28-ാം തിയ്യതി ലുത്തിനിയാ ചൊല്ലിത്തീർന്നപ്പോൾ അവിടെ കൂടിയിരുന്നവരിൽ ഒരു ബാലനെ പാമ്പു കടിച്ചു. വിഷവൈദ്യന്മാരെ സമീപിക്കുവാൻ എളുപ്പമല്ലായിരുന്നു. താഴെ കൊണ്ടുചെന്ന് പോരുക്കരയച്ചൻ കടിയേറ്റ സ്ഥലത്ത് ഹന്നാൻവെള്ളം തളിച്ചുപ്രാർത്ഥിച്ചു. നേരം വെളുത്തപ്പോൾ കുട്ടിയതാ ഉഷാർ.

നാട്ടിയ കുരിശിനടുത്തായി കപ്പേളയുടെ പണി ആരംഭിച്ചു. 1831 മെയ് 11-ാം തിയ്യതി ആശ്രമത്തിന്റെ ശിലാസ്ഥാപനകർമ്മം നടന്നു. കപ്പേളപ്പണി പൂർത്തിയാക്കി പന്തക്കുസ്താ തിരുന്നാളിൽ അവിടെ ആദ്യമായി ദിവ്യപൂജയർപ്പിച്ചു. അനാരോഗ്യം മൂലം മെത്രാനച്ചന് വെഞ്ചിരിപ്പുകർമ്മം നടത്തുവാൻ സാധിച്ചില്ല, അദ്ദേഹം സ്ഥലത്ത് സന്നിഹിതനായിരുന്നുവെങ്കിലും.

"ആരത് നടത്തണം?"- മല്പാനച്ചനും പോരുക്കരയച്ചനും തമ്മിൽ തർക്കമായി അവസാനം പോരുക്കരയച്ചൻ സമ്മതിച്ചു.

"ഏത് വിശുദ്ധന്റെ നാമത്തിലാകണം തപസ്സുഭവനം?"
"സ്നാപകയോഹന്നാന്റെ നാമത്തിൽ" - മെത്രാനച്ചൻ
"വി.ദൊമിനിക്കോസിന്റെ പേരുവേണം" - മല്പാനച്ചൻ
"മാർ യൗസേപ്പിതാവിന്റെ പേരിൽ അടിസ്ഥാനകല്ലിടണം"
- പോരുക്കരയച്ചൻ

ഏറെ നേരത്തെ ആലോചനക്കുശേഷം മാർ യൗസേപ്പിന്റെ മഹാഭക്തനായിരുന്ന പോരുക്കരയച്ചന്റെ ഇംഗിതത്തിന് മറ്റ് രണ്ടുപേരും വഴങ്ങി. നോക്കണേ. ദൈവപരിപാലന എല്ലാം ക്രമീകരിക്കുന്നത്! തിരുക്കുടുംബത്തിന്റെ വളർത്തുതാതനാകണം സഭയെ നോക്കി നടത്തുകയും പരിപാലിക്കുകയും ആവശ്യങ്ങളൊക്കെ സാധിച്ചുതരികയും ചെയ്യേണ്ടവൻ. തിരുക്കർമ്മങ്ങളിൽ അമ്പതിൽപരം ഇടവക വൈദികർ സംബന്ധിച്ചിരുന്നു. ഓരോരുത്തരും ഓരോ രൂപ നേർച്ചയായി നൽകി. എടത്വാ പള്ളിയിൽനിന്ന് ആയിരം ചക്രവും.

കുരിശില്ലാതെ കിരീടമില്ലല്ലോ. സഹനത്തിന്റെ വിനാഴികയിലൂടെ കടന്നുപോയവർക്കു മാത്രമേ മഹത്ത്വത്തിന്റെ മണിക്കുറിൽ പങ്കുക്കൊള്ളുവാൻ ഭാഗ്യം ലഭിക്കുകയുള്ളു. ഞങ്ങളുടെ കാര്യത്തിലും ഇത് സത്യമായിത്തീർന്നു. പെട്ടന്നാണ് മാർ സ്തബിലീനി മെത്രാനുപകരം ഫ്രാൻസിസ് സേവ്യർ മിഷിനറി നിയമിതനായത്. മാറിപ്പോയ മെത്രാൻ ഞങ്ങളുടെ സുഹൃത്തും സഹായിയുമായിരുന്നെങ്കിൽ, പുതിയ അധികാരി പരീക്ഷകനും അല്പം എതിർപ്പുള്ളവനുമായിരുന്നു. അദ്ദേഹം ചാർജ്ജെടുത്ത ഉടനെ ഞങ്ങൾ സ്ഥലത്തെത്തി ഉപചാരങ്ങളർപ്പിച്ചു. അതിനകം ഏതാനും പേർ ഇല്ലാകഥകൾ മെത്രാനെ ധരിപ്പിച്ചിരുന്നു. ഞങ്ങളെ കണ്ടപ്പോൾ യാതൊരു പ്രസാദവുമില്ല.

"കൊവേന്തക്ക് ആരനുവാദം തന്നു? എഴുത്താലെയുള്ള കല്പനയുണ്ടോ?"- മുഖത്തടിച്ചപ്പോലെയുള്ള ചോദ്യം.

രേഖകളെല്ലാം ഞങ്ങൾ കൊണ്ടുപോയിരുന്നു. കയ്യിൽ കൊടുത്തപ്പോൾ മറുപടി ഉണ്ടായില്ല. എന്നെ തെക്കൻ പള്ളിപ്പുറത്തെ ഇടവക വികാരിയായി നിശ്ചയിക്കുകയാണ് ചെയ്തത്.

വലിയ വിഷാദവും വിമ്മിഷ്ടവും അനുഭവപ്പെട്ടുവെന്ന് പറയേണ്ടതില്ലല്ലോ. മാന്നാനത്ത് പാർത്ത് ജോലികൾക്ക് മേൽനോട്ടം വഹിക്കാൻ ഇനി ആരാണുള്ളത്? മല്പാനച്ചൻ പള്ളിപ്പുറത്ത്; പോരുക്കരയച്ചൻ ധർമ്മം പിരിക്കാനായി കറങ്ങുന്നു. കൂടിയാലോചിച്ചു. കാര്യങ്ങൾ അറിയാതെയാകാം ഈ നിയമനം. ചെന്നുകണ്ട് സങ്കട മുണർത്തിച്ചാലോ? സമ്മതിച്ചില്ലെങ്കിൽ എല്ലാം ദൈവതിരുമനസ്സിന് വിട്ടുകൊടുത്തുകൊണ്ട് വികാരിത്തമേറ്റെടുക്കുകത്തന്നെ.

നെഞ്ചിടിപ്പോടു കൂടിയാണ് ഞാൻ മെത്രാനച്ചനെ സമീപിച്ചത്.

"പിതാവേ, എന്നെ ഇടവകവികാരിയായി നിയമിച്ചാൽ ആശ്രമ പണിക്ക് വീഴ്ച്ച വരും." - ഒരു വിധത്തിൽ ഞാൻ പറഞ്ഞൊപ്പിച്ചു.

"കല്പന കേൾക്കണം" - പ്രത്യുത്തരം

ഞാൻ ഒരു ശ്രമം കൂടി നടത്തിനോക്കി.

"തന്റെ തന്നിഷ്ടം പോലെ ബോധിച്ചിടത്ത് നടക്കണമെന്നോ? മേല്പ്പട്ടക്കാരന്റെ ചൊൽവിളി പഠിച്ചില്ലയോ?"

വിറയലോടെ കൈമുത്തി സ്ഥലം വിട്ടു ഞാൻ; വികാരിത്തം ഏറ്റെടുക്കുകയും ചെയ്തു.

അപ്പോഴതാ മറ്റൊരു കല്പന, പോരൂക്കരയച്ചൻ കൊല്ലം രൂപതയിലെ കായംകുളം, പിള്ളത്തോപ്പ് എന്നീ പള്ളികളിൽ വികാരിയായി പോകണം. മല്പാനച്ചനുമായി വീണ്ടും പ്രശ്നം ചർച്ച ചെയ്തു. പിരിവിനു പോകാൻ ആളില്ലെങ്കിൽ കൂലി കൊടുക്കാൻ പണമില്ലാതാകും. കാര്യങ്ങൾ നോക്കിനടത്താനും അച്ചന്മാരുണ്ടാകില്ല. "തമ്പുരാനേ, അങ്ങുതന്നെ തുണ! ഭൂമിക്കടുത്ത ശരണമൊക്കെയും കെട്ടിരിക്കുന്നു." ദു:ഖവെള്ളികൾ പലതും കടന്നുപോയി.

അപ്പോൾ ഞാനൊരതിക്രമം പ്രവർത്തിച്ചു. ഒരു വർക്കി കത്തനാരച്ചൻ എന്നെ സഹായിക്കാൻ തയ്യാറായി വന്നു. അദ്ദേഹത്തിന് പ്രത്യേകമായ ഇടവക നൽകിയിട്ടില്ലായിരുന്നു. പള്ളിക്കാര്യം ഈ യുവവൈദികനെ ഏല്പ്പിച്ചുകൊണ്ട് ഇടക്കിടക്ക് ഞാൻ മാന്നാനത്ത് പോവുക പതിവായി. അതാ ഒരനിഷ്ടസംഭവം! ഞാൻ സ്ഥലത്തില്ലാതിരുന്ന അവസരം. മൂന്നുനോമ്പിനു നേർച്ച വിളമ്പിക്കൊണ്ടിരുന്നപ്പോൾ ശല്യം ചെയ്ത ഒരു പഴയ തറവാട്ടുകാരന്റെ മകനെ വർക്കി കത്തനാരച്ചന് വടികൊണ്ടടിക്കേണ്ടി വന്നു. വീട്ടുക്കാർക്കെല്ലാം മാനക്കേടായിതോന്നി അക്കാര്യം. അവർ മെത്രാനച്ചനോട് പരാതിപ്പെട്ടു. ഞങ്ങളുടെ വികാരിയച്ചൻ മാന്നാനത്തുപോയി പാർത്തുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. ഉടനെ എനിക്കൊരു കല്പന.

"ഹർജിക്കാരന്റെ സങ്കടം തീർത്തു കൊടുക്കുക. ഇനിമേലാൽ എഴുത്താലുള്ള അനുവാദം കൂടാതെ ഇടവകപ്പള്ളിയിൽനിന്ന് എട്ടു ദിവസത്തിലധികം മറ്റൊരിടത്തും പോയ്ക്കൂടാ"

"കർത്താവേ, കദനത്തിന്റെ കാസാ ഞാൻ മട്ടോളം കുടിച്ചുത്തീർത്തു കഴിഞ്ഞല്ലോ. കടാക്ഷിക്കണേ! കാരുണ്യം ചൊരിയണമേ! അങ്ങയുടെ വളർത്തുതാതന്റെ മഹത്വത്തിനായിട്ടാണ് ഞങ്ങൾ ദർശനവീടുണ്ടാക്കുന്നതെന്ന് മറന്നുപോകരുതേ."

പള്ളിയിൽപ്പോയി ഏറെ നേരം മുട്ടുകുത്തി ഈ പ്രാർത്ഥന ഉരുവിട്ടുകൊണ്ടിരുന്നു. കണ്ണീർ ചാലുകളൊഴുകി. നേരം വെളുത്തതറിഞ്ഞില്ല. ആളുകൾ പള്ളിയിലെത്തിയപ്പോൾ കൈവിരിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വികാരിയച്ചനെയാണ് കണ്ടത്. എല്ലാവരിലും സഹതാപമുളവായി. ഹർജിക്കാരനും മനംമാറ്റം വന്നു. അയാൾ തന്റെ പരാതി പിൻവലിച്ചതായും എന്നെ പുകഴ്ത്തിപ്പറഞ്ഞതായും പിന്നീടറിഞ്ഞു.

കർത്താവിന്റെ വാതിൽക്കൽ വീണ്ടും വീണ്ടും ഞാൻ മുട്ടിക്കൊണ്ടിരുന്നു

"ദർശനവീടുപണി പൂർത്തിയാക്കാൻ മാർഗ്ഗമുളവാക്കണമേ."

വീണ്ടും വീണ്ടുമുള്ള പ്രാർത്ഥനക്കുശേഷം മല്പാനച്ചന്റെ സമ്മതത്തോടെ ഒരു ദിവസം ഞാൻ അരമനയിലെത്തി. കൈമുത്തിയപ്പോൾ തന്നെ ഭാവം പകർന്നിരിക്കണം. അത് ഈ ഭോഷന്റെ ശ്രദ്ധയിൽപ്പെട്ടില്ല.

"എന്തിനു വന്നു?"

"ഞാൻ മാന്നാനത്തു പാർത്തിരുന്നു. അവിടെനിന്നു മാറിയാൽ പണി മുടങ്ങിപ്പോകും. വികാരിത്തം ഒഴിപ്പിച്ചുതരണമേ."

മറുപടിയൊന്നും ഉണ്ടായില്ല.

വീണ്ടും"പൈതങ്ങളുടെ സിദ്ധാന്തം" പോലെ ഞാൻ ഉണർത്തിച്ചു.

വർക്കി കത്തനാരച്ചൻ വികാരിത്തം നടത്തുവാൻ കൊള്ളാവുന്ന പട്ടക്കാരനാണ്. മല്പാനച്ചന് അസുഖമായതിനാൽ പള്ളിപ്പുറത്തുണ്ടല്ലോ. തന്മൂലം വർക്കി കത്തനാരച്ചന് വേണ്ട ഗുണദോഷം നൽകിക്കൊള്ളും.

"താൻ പോകുക"- കല്പന

സംഭ്രമത്തോടെ പിന്തിരിയുമ്പോൾ ഒരാജ്ഞ.

"താൻ ചെന്ന് അയാളെ ഇങ്ങോട്ട് പറഞ്ഞയക്കുക."

എന്റെ തുടർന്നുള്ള സംസാരം വകതിരിവില്ലാത്തതായിരുന്നു.

"എനിക്കു ചെന്നാലുടൻ മാന്നാനത്തു പോകണം. അയാൾ കൂദാശയും മറ്റും അറിയുന്നവനാകുന്നു"

ഉടനെ കസേരയോടുകൂടി ഒരു തിരിയൽ. സ്വരവും ഉയർന്നു.

"താൻ ചെറുപ്പം. ഇങ്ങനെയോ മേല്പ്പട്ടക്കാരന്റെ മുമ്പിൽ ഉത്തരിക്കേണ്ടത്? തന്റെ മനസ്സുപോലെ നടക്കണമെന്നോ? ആ, ആ, ഇതിനോ പട്ടമേറ്റത്? ഇപ്പോൾ തന്നെ മുടക്കുവാനാവശ്യം. പോ, പോ."

ഭയപരവശനായിത്തീർന്ന ഞാൻ ഉടനടി സ്ഥലം വിട്ടു.

"ദൈവമേ, എല്ലാം വിപരീതഫലം ഉളവാക്കുകയാണോ? അങ്ങയുടെ മഹത്ത്വത്തെ പ്രതിയാണല്ലോ ഞാൻ അവിവേകം കാണിക്കാൻ തുനിഞ്ഞത്. "

നമ്മുടെ ശക്തിയെക്കാളധികം കർത്താവു നമ്മെ പരീക്ഷിക്കുകയില്ലെന്നു പൗലോസ് ശ്ലീഹാ വഴി അവിടുന്ന് ഉറപ്പു നൽകിയിട്ടുണ്ടല്ലോ. പ്രതീക്ഷിക്കാതിരുന്ന സമയത്താണ് ഉയിർപ്പുഞായർ ഉദിച്ചുയർന്നത്. മെത്രാനച്ചൻ വർക്കി കത്തനാരച്ചന് വികാരിത്തം കൊടുത്തു; മാന്നാനത്തെ കാര്യങ്ങൾ നോക്കി നടത്താൻ എന്നെ അനുവദിക്കുകയും ചെയ്തു. പോരുക്കരയച്ചനേയും താമസംവിനാ വികാരി സ്ഥാനത്തുനിന്നും ഒഴിവാക്കി. ദൈവത്തിന്റെ പരിപാലനം നോക്കണേ! "മലപോലെ വന്ന കാര്യം പുപോലെയാക്കി"ത്തീർത്ത കർത്താവിന് ആയിരമായിരം വന്ദനം!

12

കൂടപ്പിറപ്പുകളുടെ കൂട്ടായ്മ

ആശ്രമപ്പണിക്കായി മാന്നാനം കുന്നിൽ താമസമുറപ്പിച്ച ഉടനെ തീർത്തും ഒരു സന്ന്യാസിയുടെ ജീവിതക്രമം ഞാൻ ആശ്ലേഷിച്ചു. മുഴുവനായിട്ട് കൊവേന്തക്കാരനെന്നപ്പോലെ മാംസ സംബന്ധക്കാരിൽനിന്ന് നീങ്ങി വരവും ചിലവും അവിടെത്തന്നെയെന്നും നിശ്ചയിച്ചു. പോരുക്കരയുടെ മറ്റൊരു നാമമാണല്ലോ താമാ (സുറിയാനിയിൽ), അഥവാ ദീദിമോസ് (ഗ്രീക്കിൽ). ഇരട്ടയെന്നാണ് ആ വാക്കിന്റെ അർത്ഥം. ഈശോയോടുകൂടെ പിറന്നവൻ. സഹോദരന്മാർ എന്ന സംജ്ഞയുമായി വ്യത്യാസമുണ്ടതിന്. ഒരേ ഉദരത്തിൽ നിന്നുള്ളവരാണ് സഹോദരർ. എന്നാൽ കൂടപ്പിറപ്പുകൾ ഒന്നിച്ചു ജനിച്ചവരെ സൂചിപ്പിക്കുന്നു, അല്പസമയവ്യത്യാസത്തോടുകൂടി. നാമെല്ലാവരും ദൈവത്തിൽനിന്നു ജനിച്ചവരാണ്. ഈശോ മുത്ത കൂടപ്പിറപ്പ്. ഇപ്രകാരം ദിവ്യതനയന്റെ കൂടപ്പിറകളുടെ കൂട്ടായ്മയായിത്തീരണം ബേസ്റൗമ്മാ വാസികൾ. ഈശോയുടേതായ ആശയാദർശങ്ങളും കാഴ്ച്ചപ്പാടുകളും, വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും, ജീവിതശൈലിയും കൈവരിച്ചവർ. ഒരാളെ മറ്റൊരാളിൽനിന്ന് തിരിച്ചറിയാനാകാത്ത വിധം അവിടുന്നുമായി സാരൂപ്യം പ്രാപിച്ചവർ. എനിക്കൊന്നുമില്ല, ഞാനൊന്നുമല്ല എന്ന സങ്കല്പത്തിന്റെ സജീവനിദർശനങ്ങൾ. അതോടൊപ്പം ഈശോയുടേതെല്ലാം എന്റേതാണെന്ന തീർച്ചയും മൂർച്ചയും സ്വായത്തമാക്കിയാൽ മാത്രമേ അവർ യഥാർത്ഥപ്രേഷിതരായിത്തീരൂ. അദൈവികവും

മനുഷ്യത്തരഹിതവുമായ എല്ലാത്തിൽ നിന്നും വേർതിരിക്കപ്പെട്ട് കർത്താവിനുവേണ്ടിമാത്രം ജീവിതം ഉഴിഞ്ഞുവയ്ക്കുമ്പോൾ മറ്റുള്ളവരേയും ദൈവത്തിന്റേതാക്കിത്തീർക്കാനുള്ള ഭഗീരഥയത്നത്തിൽ അവർ ഏർപ്പെടും. ഭാരതീയചിന്താനുസൃതം ബേസ്റൗമാ വാസികൾ നിവേദിതരും, അർപ്പിതരും, തദ്ദീയരും, തന്മയരും, നിയതരുമായിത്തീരാൻ വിളിക്കപ്പെട്ടവരാണ്.

പോരൂക്കരയച്ചന്റെ അധികമായ എരിവാൽ അന്ന് അനുഷ്ഠിച്ചുവന്ന ഭക്താഭ്യാസങ്ങൾ ഇപ്രകാരമായിരുന്നു:

മൂന്നു നേരമായിട്ട് 153 മണിജപം

വ്യാകുലം, യൗസേപ്പുണ്യവാനോടുള്ള ജപം, വെന്തിങ്ങാ തുടങ്ങിയ ജപങ്ങൾ

ഞായറാഴ്ച്ച ഉച്ചക്കു പാട്ടുപൂജ, പഠാർത്ഥകൊന്ത

വലിയനോമ്പിൽ ദീർഘമായ ഹൃദാ നമസ്ക്കാരം

വെള്ളിയാഴ്ച്ച മൂന്നുമണികഴിഞ്ഞാൽ മലയുടെ അടിവാരത്തു നിന്നു തുടങ്ങി 14 കുരിശും നാട്ടിയുള്ള വിയാസാക്രെ. ഓരോ പ്രാവശ്യവും എല്ലാവരും കല്ലുകൾക്കിടയിൽ മുട്ടുകുത്തും. ഗാഗുൽത്താകരേറിയെന്നു പറയുമ്പോൾ മലമുകളിൽ കയറുന്നു. വിയാസാക്രെയിൽ സംബന്ധിക്കുവാൻ അകലെ നിന്നുപോലും ആളുകൾ വന്നെത്തുമായിരുന്നു.

1834 ൽ ആശ്രമപണിയോടൊപ്പം പള്ളിപ്പണിയും ആരംഭിച്ചു. പള്ളിപ്പണിക്കും മറ്റും ഈടുള്ള തടിയന്വേഷിച്ച് ആരക്കുഴ, വാഴക്കുളം, മൈലാക്കൊമ്പ്, നാഗപ്പുഴ തുടങ്ങിയ പ്രദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞിരുന്നു ഞാൻ. വാതം, വസൂരി തുടങ്ങിയ രോഗങ്ങളും കൂട്ടുകാരായെത്തി. ഒരിക്കൽ പ്ലാശനാൽ അടുത്തുള്ള കിഴക്കൻ മലകളിലേക്കു തടിയന്വേഷിച്ചു പോയപ്പോൾ കർത്താവ് എന്നെ എപ്രകാരമാണ് കാത്തുസൂക്ഷിക്കുന്നതെന്ന് വ്യക്തമാക്കുന്ന ഒരു സംഭവമുണ്ടായി. ഒരു കരിങ്കോളി സർപ്പത്തിന്റെ ആസ്ഥാനമായിരുന്നു അവിടം. ഞാനത് മനസ്സിലാക്കിയിരുന്നില്ല. ഭൃത്യനോടൊപ്പം അച്ചൻ കാട്ടിലേക്കു പോയിട്ടുണ്ടെന്നറിഞ്ഞ ആളുകൾ തോക്കു മുതലായ ആയുധങ്ങളോടു കൂടി പുറകെയെത്തി. അതിനുമുമ്പുതന്നെ മാരകമായ വിഷം വമിക്കുന്ന സർപ്പം എന്നെ എതിരിട്ടു. പ്രാർത്ഥനമാത്രം ശരണം. ഞാൻ മുട്ടുകുത്തി കണ്ണടച്ച് സർവ്വശക്തനിൽ അഭയം ഗമിച്ചു. ആലിലപോലെ വിറച്ചുകൊണ്ട് സഹചരനും മുട്ടിന്മേൽ വീണുകിടന്നു. പിറകേ വന്നവർ വെടിവെച്ച് ആ ഭീകരജന്തുവിനെ നിഗ്രഹിക്കുന്നതുവരെ ഞാൻ ഉരുവിട്ടുകൊണ്ടിരുന്നു, "കർത്താവിൽ ഞാൻ ശരണപ്പെട്ടു, ഒരുനാളും ഞാൻ ലജ്ജിക്കുകയില്ല."

നാലാം ഭാഗം

സഭാശുശ്രൂഷി

13

മന്ത്രമൂലം ഗുരോർവാക്യം

ആശ്രമപണിയും മറ്റും നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ മാന്നാനത്ത് ഒരു സെമിനാരി തുടങ്ങുന്നതിനെക്കുറിച്ച് രണ്ടു ശെമ്മാശ്ശന്മാരോടുകൂടി സ്ഥലത്തെത്തിയ മല്പാനച്ചൻ പോരൂക്കരയച്ചനുമായി ചർച്ച നടത്തി. കൂർബ്ബാനയും ആരാധനാക്രമങ്ങളും ആഘോഷമായി നടക്കണമെങ്കിൽ ശെമ്മാശ്ശന്മാരുടെ സാന്നിധ്യം അത്യാവശ്യമാണെന്ന് അദ്ദേഹം വാദിച്ചു. ആരംഭത്തിൽ പോരൂക്കരയച്ചന് അക്കാര്യം സമ്മതമായിരുന്നില്ല. സെമിനാരിയിൽ ചേരുവാൻ വരുന്നവർക്ക് നല്ല പരിശീലനം നൽകുക എളുപ്പമല്ല. പല സ്ഥാപനങ്ങളും കാലക്രമത്തിൽ നിന്നു പോയതായാണ് ചരിത്രം. രണ്ടഭിപ്രായങ്ങളും ഭോഷനായ എനിക്ക് നല്ലതായി തോന്നി. അവസാനം മല്പാനച്ചന്റെ ഇംഗിതത്തിന് പോരൂക്കരയച്ചൻ സമ്മതം മൂളി. രണ്ടു വിദ്യാർത്ഥികളോടുകൂടി സമാരംഭിച്ച മാന്നാനം സെമിനാരി കാലക്രമേണ കേരളസഭയുടെ പൊതുസെമിനാരിയായി രൂപാന്തരപ്പെട്ടു. ശെമ്മാശ്ശന്മാരിൽ ചിലർക്ക് സന്ന്യാസജീവിതം ആശ്ലേഷിക്കുവാൻ ആഗ്രഹം. പോരൂക്കരയച്ചന്റെ നിർദ്ദേശപ്രകാരം അക്കൂട്ടർ ഞങ്ങളോടൊപ്പം മുകൾത്തട്ടിൽ പാർത്തു. ഇടവകപ്പട്ടക്കാരാകാൻ ആഗ്രഹിക്കുന്നവരോ താഴേയും.

താഴെ പാർപ്പിച്ചിരുന്നവരിൽ അതിസമർത്ഥനായ ഒരു യുവാവുണ്ടായിരുന്നു, കുടക്കച്ചിറ അന്തോണി ശെമ്മാശ്ശൻ. എന്തിനും കൊള്ളുന്നവൻ, നോമ്പിനെങ്കിൽ നോമ്പിന്, നമസ്ക്കാരമെങ്കിൽ

നമസ്ക്കാരത്തിന്, ചിത്രം വരയ്ക്കണമെങ്കിൽ അതിന്, എഴുതണമെങ്കിൽ എഴുത്തിന്. പാട്ടിനും കൊട്ടിനും തയ്യാർ; അതുപോലെ വഴക്കെങ്കിൽ വഴക്കിനും, വിസ്താരമെങ്കിൽ വിസ്താരത്തിനും സന്നദ്ധൻ. താഴെ താമസിക്കുന്നത് അയാൾക്ക് മാനക്കേടായി തോന്നി. പോരൂക്കരയച്ചനും ഞാനും സ്ഥലത്തില്ലാതിരുന്നപ്പോൾ കൂടക്കച്ചിറ മറ്റുള്ളവരെ സംഘടിപ്പിച്ച് ഒരു നിവേദനം പള്ളിപ്പുറത്തെത്തിച്ചു. മല്പാനച്ചന് അവരോട് അനുഭാവമായിരുന്നു. എങ്കിലും പോരൂക്കരയച്ചന്റെ അഭിപ്രായം ആരായട്ടെയെന്ന് വിധികല്പിച്ചു. കൂടക്കച്ചിറയുടെ സ്വഭാവം നന്നായി അറിയാമായിരുന്ന പോരൂക്കരയച്ചന് അയാളെ മുകളിൽ പാർപ്പിക്കുവാൻ താല്പര്യമുണ്ടായിരുന്നില്ല. തന്നെ കൊവേന്തക്കാരനായി ചേർക്കണമെന്ന് ആ ശെമ്മാശ്ശൻ എഴുത്തായലേ അപേക്ഷിച്ചെങ്കിലും അദ്ദേഹം മൗനവലംബിച്ചു. ബുദ്ധിമാനായ അയാൾക്ക് കാര്യം മനസ്സിലായി. ഒരു പ്രസ്താവന നടത്തിയശേഷമാണ് മാന്നാനത്തോട് സലാം പറഞ്ഞ് പോയത്: "എന്നെ കൈക്കൊണ്ടില്ലല്ലോ. നോക്കികൊൾവിൻ. ഞാൻ മടലൊടിച്ച് കെട്ടിയിട്ടെങ്കിലും ഒരു കൊവേന്തയുണ്ടാക്കി അവിടെ പാർക്കും."

കർത്താവിന്റെ പ്രതിപുരുഷന്മാരാകാനുള്ളവർക്ക് ജന്മം നൽകുന്ന ഈറ്റില്ലമായിത്തീർന്നു മാന്നാനം സെമിനാരി. കാരണം ഈശോയുടെ കൂടപ്പിറപ്പുകളായിരുന്നല്ലോ അവർക്ക് രൂപം നൽകിയിരുന്നത്. നിത്യപുരോഹിതന്റെ സുവിശേഷവചസ്സുകളാണ് അവർ നിരന്തരം മന്ത്രിച്ചിരുന്നത്. (*മന്ത്രമൂലം ഗുരോർവാക്യം*) പ്രതിവർഷം വൈദികാർത്ഥികളുടെ സംഖ്യ വർദ്ധിച്ചുവന്നു. നൂറ്റമ്പതോളം പേർ ഈശോയുടെ ആ കളരിയിലെ അന്തേവാസികളായിത്തീർന്നു. കാലാന്തരത്തിൽ മറ്റുള്ള സെമിനാരികളെല്ലാം അധോഗതി പ്രാപിച്ചു. മാന്നാനം മലങ്കരസഭയുടെ പൊതുസെമിനാരിയായി ഉയർത്തപ്പെട്ടു. ഞങ്ങളെക്കുറിച്ചുള്ള മതിപ്പ് ഫ്രാൻസിസ് സേവ്യാർ മെത്രാന് കൂടിക്കൂടി വന്നു. 1844 ൽ അദ്ദേഹം പോരൂക്കരയച്ചനേയും എന്നേയും മല്പാന്മാരായി പ്രഖ്യാപിച്ചു. സുറിയാനിഭീത്തിലുള്ള സകലവൈദികരുടേയും പരീക്ഷകനായി എന്നെ നിയമിച്ചു. കൂർബ്ബാന പട്ടത്തിനർഹരായവരെ നിശ്ചയിക്കുന്നതിനും, വൈദികർക്ക് കുമ്പസാരം, പ്രസംഗം മുതലായവ നടത്തുന്നതിന് അനുവാദം നൽകുന്നതിനുമുള്ള ചുമതലയേൽപ്പിച്ചു. 1846 ൽ പോരൂക്കരയച്ചൻ നിര്യാതനായപ്പോൾ ഞാനായിത്തീർന്നു ആജീവനാന്തമുള്ള മാന്നാനം സെമിനാരിയുടെ മല്പാനും റെക്ടറച്ചനും. 1866 ൽ വാഴക്കുളത്തും, 1868 ൽ എൽത്തുരുത്തിലും, 1872 ൽ പുളിങ്കുന്നിലും ഓരോ സെമിനാരി കൊവേന്തപ്പട്ടക്കാരുടെ നിയന്ത്രണത്തിൽ ആരംഭിക്കുന്നതിന് രൂപതാദ്ധ്യക്ഷൻ കല്പന നൽകി.

സന്ന്യസ്തരായ ഞങ്ങൾ കേവലം അധ്യാപകരായിരുന്നില്ല. കന്യകാംബികയെപ്പോലെ തിരുവചനം ഹൃദയത്തിൽ നിക്ഷേപിക്കുകയും, പഠിക്കുകയും, പരിചിന്തിക്കുകയും, സാത്മീകരിക്കുകയും, അതിന്റെ ജീവൽരൂപങ്ങളാവുകയും ചെയ്തശേഷം മാത്രമാണ് ക്ലാസ്സ് എടുത്തിരുന്നത്. അതൊരു സാധനയായി കരുതിപ്പോന്നു ഞങ്ങൾ. അധ്യാപനം സ്വയം ദൈവത്തിലേക്കു വളരുന്നതിനും മറ്റുള്ളവരെ വളർത്തുന്നതിനുമുള്ള ഉപാധിയാക്കിത്തീർത്തു. ഭാരതീയ ചിന്തയിൽ സെമിനാരിയിലെ ഗുരുകുലവാസത്തെ ഇപ്രകാരം വിശേഷിപ്പിക്കാം:

"ധ്യാനമൂലം ഗുരോർമൂർത്തി
മന്ത്രമൂലം ഗുരോർവാക്യം
പൂജമൂലം ഗുരോർപാദം.
മോക്ഷമൂലം ഗുരോർകൃപ"

ഈശോയായിരുന്നു ഗുരു. അവിടുത്തെ മൂർത്തിയെ ബ്രഹ്മചര്യം ഏറ്റെടുത്തവർ സദാ ധ്യാനിച്ചുകൊണ്ടിരിക്കണം. ഗുരുവിന്റെ വാക്യങ്ങളോരോന്നും മന്ത്രംപോലെ ജപിച്ചുകൊണ്ടിരിക്കണം. ഗുരുവിന്റെ പാദശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവരാകണം അവർ. മോക്ഷം പ്രാപിക്കണമെങ്കിൽ, അഥവാ ആയിരങ്ങളിൽനിന്ന് തിരഞ്ഞെടുത്തവന്റെ പ്രതിനിധിയായ ആചാര്യനായി ജീവിച്ചുകൊണ്ട് സായൂജ്യമടയണമെങ്കിൽ ഗുരുവിന്റെ കൃപ ലഭിച്ചേ തീരൂ. ചുരുക്കത്തിൽ ഭാരതീയമായ ഈ ഉദാത്തസങ്കല്പം പ്രാവർത്തികമാക്കാനുള്ള ഭഗീരഥയത്നത്തിലേർപ്പെട്ടു ഞങ്ങൾ.

14

വേർപാടിന്റെ വേദനയിൽ

കാര്യങ്ങൾ ഒരുവിധം ഭംഗിയായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് മല്പാനച്ചൻ അസുഖമായി തീർത്തും കിടപ്പിലായത്. ഞങ്ങളുടെ നേതാവും നിയന്താവുമായിരുന്നല്ലോ അദ്ദേഹം. ഏവർക്കും സുസമ്മതനായ താപസി. പഠിപ്പില്ലാത്ത പട്ടക്കാരൻ ഏറിയ തിന്മകൾക്കിടവരുത്തുമെന്ന് നന്നായി അറിയാമായിരുന്ന മല്പാനച്ചൻ അത് സ്വന്തജീവിതത്തിൽ അഭ്യസിച്ചിരുന്നു. വായിക്കുകയും എഴുതുകയും ചെയ്യുന്ന പ്രക്രിയയിൽ സദാ ഏർപ്പെട്ടിരുന്നു അദ്ദേഹം. അന്ത്യനാളുകൾ പള്ളിപ്പുറത്തു ചിലവഴിച്ചു. എന്നെ പ്രത്യേകം അടുത്തുവിളിച്ച് സന്ന്യാസസഭയെക്കുറിച്ചുള്ള തന്റെ ദർശനങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിൽ എനിക്ക് പള്ളിപ്പുറത്തും മാന്നാനത്തുമായി മാറി മാറി പാർക്കേണ്ടിവന്നു. മരണത്തോടടുത്തുള്ള ദിനങ്ങളിൽ ആരംഭം മുതൽ ഉണ്ടായിരുന്ന "ദൈവഭക്തി, വിശ്വാസം, ശരണം, ദൈവേഷ്ടത്തോടുള്ള വിധേയത്വം മുതലായ പുണ്യങ്ങൾ പൂർവ്വാധികം പ്രശോഭിച്ചിരുന്നതായി ഏവരും സാക്ഷിക്കുന്നു. ദൈവസ്നേഹപ്രകരണങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു. മരണവേദന മഹാക്ഷമയോടെ സഹിച്ചു. അന്ത്യകൂദാശകൾ ബോധത്തെളിവോടെ സ്വീകരിച്ച് 1841 മകരം (ഫെബ്രുവരി) 16-ാം തിയ്യതി കർത്താവിൽ നിദ്രപ്രാപിച്ചു."

സംസ്ക്കാരവേളയിൽ പൂർവ്വശിഷ്യന്മാരുടെ തള്ളിക്കയറ്റം തന്നെയുണ്ടായി. "കബറടക്കത്തിന് പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തമ്പള്ളി,

ആലപ്പുഴ, ചേന്നങ്കരി, ചമ്പക്കുളം, എടത്വാ, തൈക്കാട്ടുശ്ശേരി, ചെമ്പ്, പറവൂർ, കടത്തൂരുത്തി, മൂട്ടുച്ചിറ, കുടമാളൂർ എന്നീ പള്ളികളിൽനിന്ന് കുരിശുകളും മറ്റു സാധനസാമഗ്രികളും കൊണ്ടുവന്നിരുന്നു." ശവമഞ്ചം, മെഴുകുതിരി, പള്ളിക്കാരുടെ ചിലവ് മുതലായവയൊക്കെയും വഹിച്ചത് കടവിലച്ചനും മുട്ടത്തുക്കാരൻ യോഹന്നാൻ കത്തനാരച്ചനും കൂടിയാണ്. ജനസാഗരത്തിന്റെ മദ്ധ്യേ നടന്നു നീങ്ങിയിരുന്ന ഒരാൾ എന്റെ ശ്രദ്ധയെ ആകർഷിച്ചു. കീറിപ്പറഞ്ഞതും മുഷിഞ്ഞതമായ വസ്ത്രം. കയ്യിൽ യാമപ്രാർത്ഥനയുടെ സുറിയാനി ഗ്രന്ഥവും. എന്തോ ഉരുവിടുന്നുണ്ട്, മറിയാ, മറിയാ, മറിയാ ആലാഹാ, മറിയാ ആലാഹാ എന്നോ മറ്റോ. അല്ല, അത് നമ്മുടെ പീലിപ്പോസ് ശെമ്മാശ്ശനല്ലേ?

"പീലിപ്പോസ് ശെമ്മാശ്ശാ" - ഞാൻ പതുക്കെ വിളിച്ചു

ഒന്നു തിരിഞ്ഞുനോക്കിയെങ്കിലും നിന്നില്ല. എനിക്കു വിഷമം തോന്നി. അല്പം പോയിക്കഴിഞ്ഞശേഷം ഇതാ തിരിച്ചുവന്ന് എന്റെ കൈ മുത്തുന്നു! ഉടനടി സ്ഥലം വിടുകയും ചെയ്തു. അപ്പോഴും ആ സുറിയാനി വാക്കുകൾ ഉരുവിടുന്നുണ്ടായിരുന്നു. കഷ്ടം! മനുഷ്യന്റെ സ്ഥിതി ഇതാണല്ലോ! ആ സംഭവം മല്പാനച്ചന്റെ വിയോഗത്തിലുണ്ടായ എന്റെ വേദന വർദ്ധിപ്പിച്ചുവെന്നു പറയാം.

ഗുരുവരന്റെ വിയോഗത്തിനുശേഷമുള്ള നാൽപ്പത്തൊന്നാം ദിവസം വരെ പള്ളിപ്പുറത്ത് തുടർച്ചയായി റാസ ചൊല്ലി. 28-ാം തിയ്യതി തോറും മാന്നാനത്ത് ആഘോഷമായ ക്രമങ്ങൾ നടത്തി. ഓരോ വൈദികരും 365 കുർബ്ബാന അർപ്പിക്കണമെന്ന് തീരുമാനിച്ചു. മല്പാനച്ചന്റെ ആത്മാവിന് ദൈവം നിത്യശാന്തി നൽകട്ടെ! ആ വേർപാടിൽ വേദനിച്ചിരുന്ന ഞങ്ങളെ സമാശ്വസിപ്പിക്കുവാൻ സർവ്വശക്തൻ പുത്തൻപുരയ്ക്കൽ കുഞ്ഞാക്കോ കത്തനാരച്ചനെ ഞങ്ങളുടെ കൂട്ടത്തിൽ ചേർത്തു.

വീണ്ടും ഒരു ദു:ഖവെള്ളി! പോരുക്കരയച്ചന് കഠിനമായ പ്രമേഹരോഗം പിടിപ്പെട്ടു. "ഞങ്ങൾക്ക് ഏറ്റം വിഷാദമായി. എങ്കിലും മാർ യൗസേപ്പ് പുണ്യവാളനിൽ ശരണപ്പെട്ടു." മൂന്നുനേരവും പ്രാർത്ഥനയായി. അപ്പോൾ ദൈവസഹായത്താൽ അല്പം ഭേദം തോന്നി. എനിക്കും സഹനങ്ങൾ ഉണ്ടാകാതിരുന്നില്ല. വസൂരി പിടിപ്പെട്ടു. ഉടനടി കുമ്പസാരിച്ചു നല്ല മരണത്തിനൊരുങ്ങി. "ദൈവസഹായത്താൽ" വിചാരിച്ചതുപോലെ രോഗം കടുത്തില്ല. പതിനാലാം ദിവസം കുളിച്ചു. എന്നെ ശുശ്രൂഷിച്ചവർക്കും വൈദ്യനും മറ്റും

സമ്മാനങ്ങൾ നൽകി. വൈദ്യന് കടുക്കൻ, മറ്റുള്ളവർക്കു മുണ്ടും നേര്യതും. ശിഷ്യന്മാരാണ് ചിലവുകൾ വഹിച്ചത്.

പോരുക്കരയച്ചന്റെ രോഗം കൂടിയും കുറഞ്ഞുമിരുന്നു. അദ്ദേഹം കിടപ്പിലായതോടെ ധർമ്മം പിരിക്കാനുള്ള ജോലിയും എന്റെ തലയിലായി. മരണത്തിന് ഏതാനും ദിവസങ്ങൾക്കു മുൻപ് അദ്ദേഹം എന്നെയും കൂട്ടി ചമ്പക്കുളത്തേക്ക് വഞ്ചിയിൽ യാത്ര ചെയ്തു. അവസാനമായി തന്നെ നൊന്തുപ്രസവിച്ച, ഭക്തിമാർഗ്ഗത്തിലേക്കു കൈപിടിച്ചാനയിച്ച അമ്മയെ ഒരു നോക്കു കാണണം. ആകസ്മികമായ ആ ആഗമനത്തിൽ എന്തൊരാഹ്ലാദമായിരുന്നുവെന്നോ ആ പ്രിയപ്പെട്ടവൾക്ക്! വീട്ടിലേക്കുള്ള വരവ് വിരളമായിരുന്നല്ലോ. പുണ്യപുരുഷനെന്ന് അറിയപ്പെട്ടിരുന്നവനെ ഇടക്കിടക്ക് കാണാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല. കർത്താവിന്റെ വേലകളിൽ മുഴുകിക്കഴിഞ്ഞിരുന്ന പുരോഹിതനെ ശല്യപ്പെടുത്തുക തെറ്റാകുകയില്ലേ? ഇപ്പോഴിതാ കരുണാസാഗരമായവൻ കടാക്ഷിച്ചിരിക്കുന്നു. അന്ന് ഞങ്ങൾ അവിടെ തങ്ങി. മുഴുവൻ സമയവും അമ്മ മകന്റെ അരികിൽത്തന്നെ കഴിച്ചുകൂട്ടിയെന്നു പറയാം. രണ്ടുപേരും അധികമൊന്നും ഉരിയാടിയില്ല. കണ്ണുകളിലൂടെ സംസാരിച്ചു. അപ്പോൾ ഞാൻ എന്റെ ജനനിയെ ഓർത്തു. അമ്മയുടെ സ്നേഹസാമീപ്യം അനുഭവിച്ചറിഞ്ഞു. യാത്രയായപ്പോൾ പോരുക്കരയച്ചൻ പ്രാർത്ഥന ചൊല്ലി എല്ലാവരേയും ആശീർവദിച്ചു. അമ്മയുടെ കരങ്ങൾ മുറുക്കിപിടിച്ച് ഏറെനേരം നിന്ന ശേഷമാണ് കൈമുത്തി ഇറങ്ങിയത്. മൂകഭാഷയിലുള്ള ആ വിടപറച്ചിലിൽ എന്റെ കണ്ണുകൾ നിറഞ്ഞു.

1846 ജനുവരി 8-ാം തിയ്യതിയാണ് സഭയുടെ സ്ഥാപകപിതാക്കളിൽ രണ്ടാമനായവൻ നിത്യസമ്മാനം പ്രാപിക്കാനായി ഇഹലോകം വെടിഞ്ഞത്. ഏറ്റം വിശേഷകരമായ മരണം. നന്നായി ഒരുങ്ങി കുമ്പസാരിച്ചു. മുട്ടുകുത്തിനിന്ന് കുർബ്ബാന സ്വീകരിച്ചു. കർമ്മലോത്തരീയത്തിന്റെ ദോഷപ്പൊറുതി കൈക്കൊണ്ടു. രോഗീലേപനവും ഭക്തിയോടെ സ്വീകരിച്ചശേഷം കർത്താവിന്റെ വരവിനായി കാത്തിരുന്നു. മരണദിവസവും കുമ്പസാരിക്കുകയുണ്ടായി. വേദനകൾ ക്ഷമയോടെ സഹിച്ചു; നിരന്തരം സുകൃതജപങ്ങൾ ചൊല്ലിക്കൊണ്ട് തിരുസ്വരൂപങ്ങൾ മുത്തിയിരുന്നു. മുട്ടിന്മേൽ ഇരുന്നുകൊണ്ടാണ് അവസാനശ്വാസം എടുത്തത്. സന്നിഹിതരായിരുന്ന അച്ചന്മാരെല്ലാവരും ദോഷപ്പൊറുതിയും വാഴ്വും നൽകി. നാൽപ്പത്തിയാറു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ചെറുപ്പം മുതലേ നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിനോട് മഹാ ഭക്തിയായിരുന്നു. അനേകം പേരെ വളർത്തുപിതാവിന്റെ ഭക്തിക്കാരാക്കി. പ്രസംഗങ്ങളിലെല്ലാം മാമുനീന്ദ്രന്റെ മഹിമകൾ പ്രഘോഷി

ക്കുമായിരുന്നു. മരണസമയത്ത് മുഖത്ത് നല്ല പ്രസാദവും തെളിവും പ്രത്യക്ഷപ്പെട്ടു. മദ്ധ്യസ്ഥനായവൻതന്നെ തന്റെ ഓമൽസുതനെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ വന്നണഞ്ഞിരിക്കണം! ആദിപിതാക്കന്മാരുടെ വേർപാട് എന്നെ ആഴമായി സ്പർശിച്ചു. ദൈവമേ, എല്ലാ ഭാരവും എന്റെ തോളിലായല്ലോ! അപ്പോൾ ഒരു കാര്യം കർത്താവ് എന്നെ ഓർമ്മിപ്പിച്ചു. കരഞ്ഞുകൊണ്ട് മുറിയില് തളർന്നു കിടന്നിരുന്ന ആഹാ യാക്കോവിനെ ചെന്നു കണ്ട് സമാശ്വസിപ്പിക്കണം.

"ആഹാ യാക്കോബേ" - തോളത്ത് സ്പർശിച്ചുകൊണ്ട് വാത്സല്യപൂർവ്വം വിളിച്ചു.

ഏങ്ങലടി മാത്രമായിരുന്നു മറുപടി. വായ് തുറന്നതേയില്ല. കയ്യിൽ പിടിച്ചുകൊണ്ട് ഞാൻ ഏറെ നേരം നിന്നു. അപ്പോൾ സംസാരിക്കാമെന്നായി.

"കുര്യാക്കോസച്ചാ, എന്റെ ആദ്ധ്യാത്മികപിതാവ് വേർപിരിഞ്ഞല്ലോ. ആരാണെനിക്കിനി തുണ?"

വീണ്ടും ഏങ്ങലടി തന്നെ.

"പ്രിയപ്പെട്ട കുടപ്പിറപ്പേ, ഞങ്ങളൊക്കെ സഹോദരന്റെ കൂടെയുണ്ട്. കൂടുതൽ പ്രർത്ഥിക്കൂ. കർത്താവിൽ സമാശ്രയിക്കൂ. നമുക്കൊന്നിച്ചു നീങ്ങാം. സമാശ്വസിപ്പിക്കുന്നവനിൽ ശരണം ഗമിക്കാം. ആഹാ യാക്കോബേ, ഒന്നെഴുന്നേൽക്ക്."

പിടിച്ചെഴുന്നേല്പിക്കേണ്ടിവന്നു.

"എന്തെങ്കിലും കഴിച്ചിട്ട് മണിക്കൂറുകളായല്ലോ. വരൂ, നമുക്ക് ഊട്ടുമുറിയിലേക്കു പോകാം."

വീണ്ടും വീണ്ടും ഞാൻ നിർബന്ധിച്ചതുകൊണ്ട് അല്പം ഭക്ഷണം കഴിച്ചു. ആ ദിവസങ്ങളിൽ ഞാൻ കൂടെക്കൂടെ അദ്ദേഹത്തിന്റെ മുറിയിൽച്ചെന്ന് വചനം വായിച്ച് പ്രാർത്ഥനാരൂപത്തിൽ വ്യാഖ്യാനിച്ച് കൊടുക്കുമായിരുന്നു. ക്രമേണ ആഹാ യാക്കോബ് സാധാരണ നിലയിലായി.

തിരുവചനം എന്നെയും ശക്തിപ്പെടുത്തി. ത്രിത്വക്കുടുംബത്തിലും തിരുക്കുടുംബത്തിലും സമ്പൂർണ്ണമായ സമർപ്പണം വയ്ക്കുവാൻ ഞാൻ യത്നിച്ചു. ഊണിലും ഉറക്കത്തിലും ഒരു പ്രാർത്ഥനമാത്രം, "ദൈവമേ, അങ്ങയുടെ അഭീഷ്ടം നിറവേറട്ടെ!" തമ്പുരാനിൽ മാത്രം സമാശ്രയിച്ചുകൊണ്ട് ഞാൻ ഉത്തരവാദിത്വങ്ങളെല്ലാം ഏറ്റെടുത്തു. ബാഹ്യജോലികൾ ഏറെയുണ്ടായിരുന്നപ്പോഴും ഇടവകകളിൽച്ചെന്ന് ധ്യാനിപ്പിക്കുവാനും പ്രസംഗിക്കുവാനും ശ്രമിച്ചിരുന്നു. നേരത്തെ സ്ഥലത്തെത്തി സക്രാരിയുടെ മുമ്പിൽ

മുട്ടുകുത്തി ഏറെ സമയം ചിലവഴിക്കുമായിരുന്നു. കർത്താവു തന്നെ തിരുവചനങ്ങൾ എന്റെ അധരങ്ങളിൽ നിക്ഷേപിക്കണം. എന്നിലൂടെ അവിടുന്ന് സംസാരിക്കണം; ഞാൻ ദിവ്യജിഹ്വയായി പകരണം. എന്നാലേ വചനം ഹൃദയങ്ങളെ സ്പർശിക്കുകയുള്ളുയെന്ന് തീർച്ച യുണ്ടായിരുന്നു എനിക്ക്. സെമിത്തേരിയിൽപോയി ദീർഘസമയം പ്രാർത്ഥിക്കലും പതിവായിരുന്നു. അവിടമാണല്ലോ "ആദ്ധ്യാത്മിക വിദ്യാലയം." സർവ്വശക്തൻ എന്നെ കൈവെടിഞ്ഞില്ല. പള്ളിപ്പ ണിക്കും സെമിനാരിയുടെ ചിലവിനും ആവശ്യമായ പണം ഓരോ ദിവസവും എത്തിച്ചുതന്ന പരിപാലകനായ ദൈവത്തിന് നന്ദിയുടെ നറുംമലരുകൾ!

മറ്റൊരു വിയോഗവും എന്നെ തളർത്തിക്കളഞ്ഞു. കർക്കശനും പരീക്ഷകനുമായി ആദ്യം കാണപ്പെട്ട ഫ്രാൻസിസ് സേവ്യർ മെത്രാൻ പിന്നീട് വത്സലതാതനായി മാറി. ദർശനവീട്ടുകാരുടെ വേലകൾ പിതാവിനെ ഏറെ സന്തോഷിപ്പിച്ചിരുന്നു. കേരളസുറിയാനിസഭയിലെ മല്പാനായി എന്നെ ഉയർത്തിയതും അദ്ദേഹമായിരുന്നുവല്ലോ. മെത്രനച്ചന് ദീനമാണെന്നറിഞ്ഞപ്പോൾ ഞാൻ വരാപ്പുഴയിൽ ഓടി യെത്തി. അവിടെ മൂന്നു ദിവസം ചിലവഴിച്ചു. എന്നെ കണ്ടയുടനെ ആ മുഖകമലം വിരിഞ്ഞുവെന്നു പറയാം.

"തന്റെമേലും കൂട്ടരുടെമേലും നിങ്ങളുടെ (ദർശന) വീടിന്മേലും നമ്മുടെ വാഴ്വും തമ്പുരാന്റെ മനോഗുണവും ഉണ്ടാകട്ടെ!"

ആ ആശീർവാദവചസ്സുകൾ ശ്രവിച്ചപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞുവെന്നു പറയാം. ദീനം കടുത്തുവന്നു. ആരേയും മുറിയിൽ പ്രവേശിപ്പിക്കാതായി. എങ്കിലും എന്റെ പേരു പറഞ്ഞപ്പോൾ അനു വാദം നൽകി. സംസാരിക്കുവാൻ ബുദ്ധിമുട്ടായിരുന്നുവെങ്കിലും തനി ക്കുവേണ്ടി അപേക്ഷിക്കണമെന്ന് ഒരുവിധം പറഞ്ഞൊപ്പിച്ചു. 1844 ജനുവരി 7-ാം തിയ്യതി ആ ധന്യാത്മാവ് സ്വർഗ്ഗത്തിലേക്കു പറന്നു യർന്നു. വിവരമറിഞ്ഞ ഉടനെ ഞാൻ റാസാ ചൊല്ലി. ഏഴിന് മരിച്ചവ രുടെ പാട്ടുകുർബ്ബാനയും നടത്തി. ആഘോഷമായാണ് മെത്രനച്ചന്റെ അടിയന്തരം വരാപ്പുഴയിൽ നടന്നത്. അതിനെക്കുറിച്ചുള്ള ദീർഘമായ വിവരണം ഞാൻ നാളാഗമങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചരമപ്ര സംഗം പറയുവാൻ നിയുക്തനായത് ഈ എളിയവനായിരുന്നു. എല്ലാം കഴിഞ്ഞപ്പോൾ ബേസ് റൗമ്മാക്കാർക്ക് ആകുലചിന്തയായി.

"ദൈവമേ, ഇനി എന്താണു സംഭവിക്കുക? ആരായിരിക്കും അനന്തരഗാമി?"

"ദൈവമറിയാതെ ഒന്നും സംഭവിക്കുകയില്ല. എല്ലാം നമ്മുടെ നന്മ ക്കായി മാത്രമേ കർത്താവു യാത്രയാക്കുകയുള്ളൂ." - കൂടപ്പിറപ്പു കളെ ഞാൻ സമാശ്വസിപ്പിച്ചു.

15

ബോധിസത്ത്വരാകാൻ

ദൈവികബോധത്താൽ നിർഭരരാകണമെങ്കിൽ രണ്ടു കാര്യങ്ങൾ കൂടിയേ തീരൂ. പഠനം, വായന. മല്പാനച്ചന്റെ മാതൃക എനിക്കു പ്രചോദനമേകി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പുസ്തകങ്ങൾ പകർത്തിയെഴുതുമായിരുന്നു. ഒരു നിമിഷംപോലും വൃഥാ കളഞ്ഞിരുന്നില്ല. സെമിനാരിയിലെ സഹപാഠികളിൽ ചിലർ എന്നോടു പറയും:

"താൻ ചത്തു മീൻ പിടിച്ചിട്ടെന്തു കാര്യം?"

മന്ദസ്മിതം തൂകിക്കൊണ്ടായിരുന്നു എന്റെ മറുപടി.

"പഠിപ്പില്ലാത്ത പട്ടക്കാർ അനേകരുടെ ആത്മനാശത്തിനിടയാക്കും."

ക്രമേണ അക്കാര്യം അവർക്കെല്ലാം ബോധ്യമായി.

അക്കാലത്ത് വിദ്യഭ്യാസമുള്ള കത്തോലിക്കർ തീരെ കുറവായിരുന്നു. വായിക്കാനറിയാവുന്നവരും വിരളം. ഈ കുറവു പരിഹരിക്കാൻ എന്തു ചെയ്യണമെന്നായി എന്റെ ആലോചന. കോട്ടയത്ത് സി.എം.എസ് പ്രസ്സും, തിരുവന്തപുരത്ത് ഗവൺമെന്റ് പ്രസ്സും മാത്രമായിരുന്നു കേരളത്തിലുണ്ടായിരുന്ന മുദ്രാലയങ്ങൾ. 1844 ആഗസ്റ്റ് മാസം മുതൽ ഒരു പ്രസ്സ് സ്ഥാപിക്കാനുള്ള പരിശ്രമം തുടങ്ങി. രണ്ടു പ്രാവശ്യം കോട്ടയത്തെത്തിയെങ്കിലും അകത്തുകയറുവാൻ അവരനുവദിച്ചില്ല. ഭഗ്നാശനായില്ല ഞാൻ.

"തമ്പുരാനുവേണ്ടിയുള്ള വേലയല്ലേ? തീർച്ചയായും അവിടുന്നു സഹായിക്കും. "

നേരെ തിരുവനന്തപുരത്തേക്കു വച്ചടിച്ചു. ഗവൺമെന്റു പ്രസ്സിൽ ജോലി ചെയ്തിരുന്നവരിൽ കത്തോലിക്കർ കാണാതിരിക്കുമോ? ഞാൻ കെട്ടിടത്തിന്റെ വാതിൽക്കൽ നിന്നു. അപ്പോഴതാ ഒരാൾ പുറത്തുവരുന്നു. എന്നെ കണ്ടപ്പോൾ സ്തുതിചൊല്ലി.

"അച്ചോ, ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ!"

"എപ്പോഴും സ്തുതിയായിരിക്കട്ടെ."

"എന്താ ഇവിടെ?"

ഞാൻ കാര്യം പറഞ്ഞു. എന്നെ സഹായിക്കാൻ ആ നല്ല മനുഷ്യൻ തയ്യാറായി. പ്രസ്സും അതു നടത്തുന്ന വിധവുമൊക്കെ കാണിച്ചുതന്നു. മാന്നാനത്ത് മടങ്ങിയെത്തിയശേഷം ഞാൻ വാഴപ്പിണ്ടികൊണ്ട് പ്രസ്സിന്റെ ഒരു മാതൃകയുണ്ടാക്കി ഒരാശാരിയെ കാണിച്ചു. അയാൾ മെനക്കെട്ടു പണിയെടുത്ത് മരംകൊണ്ട് ഒരു പ്രസ്സുണ്ടാക്കി. കോട്ടയം സി.എം.എസ് പ്രസ്സിൽ ജോലിചെയ്തിരുന്ന ഒരു പാണ്ടിത്തട്ടാനെ സമീപിച്ച് അയാൾവഴി അക്ഷരം ചതുരവടിവിൽ വാർത്തെടുത്തു. തിരുവന്തപുരത്തെ ഗവൺമെന്റ് പ്രസ്സിൽ ജോലി ചെയ്തിരുന്ന കുര്യൻ എന്നൊരാളെ മാന്നാനം പ്രസ്സിൽ അച്ചടി പരിശീലിപ്പിക്കുന്നതിന് നിയോഗിച്ചു. ബോംബെയിൽ പോയി പഠിച്ചുവന്ന ഒരു കൊച്ചിക്കാരൻ യുദനെ ബുക്ക് ബൈൻഡിങ്ങിനും ഏർപ്പെടുത്തി. ഇനി അച്ചടിക്കടലാസും മഷിയും വേണം. കർത്താവല്ലാതെ മറ്റാരാണ് ശരണം?

പോണ്ടിച്ചേരി, ചെന്നൈ എന്നിവിടങ്ങളിലേക്ക് എഴുതിനോക്കി. മഷി അവിടെ ലഭ്യമല്ല. ഒരു കൊച്ചിക്കാരനുമായിട്ട് ഇടപാടാക്കി, നൂറു രൂപക്കുള്ള സാധനങ്ങൾക്ക്. പത്തുരൂപ അച്ചാരവും കൊടുത്തു. പക്ഷേ വിദേശത്തുനിന്ന് ചരക്ക് എത്തിയപ്പോൾ നാനൂറു രൂപയേക്കാളധികം വിലവരുന്ന പത്തുകെട്ടു കടലാസ്സും ഒരു വീപ്പ മഷിയും! എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചു. ഒടുവിൽ ചെന്നക്കാട്ടു തൊമ്മൻ എന്നയാളുടെ മദ്ധ്യസ്ഥതവഴി അരവീപ്പ മഷിയും കടലാസും വാങ്ങിച്ചാൽ മതിയെന്ന ധാരണയിലെത്തി. ആറായിരം ചക്രം വരും. മാർ യൗസേപ്പു പുണ്യവാളന് ഒരു ചിട്ടിയുണ്ടാക്കി മുവ്വായിരം ചക്രം തരപ്പെടുത്തി കച്ചവടക്കാരനു കൊടുത്തു. ബാക്കിയുള്ള മുവ്വായിരം ചക്രം പിന്നീട് നൽകിക്കൊള്ളാമെന്ന് വ്യവസ്ഥയുണ്ടാക്കി. കാഞ്ഞിരപ്പള്ളിയച്ചനും ഞാനും കൊച്ചിയിലെത്തിയാണ് കടലാസ്സും മഷിയും വാങ്ങിച്ചുകൊണ്ടു പോന്നത്.

പുതുതായി സ്ഥാനമേറ്റ ലൂദവിക്കോസ് മെത്രാൻവഴി 1846 ജൂലായ് മാസത്തിൽ അച്ചടി സംബന്ധിച്ചുള്ള അനുവാദങ്ങൾ രാജാവിൽ

നിന്നും റോമിൽനിന്നും സമ്പാദിച്ചു. ജ്ഞാനപിയൂഷമാണ് മാന്നാനത്തുനിന്ന് ആദ്യമായി അച്ചടിച്ചിറക്കിയ പുസ്തകം. ആദ്യപ്രതി മാർ യൗസേപ്പിതാവിന് സമർപ്പിച്ചു. എല്ലാവരും കൂടി ദേവാലയത്തിൽ ചെന്ന് ലാക് ആലാഹാ പാടി.

"ദൈവമേ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു
അങ്ങേക്കായെന്നും സ്തോത്രങ്ങൾ"

അന്ന് ചൊരിഞ്ഞ സന്തോഷാശ്രുക്കൾക്ക് കണക്കില്ലായിരുന്നുവെന്നു പറയാം. കേരളകത്തോലിക്കാ സഭയിലെ ആദ്ധ്യാത്മികോത്ഥാനത്തിന് തുടക്കം കുറിച്ചു മുദ്രാലയം എന്ന സംരംഭം. നസ്രാണികളുടെ വീടുകളിലെല്ലാം പ്രാർത്ഥനാപുസ്തകവും നിത്യാരാധനാഗ്രന്ഥവും എത്തിച്ചേർന്നു. മാന്നാനം മാർ യൗസേപ്പിതാവിന്റെ അച്ചുകൂടത്തിൽനിന്ന് ഒരു വർത്തമാനപത്രം പ്രസിദ്ധീകരിക്കണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. ആ അഭിലാഷം മരണശേഷം കർത്താവ് സാധിച്ചു തന്നു. നസ്രാണിദീപിക കത്തോലിക്കരുടെ ആദ്യത്തെ ദിനപത്രമായി. മാന്നാനത്തുനിന്ന് ധാരാളം ഭക്തഗ്രന്ഥങ്ങൾ അക്കാലത്തുതന്നെ അച്ചടിച്ചിറക്കുവാൻ കൃപ നൽകിയ നല്ല ദൈവത്തിനു നന്ദി! മുദ്രാലയപ്രേഷിതത്വം സന്ന്യാസസഭയുടെ ഒരു പ്രധാന ദൈവശുശ്രൂഷയായിത്തീരണമെന്ന എന്റെ ആഗ്രഹം കുറച്ചൊക്കെ നടപ്പിലായി. പല ആശ്രമങ്ങളോടനുബന്ധിച്ചും പ്രസ്സും പ്രസിദ്ധീകരണശാലകളും ഉണ്ടായി.

കേരളക്രൈസ്തവരെ ബോധിസത്ത്വരാക്കിത്തീർക്കുന്നതിൽ ഭക്തഗ്രന്ഥങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അൽഫോൻസാമ്മയേയും എവുപ്രാസ്യാമ്മയേയും മറിയംത്രേസ്യായേയും കുഞ്ഞച്ചനേയും കദളിക്കാട്ടച്ചനേയും മറ്റും വിശുദ്ധിയുടെ ഉന്നതസോപാനങ്ങളിലേക്കുയർത്തിയത് ഇത്തരം മതഗ്രന്ഥങ്ങളാണെന്നതിൽ ഞാൻ ചാരിതാർത്ഥ്യമനുഭവിക്കുന്നു. "വായനയിൽ ഇഷ്ടമായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും" എന്ന് കുന്മാവിലെ സിസ്റ്റേഴ്സിന് ഞാൻ എഴുതുകയുണ്ടായി. "ശക്തനായവനാണ് എന്നിൽ വൻകാര്യങ്ങൾ പ്രവർത്തിച്ച"തെന്ന് ഞാൻ ഏറ്റു പറയട്ടെ

16

അസതോമയ സദ്ഗമയാ

"വെളിവ് പഠിത്തമാകുന്നു എന്ന് മാർ അപ്രേം മല്പാൻ പഠിപ്പിക്കുന്നു. അപ്പോൾ കണ്ണിന്റെ വെളിവു കൂടാതെ ലോകത്തിലുള്ള വസ്തു കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്തമെന്ന വെളിവു കൂടാതെ പരലോകത്തേയും അതിൽ കൂടിയിരിക്കുന്ന തമ്പുരാനേയും അറിയാൻ വശമില്ലാത്തതിനാൽ കണ്ണില്ലാത്തവർ കുരുടന്മാരാകുന്നുവെന്നതുപോലെ പഠിത്തമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു. ഈ കുരുടത്വം കാരണത്താൽ നമ്മുടെ മലയാളത്തിലുള്ള ക്രിസ്ത്യാനികൾ പൂർവ്വനസ്രാണികളാകുന്നുവെങ്കിലും ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതെയായിരിക്കുന്നു." വിദ്യഭ്യാസത്തെക്കുറിച്ച് ഞാനെഴുതിയ സർക്കുലർ തുടങ്ങുന്നത് ഈ വാക്കുകളോടെയാണ്.

ഭാരതീയ ഋഷിമാരുടെ പ്രാർത്ഥന സുപ്രസിദ്ധമാണല്ലോ.

അസതോമയ സദ്ഗമയാ
തമസോമയാ ജ്യോതിർഗമയാ
മൃത്യോമയാ അമൃതംഗമയാ

"അസത്തയിൽനിന്ന് സത്തയിലേക്ക് ആനയിക്കണമേ!
ഇരുളിൽനിന്ന് പ്രകാശത്തിലേക്ക് ആനയിക്കേണമേ!
മൃത്യുവിൽനിന്ന് അമർത്യതയിലേക്ക് ആനയിക്കേണമേ!"

ആഴമേറിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നതാണീ അപേക്ഷ. അറിവില്ലാത്തവനെ ദൈവസത്തയുള്ളവനെന്ന് വിശേഷിപ്പിക്കാനാവില്ല; അവൻ ഇരുളിലലയുന്നു. ആത്മീയമായി മരിച്ചിരിക്കുന്നവന് തുല്യമാണ് ആ വ്യക്തി. ഇത്തരം ദയനീയസ്ഥിതിയിലുള്ളവരെ പിടിച്ചുയർത്തുന്ന മാധ്യമമാണ് വിദ്യാഭ്യാസം. അതോടെ ദൈവത്തിന്റെ സത്താഭാവമെന്ന സ്വാതന്ത്ര്യത്തിൽ അവർ ജീവിക്കാനരംഭിക്കും. അജ്ഞതയെന്ന ഇരുളിൽ നിപതിച്ചിരിക്കുന്നവരെ പ്രകാശത്തിലേക്കു പിടിച്ചുയർത്തുന്ന മാധ്യമമാണ് വിദ്യാഭ്യാസം. പാമരന്മാർ മാനസികമായി മൃതർക്കു തുല്യരാണല്ലോ. അവർ ദൈവികജ്ഞാനമെന്ന മാർഗ്ഗത്തിലൂടെ മാത്രമേ മാനസികവും ആത്മീയവുമായ ജീവനിലേക്ക് ആനയിക്കപ്പെടുകയുള്ളൂ. ഇപ്രകാരം ഇംഗ്ലീഷ് പദമായ education (ലത്തീനിൽ educare, educere) അർത്ഥമാക്കുന്നതുപോലെ വിദ്യാഭ്യാസം അസത്തയുടേയും അന്ധകാരത്തിന്റേയും മരണത്തിന്റേയും ഗർത്തങ്ങളിൽനിന്ന് കരകയറ്റുന്നതിനെ സൂചിപ്പിക്കുന്നു. പഴയനിയമത്തിലെ മോശെ എന്ന സംജ്ഞയുടെ അർത്ഥമിതാണല്ലോ. അദ്ദേഹം ഈജിപ്തിലെ അടിമത്വത്തിന്റെ നീർക്കയത്തിൽ അകപ്പെട്ടവരെ സ്വാതന്ത്ര്യമെന്ന സത്തയുടേയും പ്രകാശത്തിന്റേയും ജീവന്റേയും തീരത്തിലേക്ക് ഉയർത്തിയെടുത്തു.

അന്നത്തെ നസ്രാണികളുടെ അവസ്ഥ ശോചനീയമായിരുന്നു. പഠിക്കാൻ സ്കൂളുകളുണ്ടായിരുന്നില്ല. വിദ്യ അഭ്യസിക്കുവാൻ തത്പരരുമായിരുന്നില്ല അവർ. ഇംഗ്ലീഷുഭാഷയോ തീർത്തും നിഷിദ്ധം. തന്മൂലം കേരളസഭ വന്ധ്യയുടെ അവസ്ഥയിലായിരുന്നു. ഇതെന്നെ അത്യധികം ദു:ഖിപ്പിച്ചു. പ്രൊട്ടസ്റ്റന്റ് മിഷിനറിമാർ 1816 മുതൽ ഇംഗ്ലീഷ് വിദ്യാലയങ്ങൾ സമാരംഭിച്ചു. അതുവഴി അഭിവൃദ്ധിയിൽനിന്ന് അഭിവൃദ്ധിയിലേക്ക് ആ സമുദായം ത്വരിതഗമനം ചെയ്തു. എന്നാൽ മാർ തോമാശ്ലീഹായുടെ മാർഗ്ഗം സ്വീകരിച്ചവരോ അധ:പതിക്കുകയും. ഈ സ്ഥിതിവിശേഷം മാറിയേ തീരൂ. എന്തുകൊണ്ട് കത്തോലിക്കർക്ക് വേദഭാഷയായി കരുതിപ്പോന്നിരുന്ന സംസ്കൃതം അഭ്യസിച്ചുകൂടാ? കർത്താവിൽ ശരണപ്പെട്ടുകൊണ്ട് ഞാനതിനുള്ള ശ്രമങ്ങളാരംഭിച്ചു.

ഒരു ഭഗീരഥയത്നം തന്നെയായിരുന്നു അത്. 1846 ൽ ഞാൻ മാന്നാനത്ത് ഒരു സംസ്കൃതവിദ്യാലയം ആരംഭിച്ചു. തൃശ്ശൂരിൽനിന്ന് വാര്യർവർഗ്ഗത്തിൽപ്പെട്ട ഒരു അദ്ധ്യാപകനെ വരുത്തി. ആ വാദ്ധ്യാരുടെ കീഴിൽ സമീപസ്ഥലങ്ങളിൽ നിന്നുള്ള കുട്ടികളോടൊപ്പം സന്ന്യാസവൈദികരും സംസ്കൃതം പഠിച്ചുതുടങ്ങി. താമസിയാതെ

മാർഗ്ഗം കൂടിയ പുലയരെ പ്രബുദ്ധരാക്കാൻ വേണ്ടി ഒരു സ്കൂൾ പണിതു. പണക്കാരുടെ സഹകരണത്തോടെ ആർപ്പൂക്കരയിൽ പതിനേഴ് പറക്ക് പുഞ്ച തീറെഴുതി. കൊവേന്തയിൽനിന്ന് അത് നടത്തണമെന്ന് നിർദ്ദേശിച്ചു. അണ്ണാറക്കണ്ണനും തന്നാലായത് ചെയ്തുവെന്നു മാത്രം. കത്തോലിക്കരെ മുഴുവൻ പഠിപ്പുള്ളവരാക്കാൻ എന്തുചെയ്യണമെന്ന ആലോചനയിലായി. മെത്രാപ്പോലീത്താച്ചനുമായി സംസാരിച്ചു. ഞാൻ വികാരിജനറാളായി ഉയർത്തപ്പെട്ടതോടെ ദൈവം ഒരു വഴി തുറന്നുതന്നു. പള്ളികൾതോറും പള്ളിക്കൂടങ്ങൾ പണിയണമെന്ന ഒരു സർക്കുലർ ഇറക്കിയാലോ? ഉടനടി ആ നിവേശനം പ്രാവർത്തികമാക്കി. എന്നിട്ടും എല്ലാ ഇടവകകളും ആ കല്പന നടപ്പിലാക്കിയില്ല. പണമില്ല, പള്ളിക്കൂടം തുടങ്ങിയാൽ അന്യമതസ്ഥർക്കാകും കൂടുതൽ പ്രയോജനം തുടങ്ങിയ എതിർന്യായങ്ങളുന്നയിച്ചു.

"മനുഷ്യരെല്ലാം ദൈവത്തിന്റെ മക്കളാണ്. നാടാകെ പ്രബുദ്ധമാകട്ടെ. അപ്പോൾ എല്ലാവരിലും ആത്മീയമായ ഉണർവ്വ് സംജാതമാക്കാനാകുമല്ലോ." - ഞാൻ തടസ്സം നിന്നിരുന്നവരെ ഉപദേശിച്ചു. അവർക്ക് കാര്യം മനസ്സിലായി.

"പാവപ്പെട്ടവരുടെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുവാനും സംവിധാനം വേണം. അല്ലെങ്കിൽ അവർ സ്കൂളിൽ വരികയില്ല. ദൈവം പാവങ്ങളുടെ പക്ഷത്താണെന്ന് നമ്മൾ ഒരിക്കലും മറന്നുകളയരുത്."

ഈ നിർദ്ദേശവും നടപ്പിലാക്കുവാൻ ശ്രമമാരംഭിച്ചു. കൊവേന്തക്കാരാണ് എല്ലാത്തിനും മുൻകൈ എടുത്തത്. ആശ്രമത്തിന്റെ അതിർത്തിയിലുള്ള ഇടവകകളിലുള്ള സ്കൂളുകൾ ഭംഗിയായി നടത്തുന്നതിന് അവരുടെ നേതൃത്വം ഉപകരിച്ചു.

സർവ്വജ്ഞനായ ദൈവം മറ്റൊരു സ്വപ്നം കാണാൻ എനിക്കു കൃപയേകി. കേരളസഭക്ക് ഒരു കേന്ദ്രകോളേജ് വേണമെന്ന ആശയം. നിർഭാഗ്യവശാൽ വിപ്ലവാത്മകവും സർഗ്ഗാത്മകവുമായ ഈ ദർശനം പ്രാവർത്തികമാക്കുന്നതിനുള്ള സമയം സമാഗതമായിട്ടില്ലായിരുന്നു. കാലത്തിനു മുമ്പേ പറക്കുന്ന പക്ഷിയായിരുന്നു ഞാൻ. കേരളസഭയുടെ സമുന്നതിക്കുവേണ്ടിയുള്ള എന്റെ ഹൃദയാഭിലാഷം കർത്താവിനു ഞാൻ കാഴ്ചവച്ചു. അപ്പോൾ ഒരനുഭൂതിവിശേഷത്താൽ ദൈവം എന്നെ ധന്യനാക്കി. പൂർവ്വപിതാവായ അബ്രാഹത്തെക്കുറിച്ച് ഈശോ യോഹന്നാന്റെ സുവിശേഷത്തിൽ

രേഖപ്പെടുത്തിയിട്ടുള്ളതിന് സമാനമായിരുന്നു അതെന്ന് എനിക്കു തോന്നുന്നു.

പിതാവായ അബ്രാഹം എന്റെ ദിവസം കാണാമെന്നുള്ള പ്രതീക്ഷയിൽ സന്തോഷിച്ചു. അദ്ദേഹം അത് കാണുകയും സന്തോഷിക്കുകയും ചെയ്തു (8:56). സി.എം.ഐ. സഭാംഗങ്ങൾ കോളേജുകളുടേയും സർവ്വകലാശാലകളുടേയും നേതൃത്വ നിരയിൽ വിരാജിക്കുന്ന ഭാവിയിലെ രംഗം എന്റെ ആന്തരികനേത്രങ്ങൾകൊണ്ടു കാണാൻ കർത്താവ് കൃപ തന്നു. ഞാനും സന്തോഷാശ്രുക്കൾ പൊഴിച്ചു; ദൈവത്തെ സ്തുതിച്ചുപാടി.

"നന്ദി ദൈവമേ നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ!"

17

മെസ്കേനൂസാ ദ് തക്സാ

അനുചിന്തനസാധന ഇത്രത്തോളമായപ്പോൾ അതാ ആരോ വാതിൽക്കൽ മുട്ടുന്നു! നോക്കിയപ്പോൾ ജെരാർദ്ദ് മിഷിനറി, ആത്മ പിതാവായ ലെയോപോൾദച്ചന്റെ പ്രേഷിതതീക്ഷ്ണതയാൽ ആകർഷിതനായി നാടും വീടും ഉപേക്ഷിച്ച് കേരളത്തിലെത്തിയ അനുജൻ. വലിയ സ്നേഹവും ആദരവുമായിരുന്നു അദ്ദേഹത്തിന് എന്നോട്. ഏകദ്ദേശീയ സഭയെ അകമഴിഞ്ഞ് സ്നേഹിച്ച നിഷ്കളങ്ക മാനസൻ.

"ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ!"- ഞാനെഴുന്നേറ്റ് സ്തുതി ചൊല്ലി.

"എപ്പോഴും സ്തുതിയായിരിക്കട്ടെ! ആത്മമണവാളനുമായുള്ള സല്ലാപത്തിനു തടസ്സം സൃഷ്ടിച്ചതിൽ ക്ഷമിക്കണമേ. ക്ഷീണമൊക്കെ എങ്ങനെയുണ്ട്? അതറിയാനാണ് ഞാൻ തത്രപ്പെട്ടുവന്നത്."

"വളരെ ഉപകാരം ജെരാർദ്ദ് മിഷനറിയച്ചാ. ദൈവത്തിന്റെ പ്രത്യേക കാരുണ്യത്താൽ തളർച്ചക്കൊക്കെ കുറവുണ്ട്. നിങ്ങളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നുണ്ടെന്നു തോന്നുന്നു. വീണ്ടും വീണ്ടും ഉപകാരം പറയട്ടെ."- തലകുനിച്ചുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞത്.

"ദൈവത്തിനു സ്തുതി! ഞാൻ തുടർന്നും പ്രാർത്ഥിക്കാം. ധ്യാനിക്കുന്നവനെ ശല്യപ്പെടുത്തുന്നത് ദൈവത്തിന് ഇഷ്ടമാവില്ല. ഒരു കാര്യം മാത്രം ശ്രദ്ധയിൽപ്പെടുത്തട്ടെ. പ്രിയോരച്ചൻ ഇടക്കൊക്കെ വിശ്രമിക്കണം. മനുഷ്യർ മാലാഖമാരല്ലല്ലോ."

വീണ്ടും സ്തുതിചൊല്ലി ആ നല്ലവനായ മൂപ്പച്ചൻ സ്ഥലം വിട്ടു.

നിർവ്യാചമായ സ്നേഹത്തിന്റേയും താല്പര്യത്തിന്റേയും മുൻപിൽ എന്റെ കണ്ണുകൾ നിറഞ്ഞു. ദൈവമേ അങ്ങെത്ര നല്ലവൻ! പൈതൃകമായ പ്രതിപത്തിയുടെ ഒരംശം മനുഷ്യർക്കും അങ്ങ് നൽകിയിരിക്കുന്നല്ലോ!.

"ആയതിനെന്തുമൂലം നിന്നുടെ ദയതന്നെ

ഞാനതിനെന്തുകൃതോത്തര (പ്രതിനന്ദി) ത്തെയണക്കേണ്ടു!"

അശ്രുധാര തടഞ്ഞുനിർത്തുവാൻ പണിപ്പെടേണ്ടിവന്നു. കർത്താവേ, ഈയിടയായി ഞാൻ കൂടുതൽ വികാരാധീനനായിത്തീർന്നുകൊണ്ടിരിക്കുകയാണല്ലോ.

അല്പസമയത്തിനേശേഷം ഞാൻ പൂർവ്വകാലാനുസ്മരണലോകത്തിലേക്കു മടങ്ങി. 1831 മെയ് 11-ാം തിയ്യതി സന്ന്യാസസഭ അനൗദ്യോഗികമായി ആരംഭിച്ചുവെങ്കിലും ഇതേവരെ അതിന് കാനോനികമായ അംഗീകാരം നൽകപ്പെട്ടിട്ടില്ലെന്നതിൽ മനസ്സുവേദനിച്ചു. *ബേസ് റൗമ്മായിലെ* അംഗങ്ങളുടെ ജീവിതശൈലി മെത്രാപ്പോലീത്താക്കും മറ്റും മതിപ്പുളവാക്കിയിരുന്നുവെന്നത് ശരി തന്നെ. ദൈവത്തിനും അവിടുത്തെ പ്രതിരൂപങ്ങളായ മനുഷ്യർക്കും വേണ്ടി ഞങ്ങൾ ജീവിതം ഉഴിഞ്ഞുവെച്ചിരുന്നുവെന്നത് അവിതർക്കിതമാണ്. എന്നിട്ടും എന്തുകൊണ്ടാണ് സഭക്ക് ഔദ്യോഗികമായ അംഗീകാരം നൽകാത്തത്? പ്രാർത്ഥനയിൽ ഞങ്ങൾ അഭയം പ്രാപിച്ചു. ദൈവേഷ്ടം നിറവേറട്ടെ! കർത്താവേ, അങ്ങ് നിശ്ചയിച്ചിരിക്കുന്ന സമയത്തിനു വേണ്ടി ഞങ്ങൾ കാത്തിരുന്നുകൊള്ളാം. എങ്കിലും പ്രാർത്ഥനയോടൊപ്പം പരിശ്രമവും ആവശ്യമാണെന്ന് അങ്ങ് അനുശാസിക്കുന്നുണ്ടല്ലോ. "ചോദിച്ചാലേ ലഭിക്കുകയുള്ളൂ; അന്വേഷിച്ചാലേ കണ്ടെത്തുകയുള്ളൂ; മുട്ടിയാലേ തുറക്കപ്പെടുകയുള്ളൂ" (മത്താ.7:7-8) എന്ന നിർദ്ദേശമനുസരിച്ച് വീണ്ടും വീണ്ടും ഞാൻ മെത്രാപ്പോലീത്തായെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ഒരുപക്ഷേ അദ്ദേഹം ഞങ്ങളെ പരീക്ഷിക്കുകയാകാം. ആത്മാർത്ഥതയും സ്ഥൈര്യവും എന്തുമാത്രമുണ്ടെന്ന് അളന്നു തിട്ടപ്പെടുത്തുകയാകാം. അനസ്യൂതമായ അപേക്ഷ കേട്ടില്ലന്ന് നടിക്കുവാൻ കർത്താവിന് കഴിയുമോ? എന്റെ "പൈതങ്ങൾക്കടുത്ത സിദ്ധാന്ത"ത്തിൽ തോറ്റുതന്നു കർത്താവ്. മെത്രാപ്പോലീത്തായെ വീണ്ടും ചെന്നുകണ്ടപ്പോൾ എന്നോടാവശ്യപ്പെട്ടു.

"നിങ്ങൾ അനുവർത്തിച്ചുവരുന്ന സന്ന്യാസക്രമങ്ങൾ വിശദമായി എഴുതിക്കൊണ്ടുവരൂ."

സന്തോഷപൂർവ്വം ഞാൻ അപ്രകാരം ചെയ്തു. എഴുതിക്കൊടുത്ത രേഖ അദ്ദേഹം യൂറോപ്പിലുള്ള കർമ്മലീത്താസഭയുടെ ജനറാളച്ചന് അയച്ചുകൊടുത്തു. കർമ്മലീത്താ ഒന്നാം സഭയുടെ നിയമാവലിയാണ് മറുപടിയായി കൈപ്പറ്റിയത്. ഹൃദയവ്യഥയിലാഴ്ന്നു ഞാൻ. പ്രാർത്ഥനയും പ്രവർത്തനവും സമഞ്ജസമായി സമ്മേളിച്ചുകൊണ്ടുള്ള ഏകദേശീയമായ സന്ന്യാസസഭയെയാണ് ഞാൻ വിഭാവനം ചെയ്തിരുന്നത്. ദൈവജനത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള സമർപ്പിതരെയല്ല കേരളത്തിനാവശ്യം. "ലോകത്തെ പഠിപ്പിക്കുക" എന്ന സ്തബ്ധിലീനി മെത്രാന്റെ അനുശാസനം ഞാനോർത്തു. ഇപ്പോഴിതാ ലോകസമ്പർക്കമില്ലാതെ പ്രണിധാനത്തിൽ മാത്രം മുഴുകിയിരിക്കുന്നവർക്കുള്ള നിയമാവലി ലഭിച്ചിരിക്കുന്നു. കേരളത്തിലെ സാഹചര്യത്തിൽ അപ്രായോഗികമായ നോമ്പും മറ്റ് പ്രാശ്ചിത്ത പ്രവൃത്തികളും. കുറേ ഭേദഗതികൾ ഞാൻ നിർദ്ദേശിച്ചുവെങ്കിലും പലതും മെത്രാപ്പോലീത്താ തള്ളിക്കളഞ്ഞു. ഭൂമിക്കടുത്ത ശരണം കെട്ടുപോയി. ഇരുപത് നോമ്പിന്റേയും അമ്പത് നോമ്പിന്റേയും എല്ലാ ദിവസങ്ങളിലും ഉപവസിക്കാനാകുമോ? മെത്രാപ്പോലീത്തായോട് ഞാൻ ഒരു കാര്യം ഉണർത്തിച്ചു.

"സുറിയാനി റീത്തുകാർക്ക് ഉപവാസം ആണ്ടിൽ ഒൻപതുദിവസം മാത്രമായി റോമിൽനിന്ന് ഇളവുചെയ്തിട്ടുണ്ടല്ലോ, പിതാവേ."

"കുര്യാക്കോസച്ചാ, അതിനുള്ള രേഖകൾ എനിക്കു കാണണം."

വളരെ കഷ്ടപ്പെടേണ്ടിവന്നു രേഖകൾ സമ്പാദിക്കാൻ. വായിച്ചു നോക്കിയശേഷം അവ മെത്രാപ്പോലീത്താ റോമിലേക്ക് അയച്ചുകൊടുത്തു. നാളുകൾ നീങ്ങിക്കൊണ്ടിരുന്നു. റോമിന്റെ അനുകൂലമായ പ്രത്യുത്തരം വേഗം ലഭിക്കാനായി ഞാനും *ബേസ് റൗമ്മാ* വാസികളായ പുളിക്കുന്ന് തോപ്പിൽ ഗീവർഗ്ഗീസച്ചനും, കാഞ്ഞിരപ്പിള്ളി പുത്തൻപുരയ്ക്കൽ കുഞ്ഞാക്കോ അച്ചനും, കളപ്പുരക്കൽ മത്തായി അച്ചനും, കണിയാന്തറ യാക്കോബും മുട്ടിപ്പായി പ്രാർത്ഥിച്ചു, ഉപവസിച്ചു. കഠിനമായ തപോവൃത്തികളിൽ ഏർപ്പെട്ടു.

വിശ്വാസവും സ്ഥൈര്യവും, നോമ്പും പ്രാർത്ഥനയും പ്രാശ്ചിത്തവും സംയോജിക്കപ്പെട്ടപ്പോൾ ഞങ്ങളുടെ അഭിലാഷം ദൈവം നിവർത്തിച്ചു തന്നു. ഉപവാസം ആണ്ടിൽ ഒൻപതു ദിവസം മതിയെന്ന് കല്പന വന്നു. അതോടെ തടസ്സങ്ങൾ നീങ്ങി. സന്ന്യാസവ

സ്ത്രത്തിന് ഇടവകവൈദികരുടേതിൽനിന്ന് വലിയ വ്യത്യാസം ആവശ്യമില്ല. വെള്ള ളോഹക്കു പുറമേ തോൽകൊണ്ടുള്ള അരക്കെട്ടും, ളോഹക്കകത്ത് രോമനിർമ്മിതമായ വെന്തിങ്ങയും - എന്റെ നിർദ്ദേശം അംഗീകരിക്കപ്പെട്ടു. "ഭാഗ്യപ്പെട്ട അമലോത്ഭവകന്യകാമറിയത്തിന്റെ ശൂശ്രൂഷികളുടെ സംഘം" ഔപചാരികമായി അമലോത്ഭവമാതാവിന്റെ തിരുന്നാളിൽ തന്നെ സമാരംഭിക്കുകയാണല്ലോ ഉചിതം. ആ പുണ്യദിനത്തിനുവേണ്ടി ആത്മീയമായ ഒരുക്കത്തിൽ ഉത്സാഹപൂർവ്വം ഏർപ്പെട്ടു, നേരത്തെ പേരെടുത്തുപറഞ്ഞ അഞ്ചുപേരും, മറ്റ് പത്ത് വൈദികരും, എട്ടു ശെമ്മാശ്ശന്മാരും, ഒരു യോഗാർത്ഥിയും. മർസിലിനോസ് മിഷിനറിയായിരുന്നു ജ്ഞാനധ്യാനം പ്രസംഗിച്ചത്. സന്ന്യാസജീവിതം. ആശ്ലേഷിക്കുന്നതിനാഗ്രഹിക്കുന്നവരെപ്പോലും നിരുത്സാഹരാക്കും വിധം

കാഠിന്യമേറിയ ആ പ്രഭാഷണങ്ങൾ ശ്രവിച്ചപ്പോൾ രണ്ടുവൈദികരും എട്ടു ശെമ്മാശ്ശന്മാരും ഒരു യോഗാർത്ഥിയും പേടിച്ച് പിന്മാറി. സഹായസഹോദരന്മാരെ തൽക്കാലം വ്രതം ചെയ്യിക്കേണ്ടതില്ലെന്നായിരുന്നു മെത്രാപ്പോലീത്തായുടെ അനുശാസനം. തന്മൂലം കണിയാന്തറ യാക്കോബിനെ മാറ്റി നിറുത്തേണ്ടിവന്നു. ഞങ്ങൾ പന്ത്രണ്ട് വൈദികർ മാത്രമാണ് അവശേഷിച്ചത്. ഇപ്രകാരം പകുതിയോളം പേർ പിൻവാങ്ങിയപ്പോൾ എന്റെ ഹൃദയം അത്യന്തം വേദനിച്ചു. "ദൈവമേ അങ്ങയുടെ തിരുമനസ്സു നിറവേറട്ടെ" എന്നാവർത്തിച്ചുച്ചരിച്ചുകൊണ്ടിരുന്നപ്പോഴും എനിക്ക് വിതുമ്പൽ അടക്കിനിർത്താനായില്ല.

1855 ഡിസംബർ 8 ലെ പൊൻപുലരി പൊട്ടി വിടരുന്നത് കാത്തുകൊണ്ടിരിക്കുകയായിരുന്നു ഞങ്ങൾ. അപ്പോഴതാ പന്ത്രണ്ടുപേരിൽ ഒടുവിലത്തെയാളിന് എഴുന്നേറ്റ് നിൽക്കാനാകാത്തവിധം അസുഖം. അദ്ദേഹം പിന്നീട് വ്രതമനുഷ്ഠിച്ചാൽ മതിയെന്ന് തീരുമാനമായി. അങ്ങനെ ഞങ്ങൾ പതിനൊന്നുപേർ വെള്ള ളോഹധരിച്ച് തുകൽവാറും ചെറിയ കർമ്മലോത്തരീയവും വിതുമ്പൽ അടക്കിനിർത്താനായില്ല.

1855 ഡിസംബർ 8 ലെ പൊൻപുലരി പൊട്ടി വിടരുന്നത് കാത്തുകൊണ്ടിരിക്കുകയായിരുന്നു ഞങ്ങൾ. അപ്പോഴതാ പന്ത്രണ്ടുപേരിൽ ഒടുവിലത്തെയാളിന് എഴുന്നേറ്റ് നിൽക്കാനാകാത്തവിധം അസുഖം. അദ്ദേഹം പിന്നീട് വ്രതമനുഷ്ഠിച്ചാൽ മതിയെന്ന് തീരുമാനമായി. അങ്ങനെ ഞങ്ങൾ പതിനൊന്നുപേർ വെള്ള ളോഹധരിച്ച് തുകൽവാറും ചെറിയ കർമ്മലോത്തരീയവും കടലാസ്സും കൈകളിലേന്തി ദേവാലയത്തിലേക്ക് പ്രദക്ഷിണമായി നടന്നുനീങ്ങി. മർസിലിനോസ് മിഷിനറിയായിരുന്നു മെത്രാപ്പോലീത്തായുടെ പ്രതിനിധിയായി വ്രതം സ്വീകരിക്കാൻ നിയോഗിതനായത്. പള്ളിയിൽ ഇടവകവൈദികരും ദൈവജനവും ആ കാഴ്ച കാണുവാൻ തിങ്ങിക്കൂടിയിരുന്നു. ഭാരതസഭയുടെ ചരിത്രത്തിൽ ആദ്യമായി ഏകദ്ദേശീയമായ ഒരു സന്ന്യാസസഭ കാനോനികമായി രൂപം കൊള്ളുന്ന സ്മരണീയ മുഹൂർത്തം!

"എന്തതിശയമേ ദൈവത്തിൻ സ്നേഹം! എത്ര മനോഹരമേ

അത് ചിന്തയിലടങ്ങാ സിന്ധുസമാനമായ് സന്തതം കാണുന്നു ഞാൻ"

എന്ന ഗാനം ഹൃദയത്തിൽ ഞാൻ ആലപിച്ചുകൊണ്ടിരുന്നു. പാലക്കൽ മല്പാനച്ചനും പോരുക്കരയച്ചനും ഈ സുന്ദരസുദിനത്തിനായി ദാഹിച്ചുമോഹിച്ചിരുന്നവരാണ്! അവർക്ക് കരഗതമാകാഞ്ഞ അവർണ്ണനീയമായ ഈ ഭാഗ്യം ഭോഷനും അകൃതപുഴുവുമായ അടിയന് ലഭിച്ചിരിക്കുന്നു!

"ആയതിനെന്തു കാരണം ദൈവമേ
ആദിഹീനനാം നിന്റെ ദയതന്നെ!"

സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ഈ അഭൗമിക നിമിഷങ്ങൾ കണ്ടുകൊണ്ടിരിക്കുന്നുണ്ടാകും സഭാസ്ഥാപനത്തിന് തുടക്കം കുറിച്ച ആ വന്ദ്യപിതാക്കന്മാർ. ദൈവത്തോടുള്ള തീക്ഷ്ണതയാൽ കത്തിജ്വലിച്ചുകൊണ്ടിരുന്ന ഏലിയാ പ്രവാചകനും മാംസത്തള്ളയേക്കാളധികം എന്നെ സ്നേഹിക്കുന്ന അമ്മയായ വി. ത്രേസ്യായും, ഈജിപ്തിലെ മറിയം, കൊർത്തോനായിലെ മറിയം, മഗ്ദലനാ മറിയം എന്നീ അമ്മമാരും ആത്മീയമായി ഇവിടെ സന്നിഹിതരായിരിക്കുന്നത് ഞാൻ അന്തർനേത്രങ്ങളാൽ ദർശിച്ചു; സന്തോഷാശ്രുക്കൾ പൊഴിച്ചു. മദ്ബഹായിൽ കസേരയിലിരുന്നിരുന്ന മർസിലിനോസ് മിഷിനറിയുടെ മുമ്പിൽ ഞാൻ മുട്ടുകുത്തി. അപ്പോൾ അദ്ദേഹം ആരാഞ്ഞു.

"*മാനാ ബായേ അത്ത്* (നീ എന്തന്വേഷിക്കുന്നു) ?
മ്റഹ്മാന്യൂസാ ദാലാഹാ
ഹൗറൂസാ ദാഹേ
മെസ്കേനൂസാ ദ്തക്സാ"
(ദൈവത്തിന്റെ കാരുണ്യവും
സഹോദരന്മാരുടെ കൂട്ടായ്മയും
നിയമത്തിലെ ദാരിദ്ര്യവും)

ഞാൻ നിർവിശങ്കം പ്രത്യുത്തരിച്ചു. തുടർന്ന് മിഷിനറി സന്ന്യാസജീവിതത്തിന്റെ മഹത്ത്വത്തേയും എളിമയേയും കുറിച്ച് ഹൃദയസ്പൃക്കായ ഒരു പ്രഭാഷണം നടത്തി. അത്യന്തം ശ്രദ്ധയോടെ ഓരോ വാക്കും ഒപ്പിയെടുക്കുകയായിരുന്നു ഞാൻ.

തുടർന്നാണ് വ്രതവാഗ്ദാനകർമ്മം അരങ്ങേറുക. മുട്ടുകുത്തി നിന്നിരുന്ന ഞാൻ കാർമ്മികന്റെ കരവും അദ്ദേഹം നീട്ടിത്തന്ന കുരിശു

രൂപവും ഭക്തിയോടെ മുത്തി. വ്രതവാഗ്ദാനമടങ്ങുന്ന രേഖയുടെ മുകളിൽ കുരിശുസമേതം മെത്രാപ്പോലീത്തായുടെ പ്രതിനിധി പിടിച്ചു. കുരിശുരൂപം മുത്തിയശേഷം ഭക്തിയോടും തീക്ഷണതയോടും കൂടെ ഞാൻ വ്രതവാഗ്ദാനം സ്ഫുടതയോടെ ഉച്ചരിച്ചു.

ഞാൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

നിയമാവലിയും അധികാരികളും ഞങ്ങളിൽനിന്നാവശ്യപ്പെടുന്ന

ചൊൽവിളി (അനുസരണം), മണവാട്ടിത്വം (ബ്രഹ്മചര്യം),

അഗതിത്വം (ദാരിദ്ര്യം) എന്നിവ

ദൈവത്തോടും

ഭാഗ്യപ്പെട്ടവളും കറ കൂടാതെ ഗർഭം ധരിക്കപ്പെട്ടവളുമായ പരിശുദ്ധമറിയത്തോടും

മലബാറിലെ അപ്പസ്തോലിക്കാ വികാരിയായ പെരിയ ബഹുമാനപ്പെട്ട മെത്രാനോടും

വ്രതം ചെയ്യുന്നു

ഇവ കൂടാതെ

നേരിട്ടോ മറ്റുള്ളവർ മുഖേനയോ

സന്ന്യാസസഭയിലോ

സഭക്കു പുറമെയോ

മെത്രാന്റെ അനുവാദം കൂടാതെ

യാതൊരു പദവിയും അന്വേഷിക്കുകയില്ലെന്ന് വാഗ്ദാനം ചെയ്യുന്നു.

തുടർന്ന് കുരിശുരൂപവും തലസ്ഥാനിയുടെ കരവും ചുംബിച്ചു. അദ്ദേഹം എന്നെ ചുമലുകളിൽ പിടിച്ചെഴുന്നൽപിച്ചുകൊണ്ട് കർമ്മലോത്തരീയം അണിയിക്കുകയും തോൽവാർ ധരിപ്പിക്കുകയും ചെയ്തു.

വ്രതാനുഷ്ഠാനകർമ്മത്തിന്റെ അടുത്ത ക്രമമായി ഞാൻ നിലത്ത് സാഷ്ടാംഗം വീണുകിടന്നു. അപ്പോൾ പരിശുദ്ധാത്മാവിനോടുള്ള *ഗീതമായ താ ലാക് റൂഹാ* ഗായകഗണം ഭക്തിനിർഭരവും സാഘോഷവുമായ വിധത്തിൽ ആലപിച്ചു. പഴയമനുഷ്യൻ എന്നിൽ മൃതിയടയണം; ഭൂമിയോടു ചേരണം. ഉത്ഥാനം ചെയ്ത ഈശോയായ പുതിയമനുഷ്യനായിട്ടാകണം ഞാൻ കിടന്നിടത്തുനിന്ന് എഴുന്നേൽക്കേണ്ടത്. "റൂഹാദ്ക്കുദ്ശായെ ഈ അത്ഭുതപരിവർത്തനം

എന്നിൽ നടത്തണമേ! എന്റെ ശക്തികൊണ്ട് എനിക്കതിന് കഴിയുകയില്ല. കർത്താവേ കനിയണമേ!" - ഞാൻ ആ സമയം മുഴുവൻ ഉരുവിട്ടുകൊണ്ടിരുന്നു. അപ്പോൾ ഒരു അഭൗമികശക്തി എന്നിൽ നിറയുന്നതായി അനുഭവപ്പെട്ടു. പാപികളിൽ പാപിയായി പാപികളുടെ ജ്ഞാനസ്നാനം സ്വീകരിച്ചശേഷം നദിയിൽ നിന്ന് ഈശോ സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരികയുണ്ടായല്ലോ. പരിശുദ്ധാത്മാവ് പറന്നിറങ്ങി വന്ന് മനുഷ്യപുത്രനിൽ ആവസിച്ചു. " ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രാസാദിച്ചിരിക്കുന്നു" എന്ന ദൈവ പിതാവിന്റെ സ്വരവും അവിടെ മുഴങ്ങുകയുണ്ടായി. ആ അവർണ്ണനീയവും മൗതികവുമായ വിണ്ണനുഭവത്തോട് എനിക്കനുവേപ്പെട്ട അനുഭൂതി വിശേഷത്തെ തുലനം ചെയ്യുക തീർച്ചയായും പ്രമത്തതയായിരിക്കും. മൂന്നാം സ്വർഗ്ഗത്തിലേക്കുയർത്തപ്പെട്ട പൗലോസ് ശ്ലീഹാക്കുണ്ടായ ദർശനങ്ങളും വെളിപാടുകളുമായി (2 കോറി.12:1-4) താരതമ്യപ്പെടുത്തുന്നതും അഹമ്മതി തന്നെ. എങ്കിലും എന്നിൽ ദൈവാനുഗ്രഹം വർഷിക്കപ്പെട്ടുവെന്ന സത്യം മറച്ചുവയ്ക്കുന്നതും തെറ്റാണല്ലോ.

"ഇച്ചെയ്ത ഗുണമഹത്ത്വമോർക്കുമ്പോൾ
ഇക്കരുണക്കു കൈമാറെന്തു നാഥാ!"

പരിശുദ്ധാരൂപിയുടെ ഗീതത്തിന്റെ അവസാനമുള്ള സങ്കീർത്തന ഭാഗങ്ങളും പ്രാർത്ഥനയും ആശീർവാദവും അവസാനിച്ചപ്പോൾ മർസിലിനോസ് മിഷിനറി എനിക്കു കൈവന്ന ദിവ്യാനുഗ്രഹത്തെ പ്രകീർത്തിച്ചുകൊണ്ട് ഒരു ലഘുപ്രസംഗം ചെയ്തു. അതോടുകൂടി എന്നെ സന്ന്യാസാശ്രമത്തിന്റെ പ്രിയോരായി നിയമിച്ചിരിക്കുന്നുവെന്ന് മെത്രാപ്പോലീത്തായുടെ നാമത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹത്തിന് ഇടറിയ സ്വരത്തിൽ ഞാൻ നന്ദി പറഞ്ഞു. മിഷിനറി സങ്കീർത്തിയിലേക്ക് മടങ്ങിയതോടെ ആശ്രമാംഗങ്ങൾ ഓരോരുത്തരായി എന്റെ മുമ്പിൽ മുട്ടുകുത്തി ശ്രേഷ്ഠനടുത്ത ആദരവുകളർപ്പിച്ചു. "പ്രിയപ്പെട്ട കുടപ്പിറപ്പുകളേ" എന്നഭിസംബോധന ചെയ്തുകൊണ്ട് ഞാൻ സ്നേഹപൂർവ്വം എല്ലാവരേയും കടാക്ഷിക്കുവാൻ മറന്നില്ല. അതിനുശേഷം എല്ലാവരും ദേവാലയത്തിൽനിന്ന് അല്പനേരത്തേക്ക് മടങ്ങി. തുടർന്നും ഗായകസംഘം വാദ്യോപകരണങ്ങളോടുകൂടെ ദൈവസ്തുതികൾ ആലപിച്ചുകൊണ്ടിരുന്നു.

അല്പം വിശ്രമിച്ചതിനുശേഷം സന്ന്യാസവ്രതമനുഷ്ഠിക്കാനുള്ള വൈദികരെല്ലാം മദ്ബഹായിൽ അണിനിരന്നു. ചേന്നങ്കരി ഇടവക

വല്ല്യാറാ യാക്കോ അച്ചനാണ് ആഘോഷമായ സ്തപസ്സ് കുർബ്ബാന പാടിയത്. അടുത്ത കർമ്മം പത്തംഗങ്ങളുടെ വ്രതാനുഷ്ഠാന മായിരുന്നു. ശ്രേഷ്ഠനായി ഉയർത്തപ്പെട്ട ഞാൻ സൂർപ്പലേശും ഊറാറയും ധരിച്ച് മർസിലിനോസ് മിഷിനറിയോടുകൂടി പ്രദക്ഷിണ മായി മദ്ബഹായുടെ അടുത്തുവന്നു നിന്നു. സന്ന്യാസവ്രത മനുഷ്ഠിക്കാനുള്ള പത്തു വൈദികർ സ്ക്കാപുലറും തുകൽവാറും വ്രതാനുഷ്ഠാനപത്രികയും കയ്യിൽപിടിച്ച് രണ്ടുനിരയായി ഞങ്ങളെ അനുധാവനം ചെയ്തിരുന്നു. അവർ എന്റെ മുമ്പാകെ മുട്ടുകുത്തി നിന്നു. മറ്റുള്ളവരെല്ലാം യഥാസ്ഥാനത്ത് ഇരുന്നപ്പോൾ തല്സ്ഥാനി യായ ഞാൻ നടുക്കിട്ടിരുന്നകസേരയിൽ ഉപവിഷ്ടനായി. ആദ്യം മിഷിനറി ചൂരുങ്ങിയ വാക്കുകളിൽ അച്ചന്മാരെ അഭിവാദനം ചെയ്തു. അതിനുശേഷം മുൻപറഞ്ഞ രീതിയിലുള്ള വ്രതാനുഷ്ഠാന കർമ്മ ങ്ങളെല്ലാം അരങ്ങേറി. എന്റെ മുമ്പാകെ വ്രതം ചെയ്ത വൈദിക രുടെ പേരുകൾ രേഖപ്പെടുത്തട്ടെ.

പുളിങ്കുന്ന് തോപ്പിൽ ഗീവർഗ്ഗീസച്ചൻ
ചമ്പക്കുളം പോരൂക്കര കുര്യാക്കോസച്ചൻ
അതിരമ്പുഴ കൊച്ചുപുരക്കൽ കുര്യച്ചൻ
ളാലം പുത്തൻപള്ളി മാഞ്ഞനാട്ടു മത്തായി അച്ചൻ
പാലാ കളപ്പുരക്കൽ മത്തായി അച്ചൻ
കൈനകരി വല്യാറാ യാക്കോ അച്ചൻ
ളാലം പുത്തൻപള്ളി കണിയാരകത്ത് മാണിയച്ചൻ
പള്ളിപ്പുറത്ത് പാലക്കൽ കുര്യച്ചൻ
പാലാ കട്ടക്കയത്ത് ചാണ്ടിയച്ചൻ
പുളിങ്കുന്ന് കളത്തിൽ സ്കറിയാച്ചൻ

വ്രതാർപ്പണത്തിനണഞ്ഞ എന്നോട് മെത്രാപ്പോലീത്തായുടെ പ്രതി നിധി ചോദിക്കുകയുണ്ടായല്ലോ, "നീ എന്തന്വേഷിക്കുന്നു?" എന്റെ പ്രത്യുത്തരത്തിലടങ്ങിയിരുന്ന അതിപ്രധാനമായ മൂന്നു കാര്യങ്ങ ളെക്കുറിച്ച് ഞാൻ വീണ്ടും പരിചിന്തിക്കട്ടെ.

മ് റഹ്മാനുസാ ദാലാഹാ: ദൈവത്തിന്റെ കാരുണ്യമാണ് പ്രഥ മതാ: പാപികളിൽ പാപിയായ ഞാൻ തേടേണ്ടത്. കർത്താവിന്റെ കാരുണ്യത്തെക്കുറിച്ച് നിരന്തരം ധ്യാനിച്ചിരുന്ന എനിക്ക് ആ മഹാ രഹസ്യത്തെക്കുറിച്ച് അവിടുന്ന് കുറച്ചൊക്കെ ഉൾക്കാഴ്ച്ച നൽകു കയുണ്ടായി. ഇപ്പോൾ എഴുതി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന *ആത്മാനുതാപത്തിലെ* ഒന്നും രണ്ടും പാദങ്ങളിൽ ഞാൻ ഏറ്റവു മധികം ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ കാരുണ്യം, കരുണ, ദയ,

കൃപ (27 പ്രാവശ്യം) എന്നിവയാണ്. ഹോറെബ് മലയിൽ യാഹ്വെ തന്റെ നാമങ്ങൾ പ്രഖ്യാപിക്കുന്നുണ്ടല്ലോ (പുറ.34:6). കാരുണ്യവാൻ, കൃപാനിധി, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, ആയിരങ്ങളോടു സ്നേഹം പൂലർത്തുന്നവൻ, ദുഷ്ടതയും എതിർപ്പും പാപവും പൊറുക്കുന്നവൻ. മറ്റു ചില സംജ്ഞകളാൽ സർവ്വേശ്വരനെ വിശേഷിപ്പിക്കുവാൻ എനിക്കു കൃപ ലഭിച്ചു: കരുണാകരനായ സർവ്വേശ്വരൻ, കാരുണ്യൻ, കരകാണാത്ത കൃപയിൻ ദൈവം, കരുണയുടെ കടക്കണ്ണുള്ളവൻ, കരുണാനിധി, കരുണാനാഥൻ, അനന്തദയാനിധൻ, അനാദ്യഗുണനിധി. എന്തുമാത്രം കരുണയാണ് ദൈവമെന്നിൽ ഉത്ഭവനിമിഷം മുതൽ വർഷിച്ചതെന്നോ!

"എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തം കൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം"

അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ കരുണാനിധിയായവൻ എന്നെ അപകടങ്ങളിൽനിന്ന് കാത്തുരക്ഷിച്ചു ഊനഹീനനായി ജന്മം നൽകി; നല്ല ക്രിസ്തീയ കുടുംബത്തിലെ അംഗമാക്കി; കാവലേർപ്പെടുത്തി; ജ്ഞാനസ്നാനദാനത്താൽ ദൈവതനയനാക്കി; കന്യാകാംബികയുടെ പദവിയെന്ന പ്രത്യേകപദവിയിലേക്കുയർത്തി.

"സർവ്വന്യായത്താലപ്പോൾ ശിക്ഷിപ്പാൻ നീതി തന്നെ
സർവ്വകാരുണ്യത്തോടെ കാത്തല്ലോ മേ ദൈവമേ"

കാരുണ്യനാഥന്റെ തുടർന്നുള്ള കൃപാകടാക്ഷങ്ങൾക്ക് ഞാൻ ധ്യാനസല്ലാപങ്ങളുടെ ആരംഭഗത്തു തന്നെ ഭാഷ്യം നൽകിയിട്ടുണ്ട്: "ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നതെങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി? കൊവേന്തയിലെങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങനെ വന്നു? യാതൊന്നിനും നിന്നെ കൊള്ളാമോ? ഇല്ല, ഇല്ല, നിശ്ചയം. അപ്പോഴോ തിരുമനസ്സ് നടക്കും, നടത്തും." കാരുണ്യത്തിന്റെ ഗായകനായിത്തീരാനായിരുന്നു എന്റെ തുടർന്നുള്ള ശ്രമം. ആസ്തപ്പാടു പട്ടത്തിനുശേഷം വീടുകയറ്റമെന്ന കർമ്മം തടയപ്പെട്ടപ്പോൾ എന്റെ പ്രതികരണം എന്തായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. പാട്ടക്കുടിശ്ശികയുടെ പേരിൽ മുട്ടുച്ചിറ ഇടവകക്കാരനായ മാഞ്ഞൂര് കളപ്പുര മാത്തൻ എന്റെ പേരിൽ കള്ള ക്കേസ് കൊടുത്ത് കോടതി കയറ്റി. കർത്താവ് കാണിച്ചുതന്ന മാതൃകയനുസരിച്ചാണ് ഞാൻ പിന്നീട് അയാളോട് വർത്തിച്ചത്. ആ കുടുംബത്തിന് കഴിയുന്നത്ര ഉപകാരം ചെയ്യാൻ മാന്നാനം ആശ്രമവാസി

കളെ കടപ്പെടുത്തുകയും ചെയ്തു. കൊവേന്തയുമായി പിണക്കത്തിലായിരുന്ന പെരുമാലിൽ തരകനെ ചെന്നുകണ്ട് അനുരഞ്ജിപ്പിച്ചു. കേരളസഭയെ തിരുസിംഹാസനവുമായുള്ള ബന്ധത്തിൽനിന്ന് വിച്ഛേദിക്കാൻ പരിശ്രമിച്ച റോക്കോസ് മെത്രാനെ കൊച്ചക്കോട്ടയിൽ ചെന്നുകണ്ട് തിരിച്ചുപോകാനുള്ള സാമ്പത്തികസഹായം നൽകി. ശീശ്മയിലകപ്പെട്ട തൊണ്ടനാട്ട് അന്തോണിയച്ചനെ പശ്ചാത്തപിച്ച് സഭയിലേക്കു തിരിച്ചുവരാൻ പ്രേരിപ്പിച്ചു. *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കത്തിൽ കൈനകരിക്കാരെ ഇപ്രകാരം ഉപദേശിച്ചു: "ഒരു ഉപദ്രവവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും (പുറം ജാതിക്കാർ) തമ്മിൽതമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരും ചെയ്യുന്നതിലധികം നീ എന്തുചെയ്യുന്നു?... നീരസങ്ങളെക്കുറിച്ച് പകരം വീഴ്ച ചെയ്യാൻ മൃഗങ്ങൾക്കുകൂടേയും ശക്തിയുണ്ട്. എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നത് മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു."

സന്ന്യാസിയായ ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കേണ്ട രണ്ടാമത്തെ കാര്യം *ഹൗറൂസാ ദാഹേ* (സഹോദരരുടെ കൂട്ടായ്മ അഥവാ സംസർഗ്ഗം) യാണ്. ഈശോ ശിഷ്യന്മാരെ സ്നേഹിച്ചതുപോലെ ഞാനും എന്റെ സഹോദരന്മാരെ സ്നേഹിക്കണം, വിട്ടുവീഴ്ചയില്ലാതെ, നിബന്ധനകൾ കൂടാതെ, നിരുപാധികം സ്നേഹിക്കണം; കർത്താവിന്റെ കരുണയുടെ നീർച്ചാലായിത്തീരണം ഞാൻ. അവിടുത്തെപ്പോലെ ജീവിതാന്ത്യം വരെ പരസ്പരം സ്നേഹിക്കുന്നവരുടെ കൂട്ടായ്മയായിത്തീരണം സമൂഹം. ആദിമക്രൈസ്തവ സമൂഹത്തിലെന്നപോലെ ഞങ്ങളിൽ നിറഞ്ഞുനിൽക്കുന്ന പരസ്പര സ്നേഹം ദർശിച്ച് ദൈവജനം അത്ഭുതവിവശരാകണം, തമ്പുരാനെ വാഴ്ത്തിപ്പുകഴ്ത്തണം. ഒരാളുടെ ആവശ്യം മറ്റംഗങ്ങളുടേതായി ഭവിക്കണം. ഒരുവന്റെ സന്തോഷമോ സന്താപമോ ഇതരർ തങ്ങളുടേതുതന്നെയായി കരുതണം. അങ്ങനെ ഏകഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ ദൈവസ്തുതിക്കും മാനവരക്ഷക്കുമായി ഉഴിഞ്ഞുവയ്ക്കപ്പെട്ടവരാകണം സഭാസമൂഹം. തിരുക്കുടുംബത്തിന്റേയും ത്രിത്വക്കുടുംബത്തിന്റേയും ജീവിക്കുന്ന പതിപ്പുകളാകണം ഞങ്ങൾ. ഇത്തരം സ്വർഗ്ഗീയകൂട്ടായ്മ ഭൂമിയിൽ കെട്ടിപ്പടുക്കുവാൻ നിയുക്തരായ നവ്യഉടമ്പടിയുടെ മക്കളായി സർവ്വരും ഞങ്ങളെ കണക്കാക്കണം. ദൈവകൃപയാലെന്നു പറയട്ടെ, സഹോദരരുടെ കൂട്ടായ്മയെക്കുറിച്ച് മൗലികവും മൗതികവുമായ അനുഭവജ്ഞാനം ദൈവം എനിക്കു നൽകി. സഭാംഗങ്ങളെ കൂടപ്പിറപ്പുകളായി ഒന്നിച്ചു

ജനിച്ചവർ, *twins*) കാണുവാനും ആദരിക്കുവാനും സ്നേഹിക്കുവാനും അനുഗ്രഹമേകി. കൃപാനിധിയായ കർത്താവേ, തിരുമുമ്പിൽ ഞാൻ സാഷ്ടാംഗം വീഴട്ടെ! അങ്ങ് വിഭാവനം ചെയ്യുന്ന സംസർഗ്ഗം സഭാംഗങ്ങളിൽ വളർത്തണമേ.

ഞാൻ അനുധ്യാവനം ചെയ്യേണ്ട മൂന്നാമത്തെ വസ്തുത ന്യായ പ്രമാണമനുസരിച്ചുള്ള അഗതിത്വമാണ്. എനിക്കേറ്റവും ഇഷ്ടമുള്ള പദമാണത്. ദാരിദ്ര്യവ്രതം വഴി ഞാൻ ഒന്നുമല്ലാത്തവനും ഒന്നുമില്ലാത്തവനുമായ അഗതി (ഗതിയില്ലാത്തവൻ) യായിത്തീരണം. ഗതി ലഭിക്കാൻ നിരന്തരം ദൈവത്തെ അള്ളിപ്പിടിച്ചുകൊണ്ടിരിക്കണം. പൂർവ്വപിതാവായ യാക്കോബിനെപ്പോലെ അങ്ങെന്നെ അനുഗ്രഹിക്കാതെ പിടിവിടുകയില്ലെന്ന് സിദ്ധാന്തം കൂട്ടണം. ഈശോയാകണം എന്റെ ജീവിതമാതൃക. പിതാവു കനിഞ്ഞാലേ തനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുള്ളുവെന്ന് അവിടുന്ന് നിരന്തരം ഉദ്ഘോഷണം ചെയ്തുകൊണ്ടിരുന്നു. താതൻ കാണിച്ചുതരുന്നതും പറയുന്നതും മാത്രം ഞാൻ പ്രവർത്തിക്കുന്നു. സ്വശക്തികൊണ്ട് തനിക്കൊന്നും സാധ്യമല്ല; എന്നാൽ ദൈവശക്തികൊണ്ട് സർവ്വതും ചെയ്യാൻ തനിക്കാകും. ദാനമായി ലഭിച്ച അനുഗ്രഹങ്ങളൊന്നും പിടിച്ചുവയ്ക്കാതെ അപരർക്കായി വ്യയം ചെയ്തു ദൈവസുതൻ. അഗതികളിൽ അഗതിയായ ആ നല്ല അപ്പനെ അനുകരിക്കാൻ ഞാൻ ഭഗീരഥയത്നം ചെയ്തുകൊണ്ടിരുന്നു. അപ്പോൾ ദൈവപിതാവിന്റെ സമ്പത്തെല്ലാം എന്റേതുമാണെന്ന മനോഭാവത്തിലേക്കു വളർന്നു. തന്മൂലം പണം സ്വരൂപിച്ചുവയ്ക്കാതെ തിരുസഭാസേവനത്തിന് തൂനിഞ്ഞിറങ്ങുവാൻ എനിക്കു കഴിഞ്ഞു. ദൈവം തന്റെ സമ്പത്ത് "അമർത്തി താഴ്ത്തി, കുലുക്കിക്കൊള്ളിച്ച്, നിറഞ്ഞുകവിയുന്ന നല്ല അളവിൽ എന്റെ മടിയിലേക്ക് ചൊരിഞ്ഞുതന്നു" (ലൂക്കാ.6:38). ആകാശത്തിലെ പറവകളേയും വയലിലെ ലില്ലിപുഷ്പങ്ങളേയും പോലെ ആകുലതകളിൽനിന്ന് തീർത്തും സ്വതന്ത്രനായി ദൈവവിഹായസ്സിൽ ഞാൻ സ്വച്ഛന്ദം പറന്നു നടന്നു.

18

കർമ്മലനാഥേ, വാഴ്ക

ആമലോത്ഭവകനൃകാമറിയത്തിന്റെ ശുശ്രൂഷികളായി ഏലിയാ പ്രവാചകന്റെ തീക്ഷണതയോടെ ബേസ്റൗമ്മായിൽ ദൈവത്തിന്റെ സ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കുകയും അവ പൂവണിയിക്കുവാൻ അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്ത കുടപ്പിറപ്പുകളുടെ കുട്ടായ്മയായി ഞങ്ങൾ വളർന്നുകൊണ്ടിരുന്നു. അന്നത്തെ അംഗങ്ങൾ "ഈശോമിശിഹായെ തലവനായി വിചാരിച്ചാണ് തിരുവചനങ്ങൾ കൈക്കൊണ്ടിരുന്നത്." "എളിമയുടേയും ചൊൽവിളിയുടേയും ഭക്തിയുടേയും കണ്ണാടികളായി അവർ ജീവിച്ചു." "മൂപ്പച്ചന്മാർക്കും കീഴ്ത്തലവന്മാർക്കും തമ്മിൽത്തമ്മിലും ഒരുപോലെ ചൊൽവിളി കാക്കുന്നവർക്ക് മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രസിക്കാനാകു" മെന്ന് ഞാൻ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. "ദൈവത്തിന് ഇഷ്ടമുള്ളതും ആത്മാവുകൾക്ക് എത്രയും ഉപകാരമുള്ളതുമായ കൊവേന്തക"ളായി ഞങ്ങൾ വളരുകയായിരുന്നു. "എളിമപ്പെട്ട കൂട്ടം മനുഷ്യരുണ്ടാക്കിയതല്ലെന്നും, തമ്പുരാൻ എത്രയോ പുതുമകളാൽ അതിനെ സ്ഥാപിക്കയും നടത്തുകയും വർദ്ധിപ്പിക്കയും ചെയ്തുവെന്നുമുള്ള സത്യം" ആർക്കും അജ്ഞാതമായിരുന്നില്ല. "ഏകാന്തതയെ പുൽകാതെ സന്ന്യാസാന്തസ്സിന്റെ മാധുര്യവും കടവും അറിഞ്ഞു നടത്തുവാൻ സാധിക്കയില്ലെ"ന്നും ഞങ്ങൾക്ക് ബോധ്യമുണ്ടായിരുന്നു. ദൈവസ്നേഹത്തിന്റേയും പരസ്നേഹത്തിന്റേയും മിന്നിത്തി

ളങ്ങുന്ന കണ്ണാടികളായ ഞങ്ങളുടെ ജീവിതമാതൃകയാൽ ആകർഷിതരായി പല യുവജനങ്ങളും ദർശനവീട്ടിലെ അംഗങ്ങളാകാൻ മുന്നോട്ടുവന്നു. സഭയുടെ വളർച്ച എന്നെ സന്തോഷിപ്പിച്ചു. കേരളത്തിന് വടക്കും തെക്കും ആശ്രമങ്ങൾ സ്ഥാപിക്കണമെന്ന നിവേദനങ്ങൾ ഉയർന്നു. അപ്പോൾ 1857 ൽ കുന്നമ്മാവിലും 1858 ൽ എൽത്തുരുത്തിലും 1859 ൽ വാഴക്കുളത്തും 1861 ൽ പുളിങ്കുന്നിലും ആശ്രമങ്ങളാരംഭിക്കുവാൻ ദൈവം കൃപ നൽകി.

ജ്ഞാനഭക്തിയോഗങ്ങൾ കർമ്മയോഗവുമായി സമഞ്ജസമായി സമ്മേളിപ്പിച്ച് ജീവിച്ചിരുന്ന ആ ദിനങ്ങൾ എത്രയോ സന്തോഷപ്രദമായിരുന്നു! അപ്പോഴാണ് ഏവരേയും ഞെട്ടിച്ച ഒരു കല്പന വന്നത്. 1860 ൽ റോമിൽ കൂടിയ കർമ്മെലീത്താസഭയുടെ പൊതുസംഘം ഞങ്ങളുടെ അറിവോ സമ്മതമോ തേടാതെ *ബേസ്റൗമ്മാ* വാസികളെ ആ സഭയുടെ മൂന്നാം സഭക്കാരായി അംഗീകരിച്ചു. അക്കാര്യം 1861 -ൽ ബർണ്ണർദ്ദീനോസ് മെത്രാപ്പോലീത്താവഴി ഞങ്ങളെ അറിയിക്കുകയും ചെയ്തു. അൽമായർക്കു വേണ്ടിയുള്ളതാണെന്ന് കരുതപ്പെട്ടിരുന്ന മൂന്നാം സഭയായി ഞങ്ങളെ അവരോധിച്ചത് ഒരു താഴ്ത്തിക്കെട്ടലായാണ് പലർക്കും തോന്നിയത്. ചിലരൊക്കെ പരസ്യമായിത്തന്നെ എതിർപ്പു പ്രകടിപ്പിച്ചു തുടങ്ങി. എന്റെ ഹൃദയവും അതിയായി വേദനിച്ചു.

"നമുക്ക് എന്തെങ്കിലും ചെയ്യാനാകുമോ? റോമിലേക്കെഴുതിയാലോ? പ്രതിഷേധം ജനറാളച്ചനെ അറിയിച്ചാലോ?" - പ്രാർത്ഥനാപൂർവ്വം ഞങ്ങൾ ചർച്ചയിലേർപ്പെട്ടു.

ഞാൻ റൂഹാക്കുദ്ശാ തമ്പുരാനിൽ അഭയം ഗമിച്ചു. ദൈവതിരുമനസ്സ് വെളിപെടുത്തിത്തരുവാൻ കേണപേക്ഷിച്ചു. തപസ്സിലേർപ്പെട്ടു. അവസാനം ഈ എളിയവന്റെ പ്രാർത്ഥനയെ ദൈവം ശ്രവിച്ചുവെന്നു പറയാം. അവിടുന്ന് ഒരു ഉൾക്കാഴ്ച്ച എനിക്കു നൽകി. ഈ ദിവ്യനിവേശനം കൂടപ്പിറപ്പുകളുമായി പങ്കുവയ്ക്കാൻ തിടുക്കപ്പെട്ടു ഞാൻ.

"പ്രിയപ്പെട്ട കുഞ്ഞുങ്ങളേ" എന്നവരെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഞാൻ ആരംഭിച്ചത്. "നാം സർവ്വേശരന്റെ വിശേഷ കൃപയാൽ ദൈവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മെലീത്താസഭക്കാരായി വിളിക്കപ്പെട്ടിരിക്കുന്നു! എന്നാൽ ഇത് ദൈവാലോചനയിലല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്ന് (കയ്യിലുള്ള കടലാസ് പൊക്കിപ്പിടിച്ചുകൊണ്ട്) ഇത് കടലാസ്സാണെന്ന്

കാണുംവണ്ണം ഞാൻ കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ സഭയുടെ അടിസ്ഥാനക്കാരായ പെ.ബ.പാലയ്ക്കൽ പോരുക്കര തോമാച്ചൻമാർ അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും വി. ഡൊമിനിക്കൻ സഭക്കാരാകണമെന്നതായിരുന്നു. ഇതിനായിട്ടത്രെ ഇതുവരെ ഇവിടെ നടപ്പിലില്ലാതിരുന്ന വെള്ള ളോഹ ഉടുത്തു തുടങ്ങിയതും മറ്റും. എന്നാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് പരിശുദ്ധരിൽ പരിശുദ്ധയായ അമ്മ നമ്മെ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു."

എന്റെ വാക്കുകൾ ശ്രവിച്ചപ്പോൾ അതുവരെ അമർഷത്തിന്റേതായ കണ്ണുകളിൽ ദൈവികമായ പ്രകാശം ഉദിച്ചുയർന്നു. ദൈവത്തിന്റെ പദ്ധതികൾ വിസ്മയാവഹം തന്നെ. അവിടുത്തേക്ക് നമ്മെക്കുറിച്ച് നിശ്ചിതമായസ്വപ്നങ്ങളുണ്ട്. അതാണിപ്പോൾ അധികാരികൾ വഴി അവിടുന്ന് വെളിപ്പെടുത്തിയിരിക്കുക.

"കർമ്മലാംബികയുടെ കാപ്പയിൻകീഴ് സംരക്ഷിക്കപ്പെടുന്നവരാകാൻ നമുക്ക് ഭാഗ്യമേകിയ നല്ല ദൈവത്തെ പാടിസ്തുതിക്കാം." - ഒരച്ചൻ എഴുന്നേറ്റു നിന്നു പറഞ്ഞു.

എല്ലാവരും കയ്യടിച്ചു. ഉടനടി ഞങ്ങൾ ചാപ്പലിൽ പോയി *തേ ദേവും* ("ദൈവമേ ഞങ്ങളങ്ങേ വാഴ്ത്തുന്നു" എന്നാരംഭിക്കുന്ന ഗീതം) പാടി. അപ്പോഴേക്കും എന്റെ നിർദ്ദേശാനുസരണം ശെമ്മാശ്ശന്മാർ *മെരേന്താ* (ആഘോഷാവസരത്തിലെ വിവേസമൃദ്ധമായ പലഹാരങ്ങൾ) ഒരുക്കിയിരുന്നു. എല്ലാവരും ഭക്ഷണശാലയിലേക്ക് നടന്നു.

"നെശ്തസ് ഹാ മാറെൻ ഈശോമിശിഹാ" ("നമ്മുടെ കർത്താവീശോമിശിഹാക്കു സ്തുതി") - ഉല്ലാസം ആരംഭിക്കുന്നതിന് ഞാൻ തുടക്കം കുറിച്ചു.

"ആമ്മേൻ"

എല്ലാവരും ആഘോഷത്തിമർപ്പിലായി.

19

ഒരു വടംവലി

മാർ സ്തബിലീനി മെത്രാന്റെ ഭാഷയിൽ "ലോകരെ പഠിപ്പിക്കാൻവേണ്ടി" തുടങ്ങിയതാണല്ലോ അമലോത്ഭവ കന്യകാമറിയത്തിന്റെ ദാസസംഘം. തന്മൂലം ആരംഭംമുതലേ ദൈവജനശുശ്രൂഷക്കും മറ്റും സഭാംഗങ്ങൾ പുറത്തുപോയിരുന്നു. *ബെസ്റ്റൗമാ* സമൂഹം കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ (കർമ്മൂസ) യായിത്തീർന്നതോടെ ബാഹ്യപ്രവർത്തനങ്ങളിലേർപ്പെടുന്നതിനുള്ള സ്വാതന്ത്ര്യം കുറഞ്ഞു. പ്രൊവിൻഷ്യൽ ദെലഗാദായലെയോപോൾദ് മൂപ്പച്ചൻ പലതിനും തടസ്സം നിന്നു. എനിക്കത് സഹനങ്ങൾക്കിടയാക്കി. ചിലപ്പോഴെല്ലാം എന്റെ ആദ്ധ്യാത്മികഗുരുവിന്റെ ഇംഗിതത്തിന് എതിരു നിൽക്കേണ്ട സങ്കടാവസ്ഥയുണ്ടായി. തന്റെ ഇളയപ്പൻ മരണാസന്നനായപ്പോൾ അദ്ദേഹത്തെ ചെന്നുകണ്ടു സമാശ്വസിപ്പിക്കാൻ കളത്തിൽ അപ്രേമച്ചൻ ആഗ്രഹിച്ചെങ്കിലും ലെയോപോൾദ് മിഷിനറി സമ്മതിച്ചില്ല. അനുകൂലമായ എന്റെ വാദമുഖങ്ങളൊന്നും ഗൗനിക്കാൻ തയ്യാറായതുമില്ല. സ്വന്തം അഭിപ്രായത്തിൽ ഉറച്ചുനിന്നുകൊണ്ട് കുറിയിട്ടു നിർണ്ണയിക്കണമെന്ന് ശഠിച്ചു. കറുത്തകുറി ഉയർത്തിപ്പിടിച്ചുകൊണ്ടാണ് മിഷിനറി പാത്രത്തിൽ നിക്ഷേപിച്ചത്. വെള്ളക്കുറി ഇടുന്നതിനെതിരേയുള്ള ഭീഷണിയായിരുന്നു അത്. അച്ചന്മാർ ധർമ്മസങ്കടത്തിലായി, അവർക്ക് ധൈര്യം പകരാൻ എനിക്ക് ഒരു കടുത്ത കൈ പ്രയോഗിക്കേണ്ടി വന്നു. ഞാൻ വെളുത്ത കുറി ഉയർത്തിപ്പിടിച്ചുകൊണ്ടാണ് വോട്ടുചെയ്തത്. ഫലമോ ഒരെണ്ണമൊഴികെ മറ്റെല്ലാം വെള്ള. മൂപ്പച്ചന്റെ മുഖം ചുവന്നു. എന്നോട്

അമർഷം തോന്നുക സ്വാഭാവികമാണല്ലോ. മുഖം കറുപ്പിച്ച് അദ്ദേഹം സ്ഥലം വിടുകയും ചെയ്തു.

അപ്പോൾ എനിക്കുണ്ടായ മനോവേദന വർണ്ണനാതീതമാണ്. ദൈവമേ, ഞാൻ മേലധികാരിയെ ധിക്കരിച്ചുവോ? അതോ സത്യത്തിനുവേണ്ടി വീരോചിതമായി നിലകൊള്ളുകയായിരുന്നുവോ? തമ്പുരാനേ, പൊറുക്കണമേ. മുപ്പച്ചന് എന്നോടുള്ള ബന്ധം തകർന്നാൽ സമൂഹം വലിയ വില കൊടുക്കേണ്ടി വരുമല്ലോ. കർത്താവേ, കനിയണമേ, കരുത്തേകണമേ.

അടുത്ത ദിവസങ്ങളിൽ ഞാൻ അദ്ദേഹത്തെ പലപ്രാവശ്യം സമീപിച്ചെങ്കിലും മുഖഭാവത്തിന് മാറ്റമൊന്നും കണ്ടില്ല. പ്രാർത്ഥനയെന്ന ആയുധവുമേന്തി ഞാൻ പരിശ്രമം തുടർന്നു. ഒടുവിൽ മിഷിനറി എന്നോട് മിണ്ടിത്തുടങ്ങി. തിരുഹിതമനുസരിച്ചാണ് വർത്തിച്ചതെന്നറിയാമായിരുന്നെങ്കിലും ഞാൻ പൊറുതിയപേക്ഷിക്കുകയാണ് ചെയ്തത്. മുപ്പച്ചൻ ഞങ്ങളെ വളരെയധികം സ്നേഹിച്ചിരുന്നവനാണ്. അതിന് അവസാനം വലിയ വില കൊടുക്കേണ്ടതായും വന്നു. അന്ന് അദ്ദേഹം അപ്രകാരം വർത്തിച്ചത് കർമ്മലസഭയുടെ നിയമം നിഷ്കർഷമായി നടപ്പിലാക്കണമെന്ന നിഷ്ഠകൊണ്ടായിരിക്കണം. ദൈവസമക്ഷം തെറ്റുകാരനാകാനിടയില്ല.

അഞ്ചാം ഭാഗം

വദനങ്ങളെ ദിവ്യാനനമാക്കൽ

20

നർമ്മഭാഷികൾ

സർവ്വേശ്വരൻ വാരിക്കോരി ചൊരിഞ്ഞ നന്മകളുടെ ലോകത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുമ്പോൾ അതാ ആരോ വാതിൽക്കൽ മുട്ടുന്നു! സൂക്ഷിച്ചുനോക്കിയപ്പോൾ അതാ തരകൻ, എന്റെ ആത്മമിത്രവും ഗുണകാംക്ഷിയുമായ നല്ല മനുഷ്യൻ. ചികിത്സയിലും അദ്ദേഹം വിദഗ്ദനായിരുന്നു.

"പ്രിയോരച്ചാ, ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ!"

"എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ"- എഴുന്നേറ്റു നിൽക്കുവാൻ ഭാവിച്ച എന്നെ തടഞ്ഞുകൊണ്ട് അദ്ദേഹം തുടർന്നു.

"ശല്യപ്പെടുത്തുന്നതു ക്ഷമിക്കണം പ്രിയോരച്ചോ. വേണ്ടത്ര സുഖമില്ലെന്നറിഞ്ഞപ്പോൾ ഓടി വന്നതാണ്. കണ്ണിന്റെ കാഴ്ച എങ്ങനെയുണ്ട്? ക്ഷീണം മാറ്റാൻ പോഷകാംശമുള്ള ഭക്ഷണം കഴിക്കുന്നുണ്ടോ? നിരന്തരം ജോലിചെയ്യുന്നത് നല്ലതല്ല. ഇടക്കിടക്ക് അല്പം വിശ്രമിക്കണം. പ്രിയോരച്ചൻ ആരോഗ്യവാനായി കാണുന്നതിൽ ആനന്ദിക്കുന്ന അനേകം പേരുണ്ടെന്നോർക്കണം. "

"സുഹൃത്തേ, ജീവിച്ചിരിക്കുമ്പോഴല്ലേ ജോലി ചെയ്യാനാവുക? കർത്താവു പറഞ്ഞിട്ടില്ലേ, ആർക്കും ജോലി ചെയ്യാൻ സാധിക്കാത്ത രാത്രികാലം വരികയാണെന്ന്. ജീവിതത്തിന്റെ സന്ധ്യാവന്ദനത്തിനുള്ള സമയമായെന്നു തോന്നുന്നു. തമ്പുരാൻ നൽകിയ സിദ്ധിക

ളോരോന്നും മറ്റുള്ളവരുടെ നന്മക്കായി വിനിയോഗിക്കാൻ കടപ്പെട്ട വരല്ലേ നമ്മൾ.? ഞാൻ സിസ്റ്റേഴ്സിനെഴുതിയ ഒരു വാചകം അങ്ങു മായി പങ്കുവയ്ക്കട്ടെ. "യാതൊരുത്തരും അല്പനേരവും വെറുതെ കളയാതിരിക്കുവാൻ ഉത്സാഹിക്കുക. ഇതിന്റെ വില എത്ര വലുതെന്നോർക്കണമേ."

"ദൈവത്തിന്റെ മനുഷ്യനാണ് പ്രിയോരച്ചൻ. അങ്ങ് സ്വർല്ലോകത്തിലാണ് ചരിക്കുന്നതെന്നറിയാം. എങ്കിലും ഒരു വൈദ്യനായ എന്റെ ഉപദേശം ശ്രവിക്കുന്നതും തിരുമനസ്സാണെന്ന കാര്യം മറക്കരുതെന്നപേക്ഷിക്കട്ടെ."

"ഈശോയാണ് വൈദ്യരിൽ വൈദ്യൻ. അവിടുത്തെ പ്രതിപുരുഷന്മാരാണ് നിങ്ങളെല്ലാവരും. അതിനാൽ ചൊൽവിളി കേൾപ്പാൻ ഞാൻ കടപ്പെട്ടവനാണ്."

"നല്ല കാര്യം. അപ്പോൾ കണ്ണിന്റെ കാഴ്ച്ച എങ്ങനെയുണ്ട്?"

"വയസ്സായില്ലേ? കാഴ്ചയൊക്കെ അല്പം മങ്ങുക സ്വാഭാവിക മല്ലേ?"

"ഇറ്റാലിയൻഭാഷ പഠിക്കുന്നതിൽ ചെലുത്തുന്ന ആയാസമാകണം ഇപ്പോഴതിനുള്ള കാരണം. അൽമായനാണെങ്കിലും ഞാനും ഒരു വേദവാക്യം ഉദ്ധരിക്കട്ടെ. കണ്ണാണ് ശരീരത്തിന്റെ വിളക്കെന്ന് കർത്താവ് എവിടെയോ പറഞ്ഞിട്ടില്ലേ?"

"അല്ല തരകൻ ബൈബിളിലും വ്യുൽപത്തി നേടിയിട്ടുണ്ടെന്ന് ഇപ്പോഴാണറിയുന്നത്. വളരെ വളരെ സന്തോഷം. ദൈവത്തിനു സ്തോത്രം!"

"ആട്ടെ കാഴ്ച്ചക്കുറവിനെക്കുറിച്ചുള്ള എന്റെ നിഗമനം ശരിയല്ലേ?"

"തരകൻ പറഞ്ഞത് വാസ്തവം തന്നെ. മാതാവിന്റെ ജീവിതത്തെക്കുറിച്ച് അനുചിന്തനത്തിലേർപ്പെടാൻ മരിയ ദ് അഗ്രദെയുടെ *ദൈവത്തിന്റെ നഗര*മെന്ന ഗ്രന്ഥം സഹായകരമെന്ന് തോന്നി. അതിന് ഇറ്റാലിയൻ ഭാഷ പഠിക്കാതെ മറ്റു മാർഗ്ഗമില്ലല്ലോ. അല്പം കൂടുതൽ അദ്ധ്വാനിക്കേണ്ടിവന്നു. ഇപ്പോൾ ഇറ്റാലിയൻ ഒരുമാതിരി വശമായിക്കഴിഞ്ഞു. വൈദ്യരേ ഇനി ഞാൻ കൂടുതൽ സൂക്ഷിച്ചു കൊള്ളാം."

എന്റെ വാക്കുകളിലടങ്ങിയിരുന്ന നർമ്മം നല്ലവണ്ണം ആസ്വദിച്ചു ആ സഹൃദയൻ.

"ചൊൽവിളി കാക്കുവാൻ ഉത്സാഹമുണ്ടല്ലേ? ആട്ടെ നല്ല ഭക്ഷണ കഴിക്കണമെന്ന കാര്യം ഗൗരവമായെടുക്കുമോ? "

"വൈദ്യരേ ക്ഷമിക്കണം. ഞാൻ ഒരു സന്ന്യാസസമൂഹത്തിലെ അംഗമാണ്. കൂട്ടക്രമം പാലിക്കാൻ കടപ്പെട്ടവൻ. പൊതുവായി വിളമ്പപ്പെടുന്ന ഭക്ഷണം തുടർന്നും കഴിക്കണമെന്നാണെന്റെ ആഗ്രഹം. അവശത വർദ്ധിക്കമ്പോൾ തരകന്റെ ഉത്തരവിൻപടി ചെയ്തുകൊള്ളാം."

സരസവും സാരവത്തായതുമായ എന്റെ വാക്കുകൾ ശ്രവിച്ച പ്പോൾ ആ ഉത്തമസുഹൃത്തിന് സമ്മതം മൂളേണ്ടിവന്നു.

""എന്നാൽ അടിയൻ വിടവാങ്ങട്ടെ." കപടമായ വിനയം. സ്തുതി ചൊല്ലി തരകൻ സ്ഥലം വിട്ടു.

22

"സ്നേഹമണവാളന്റെ സ്വരം ഓർക്കുന്നവർ"

ബേസ്റ്റമ്മാ എന്ന സ്വപ്നത്തോടൊപ്പം എന്നിൽ മറ്റൊരു മോഹവും ദൈവം പൊട്ടിമുളപ്പിച്ചിരുന്നു. കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെ സന്ന്യാസജീവിതം നയിക്കുന്നതിന് ഒരു കന്യകാമഠം ഉണ്ടാകണം. അതുവഴി പുണ്യവാന്മാർക്കും പുണ്യവതികൾക്കും ജനനം നല്കുന്നതിനുള്ള ശക്തി മാർ തോമാ ശ്ലീഹാ സ്ഥാപിച്ച സഭക്കു സിദ്ധിക്കണം. ആ സുന്ദരസ്വപ്നം പൂവണിയുന്നതിനുള്ള പ്രാരംഭമായിട്ടാണ് ദൈവം ദർശനവീടുണ്ടാക്കിയതെന്ന് ഞാൻ വിശ്വസിച്ചു. ഞാൻ പ്രാർത്ഥനയെന്ന വജ്രായുധം കയ്യിലെടുത്തു; സ്വർഗ്ഗീയതാതന്റെ വാതിൽക്കൽ നിരന്തരം മുട്ടുകയും ശല്യപ്പെടുത്തുകയും ചെയ്തു. ദൈവത്തിന്റെ സമയത്തിനായി ക്ഷമാപൂർവ്വം കാത്തിരുന്നു. അപ്പോൾ 1859 ൽ പുത്തൻപള്ളിയിൽ മഠസ്ഥാപനത്തിന് ആരംഭം കുറിക്കുവാൻ കൃപ ലഭിച്ചു. എന്നാൽ കന്യാസ്ത്രീ മഠമല്ല സെമിനാരിയാണ് കാലത്തിന്റെ ആവശ്യമെന്ന് അധികാരികൾ തീരുമാനിച്ചതിനാൽ കെട്ടിടം സെമിനാരിയാക്കേണ്ടിവന്നു. എന്റെ ചിരകാലസ്വപ്നം തകർന്നുടിയുകയാണോ? അത് പ്രാവർത്തികമാക്കുന്നത് ദൈവത്തിന് ഹിതകരമല്ലായിരിക്കുമോ? ആശയം മനസ്സിൽനിന്ന് തള്ളിക്കളയാനുള്ള ശ്രമം വിഫലമായപ്പോൾ ആത്മാവിന്റെ ആ കാർത്തികാപുഷ്പം ദൈവതൃക്കരങ്ങളിൽ സമർപ്പിച്ച് സ്വസ്ഥതതേടി.

"ഞാൻ ത്രേസ്യായുടെ ഈശോയാകുന്നു" വെന്ന് വി.അമ്മത്രേസ്യായോട് അരുൾ ചെയ്തവനാണല്ലോ അവിടുന്ന്. മാംസത്തള്ള യേക്കാൾ എന്നെ അതിരറ്റു സ്നേഹിക്കുന്ന ആ മാതൃഹൃദയത്തിന് ഈയുള്ളവന്റെ ചിരകാലസ്വപ്നം തള്ളിക്കളയുവാനാകുമോ? മാത്രമല്ല ഭാരതത്തോട് പ്രത്യേക താൽപര്യം കാണിച്ചവൾക്ക് കേരളത്തിൽ ഒരു കർമ്മെലീത്താമഠം ഉണ്ടാകണമെന്ന് ആശയില്ലാതിരിക്കുമോ? ഇപ്പോൾ പ്രിയമണവാളനോടൊത്തു വാഴുന്ന നവീകരിക്കപ്പെട്ട കർമ്മെലസഭയുടെ സ്ഥാപകയായവൾ സാധ്യപ്പെടുണർത്തിച്ചതിനാലാകണം ഞാൻ ഏറെക്കാലമായി അപേക്ഷിച്ചു വന്നിരുന്ന കാര്യം സാധിച്ചുതരുവാൻ ഈശോ തിരുമനസ്സായത്.

ഒരു ദിവസം ഉച്ചകഴിഞ്ഞ് ലെയോപോൾദ് മൂപ്പച്ചൻ എന്റെ മുറിയിലെത്തി. ആത്മപിതാവിനെ കണ്ട മാത്രയിൽ ഞാൻ എഴുന്നേറ്റ് സ്തുതിചൊല്ലി.

"പ്രിയോരച്ചാ നമുക്കൊന്ന് നടക്കാനിറങ്ങിയാലോ?"

"നല്ല കാര്യം"

ഞങ്ങൾ രണ്ടുപേരും കൂടി കൂനമ്മാവുകൊവേന്തയുടെ പടികടന്നു വടക്കോട്ടു തിരിഞ്ഞു നടന്നു. അപ്പോഴാണ് മൂപ്പച്ചൻ വായ് തുറന്നത്.

"ഇവിടെ ഏലീശ്വാ എന്ന ഒരു വിധവയുണ്ട്. അന്നായെന്ന മകളും. അപ്പന്റെ വസ്തുക്കളിൽ പകുതി അവൾക്കുള്ളതാണ്. വിവാഹം കഴിക്കാൻ തീരെ മനസ്സില്ല. രണ്ടുപേരുടേയും കുമ്പസാരക്കാരനാണ് ഞാൻ. അവർക്ക് ഒരാഗ്രഹം, മരണം വരെ കർത്താവിന് പ്രതിഷ്ഠിക്കപ്പെട്ടവരായി ജീവിക്കുവാൻ. എന്തു ചെയ്യണമെന്നറിയാത്തതിനാൽ അമ്മയും മകളും എന്നെ സമീപിച്ചിരിക്കുകയാണ്."

"നല്ല കാര്യം. ആട്ടെ എന്തു ചെയ്യാനാണ് പ്ലാൻ?"

"ഞാൻ ധാരാളം പ്രാർത്ഥിച്ചു. മറ്റു മൂപ്പച്ചന്മാരുമായി സംസാരിച്ചെങ്കിലും ആർക്കും പ്രത്യേക താല്പര്യമൊന്നും കണ്ടില്ല. കന്യാസ്ത്രീമഠം ഉണ്ടാകണമെന്ന് ഏറെനാളായി അപേക്ഷിച്ചു വന്നവനാണല്ലോ പ്രിയോരച്ചൻ. "

സംഗതി കേട്ടപാടേ ഞാനൊരു ചാട്ടം. ദൈവമേ, ഇതായിരിക്കുമോ അങ്ങ് വിഭാവനം ചെയ്തിരിക്കുന്ന സമയം? സന്തോഷം കാരണം ഉടനെ പ്രത്യുത്തരിക്കുകയുണ്ടായില്ല ഞാൻ.

"പ്രിയോരച്ചാ, എന്താണ് ഒന്നും മിണ്ടാത്തത്?"

"ദൈവത്തിനു സ്തുതി! ചിരാഭിലാഷം നിവർത്തിച്ചു തരുന്നുവെന്നു തോന്നിയതിനാലുണ്ടായ ആനന്ദാതിരേകത്താൽ വീർപ്പുമുട്ടിപ്പോയി. ക്ഷമിക്കണം. "

അല്പസമയത്തിനുശേഷം ഞാൻ തുടർന്നു.

"കാര്യം നടപ്പിലാക്കാൻ ദൈലഗാദച്ചന് പ്രത്യേകമായി എന്തെങ്കിലും പദ്ധതിയുണ്ടോ?"

സന്തോഷചിത്തനായ മൂപ്പച്ചൻ മൊഴിഞ്ഞു.

"രണ്ടുപേരെയും തറവാട്ടിൽനിന്നു മാറ്റുക; അവർക്കുള്ള പറമ്പുകളൊന്നിൽ ഒരു സ്ഥലമുണ്ടാക്കി താമസിപ്പിക്കുക. എന്താണഭിപ്രായം?"

"കന്യാസ്ത്രീമഠമുണ്ടാക്കാനല്ലേ ഉദ്ദേശ്യം? എത്രയോ പെൺപൈതങ്ങളാണ് ദൈവത്തിന് സ്വയം സമർപ്പിച്ചുകൊണ്ട് ജീവിക്കാനാഗ്രഹിക്കുന്നത്! അവർക്ക് പുണ്യസങ്കേതമാകാനും വേദകാര്യങ്ങൾ പഠിക്കുന്നതിനും സന്ന്യാസിനീഭവനങ്ങൾ ഉപകരിക്കുമല്ലോ. അതുപോലെ അവർക്ക് ബാലികമാരെ കൈവേലകൾ അഭ്യസിപ്പിക്കുന്നതിനുമാകും."

ആവേശാധിക്യം എന്നെ ഗ്രസിച്ചു

"നമുക്കുടനെ മഠം പണി തുടങ്ങണം. മെത്രാപ്പോലീത്തായുടെ സമ്മതം വാങ്ങണം."

പ്രിയോരച്ചൻ മുന്നോട്ടുവന്നാൽ മെത്രാപ്പോലീത്താ തീർച്ചയായും അനുവദിക്കും. കാരണം സുറിയാനി പള്ളിക്കാർ പ്രിയോരച്ചൻ എന്തു സഹായം ചോദിച്ചാലും ഉടനടി ചെയ്തു തരാൻ തയ്യാറാണെന്ന് അദ്ദേഹത്തിനറിയാം.

ഏലീശായുടേയും അന്നായുടേയും വസ്തുക്കൾ ഇളയപ്പനായ വറീത് തോമ്മനാണ് നടത്തിയിരുന്നത്. അയാളെ വരുത്തി വിവരം പറഞ്ഞു.

"നല്ല കാര്യം. പക്ഷേ വസ്തുവിന്മേൽ ധാരാളം കടമുണ്ട്."

"കടങ്ങളെല്ലാം ഇവിടെനിന്നും തീർത്തുകൊള്ളാം. നീ കന്യാസ്ത്രീമഠത്തിനായി ചെറിയ പുരയുണ്ടാക്കണം - മൂപ്പച്ചൻ മൊഴിഞ്ഞു."

"മൂപ്പച്ചോ, ഞാൻ പാപ്പരാണ്. പുരപണിയാൻ ഒരു വഴിയും കാണുന്നില്ല" - അയാൾ കയ്യൊഴിഞ്ഞു.

അവസാനം ഞാൻതന്നെ മൂന്നോട്ടിറങ്ങേണ്ടി വന്നു. പതിനെട്ടുരൂപാ പിരിച്ചെടുത്തു. കന്യകാമറിയത്തിന്റേയും മാർ യൗസേപ്പിന്റേയും വിവാഹത്തിരുന്നാളായ 1866 ജനുവരിയിൽ പനമ്പ് മഠത്തിന്റെ പണി ആരംഭിച്ചു. ഫെബ്രുവരി 13 ചൊവ്വാഴ്ച്ച സഹോദരിമാർക്കുള്ള മൂന്നു മുറികളും പ്രാർത്ഥനാമുറിയും ഊട്ടുമുറിയും തയ്യാറായി.

തെങ്ങും പനമ്പും കൊണ്ടാണ് എല്ലാം നിർമ്മിച്ചത്. ആ പറമ്പിൽ ത്തന്നെ പാർത്തിരുന്ന അവുരാ എന്നയാൾക്കുണ്ടായിരുന്ന ഒരു ചെറിയപുര ആറ് രൂപാ കൊടുത്ത് വാങ്ങിച്ച് അടുക്കളയാക്കി. ഒരു പുത്തൻവഴി വെട്ടി, പുറംവേലി നിർമ്മിച്ചു. പണികളെല്ലാം മൂപ്പച്ചനും ഞാനും കൂടിയാണ് നിരന്തരം അന്വേഷിച്ചുകൊണ്ടിരുന്നത്.

"പട്ടാങ്ങയായ അഗതിത്വം പോലെ ഒരു സ്ഥലം" എന്നാണ് ഞാൻ അതിനെ *നാളാഗമ*ത്തിൽ വിശേഷിപ്പിച്ചത്. ഇനി മുറികളും മറ്റും സജ്ജീകരിക്കണമല്ലോ. കന്യാസ്ത്രീകൾക്ക് അത്യാവശ്യമെന്നു തോന്നിയവ ഒരു ലിസ്റ്റുണ്ടാക്കി. എവിടെ നിന്നു സംഘടിപ്പിക്കും?

ദൈലഗാദച്ചോ, മഠത്തിലാവശ്യമായവയുടെ ഒരു പട്ടിക ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ഉണർത്തുമണി, കൊന്തക്കുരുക്കൾ, കൊടിൽ, കമ്പി, കത്രിക, സൂചി, നൂൽ, പേനാക്കത്തി, മഷിക്കുപ്പി, തുവൽ, കടലാസ്സ്, ആണി, ചുറ്റിക, റാന്തൽ, ഫ്രെയിമിട്ട പടങ്ങൾ, മരക്കുരിശുകൾ, ഹന്നാൻവെള്ളം, കുഴിയൻ പിഞ്ഞാണി, കോപ്പ, സ്പൂൺ, കാർപ്പ്, കറിക്കത്തി, പിടിയുള്ള മൺപാത്രം, കുജ, കട്ടിൽ, പായ, പുതപ്പ്, കൊച്ചുമേശ, ചെറിയ ബഞ്ച് തുടങ്ങിയവ. എവിടെ നിന്നിവയൊക്കെ ലഭിക്കും?

"പ്രിയോരച്ചന് എന്തെങ്കിലും ആശയമുണ്ടോ?"

ഒരു പോംവഴി കർത്താവെനിക്ക് തോന്നിച്ചുതന്നിരുന്നു. മൂപ്പച്ചൻ ചോദിക്കുമ്പോൾ പറയുകയായിരിക്കും ഉചിതം.

"തൽക്കാലം കൊവേന്തയിലെ നവസന്ന്യാസഭവനത്തിൽനിന്ന് ഇവ കൊണ്ടു വന്നാലോ?"

മൂപ്പച്ചന് സന്തോഷമായി. 13-ാം തിയ്യതി രാവിലെ 5 മണിക്കു തന്നെ ഞങ്ങൾ പനമ്പു മഠത്തിലെത്തി. മേൽപ്പറഞ്ഞവയെല്ലാം സന്ന്യാസ ഭവനത്തിൽനിന്നു കൊണ്ടുവന്നു. കൂടാതെ പ്രാർത്ഥനാ മുറിയിൽ ദൈവമാതാവിന്റേയും മാർയൗസേപ്പിതാവിന്റേയും ഫ്രെയിമിട്ട പടങ്ങളും, ഓരോ മുറിയിലും വേദോപദേശം, ചരിത്ര ജ്ഞാനോപദേശം, ദിവ്യമാതൃക, ജീവിതക്രമം തുടങ്ങിയ ഗ്രന്ഥങ്ങളും. മുറികളിൽ കൊച്ചുവിളക്കുകളും, മെഴുകു റോളും, പ്രാർത്ഥനാ മുറിയിൽ രണ്ട് തിരിക്കാലുകളും മെഴുകുതിരിയും, പൂച്ചട്ടികളും, കൊച്ചുതുമ്പായും. വിളക്കിലിടുവാൻ തിരികളും പഴന്തുണികളും സജ്ജീകരിച്ചു. അതിനുശേഷം ഏലീശ്വാ അവരുടെ സഹോദരി ത്രേസ്യാ (ആ ഭക്തയുവതിയേയും മഠത്തിൽ ചേർക്കുന്നതിന് മൂപ്പച്ചൻ തീരുമാനിച്ചിരുന്നു), അന്ന എന്നിവരെ ആളയച്ച് വിളിപ്പിച്ചു. ഒരു ജോലിക്കാരിയേയും കണ്ടു വച്ചിരുന്നു.

ആദ്യമായി പള്ളിയിൽചെന്ന് അവരെല്ലാം കുർബ്ബാന കാണുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. അനന്തരം ബന്ധുജനങ്ങളായ സ്ത്രീജനങ്ങളോടുകൂടെ പുത്തൻ വഴിയിലൂടെ നടന്ന് പനമ്പു മഠത്തിൽ പ്രവേശിച്ചു. മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം കർമ്മലീത്താ മൂന്നാം സഭ യെന്നാണ് പുതിയ സ്ഥാപനത്തിന് നാമം നൽകിയിരുന്നത്. ലെയോപോൾദ് മൂപ്പച്ചനെ കാനോനിക ശ്രേഷ്ഠനായി നിയമിച്ചിരുന്നു. പനമ്പുമഠത്തെക്കുറിച്ചുള്ള അനുഷ്ഠാനക്രമങ്ങൾ ഞാൻ *മാന്നാനം നാളാഗമ*ത്തിൽ കുറിച്ചുവെച്ചിരുന്നതിന്റെ സംക്ഷിപ്തരൂപം താഴെ പകർത്തട്ടെ. മുറിയിൽ കടന്ന് മുട്ടുകുത്തി വണങ്ങി കുറച്ചുനേരം പ്രാർത്ഥിച്ചു. ശേഷം മൂപ്പച്ചൻ സൂർപ്പലേസും ഊറാറയും ധരിച്ചുകൊണ്ട് ക്രമങ്ങൾ ആരംഭിച്ചു.

"മരണത്തോളം ഈ മഠത്തിൽ പാർത്ത് കന്യാവ്രതം, അഗതിത്വം, ചൊൽവിളി എന്ന വ്രതങ്ങൾ കാത്തുകൊണ്ട് ജീവിപ്പാൻ നിങ്ങൾക്കു മനസ്സുണ്ടോ?"

"ദൈവകാരുണ്യത്തിലും സഭയുടെ പ്രാർത്ഥനാസഹായത്തിലും ആശ്രയിച്ചുകൊണ്ട് ഞാൻ ശരണപ്പെടുകയും മനസ്സായിരിക്കുകയും ചെയ്യുന്നു" - മൂന്നുപേരും ഏകസ്വരത്തിൽ പ്രത്യുത്തരിച്ചു.

തുടർന്ന് ഓരോരുത്തർക്കും വെന്തിങ്ങ നൽകി, ഹന്നാൻവെള്ളം തളിച്ചശേഷം "ദൈവമേ ഞങ്ങളങ്ങേ വാഴ്ത്തുന്നു" എന്ന കൃത ജ്ഞതാഗീതം മൂപ്പച്ചൻ ലത്തീനിലും (*തേ ദേവും*), ഞാൻ സുറിയാനിയിലും (*ലാക് ആലാഹാ*) ആലപിച്ചു. ഉപദേശങ്ങൾക്കുശേഷം അകത്തുകയറിയിരുന്ന സ്ത്രീജനങ്ങളെ പറഞ്ഞയച്ചു. അത്യാവശ്യം അറിയേണ്ട ചില കാര്യങ്ങൾ പറഞ്ഞുകൊടുത്തു. പതിനൊന്നു മണിയോടുകൂടെ മൂപ്പച്ചനും ഞാനും പുറത്തിറങ്ങി.

"ദലഗാദച്ചോ, ഭാരതത്തിൽ കർമ്മലീത്താ സന്ന്യാസിനീസഭ ആരംഭിക്കണമെന്ന വി.അമ്മത്രേസ്യായുടെ ആഗ്രഹം ഇപ്രകാരം സഫലമായിത്തീർന്നല്ലോ"

"പ്രിയോരച്ചോ, നമുക്കതിന് അമ്മയോട് പ്രത്യേകം നന്ദി പറയാം."

മാംസത്തളളയേക്കാളധികം എന്നെ സ്നേഹിക്കുന്ന ഈശോയുടെ മണവാട്ടിയായ വി. ത്രേസ്യായേ, അങ്ങയുടെ ഈ കൊച്ചു കുഞ്ഞുങ്ങളെ കാത്തുകൊള്ളണമേ.

എന്റെ പിൻഗാമിയായ പോരുക്കര ഏലീശ്വാച്ചൻ എനിക്കവരോടുള്ള സ്നേഹാധിരേകത്തെ ഒരു ബൈബിൾ വാക്യം വഴി വ്യക്തമാക്കുന്നു. പൂർവ്വപിതാവായ യാക്കോബ് തന്റെ കനിഷ്ഠപുത്രനായ

ബഞ്ചമിനെ മറ്റു മക്കളെക്കാളധികം സ്നേഹിച്ചു. "തള്ള മക്കളെ വളർത്തുന്നതുപോലെ ഞാൻ അവരെ വളർത്തി പരിപാലിച്ചിരുന്നു"വെന്നദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ വാർദ്ധക്യസഹജമായ വാത്സല്യം മാത്രമായി അതിനെ വ്യാഖ്യാനിക്കരുത്. ഞാൻ അഭ്യസിച്ചിരുന്ന ആദ്ധ്യാത്മികത അവർക്കെഴുതിയ കത്തുകളിൽ കവിഞ്ഞൊഴുകുവാൻ കർത്താവിടയാക്കി.

"സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതാണെന്നോർക്കുക" യത്രേ സിസ്റ്റേഴ്സിന്റെ ദൈവവിളി. ഈശോയും ഞാനും മാത്രം. ഏകനായിരിക്കുന്നവനോടൊപ്പം ഏകയായിരിക്കുക, ഏകാന്തത പുൽകുക. "അപ്പോൾ സ്നേഹമണവാളൻ ആ ആത്മാവിനെ ഏകാന്തതയിൽ വെച്ചു കാണ്മാനായി എഴുന്നള്ളിവരും. അവളോടുകൂടി സംസാരിച്ചുതുടങ്ങും. സ്നേഹത്തിന്റെ വീഞ്ഞ് പകർന്നു കൊടുക്കും; ചില ആഭരണങ്ങൾ അണിയിക്കും." സിസ്റ്റേഴ്സ് "അരുപിയാലേ ഹൃദയത്തിൽ കർത്താവിനെ വിരുന്നിനു വിളിച്ചുകൊണ്ടിരിക്കണം." "തന്റെ മണവറയായ മുറിയിൽ തന്നോടുകൂടെ അവർ തെളിയണം."

24 കത്തുകൾ ഞാൻ സിസ്റ്റേഴ്സിന് എഴുതുകയുണ്ടായി. കനൃകാമാതാവിനെ സ്നേഹിക്കാനും ഞാൻ അവരെ പഠിപ്പിച്ചു. അതിനായി എന്റെ കയ്യിലുണ്ടായിരുന്ന വണക്കമാസപുസ്തകം കൊടുത്തയച്ചു. തമിഴിൽനിന്ന് ജ്ഞാനഗ്രന്ഥങ്ങൾ അവർക്കുവേണ്ടി തർജ്ജമചെയ്തു. "എന്റെ തമ്പുരാന്റേയും കർത്താവിന്റേയും മണവാട്ടികളായ മഹാരാജസ്ത്രീകളെന്ന" ഒരു കത്തിൽ ഞാൻ അവരെ വിശേഷിപ്പിച്ചു. ആ മനോഹരസ്ഥാനത്തിൽ എനിക്ക് അസൂയയുണ്ടെന്നും തുറന്നെഴുതി. "നാഡീഞരമ്പുകളുടെ ഇളക്കങ്ങളും കണ്ണുചിമ്മുക, ശ്വാസം വിടുക മുതലായവയും പക്ഷിപറവകളുടെ ശബ്ദങ്ങളും സ്വന്തം അപേക്ഷകളാക്കി തീർക്കാ"നുള്ള വിദ്യ പറഞ്ഞുകൊടുത്തു. പരിശുദ്ധദൈവമാതാവിന്റെ സ്തുതിക്കായിട്ട് മുളകും എനിക്ക് സമ്മാനമായി ലഭിച്ച വിശേഷതരം മാങ്ങയും എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾക്ക് ഞാൻ കൊടുത്തയച്ചു. തിരുസഭയിലും കേരളസഭയിലും നടക്കുന്ന കാര്യങ്ങൾ അവരെ അറിയിക്കുകയും പ്രാർത്ഥിക്കാൻ അപേക്ഷിക്കുകയും ചെയ്തിരുന്നു. എന്റെ അസുഖങ്ങളുടെ വിവരങ്ങൾ അവസാനം വരെ സിസ്റ്റേഴ്സുമായി പങ്കുവയ്ക്കാൻ മറന്നില്ല. മരിച്ചുപോകുമെന്ന് തോന്നിയപ്പോൾ ഞാൻ ഇപ്രകാരം എഴുതി: "ഇന്നലെ ഞാൻ കർത്താവിനോട് അന്ത്യയാത്ര പറഞ്ഞു നിങ്ങളോടും ഒരു വിധത്തിൽ അവസാന യാത്ര പറഞ്ഞു;" "ഇപ്പോൾ തലവേദനയുടെ കാഠിന്യത്താൽ ഈശോയുടെ തിരുത്തലയിൽ

മുൾമുടിവെച്ച് തറച്ചതിനെ എപ്പോഴും ധ്യാനിക്കുന്നു. കണ്ണുതുറന്നുനോക്കിയാൽ മാലാഖമാർ പറക്കുന്നതുപോലെ എനിക്കു തോന്നുന്നു. ഓരോരുത്തരുടേയും മുഖത്തുനോക്കിയാൽ നക്ഷത്രം പോലെയും തോന്നുന്നു." അവസാനത്തെ കൊച്ചുകത്ത് ഉദ്ധരിക്കട്ടെ: "പ്രിയ മക്കളേ, കർത്താവ് നിങ്ങളെ ആശീർവദിക്കട്ടെ. പ്രിയ മക്കളേ, ക്ഷമക്കായി പ്രാർത്ഥിക്കുക."

പനമ്പുമഠത്തിൽ വേണ്ടത്ര സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. പാമ്പിനേയും മറ്റും കണ്ട് ഭയന്നു നിലവിളിക്കുമായിരുന്നു സിസ്റ്റേഴ്സ്. തസ്ക്കരശല്യം വേറെ. ഗൃഹാതുരത്വം, രോഗങ്ങൾ. ഓരോ പ്രവശ്യം മൂപ്പച്ചനും എനിക്കും ഓടിച്ചെല്ലേണ്ടിവന്നു. അപ്പന്റേയും അമ്മയുടേയും സ്ഥാനം ഞങ്ങൾക്കു ലഭിച്ചു. ധൈര്യവും സാന്ത്വനോക്തികളും നിരന്തരം ഞങ്ങൾ പകരുകയുണ്ടായി.

പനമ്പുമഠം തുടങ്ങിയ അന്ന് ഞാൻ മാന്നാനം നാളാഗമത്തിൽ ഇപ്രകാരം കുറിക്കുകയുണ്ടായി: "ഇനി തമ്പുരാൻ നിറവേറ്റും എന്നു ശരണം. എന്നാൽ ഈ കെട്ടിയ ഓലയും പനമ്പും മാറാതെ തന്നെ പുത്തൻ മഠം ദൈവം നിറവേറ്റിത്തരുമെന്നും അന്ന് യാദൃശ്ചയാൽ പറഞ്ഞു." അപ്രകാരം ഉദ്ഘടനം ചെയ്യാൻ കർത്താവുതന്നെ തോന്നിച്ച താകണം. "ദൈവമേ, അങ്ങേക്കു സ്തുതി!"

"ദൈലഗാദച്ചോ, പനമ്പുമഠത്തിന് കാലവർഷത്തിന്റെ കെടുതികൾ അതിജീവിക്കാനാവില്ലല്ലോ."

"പ്രിയോരച്ചൻ പറഞ്ഞത് ശരിതന്നെ. മാത്രമല്ല മഠത്തിൽ ചേരാൻ പലരും അപേക്ഷിക്കുന്നുമുണ്ട്."

പുതിയ മഠത്തിനുള്ള സ്ഥലം കുന്നമ്മാവു കൊവേന്തയുടെ സംഭാവനയായിരുന്നു. വീടുകളിൽ പിടിയരിയെന്ന സമ്പ്രദായം ആരംഭിച്ചു. മൂപ്പച്ചനും ഞാനും ധർമ്മം പിരിക്കാനിറങ്ങി. എന്നോടുള്ള താൽപര്യത്താൽ സുറിയാനി പള്ളികളിൽ നിന്നാണ് കൂടുതൽ സംഭാവന ലഭിച്ചത്. അതിനിടക്ക് എനിക്ക് ചേരാനെല്ലൂരിൽ വെച്ച് വാതപ്പനി പിടിപ്പെട്ടു. രണ്ടുദിവസം ബോധമില്ലാതെ കിടക്കേണ്ടിവന്നു. കുന്നമ്മാവിൽ ക്ഷീണിതനായി തിരിച്ചെത്തിയപ്പോൾ രണ്ടുകാലിലും നന്നായി നീരുണ്ടായിരുന്നു. എന്നിട്ടും കർത്താവിനു വേണ്ടിയുള്ള പണിയിൽനിന്നും ഞാൻ പിന്തിരിഞ്ഞില്ല. എണ്ണായിരം രൂപയോളം പിരിച്ചെടുക്കാനായി. അതുകൊണ്ട് പുതിയ മഠത്തിന് കല്ലിട്ടു. എല്ലാവിധസൗകര്യങ്ങളോടും കൂടിയ രണ്ടുനില കെട്ടിടമായിരുന്നു ഞങ്ങൾ വിഭാവനം ചെയ്തത്. യോഗാർത്ഥിനികൾക്കും

സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് താമസിക്കുന്നതിനുമുള്ള ബോർഡിങ്ങ് സംവിധാനവും ഉണ്ടായിരുന്നു.

കർത്താവിൽ പ്രത്യാശ വയ്ക്കുന്നവരെ അവിടുന്ന് അത്ഭുതം ചെയ്തു തന്നെ സഹായിക്കും എന്നതിന് പുത്തൻ മഠം സാക്ഷ്യം വഹിച്ചു. ഒരു കാശുമില്ലാതെ അഗതികളായ ഞങ്ങൾക്ക് ... അധിക വേലയും ചെയ്യാതെ എണ്ണായിരം രൂപവരെ (ദൈവം) ധർമ്മം തരുവിച്ചു. കുനമ്മാവ് കൊവേന്തയിൽനിന്ന് വായ്പ വാങ്ങിച്ചാണ് പണി ആരംഭിച്ചത്. അമലോത്ഭവ മാതാവിന്റെ കർമ്മലീത്താ സന്ന്യാസികൾ തങ്ങളുടെ സഹോദരിമാരുടെ കാര്യത്തിൽ പനമ്പുമഠം പണിതുടങ്ങിയപ്പോൾ തന്നെ ഉത്സുകരായിരുന്നുവെന്ന് ഏറ്റു പറയട്ടെ. എട്ടുമാസം കൊണ്ട് പണി പൂർത്തിയാക്കുവാൻ കഴിഞ്ഞു. അപ്പോൾ ഞാൻ ഇപ്രകാരം മാന്നാനം നാളാഗമത്തിൽ കുറിച്ചുവെച്ചു: "സർവ്വേശ്വരാ, എന്നെ അധികം കടപ്പെടുത്താനായിട്ട് ഇതിനെയും കാണ്മാൻ എനിക്ക് ആയുസ്സ് നീളിപ്പിച്ചു എന്ന് ഞാൻ നിരൂപിക്കുന്നു. തനിക്ക് എപ്പോഴും എല്ലായ്പ്പോഴും സ്തുതി വർദ്ധിക്കട്ടെ ആമ്മേൻ."

23

പെട്ടകത്തിൽ പൂട്ടപ്പെടുവാൻ

അനേകരെ പുണ്യാത്മാക്കൾക്ക് ജന്മം നൽകാൻ കഴിയാത്തവളായിരുന്നു കേരളസഭ. സന്ന്യാസിനീസന്ന്യാസാശ്രമങ്ങൾ സ്ഥാപിച്ചതുകൊണ്ടു മാത്രം ഞാൻ തൃപ്തനായില്ല. മാർതോമ്മായുടെ മക്കൾ ഇനിയും വിശുദ്ധജനമായിത്തീർന്നിട്ടില്ലല്ലോ. അതിൽ എന്റെ ഹൃദയം വേദനിച്ചു. ആദ്യം തന്നെ ഈശോയുടെ പ്രതിപുരുഷന്മാരാകാൻ വിളിക്കപ്പെട്ട പുരോഹിതർ പുണ്യത്തിന്റെ കണ്ണാടികളായിത്തീരണം. അജഗണങ്ങളേയും ആ സായൂജ്യവേദിയിലേക്കാനയിക്കണം. "അറുതിയില്ലാത്ത മഹിമശോഭനം നിറയപ്പെട്ടിരിക്കുന്ന പരമപരാപരാവസ്തുവായ സർവ്വേശ്വരന്റെ" സന്നിധിയിൽ ഞാൻ ഭജനമിരിപ്പായി.

"മനോഗുണമുള്ള എന്റെ അപ്പാ, ഞാൻ എന്തു ചെയ്യണം? എന്നിൽ കനിയണമേ! വഴി തുറന്നു തരേണമേ! ബുദ്ധിയെ പ്രകാശിപ്പിക്കണമേ! ഹൃദയത്തെ ജ്വലിപ്പിക്കണമേ!"

അപ്പോൾ സക്രാരിയിൽനിന്ന് ഒരു സ്വരം കേട്ടതായി തോന്നി. മുഴുവനും തീർച്ചയില്ല.

"മകനേ കൂര്യാക്കോസേ, നിന്നെ ഏലിയാ പ്രവാചകന്റെ തീക്ഷ്ണതയാൽ ഞാൻ അഭിഷേകം ചെയ്യുന്നു. പോകൂ. ദിവ്യാത്മാവിന്റെ നിമന്ത്രണങ്ങൾക്കനുസൃതം പ്രവർത്തിക്കൂ. എന്റെ ആശീർവ്വാദം എപ്പോഴും നിന്നോടൊത്തുണ്ട്."

ഞാൻ ഏറെനേരം ദിവ്യകാരുണ്യസന്നിധിയിൽ പ്രണമിച്ചു കിടന്നു. അപ്പോൾ കേരള സഭയിലെ ആദ്ധ്യാത്മിക നവീകരണാർത്ഥം ചെയ്യേണ്ടവ ഓരോന്നായി എന്റെ ബോധമണ്ഡലത്തിൽ തെളിഞ്ഞു വരികയായി. തിബേരിയാസ് കടൽത്തീരത്തുവെച്ച് ശിഷ്യന്മാരുടെ പ്രയത്നഫലം കൂട്ടിച്ചേർത്ത കർത്താവിന്റെ മാതൃക ഞാൻ അനുകരിച്ചു. *ബേസ് റൗമ്മാ*യിലെ അംഗങ്ങളേവരേയും ഞാൻ ചാപ്പലിൽ വിളിച്ചുകൂട്ടി അവരുടെ ഉപദേശമാരാഞ്ഞു.

"പ്രിയ കൂടപ്പിറപ്പുകളേ, നമ്മുടെ സഭ സ്ഥാപിതമായിരിക്കുന്നത് ദൈവത്തിന്റെ ദർശനങ്ങൾ കണ്ടുകൊണ്ടിരിക്കാനും അവ പൂവിരിക്കാനുമാണല്ലോ. കേരള സഭയുടെ ദയനീയസ്ഥിതി നിങ്ങളിൽ പലർക്കും എന്നെക്കാൾ കൂടുതൽ നന്നായി അറിയാം. ഇടവകപട്ടക്കാരായി ഏറെനാൾ സഭോശുശ്രൂഷ ചെയ്തശേഷം *ബേസ്റൗമ്മാ*യിൽ ചേക്കേറിയ നിങ്ങളെപ്രതി ഞാൻ ദൈവത്തെ സതുതിക്കുന്നു. ആരാധനാക്രമജീവിതത്തിലൂടെ കർത്താവിന്റെ പെട്ടകത്തിൽ ഹൃദയങ്ങളെ വെച്ചു പൂട്ടുവാൻ നമുക്കേവർക്കും ഭാഗ്യം സിദ്ധിച്ചു. അതിന് *തേ ദേവും* പാടി സർവ്വശക്തനോട് നന്ദി പറയാം."

ഏവരുടേയും നയനങ്ങൾ സ്നേഹദീപ്തങ്ങളായിത്തീരുന്നത് കാണാനായി. ഉടനടി ചാടിയെഴുന്നേറ്റു *ബേസ്റൗമ്മാ*വാസികൾ. ഏകസ്വരത്തിൽ ഉദ്ഘോഷിച്ചു.

"നല്ല കാര്യം, നല്ല കാര്യം പ്രിയോരച്ചാ." (കൈകളുയർത്തി) ഹല്ലേല്ലൂയാ, ഹല്ലേല്ലൂയാ, ഹല്ലേല്ലൂയാ.

ഞാൻ സുർപ്പലേയും ഊറാറയും ധരിച്ചുകൊണ്ട് ഉച്ചത്തിൽ പാടിത്തുടങ്ങി.

"ദൈവമേ ഞങ്ങളങ്ങേ വാഴ്ത്തുന്നു
അങ്ങേക്കായെന്നും സ്തോത്രങ്ങൾ"

അപ്പോൾ അവിടെ ഏശ.6:1-4 ലെ ദർശനം ആവർത്തിക്കുന്നതായി അനുഭവപ്പെട്ടു. "ഇതാ കർത്താവായ ദൈവം ഉന്നതമായ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു. അവിടുത്തെ വസ്ത്രാഞ്ചലം അവിടം മുഴുവൻ പ്രഭ വിതറുന്നു. സ്രാപ്പേന്മാരും ക്രോവേന്മാരും വാനവദൂതഗണവുമെല്ലാം ഞങ്ങളോടൊത്ത് ആർത്തു പാടുന്നു."

"സൈന്യാധീശനായിടും ദൈവം സംശുദ്ധൻ
സംശുദ്ധൻ നിത്യം സംശുദ്ധൻ"

ശബ്ദഘോഷത്താൽ കപ്പേളയുടെ അടിസ്ഥാനങ്ങൾ ഇളകുന്നുണ്ടോ?

സ്വർഗ്ഗീയാന്തരീക്ഷത്തിൽ സർവ്വവും മറന്നുകൊണ്ട് ഞങ്ങൾ ത്രിത്വകീർത്തനം തുടർന്നു.

"കാത്തിടു നാഥാ, നിൻ ജനങ്ങളേ,
ആശിസ്സേകണേ നിത്യവും
നീ ഭരിക്കുക നിൻ ജനങ്ങളേ,
ഉന്നതിയിവർക്കേകണേ.
നിത്യവും ഞങ്ങളങ്ങേ വാഴ്ത്തും നിൻ
പാവനനാമവും തഥാ
ആശ്രയിച്ചവർ തീവ്രമായങ്ങിൽ
തിങ്ങും കാരുണ്യം പുൽകുവാൻ
അർപ്പിച്ചു നിന്നിലാശ സർവ്വവും
ലേശം ലജ്ജിക്കയില്ല ഞാൻ"

തേ ദേവും പാടി കഴിഞ്ഞിട്ടും ഏറെ നേരം വിസ്മൃതിയിലാണ്ടു നിന്നു ഞങ്ങൾ. സെഹിയോൻ വിരുന്നുശാലയിലെപ്പോലെ പരിശുദ്ധാത്മാവ് ഞങ്ങളിൽ പറന്നിറങ്ങിയോ? അവസാനം അടയാളം കൊടുത്തപ്പോൾ എല്ലാവരും കർത്താവിന്റെ പെട്ടകത്തിൽ നിന്ന് പുറത്തുവന്നു.

"പ്രിയ കൂടപ്പിറപ്പുകളേ, നമുക്കിനി പ്രായോഗിക കാര്യങ്ങളിലേക്കു കടക്കാം. ആദ്യമായി ഇടവകവൈദികരുടെ ഹൃദയങ്ങൾ കർത്താവീശോമിശിഹായുടെ പെട്ടകത്തിൽ പൂട്ടപ്പെടുവാൻ നമുക്കെന്തു ചെയ്യാനാകുമെന്ന് ആലോചിക്കാം. അതോടൊപ്പം ദൈവജനത്തിന്റെ ഹൃദയങ്ങളും ഈശോമിശിഹായുടെ പെട്ടകത്തിൽ പൂട്ടപ്പെടണം. അപ്പോൾ ഉത്ഥിതരായ പുതിയമനുഷ്യരായിത്തീരും മാർതോമ്മായുടെ മാർഗ്ഗത്തിൽ കൂടിയവരെല്ലാം."

ഞാൻ അവസാനിപ്പിച്ചതോടെ ഓരോരുത്തരും പരിശുദ്ധാത്മാവിന്റെ നിവേശത്തിന് ഭാഷ്യം നൽകുകയായി. അതോടൊപ്പം എന്നിലൂടെയും ദിവ്യാത്മാവ് സംസാരിച്ചുകൊണ്ടിരുന്നു. അവസാനം ഉരുത്തിരിഞ്ഞ ആശയങ്ങൾ പ്രാവർത്തികമാക്കിയവിധം സംഗ്രഹരൂപത്തിൽ അവതരിപ്പിക്കട്ടെ.

പരിശുദ്ധ ത്രിത്വദൈവത്തിന് സ്തുതിയും ബഹുമാനവും ഏറ്റുപറച്ചിലും ആരാധനയും അർപ്പിക്കാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുക. മാലാഖമാരോടൊത്ത് പരിശുദ്ധൻ. പരിശുദ്ധൻ, പരിശുദ്ധൻ എന്ന് നിരന്തരം പാടിപ്പുകഴ്ത്തണം; കൂർബ്ബാനയുടെ മിസ്റ്റിക്കൽ ലോകത്തിൽ അവൻ പ്രവേശിക്കണം, അതിൽ ചരിക്കണം,

നിലനിൽക്കണം. ദൈവികപരിശുദ്ധിയേയും മനുഷ്യന്റെ അശുദ്ധിയേയും കുറിച്ചുള്ള ആഴമേറിയ അനുഭവജ്ഞാനം അവന് കൈവരണം. ദിവ്യാത്മാവിന്റെ കർമ്മകാണ്ഡമെന്ന രഹസ്യാത്മകതയിൽ ഉൾച്ചേരണം. വാനവരോടൊത്ത് അനന്തതയുടെ മേഖലയിലേക്ക് പറന്നുയരണം. കുർബ്ബാനയെന്ന പാപമോചകകർമ്മത്തിൽനിന്ന് ഉത്ഭൂതമാകുന്ന ആത്മീയാനന്ദവും സ്വർഗ്ഗീയസമാധാനവും ആസ്വദിക്കണം. തിരുനാമത്തിന്റെ പ്രഘോഷകനാകണം അവൻ. ഇവ സുഗമമാക്കാനായി കുർബ്ബാനാക്രമം, സുറിയാനിപഞ്ചാംഗം എന്നിവക്ക് ഐക്യരൂപമുണ്ടാകണം. അക്കാര്യത്തിൽ നിഷ്ണാതനായിത്തീർന്നു ഞാൻ.

റോമിന്റേയും മെത്രാപ്പോലീത്തായുടേയും അനുമതിയോടെ അവ അച്ചടിപ്പിച്ചു. മൂന്നച്ചന്മാരുടെ തപസ്സ് കുർബ്ബാനയുടേയും *വേസ്പര* എന്ന പാട്ടുറംശായുടേയും, മരിച്ചവർക്കുള്ള അന്നീദായുടേയും മറ്റും ക്രമങ്ങൾ എഴുതിയുണ്ടാക്കി. കാനോനനമസ്ക്കാരത്തിന്റെ ലളിതമായ ക്രമം രചിച്ചു; പെരുന്നാൾ നമസ്ക്കാരത്തിന് രൂപം നൽകി.

1831 ൽ വൈദികർക്കുള്ള ധ്യാനം നടപ്പിലാക്കി. തെറ്റിപ്പോയ അജപാലകരെ നേർവഴിയിലേക്കാനയിക്കാൻ മാന്നാനം ആശ്രമത്തോടനുബന്ധിച്ച് ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഞായറാഴ്ച്ച പ്രസംഗങ്ങൾ നിർബന്ധമാക്കി. പ്രധാനാശ്രമങ്ങളോടനുബന്ധിച്ച് നാൽപ്പതുമണി ആരാധന 1866 ൽ ആരംഭിച്ചു. ഇടവകകൾ തോറും ധ്യാനങ്ങൾ സംഘടിപ്പിച്ചു. കുരിശിന്റെ വഴി എന്ന ഭക്താഭ്യാസത്തിന് 1833 ൽ മാന്നാനത്ത് തുടക്കമിട്ടു. മാതാവിന്റെ മെയ്മാസവണക്കം 1865 മുതൽ പ്രചരിപ്പിച്ചു. 1853 ൽ ഒരു വിശ്വാസപരിശീലനകേന്ദ്രം ഉദ്ഘാടനം ചെയ്തു.

ആറാം ഭാഗം

ഞാൻ തിരുസ്സഭയുടെ പുത്രനാകുന്നു

24

വ്യാജഅജപാലകനെതിരായി

അമ്മയായ ആവിലായിലെ വി.ത്രേസ്യായുടെ ഒരു സ്വഭാവ വിശേഷമായിരുന്നല്ലോ തിരുസ്സഭയോടുള്ള നിർവ്യാജമായ ഭക്ത്യാദരവുകൾ. അതിന്റെ ഒരംശം അഗതിയായ ഈ മകനും ലഭിച്ചിട്ടുണ്ട്. ഞാൻ തിരുസ്സഭയുടെ പുത്രിയാകുന്നു വെന്ന് അഭിമാനപൂർവ്വം പ്രഘോഷിച്ചവളാണ് പുണ്യവതി. സഭോദികാരികൾ അന്തിമമായി പറഞ്ഞാൽ പിന്നെ മറ്റൊന്നും ചിന്തിക്കുകയില്ല. തനിക്ക് എന്തുമാത്രം ക്ലേശങ്ങളും നഷ്ടങ്ങളും വന്നു ഭവിച്ചാലും പിന്തിരിഞ്ഞു നോക്കുകപോലും ചെയ്യില്ല. ലത്തീനിൽ ഒരു ചൊല്ലുണ്ടല്ലോ: *സെന്തീരെ കും എക്ലേസിയാ* (സഭയോടൊത്ത് വികാരം കൊള്ളുക). ആ അനുഭൂതിവിശേഷം എനിക്കേകിയ ദൈവമേ, അങ്ങയെ ഞാൻ സ്തുതിക്കുന്നു.

സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കുവാൻ ഭൂമിയുടെ അതിർത്തിയോളം യാത്ര ചെയ്യുന്നതിന് മടിയില്ലാത്തവരാണ് കേരളസുറിയാനി കത്തോലിക്കർ. റീത്തിനോടുള്ള പ്രേമം അവരുടെ രക്തത്തിൽ കലർന്നിരുന്നുവെന്നു പറയാം. ലത്തീൻ അധികാരികളുടെ കീഴിലായിരിക്കുക ധർമ്മസങ്കടതുല്യമായിരുന്നു. മുമ്പ് മാന്നാനം സെമിനാരിയിൽനിന്ന് പിണങ്ങിപ്പോയ കുടക്കച്ചിറ ശെമ്മാശ്ശൻ പിന്നീടെന്തു ചെയ്തുവെന്നോ? പട്ടമേറ്റശേഷം ചില സഹചരരോടുകൂടി ബാഗ്ദാദിലേക്കു തിരിച്ചു, ബാബേൽ പാത്രിയാർക്കീസിനെ സമീപിച്ച് ഒരു സുറിയാനി മെത്രാനെ ലഭിക്കുന്നതിനായി. ദൗത്യം

വിജയിക്കുന്നതിനു മുൻപ് അദ്ദേഹം മരണമടഞ്ഞു. സഹപ്രവർത്തകനായ തൊണ്ടനാട്ട് അന്തോണി കത്തനാർ വീണ്ടും വീണ്ടും നിർബന്ധിച്ചപ്പോൾ ആ സഭാദ്ധ്യക്ഷൻ റോക്കോസ് എന്ന വൈദികന് മെത്രാൻ സ്ഥാനം നൽകി കേരളത്തിലേക്കയച്ചു. സുറിയാനിസഭയുടെ നിരീക്ഷകന്റെ ചുമതലമാത്രമേ നൽകിയിരുന്നുള്ളൂ. തൊണ്ടനാട്ടച്ചനോടും കൂട്ടരോടും കൂടെ കേരളത്തിലേക്കു കപ്പൽ കയറി.

തീ പോലെ ആ വാർത്ത നാട്ടിലെങ്ങും പരന്നു. ഇടവകവൈദികരും ജനപ്രമാണികളും ആവേശഭരിതരായിത്തീർന്നു. നാലുപേരു കൂടിയാൽ സംഭാഷണവിഷയം അതൊന്നുമാത്രം. വിവരമറിഞ്ഞ മാർപ്പാപ്പയുടെ പ്രതിനിധി ഉടനടി വരാപ്പുഴ മെത്രസനത്തിന് മൂന്നറിയിപ്പു കൊടുത്തു. തിരുസിംഹാസനത്തിന്റെ അംഗീകാരമില്ലാതെ വരുന്ന റോക്കോസിന്റെ ഉദ്ദേശ്യം അത്ര നല്ലതല്ലെന്ന്. റോമിലെ പ്രൊപ്പഗാന്ത തിരുസംഘത്തിൽ നിന്നുള്ള കത്തും ബർണ്ണർദ്ദീനോസ് മെത്രാപ്പോലീത്താക്കു ലഭിച്ചു. പ്രതിസന്ധിയെ നേരിടേണ്ടതെങ്ങനെയെന്നറിയാതെ അദ്ദേഹം വിഷമിച്ചു. സ്ഥിതിഗതികൾ വഷളാകുന്നതിൽ ഞാൻ അത്യന്തം വേദനിച്ചു. സത്യാവസ്ഥ വിശദീകരിച്ചുകൊണ്ട് ഞാൻ പല ലഘുരേഖകൾ മാന്നാനം പ്രസ്സിൽനിന്നും അടിച്ചിറക്കി. പക്ഷേ വനരോദനം മാത്രമായിത്തീർന്നു അത്. കൊച്ചിയിൽ വന്നിറങ്ങിയ റോക്കോസ് മെത്രനെ സ്വീകരിക്കുവാൻ ഒരു ജനപ്രവാഹം തന്നെയുണ്ടായി. എന്തുചെയ്യണമെന്നറിയാതെ *ബേസ്ഗൗമ്മാ* നിവാസികൾ പ്രാർത്ഥനയിൽ അഭയം ഗമിച്ചു; തിരുനാഥന്റെ സന്നിധിയിൽ നീണ്ട ആലോചനായോഗങ്ങൾ നടത്തി.

"പ്രിയ കൂടപ്പിറപ്പുകളേ, നിങ്ങളോർക്കുന്നുണ്ടായിരിക്കുമല്ലോ മാർ സ്തബിലീനിമെത്രാൻ നമ്മെ ഏൽപ്പിച്ച ദൗത്യം, ലോകരെ പഠിപ്പിക്കുക. അതായത് സഭയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവ നിറവേറ്റാനായി തുനിഞ്ഞിറങ്ങേണ്ടവരാണ് അമലോത്ഭവകന്യകാമറിയത്തിന്റെ ശുശ്രൂഷികൾ. ഇതാ സുറിയാനിസഭയുടെ നിലനിൽപിനെ ബാധിക്കുന്ന ഒരു കൊടുങ്കാറ്റടിക്കുകയാണ്. നാട്ടിലെങ്ങും. നമ്മളല്ലാതെ സഭയെ സംരക്ഷിക്കാൻ മറ്റാരുമില്ലെന്നറിയാമല്ലോ. നേതൃത്വനിരയിൽ നിന്നുകൊണ്ട് നമ്മൾ അടരാടണം: വേണ്ടിവന്നാൽ രക്തം ചൊരിയാൻ തയ്യാറാകണം. എന്തുതോന്നുന്നു? പരിശുദ്ധാത്മാവിന്റെ ശബ്ദം ഓരോത്തരിലൂടേയും കേൾക്കപ്പെടട്ടെ."

അല്പനേരത്തെ നിശബ്ദതക്കുശേഷം *ബേസ്ഗൗമ്മാ* നിവാസികൾ ഓരോരുത്തരായി സംസാരിച്ചുതുടങ്ങി.

"ഒരു നിമിഷം പോലും നമുക്ക് നഷ്ടപ്പെടുത്താനില്ല. ഉടനടി എന്തെങ്കിലും ചെയ്തേ തീരൂ." - ഏവരും ഏകാഭിപ്രായക്കാരായിരുന്നു.

"വൈദികർക്കായുള്ള ഒരു ധ്യാനം മാന്നാനത്ത് ഉടനെ തുടങ്ങണം. പ്രിയോരച്ചൻ സത്യാവസ്ഥ പരസ്യമായി പ്രഖ്യാപിക്കണം. അങ്ങോട്ടു ചായ്‌വുള്ളവരെ തനിച്ചു വിളിച്ച് സംസാരിക്കണം. നല്ല മനസാക്ഷിയുള്ളവരെങ്കിലും കാര്യം മനസ്സിലാക്കും."- പലരും അഭിപ്രായപ്പെട്ടു.

"കൊള്ളാം, അപ്രകാരം ചെയ്യാം" - ഞാൻ സമ്മതിച്ചു.

"പ്രിയോരച്ചൻ റോക്കോസ് മെത്രാനെ നേരിട്ടുകണ്ട് രേഖകൾ പരിശോധിക്കുന്നത് ഉചിതമല്ലേ?" ഒരച്ചന്റെ നിർദ്ദേശം.

"ഞാൻ തയ്യാറാണ്. മെത്രാപ്പോലീത്തായുടെ അനുവാദം കിട്ടണമല്ലോ. അദ്ദേഹം സമ്മതിക്കുമോ ആവോ?"

"മാന്നാനവും എൽത്തുരുത്തുമാകണം റോക്കോസിനെതിരായുള്ള സമരാങ്കണങ്ങൾ. ആ കൽദായമെത്രാന്റെ അനുയായികൾ രണ്ടു കൊവേന്തകളും പിടിച്ചെടുത്ത് അവിടെ താമസമുറപ്പിക്കാൻ പ്ലാനിടുന്നുവെന്ന് കേൾവിയുണ്ട്." - ചില അച്ചന്മാർ പ്രതികരിച്ചു.

"നമുക്ക് സിവിൽ അധികാരികളെ സമീപിച്ചാലോ? നാട്ടിൽ കലഹം വിതക്കുന്ന ആ വിദേശി മെത്രാന്റെ സന്നാഹങ്ങൾ തടയണമെന്ന് ഹർജി നൽകിയാലോ?" - ഇതരരുടെ പ്രതികരണം.

"നിർദ്ദേശിച്ച മാർഗ്ഗങ്ങളൊക്കെ സന്ദർഭാനുസരണം പ്രയോഗിച്ചുനോക്കാം" - എല്ലാം അഭിപ്രായങ്ങളോടും എനിക്ക് യോജിപ്പായിരുന്നു.

അപ്പോൾ തോപ്പിൽ ഗീവർഗ്ഗീസച്ചൻ പ്രശ്നത്തിന്റെ അടിസ്ഥാനകാരണത്തിലേക്ക് ഏവരുടേയും ശ്രദ്ധ ക്ഷണിച്ചു.

"സ്വന്തം റീത്തിൽപെട്ട മെത്രാനില്ലാത്തതല്ലേ എല്ലാത്തിന്റേയും മൂലകാരണം? ആ വഴിക്ക് ഇപ്പോൾതന്നെ ശ്രമം തുടങ്ങേണ്ടതല്ലേ? നമുക്കെല്ലാവർക്കും കൂടി റോമിനെ സമീപിച്ചാലോ?" എല്ലാവരും കയ്യടിച്ച് അംഗീകരിച്ചു. അതോടൊപ്പം വന്നു മറ്റൊരു നിർദ്ദേശവും.

"റോക്കോസ് മെത്രാന് പരിശുദ്ധസിംഹാസനത്തിന്റെ അംഗീകാരമുണ്ടോയെന്നറിയുന്നതിന് പരിശുദ്ധ പിതാവ് ഒമ്പതാം പിയൂസ് മാർപ്പാപ്പക്ക് നമുക്ക് നേരിട്ടെഴുതിയാലോ? അതുപോലെ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാളിനേയും വിവരങ്ങൾ അറിയിക്കാം."

അതിനിടക്ക് മാർ റോക്കോസിന്റെ ഒരു രഹസ്യസന്ദേശം.

"പ്രിയോരച്ചാ, അങ്ങെന്റെ ഭാഗത്തു ചേർന്നാൽ ഞാൻ അങ്ങയെ മെത്രാനായി വാഴിക്കാം."

"മെത്രാൻ പട്ടം കിട്ടണമെന്നാഗ്രഹമില്ല; രക്ഷപ്പെടണമെന്നു മാത്രം" - ഞാൻ മറുപടി നൽകി.

ആദ്യത്തെ നിർദ്ദേശമായ ഇടവകവൈദികർക്കുള്ള ധ്യാനം ഉടനടി സംഘടിപ്പിച്ചു. റോക്കോസ് മെത്രാന്റെ അനുഭാവികളായിരുന്നു പങ്കെടുത്തവരിൽ ചിലരൊക്കെ. മാസധ്യാനവേളകളിൽ ഞാൻ നിർബന്ധപൂർവ്വം അനുശാസിച്ചിരുന്ന മൗനം ഇപ്രാവശ്യം ലംഘിക്കപ്പെട്ടു.

"പ്രിയോരച്ചൻ റോക്കോസ് മെത്രാന്റെ അനുഭാവിയല്ലെന്നു തോന്നുന്നു. കൽദായമെത്രാനെതിരായി അദ്ദേഹം സംസാരിക്കാതിരിക്കയില്ല." - ഒരച്ചൻ മൊഴിഞ്ഞു. മറ്റുള്ളവരെല്ലാം തലയാട്ടി.

"റോക്കോസ് മെത്രാന്റെ കൈവശമുള്ള രേഖകൾ നേരിട്ടു കണ്ടാലല്ലേ സത്യം മനസ്സിലാക്കാനാകൂ. നമ്മിൽ ചിലരൊക്കെ സൂറിയാനി നന്നായിട്ടറിയാവുന്ന മല്പാന്മാരല്ലേ. അവരോടൊത്ത് നമുക്കെല്ലാവർക്കും തൈക്കാട്ടുശ്ശേരിയിലേക്ക് പോയാലോ?" പൊതുവേ ഏവർക്കും സമ്മതമായിരുന്നു.

"വരാപ്പുഴമെത്രാന് പാദസേവ ചെയ്യുന്നവർക്ക് കൽദായ മെത്രനെ ഭയമാണെന്നു തോന്നുന്നു. അതുകൊണ്ടാകണം പുതിയ സംഭവവികാസത്തെക്കുറിച്ച് സംസാരിക്കാനോ മാർ റോക്കോസിനെ കാണാൻ പോകാനോ പാടില്ലെന്ന് നിഷ്ക്കർഷിക്കുന്നത്" - പുച്ഛഭാവത്തിൽ ഒരച്ചൻ പ്രതികരിച്ചു.

എത്ര ശ്രമിച്ചിട്ടും അടക്കിപ്പിടിച്ചുള്ള സംസാരം നിലക്കാതായപ്പോൾ ഞാൻ മദ്ബഹായിൽ കയറിനിന്ന് ഉറച്ചസ്വരത്തിൽ, ഉച്ചത്തിൽ പ്രഖ്യാപിച്ചു.

"ഈ വന്ന മെത്രാൻ ശുദ്ധ മാർപ്പാപ്പയുടെ കൽപന കൂടാതെ വന്നിരിക്കുന്നുവെന്നും, ഈയാളിന് കീഴ്വഴങ്ങിയാൽ പെരിയ മഹറോനിൽ വീണുപോകുമെന്നും പരസ്യമായി ഈ ത്രോണോസിലിരിക്കുന്ന തുങ്ങപ്പെട്ട രൂപം തൊട്ട് ഞാൻ സത്യം ചെയ്യുന്നു."

വൈദികരുടെ മനോഭാവത്തിലുള്ള വലിയ വേദന എന്റെ സ്വരത്തിൽ കലർന്നിരുന്നു. എല്ലാവർക്കും അത് മനസ്സിലാവുകയും ചെയ്തു. ചില പരമാർത്ഥഹൃദയർ എന്റെ വാക്കുകൾ ശരിവെച്ചു. എന്നാൽ ഭൂരിപക്ഷം പേരുടേയും മനസ്സു തെളിഞ്ഞില്ല.

"പ്രിയോരച്ചൻ എന്തിനിത്ര വാശി കാണിക്കുന്നു? അദ്ദേഹത്തിന് ഇക്കാര്യത്തിലെന്തെങ്കിലും നേടാനുണ്ടെന്നു വരുമോ?"- ബഹുഭൂരിപക്ഷം പേരും ഇപ്രകാരമാണ് ചിന്തിച്ചത്.

ധ്യാനം കഴിഞ്ഞ ഉടനെ പലരും തൈക്കാട്ടുശ്ശേരിയിലേക്ക് (റോക്കോസ് മെത്രാൻ വാസമുറപ്പിച്ചിരിക്കുന്ന സ്ഥലം) വച്ചടിച്ചു. എനിക്ക് നേരിട്ട് പരിചയമുണ്ടായിരുന്ന ആഹാ അൽബർത്തോസിന്റെ ഇളയപ്പൻ യാക്കോ കത്തനാരായിരുന്നു ധ്യാനഗുരു. അദ്ദേഹം എന്നെ വെല്ലുവിളിച്ചു.

"പ്രിയോരച്ചൻ ഇപ്രകാരം ക്ഷോഭിച്ചിട്ടാവശ്യമില്ല. തൈക്കാട്ടുശ്ശേരിയിലേക്ക് പോകേണ്ടവർ പോകും ഞാനും പോകാൻ പ്ലാനിടുന്നു."

അതോടെ എന്റെ മനസ്സു മടുത്തു.

ദിനം പ്രതി പല ഇടവകകൾ മാർ റോക്കോസിന്റെ പക്ഷത്തു ചേർന്നുകൊണ്ടിരുന്നു. ശീശ്മക്കാർ മാന്നാനം കൊവേന്ത കയ്യേറുവാൻ പ്ലാനുണ്ടെന്ന് മർസിലിനോസ് മൂപ്പച്ചൻ എന്നെ അറിയിച്ചു; സർക്കാരിൽ ഹർജി കൊടുക്കുവാൻ നിർദ്ദേശവും നൽകി. അപ്രകാരം ചെയ്യാൻ എനിക്കു മനസ്സു വന്നില്ല. മാന്നാനം ആശ്രമത്തിന്റെ മദ്ധ്യസ്ഥനായ മാർയൗസേപ്പു പിതാവിൽ ശരണം ഗമിച്ചു. അപ്പോഴതാ മാർ റോക്കോസ് പക്ഷക്കാരായ പാലാ മല്പാനും, കുരിശുമുട്ടിൽ മല്പാനും, ളാലം പഴയപള്ളി വികാരിയും മറ്റു രണ്ടുപേരും മാന്നാനം സെമിനാരിയിൽ വന്നു കയറുന്നു! ആശ്രമത്തിൽ പ്രവേശിക്കാതിരിക്കാൻ ഉടനടി ഞാനവരെ ബംഗ്ലാവിലേക്കാനയിച്ചു; ഉചിതമായ വിധം സത്ക്കരിക്കുകയും ചെയ്തു. എന്നെ അവരുടെ ഗ്രൂപ്പിൽ ചേർക്കാൻ ചതുരോപായങ്ങളും പ്രയോഗിച്ചെങ്കിലും ഫലിച്ചില്ല. സത്യമറിയുവാൻ ഞാൻ റോമിലേക്ക് എഴുതുകയാണെന്നു പറഞ്ഞപ്പോൾ അവർക്ക് ഇഷ്ടപ്പെട്ടില്ല. പാത്രിയാർക്കീസിനെ സമീപിച്ചാൽ മതിയെന്ന് വാദിക്കുകയായി. വൈകുന്നേരം ആറുമണിയായിട്ടും അതിഥികൾ പോകുന്ന ലക്ഷണം കണ്ടില്ല. രാത്രി ഇവിടെ താമസിച്ച് രാവിലെ കുർബ്ബാന ചൊല്ലുവാൻ വന്നാൽ പ്രശ്നമാകുമല്ലോ. ഞാൻ ഒരു വിദ്യ പ്രയോഗിച്ചു. വൈകുന്നേരത്തെ ധ്യാനം കഴിഞ്ഞപ്പോൾ ബംഗ്ലാവിലേക്ക് ഒരു കുറിപ്പെഴുതി കൊടുത്തുവിട്ടു.

നിങ്ങൾ ഇവിടെ കുർബ്ബാന ചൊല്ലുന്നതിന് മെത്രാപ്പോലീത്താ അനുവദിക്കുന്നില്ല. അതിനാൽ രാവിലെ തന്നെ സ്ഥലം വിട്ടാൽ ഞങ്ങൾക്കും നിങ്ങൾക്കും നന്നായിരിക്കുമല്ലോ.

കാര്യം മനസ്സിലാക്കിയ അവർ അതിരാവിലെ തന്നെ സ്ഥലം വിട്ടു.

ശത്രുപക്ഷം അടവുമാറ്റി. മാർ റോക്കോസ് സുറിയാനി ഭാഷയിൽ എഴുതി ഒപ്പും മുദ്രയും വച്ചിരിക്കുന്ന ഒരു കത്ത്, അനുരഞ്ജനഭാഷയിൽ:

"സ്നേഹിക്കപ്പെട്ട പുത്രൻ മാന്നാനം കൊവേന്തയുടെ ശ്രേഷ്ഠനായ കുര്യാക്കോസ് മല്പാന് സ്വസ്തി. നിങ്ങളുടെ ആഗ്രഹപ്രകാരം എടവമാസം ഒമ്പതാം തിയ്യതി കൊച്ചിയിൽ നാം വന്നുച്ചേർന്നു. എന്റെ മുഖദർശനത്തിനായി കൂട്ടം കൂട്ടമായിട്ടാണ് അച്ചന്മാരും ജനങ്ങളും വന്നുകൊണ്ടിരിക്കുന്നത്. അവർ എന്നെ തൈക്കാട്ടുശ്ശേരി പള്ളിയിൽ തൽക്കാലം താമസിപ്പിച്ചിരിക്കുകയാണ്. ഇനിവേണ്ട കാര്യങ്ങൾ തന്നോടും കൂടി ആലോചിച്ച് നടത്തണമെന്നാഗ്രഹം. ആ മുഖദർശനത്തിനായി നാം സന്തോഷിച്ചു പാർത്തിരിക്കുന്നു. ഈ എഴുത്തു കിട്ടിയാൽ ഒട്ടും താമസം കൂടാതെ എന്നെ വന്നു കാണണം. കർത്താവിൽ സമാധാനം!"

ഇനി എന്തു ചെയ്യണം?

"ഉടനടി ചെന്നുകണ്ടിട്ടാവശ്യമില്ല" - കൂടപ്പിറപ്പുകൾ ഒരേ അഭിപ്രായക്കാരായിരുന്നു.

"കാര്യത്തിന്റെ ഗൗരവം മെത്രാപ്പോലീത്താക്ക് ഇതിനകം ബോധ്യമായിട്ടുണ്ടായിരിക്കും. ഇനി അദ്ദേഹത്തെ ചെന്നു കാണുക തന്നെ. മാന്നാനത്തു നടന്നവയെല്ലാം ധരിപ്പിക്കുകയും ചെയ്യാം. മാർ റോക്കോസിന്റെ ക്ഷണക്കത്തും കാണിക്കാം. പിതാവ് സമ്മതിക്കുമെങ്കിൽ തൈക്കാട്ടുശ്ശേരിയിലേക്ക് പോകാം. നിങ്ങൾക്ക് എന്തു തോന്നുന്നു?"

"പ്രിയോരച്ചാ, അങ്ങയുടെ അഭിപ്രായം ഞങ്ങളെല്ലാവരും സ്വീകരിക്കുന്നു. പക്ഷേ തനിച്ചു പോകരുത്. ഞങ്ങളും ശീശ്മയിൽ ഇതേവരെ ചേരാത്ത വൈദികരും മല്പാന്മാരും കൂടെയുണ്ടാകണം. പാത്രിയാർക്കീസ് മാർ റോക്കോസിനെ സുറിയാനിക്കാരുടെ മെത്രാനായി വാഴിച്ചുകൊണ്ടുള്ള രേഖയുണ്ടോ എന്നങ്ങ് പരിശോധിക്കുമ്പോൾ സാക്ഷികൾ വേണമല്ലോ. കള്ളത്തരം പരസ്യമായി വെളിപ്പെടുമ്പോൾ ശീശ്മയുടെ മുന്നേറ്റം താനേ ശമിച്ചുകൊള്ളും. കൂടെചേർന്നവർ തിരിച്ചുവരാനും സന്നദ്ധരാകും."

"പ്രിയ കൂടപ്പിറപ്പുകളേ, റൂഹാദ്ക്കുദ്ശായുടെ വാക്കുകളാണ് നിങ്ങളുടെ അധരങ്ങളിലൂടെ ബഹിർഗമിച്ചത്. എത്രയോ വിവേകപൂർണ്ണമായ ഉപദേശം!"

താമസിയാതെ ഞാൻ മെത്രാപ്പോലീത്തായെ ചെന്നുകണ്ടു. കാര്യങ്ങൾ ധരിപ്പിച്ചപ്പോൾ അദ്ദേഹം സമ്മതം മൂളി. ഇനി കൂടെപ്പോരാൻ വൈദികരേയും മല്പാന്മാരേയും കണ്ടെത്തണം. പള്ളിപ്പുറത്ത് ഒന്നിച്ചുകൂടി തൈക്കാട്ടുശ്ശേരിയിലേക്കു പോകുവാൻ പലരേയും ഞാൻ ക്ഷണിച്ചു.

"മാർ റോക്കോസിനെ കാണാൻ ഞാൻ തീർച്ചയാക്കിയിരിക്കുന്നു. നിങ്ങൾ എന്നോടൊത്ത് വരണമെന്നാണാഗ്രഹം."

മിക്കവരും സൂത്രത്തിൽ ഒഴിഞ്ഞുമാറി. എന്റെ ഹൃദയം അതിരറ്റു വേദനിച്ചു. ഏതായാലും പുറകോട്ടില്ല തന്നെ. കൂടെ നിന്നവരോടൊപ്പം ഞാൻ പള്ളിപ്പുറത്തെത്തി.

"ക്ഷണിച്ചതനുസരിച്ച് ഞാനിതാ വന്നിരിക്കുന്നു. നേരത്തെ എത്തിച്ചേരാൻ കഴിഞ്ഞില്ല. കൊവേന്തയിൽ ദൈവമാതാവിന്റെ വണക്കമാസം, ധ്യാനം മുതലായവ നടന്നുകൊണ്ടിരുന്നതാണ് കാരണം. കാണുന്നതിന് അങ്ങേക്ക് എപ്പോഴാണ് സൗകര്യം? അതറിയിക്കുന്നതോടൊപ്പം പാത്രിയാർക്കീസിൽനിന്നും മറ്റും അങ്ങേക്കു ലഭിച്ചിരിക്കുന്ന കല്പനയുടെ ഒരു പകർപ്പ് കൊടുത്തയച്ചാൽ നന്നായിരുന്നു." മാർ റോക്കോസിന്റെ സെക്രട്ടറിയായ തൊണ്ടനാട്ടച്ചന് ഞാൻ ഇപ്രകാരം ഒരു കത്ത് കൊടുത്തുവിട്ടു. ഇതിനകം പല കിംവദന്തികളും പ്രചരിച്ചിരുന്നു. എന്നെയും കൂട്ടരേയും പോലീസിനെകൊണ്ട് അറസ്റ്റു ചെയ്യിപ്പിക്കുമത്രേ, മാർ റോക്കോസിന്റെ താമസസ്ഥലത്ത് അതിക്രമിച്ചു കയറിയെന്നാരോപിച്ചുകൊണ്ട്. പോലീസ് വരുമ്പോൾ സമ്മതം തന്നിരിക്കുന്നുവെന്ന കത്തുണ്ടായാൽ ഒരു തടവാകുമല്ലോ. അതിനാലാണ് ഞാൻ കത്തെഴുതിയത്.

താമസംവിനാ തൊണ്ടനാട്ടച്ചന്റെ മറുപടി വന്നു.

"കാണുന്നതിന് എപ്പോൾ വേണമെങ്കിലും തയ്യാറാണ്. വരുമ്പോൾ ആവശ്യപ്പെട്ട രേഖകൾ നേരിട്ടു പരിശോധിക്കാമല്ലോ അതിനാൽ പകർപ്പ് കൊടുത്തയക്കുന്നില്ല."

തുടർന്ന് ചില ഭീഷണികളും.

"ഈ പരീക്ഷിക്കൽ നേരത്തെ ആകാമായിരുന്നില്ലേ? രേഖ കാണാതെ തിരുസിംഹാസനത്തിന്റെ അനുവാദമില്ലാതെ വന്നിരിക്കുന്നുവെന്ന് പ്രചരിപ്പിച്ചത് ശരിയായോ? കുറ്റം ചെയ്താൽ മേലധികാരിക്ക് ശിക്ഷിക്കാനധികാരമുണ്ടെന്ന് ഗ്രഹിച്ചുകൊള്ളുക"

പിറ്റേ ദിവസം ഞങ്ങൾ തൈക്കാട്ടുശ്ശേരിയിലെത്തി. ശത്രുപക്ഷത്തേക്കു ചാഞ്ഞുനിന്നിരുന്ന പാറായി അവിരായുടെ വീട്ടിൽ കയറി.

അയാൾ ഞങ്ങളെ സത്ക്കരിച്ചിരുത്തിയെങ്കിലും മുഖത്ത് പ്രസാദ ഭാവമില്ല. ഞാൻ അവിരായോട് തനിച്ചു സംസാരിച്ചു; സത്യാവസ്ഥ ബോധിപ്പിച്ചു. അപ്പോൾ അയാളുടെ മനസ്സ് അല്പം ഇളകിയതായി തോന്നി. എങ്കിലും എന്നോടൊരു ചോദ്യം.

"റോക്കോസ് മെത്രാനം അപമാനിക്കാനല്ലേ നിങ്ങൾ വന്നിരിക്കുന്നത്? മോതിരം മുത്തി ആചാരം കാണിക്കാൻ തയ്യാറാണോ?"

"അദ്ദേഹത്തിന്റെ അംശത്തിനടുത്ത മോതിരം ഞാൻ മുത്തുകയില്ല. അങ്ങനെ ചെയ്താൽ മാർ റോക്കോസിനെ ഞാൻ അംഗീകരിക്കുന്നുവെന്ന് വ്യാഖ്യാനിക്കപ്പെടാനിടയുണ്ട്. മോതിരം നീക്കിയാൽ കയ്യോ കാലോ എളിമയെന്ന പുണ്യത്തെ പ്രതി മുത്തിക്കൊള്ളാം. ഞാൻ മോതിരം മുത്തിയില്ലെന്ന കാര്യം മറ്റാരും അറിയാതിരിക്കാൻ ഒരു വഴിയുണ്ട്. ഞാൻ മാത്രം മുറിയിൽ കയറി കതകുചാരിക്കൊണ്ട് സംസാരിച്ചുകൊള്ളാം. ഇക്കാര്യം അവിരാ തന്നെ ചെന്ന് മാർ റോക്കോസിനെ അറിയിക്കുക."

എന്റെ നിർദ്ദേശം അയാൾക്കിഷ്ടമായി. വിവരം അവിരാ മാർ റോക്കോസിനേയും അന്തോണികത്തനാരേയും അറിയിച്ചു. വേറെ ചിലരോടുംകൂടി ആലോചിച്ചശേഷം ഇപ്രകാരം പ്രത്യുത്തരിച്ചു.

"നമ്മെ അപമാനിക്കാനാണ് അയാൾ (പ്രിയോർ) വന്നിരിക്കുന്നത്. അതിനാൽ നാം കാണാൻ തയ്യാറില്ല."

പള്ളിയുടെ വാതിൽക്കലും മെത്രാന്റെ മുറിവാതിൽക്കലും കാവലേർപ്പെടുത്തി. ആരേയും അകത്ത് പ്രവേശിപ്പിക്കരുതെന്ന് കല്പന കൊടുത്തു. പോലീസുകാരെ കൊണ്ടുവരുവാൻ ആളയച്ചു.

സന്ദർശനം നിഷേധിച്ചതോടെ ഞങ്ങൾ പുറത്തിറങ്ങി; കടവിലേക്കു നടന്നു. അപ്പോഴിതാ പോലിസ് മേധാവിയും ഏതാനും ശിപായികളും വരുന്നു.

"നിങ്ങൾ എന്തിനാണ് ഇവിടെ വന്നത്? കലാപമുണ്ടാക്കാനല്ലേ? കൂത്തിക്കവർച്ചക്കാണോ?"

"അല്ലേ അല്ല. മാർ റോക്കോസിന്റെ ക്ഷണനപ്രകാരം വന്നതാണു ഞങ്ങൾ. ഇപ്പോൾ സൗകര്യമില്ലെന്ന് അദ്ദേഹം അറിയിച്ചതിനാൽ ഞങ്ങൾ തിരിച്ചുപോകുന്നു."

25

ചൊൽവിളിയുടെ നൊമ്പരം

ഇനിയെന്തു ചെയ്യും? കൂടുതൽ കൂടുതൽ പള്ളികൾ റോക്കോസ് പക്ഷം ചേരുന്നു. നല്ല ഇടയനായ കർത്താവ് ഇതൊക്ക കാണുന്നില്ലേ? ഞാൻ സങ്കീർത്തകന്റെ ഭാഷയിൽ വിലപിച്ചു.

"കർത്താവേ, എന്തുകൊണ്ടാണ് നീ അകന്നു നിൽക്കുന്നത്?

എന്തുകൊണ്ടാണ് കഷ്ടതയുടെ കാലങ്ങളിൽ നീ മറഞ്ഞിരിക്കുന്നത്?" (സങ്കീ.10:1)

"എത്ര നാളത്തോളം നിന്റെ മുഖം നീ മറച്ചു പിടിക്കും

എത്ര നാളത്തോളം ശത്രു ജയിച്ചുനിൽക്കും?" (സങ്കീ.13:1-2)

"ഞങ്ങളെ എന്നന്നേക്കുമായി തള്ളിക്കളയരുതേ" (സങ്കീ.44:23)

തിരുസന്നിധിയിൽ ഞാൻ പ്രണമിച്ചു കിടന്നു; ഉപവസിച്ചു; മാപ്പപേക്ഷിച്ചു. അതോടെ എന്റെ മനസ്സ് ശാന്തമായി.

അപ്പോഴതാ അരമനയിൽനിന്ന് ഒരു ദൂതൻ വന്നിരിക്കുന്നു, ഉടനടി എന്നോട് സ്ഥലത്തെത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട്. അസ്വസ്ഥനായി വരാന്തയിൽ ഉലാത്തിക്കൊണ്ടിരുന്ന മെത്രാപ്പോലീത്താതന്നെ എന്നെ എതിരേറ്റു.

"പ്രിയോരച്ചാ, സംഗതികൾ കൂടുതൽ വഷളായി കൊണ്ടിരിക്കുകയാണല്ലോ. ഞാൻ ഒരു കാര്യം കല്പിക്കട്ടെ. കൂര്യാക്കോസച്ചൻ സുറിയാനിസഭയുടെ ജനറാളച്ചനെന്ന സ്ഥാനം ഏറ്റെടുക്കണം. തടസ്സം പറയരുത്. ഇതാ അധികാരപത്രം."

ഞാൻ ഞെട്ടിപ്പോയി. കണ്ണുകൾ നിറഞ്ഞൊഴുകി.

"പിതാവേ, അത്, അത്... " - വികാരാധിക്യത്താൽ വാക്യം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

"തടസ്സം പറയരുത്. അധികാരിയുടെ കല്പന അനുസരിക്കാൻ കടപ്പെട്ടവനാണ് പ്രിയോരച്ചനാണെന്ന കാര്യം മറക്കരുത്."

ആ വാക്കുകൾ കേട്ടപ്പോൾ ചൊൽവിളിക്ക് സ്വയം സമർപ്പിച്ചിരിക്കുന്ന എനിക്ക് എതിർന്യായങ്ങൾ ഉന്നയിക്കാനായില്ല. മെത്രാപ്പോലീത്തായെ ദയനീയമായി നോക്കിക്കൊണ്ട്

"പിതാവേ ഞാൻ സ്വീകരിക്കുന്നു."

തുടർന്ന് ഞാൻ മുട്ടുകുത്തി ശിരസ്സുനമിച്ചു.

പത്തേന്തി ഒന്ന് ഓടിച്ചുനോക്കി.

"നമ്മുടെ കീഴിൽ മലയാളത്തിലുള്ള സുറിയാനി പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടേയും പള്ളികളുടേയും അൽമേനിയരുടേയും ആത്മപരിപാലനം ചെയ്ത് അവരെ ഭരിക്കുന്നതിന് വികാരി ജനറാളായി ഞാൻ തന്നെ നിയമിക്കുന്നു."

സാധാരണയായി വികാരിജനറാളിനു അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ അധികാരങ്ങളും അനുവാദങ്ങളും നൽകി കൊണ്ടുള്ളതായിരുന്നു നിയമനപത്രം.

നാലാമത്തെ വ്രതമായി എളിമ ദൈവത്തോട് പറഞ്ഞൊപ്പ് ചെയ്തവനാണ് ഞാൻ. "സന്ന്യാസാന്തസ്സിനടുത്ത പുണ്യങ്ങളായിരിക്കുന്ന എളിമ, ചൊൽവിളി എന്നിവ ദൈവത്തിന് നേർച്ച നേർന്നതുകൊണ്ട് മാത്രമാണ് വികാരിജനറാളെന്ന സ്ഥാനം വൈമനസ്യത്തോടെയാണെങ്കിലും സ്വീകരിക്കാൻ ഞാൻ തയ്യാറായത്." "ഉപവി, എളിമ, വെടിപ്പ്, തീക്ഷ്ണത ഇവ നാലുമുണ്ടായാൽ ലോകം മുഴുവനും സൗഖ്യമുള്ളതായി തീരു''മെന്ന് സഹസന്ന്യാസികളോട് ഉപദേശിച്ചവൻ ഈ പദവി വഴി താഴ്മയിൽ കുറവുള്ളവനായി തീരുമോ? *ബേസ്റൗമ്മാ* എന്ന എളിമപ്പെട്ട കൂട്ടം മനുഷ്യരുണ്ടാക്കിയതല്ലെന്ന് അനുശാസിച്ചവൻ വിനയത്തിനെതിരായ തട്ടിപ്പിന് ഇരയാകുമോ? "മറ്റുള്ളവരോട് എളിമയുടേയും ചൊൽവിളിയുടേയും ഭക്തിയുടേയും കണ്ണാടികളായി നടക്കണ"മെന്ന് ആഹ്വാനം ചെയ്ത വ്യക്തി അഹന്തയുടെ ദർപ്പണമായിത്തീരുമോ? "അങ്ങയുടെ വിനീതമക്കളായ ഞങ്ങൾ" എന്നത്രേ പ്രൊപ്പഗാന്താ തിരുസംഘാദ്ധ്യക്ഷന് സന്ന്യസ്തരായ ഞങ്ങളെ ഞാൻ സ്വയം വിശേഷിപ്പിച്ചത്. "ഞങ്ങളങ്ങയോട്

വിനയപൂർവ്വം കേണപേക്ഷിക്കുന്നു"വെന്നും എഴുതുകയുണ്ടായി. ഒരു കത്ത് ഇപ്രകാരമാണ് ഞാൻ ഉപസംഹരിച്ചത്: "അങ്ങയുടെ ഏറ്റം വിധേയത്വമുള്ള മകൻ." ഇപ്രകാരമുള്ള സ്ഥിതിവിശേഷം അധികാരപ്രമത്തയുടെ കൂരിരുളിൽ തകർന്നടിയുമോ?

കർത്താവേ, സഹായിക്കണമേ, കരുണ തോന്നണമേ. അങ്ങയെപ്പോലെ തെറ്റിപ്പോയവരെ അന്വേഷിച്ച് കണ്ടെത്തി തിരിച്ചുകൊണ്ടുവരുന്ന നല്ല ഇടയനാക്കി എന്നെ രൂപാന്തരപ്പെടുത്തണമേ. അജഗണത്തിനുവേണ്ടി ജീവൻ സമർപ്പിക്കാനുള്ള കരുത്തേകണമേ. ഈശോയെ, അങ്ങു തന്നെ എന്നിൽ ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചരിക്കുകയും നിലനിൽക്കുകയും ചെയ്യണമേ. കർമ്മലനാഥേ, അങ്ങയുടെ കാപ്പയിൻ കീഴിൽ എന്നെ കാത്തുകൊള്ളണമേ. തിരുക്കുടുംബപാലകനായ മാർ യൗസേപ്പേ, ഈ പുതിയ ദൗത്യനിർവ്വഹണത്തിലൂടെ എന്നെ കൂടുതലായി ഈശോയിലേക്ക് വളർത്തണമേ. "ഞാൻ തിരുസ്സഭയുടെ പുത്രിയാകുന്നു"വെന്നുദ്ഘോഷിച്ചുകൊണ്ട് സഭാനവീകരണത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച ആവിലായിലെ അമ്മേ, ഈ എളിയ മകനുവേണ്ടി അനസ്യൂതം അപേക്ഷിച്ചുകൊണ്ടിരിക്കേണമേ. ഈജിപ്തിലെ വി. മറിയം, കൊർത്തോനായിലെ വി. മറിയം, വി.മഗ്ദലെനാ മറിയം എന്ന എന്റെ അമ്മമാരേ, ജീവിതകാലം മുഴുവൻ ആത്മാനുതാപത്തിൽ നിലനിൽക്കുവാൻ എനിക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമേ ഇത്തരം പ്രാർത്ഥനകൾ ഞാൻ നിരന്തരം ഉരുവിടുക പതിവാക്കിത്തീർത്തു.

26

കർമ്മയോഗി

1861 ജൂൺ 8-ാം തിയ്യതി വികാരി ജനറാളായി അവരോധിക്കപ്പെട്ട ഉടനെ ഞാൻ പ്രവർത്തനനിരതനായി. കേരളസുറിയാനിസഭ ഉന്മൂലനനാശത്തിൽ തകർന്നടിയാതിരിക്കാൻ രാവു പകലാക്കിത്തീർത്തു. വിശ്രമമന്യേ ജോലിചെയ്തു; അതോടൊപ്പം പ്രാർത്ഥനയെന്ന ആയുധവും കയ്യിലേന്തി.

"പ്രിയോരച്ചോ, ആരോഗ്യം സൂക്ഷിക്കണേ. താൻ ചത്ത് മീൻ പിടിക്കാൻ തുനിയരുതേ" - ആശ്രമാംഗങ്ങൾ മുന്നറിയിപ്പു നൽകി.

"കൂടപ്പിറപ്പുകളേ, കേരളസഭക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മഹാദുരന്തദിനങ്ങളിൽ ഉറങ്ങിക്കഴിയുന്നത് അപരാധമാകയില്ലേ? തമ്പുരാനുവേണ്ടിയല്ലേ ഈ അധ്വാനമെല്ലാം? അവിടുന്ന് തുണച്ചുകൊള്ളും." - എന്റെ സാന്ത്വനോക്തികൾ അവരുടെ ആശങ്കപൂർണ്ണമായും അകറ്റിയില്ലെന്ന് തോന്നുന്നു.

ഒമ്പതാം പിയൂസ് മാർപ്പാപ്പക്ക് (1861 ജൂൺ 19) *ബേസ്റൗമ്മാ* വാസികളായ പന്ത്രണ്ട് വൈദികരുടെ ഒപ്പോടുകൂടി ഞാൻ കത്തെഴുതി. മാർ റോക്കോസ് കേരളക്കരയിൽ ശീശ്മ വിതച്ചുകൊണ്ട് മുന്നേറുന്നു. വൈദികരും ജനങ്ങളും കരഘോഷം മുഴക്കി അദ്ദേഹത്തോടു ചേരുന്നു. അങ്ങയുടെ മറുപടി ലഭിക്കുന്നതിനു മുൻപ് പള്ളികളെല്ലാം കൈവിട്ടുപോകുമോയെന്ന് ആശങ്കയുണ്ട്. "അതിനാൽ പരിശുദ്ധ പിതാവേ, എളിമയോടുകൂടി ഞങ്ങൾ, കണ്ണുകളിൽ

നിറഞ്ഞുനിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങേ പക്കൽ അഭ്യർത്ഥിക്കുന്നു. വസ്തുതകളുടെ സത്യാവസ്ഥ സൂറിയാനി ഭാഷയിൽത്തന്നെ ഞങ്ങളെ അറിയിക്കണേ. പാത്രിയാർക്കിസ് തിരുമേനി അങ്ങയോട് എന്താവശ്യപ്പെട്ടുവെന്നും അങ്ങയുടെ മറുപടി എന്തായിരുന്നുവെന്നും, ഈ രണ്ടുപേരിൽ ആരെ അനുസരിക്കണമെന്നും ഞങ്ങൾക്ക് വ്യക്തമാക്കിത്തരണമേ."

റോമിൽ നിന്നുള്ള മറുപടി താമസിക്കുമെന്ന് അറിയാമായിരുന്നു. അതിനാൽ 1861 ജൂലായ് 22-ാം തിയ്യതി ഞങ്ങൾ പ്രൊപ്പഗാന്ത തിരുസംഘാദ്ധ്യക്ഷനായ അലക്സാണ്ടർ ബർണബാ കർദ്ദിനാളിനെ സമീപിച്ചു. വസ്തുതകൾ ഹൃദയവേദനയോടെ അറിയിച്ചു. മാർ റോക്കോസിന് മുടക്കു കല്പിക്കുന്നില്ലെങ്കിൽ രണ്ടുമാസത്തിനുള്ളിൽ എല്ലാവരും അദ്ദേഹത്തെ അനുധാവനം ചെയ്യാൻ ഇടയുണ്ടെന്ന ഉൾഭയം പങ്കുവെച്ചു. "അതിനാൽ ഏങ്ങലോടും നെടുവീർപ്പോടും കണ്ണീരോടും കൂടി ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു: ഒട്ടും താമസം കൂടാതെ ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമേ. മറുപടി സുറിയാനി ഭാഷയിലായാൽ വൈദികർക്കെല്ലാം അത് നേരിട്ട് വായിക്കാനും മനസ്സിലാക്കാനും സാധിക്കുമല്ലോ." അതോടൊപ്പം മറ്റൊരു വസ്തുതയും കർദ്ദിനാളിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഒരു കൽദായ മെത്രാൻ ഭരിക്കുകയാണെങ്കിൽ കലഹങ്ങളെല്ലാം തിരോഭവിക്കുമെന്ന് തീർച്ചയാണ്.

മറുപടി ലഭിക്കാത്തതിനാൽ വീണ്ടും നീണ്ടും ഞങ്ങൾ റോമിനെ സമീപിച്ചു. 1861 ഒക്ടോബർ 2-ാം തിയ്യതി കർദ്ദിനാളിന് അഞ്ചാമത്തെ പ്രാവശ്യം കത്തെഴുതി. ശീശ്മ അതിവേഗം പടർന്നു പിടിക്കുകയാണെന്നറിയിച്ചു. "മാർ റോക്കോസ് ഇപ്പോൾ പള്ളികളിൽ ചുറ്റിസഞ്ചരിക്കാൻ തുടങ്ങിയിരിക്കുന്നു. പഠിപ്പുള്ളവർക്കും പഠിപ്പില്ലാത്തവർക്കും, നല്ലവർക്കും തണ്ടവർക്കും യാതൊരു വിവേചനവും കൂടാതെ പട്ടം നൽകുന്നു." താനാണ് യഥാർത്ഥമെത്രാനെന്ന് പറഞ്ഞു പരത്തുന്നു. " ഈ മെത്രാനെ ഉടനെ ബാഗ്ദാദിലേക്ക് തിരിച്ചുവിളിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു."

1861 മെയ് മാസത്തിൽ ഞാൻ റോക്കോസിനെതിരായുള്ള ഒരു സർക്കുലർ പള്ളികളിൽ പ്രസിദ്ധപ്പെടുത്തി; സത്യാവസ്ഥ ജനങ്ങളെ അറിയിച്ചുകൊണ്ടുള്ള ആ വിജ്ഞാപനം ലൂക്കാ.11:23 ഉദ്ധരിച്ചുകൊണ്ടുള്ളതായിരുന്നു: "എന്നോടുകൂടെയല്ലാത്തവൻ എനിക്കെതിരാകുന്നു; എന്നോടൊപ്പം ശേഖരിക്കാത്തവൻ ചിതറിച്ചു

കളയുന്നു." മാർ റോക്കോസ് മാർപ്പാപ്പയുടെ അംഗീകാരമില്ലാത്ത വനാണ്. "അതിനാൽ സ്നേഹിക്കപ്പെട്ട കുടപ്പിറപ്പുകളേ, ആട്ടിൻ തൊഴുത്തിലേക്കു വാതിൽകൂടെയല്ലാതെ മറ്റു വഴിക്ക് പ്രവേശിക്കു ന്നവൻ കള്ളനും കവർച്ചക്കാരനുമാകുന്നു" (യോഹ.10:1). ഇപ്രകാര മുള്ള വ്യാജ ഇടയന്മാരുടെ ചതിവായ വചനത്തിനു ചെവി കൊടു ക്കാതെയും അവരോടു ചേരാതെയും ശുദ്ധമാർപ്പാപ്പ നിയമിച്ച വരാപ്പുഴ മെത്രാപ്പോലീത്താക്കു കീഴ്വഴങ്ങി നടക്കുക രക്ഷക്ക് ആവശ്യമായിരിക്കുന്നു. ഈ ശ്രമത്തിൽ രക്തസാക്ഷിയായി മരിപ്പാൻ ഇടവരുന്നെങ്കിൽ അത് ദൈവത്തിന്റെ ഏറ്റിക്കപ്പെട്ട മനോഗുണമാ ണെന്ന് ഓർത്തുകൊൾവിൻ. ഇങ്ങനെയുള്ളവരെ നമ്മുടെ പള്ളിക ളിൽ കയറ്റരുത്. അല്ലെങ്കിൽ ശുദ്ധമാർപ്പാപ്പയുടെ വലിയ ശാപം വരുത്തിവയ്ക്കും; ശീശ്മയിൽ ഉൾപ്പെട്ട് എന്നന്നേക്കും നശിക്കാൻ ഇടയാകുകയും ചെയ്യും.

സർക്കുലറിനോടുകൂടി ദൈവമാതാവിന്റെ രൂപത്തിനു മുൻപിൽ ചൊല്ലേണ്ട ഒരു ജപവും ഉൾപ്പെടുത്തിയിരുന്നു. "ജന്മപാപമില്ലതെ ഉത്ഭവിച്ച മറിയമേ, തിരുസ്സഭക്കു നേരിട്ട എല്ലാ ശാപങ്ങളും നീക്കിയ മാതാവേ, പുത്തനായിട്ടു മുളച്ചുണ്ടാകുന്ന ഈ ശീശ്മ തിരുസ്സഭയെ കലക്കുവാൻ തക്കവണ്ണം നീ കൈവിടരുതേ. പത്രോസ് ശ്ലീഹായുടെ അധികാരം കൈക്കൊണ്ടിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പക്ക് മുഴുവ നായ കീഴ്വഴക്കം എന്നും എല്ലായിടത്തും നടന്നുവരുവാൻ നീ കൃപ യേകണമേ. ആമ്മേൻ."

റോമിലേക്കെഴുതിയും സർക്കുലറുകൾ ഇറക്കിയും പള്ളികളിൽ പോയി പ്രസംഗിച്ചും *ബേസ്റ്റൗമ്മാ* നിവാസികൾ മാർ റോക്കോസി നെതിരെ നിന്ദനങ്ങളും ഭീഷണികളും സഹിച്ചുകൊണ്ട് പോരാട്ടം തുടർന്നു. സത്യസഭയുടെ സംരക്ഷണാർത്ഥം രക്തസാക്ഷിത്വം വഹിക്കാൻ ഇടയാവുക മഹാഭാഗ്യമാണെന്ന് ഞാൻ സർക്കുലറിൽ വ്യക്തമാക്കിയിരുന്നല്ലോ. അതിനൊരു കാവ്യമാതൃക നൽകുക ഉചിതമായിരിക്കുമെന്ന് തോന്നി. അതാണ് *അനസ്താസ്യയുടെ രക്ത സാക്ഷ്യം* എന്ന ഖണ്ഡകാവ്യം. ജ്ഞാനത്തിന്റെ ഗ്രീക്കുപദമായ സോഫിയ എന്നു പേരുള്ള ഗുരുനാഥയുടെ ശിക്ഷണത്തിൽ യോഗാർത്ഥിനിയായി കഴിയുകയായിരുന്നു അനസ്താസ്യ എന്ന കന്യക. ഉയർത്തപ്പെട്ടവളെന്നാണ് പേരിന്റെ അർത്ഥം. ഈശോയുടെ മണവാട്ടിയായിത്തീരാൻ അവൾ

"പൊന്നിനേക്കാൾ വിലയേറും സ്വർണ്ണമാണിക്യങ്ങളൊക്കെ മണ്ണുപോലെ തൃജിച്ചങ്ങു ഭജിച്ചിരുന്നു"

"സത്യവേദികളെ സർവ്വരേയും മൂടിച്ചീടുവാൻ" മന്ത്രിയായ പ്രോബെ കല്പനയിറക്കിയിരുന്നു. സുന്ദരിയായ അനസ്താസ്യയായെ അവർ അറസ്റ്റു ചെയ്തു. ഇപ്രകാരം ഉദ്ഘാടനം ചെയ്തു കൊണ്ടാണ് സോഫിയാ തന്റെ ഇഷ്ടതനയയെ യാത്രയാക്കിയത്.

"സ്നേഹമേറും മകളേ, നിൻ ഭാഗ്യമേറും മണവാളൻ
ദാഹത്തോടെ വിളിക്കുന്നു വേഗമായ്പ്പോക
പൂർവ്വകാലേ നിൻ കരത്തെനീട്ടി നിന്നെ ദാഹമോടെ
മാറിടത്തിലണച്ചൊരു രാജനെയോർക്ക
നിൻ മണത്തെ മൂടിപ്പാനായ് ഒൺമയോടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ചുചൂടി ശിരസ്സിനെ
അർച്ചനയായന്നു നൽകി ജീവനും
ഇന്നു തന്റെ മഹത്വം നീ കാട്ടുക വേഗം.
മന്നിലുള്ള മനുഷ്യരല്ല നിന്റെ സ്നേഹ ഭർത്താ
ഉന്നതൻ നിന്നോടുകൂടെയെന്നു നീയോർക്ക."

വിത്തപ്രതാപത്തിനോ സ്ഥാനമാനങ്ങൾക്കോ അനസ്താസ്യയായെ ക്രിസ്തുവിനെ തള്ളിപ്പറയാൻ മോഹിപ്പിച്ചില്ല. സന്തോഷത്തോടും അഭിമാനത്തോടും കൂടി മിശിഹായാണ് തന്റെ മണവാളനെന്ന് ആ വീരാംഗന പ്രഘോഷിച്ചു. നാവു പിഴുതെടുക്കുന്നതിനു മുൻപായി "നായകനെ സ്തുതിച്ചവൾ പാടി നന്നായി." അവളുടെ ദൈവികമായ സ്ഥൈര്യം ദർശിച്ചപ്പോൾ കൊലക്കളത്തിൽ സന്നിഹിതനായിരുന്ന ചീറിലോസ് മാനസാന്തരപ്പെട്ടു. രാജകല്പന ലംഘിച്ച് ആ യുവാവ് അവൾക്ക് ദാഹജലം നൽകി; താൻ ക്രിസ്ത്യാനിയാണെന്ന് ഏറ്റുപറഞ്ഞു. ചീറിലോസിനും രക്തസാക്ഷിമകുടം ലഭിച്ചു. തന്റെ മണവാട്ടിയെ

"സ്നേഹമേറും മണവാളൻ യേശുതന്റെ മന്ദിരത്തിൽ
ദാഹമോടെ കൂടിവെച്ചു മണവറയിൽ."

"അനസ്താസ്യയായുടേയും ചീറിലോസിന്റേയും രക്തസാക്ഷിത്വത്തിന്റെ കഥ സുറിയാനി ക്രൈസ്തവർക്ക് സത്യവേദത്തിൽ ത്യാഗപൂർവ്വം ഉറച്ചുനിൽക്കാൻ പ്രചോദനമേകട്ടെ." - ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു.

ഇതിനകം കേരളത്തിലെ 155 പള്ളികളിൽ 86 എണ്ണം പൂർണ്ണമായും 30 എണ്ണം ഭാഗികമായും ശീശ്മയെ ആശ്ലേഷിച്ചു കഴിഞ്ഞിരുന്നു. കർത്താവിൽ ശരണം ഗമിച്ചുകൊണ്ട് മാർപ്പാപ്പയുടെ മറുപടിക്കായി

ഞാൻ കാത്തിരുന്നു. അപ്പോഴതാ ഞങ്ങളെ വിരട്ടിക്കൊണ്ടുള്ള ശീശ്മ മെത്രാന്റെ ഒരു കത്ത്. പാത്രിയാർക്കീസിനേയും തന്നെയും അപമാനിക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് പിന്തിരിഞ്ഞ് ഞാൻ മാപ്പ പേക്ഷിക്കണമത്രേ. ഞാൻ പ്രത്യുത്തരിച്ചില്ല; ഭയപ്പെട്ടുമില്ല. ഇതിനകം പള്ളികൾ പിടിച്ചടക്കാനുള്ള മാർ റോക്കോസിന്റെ ശ്രമം സംഘർഷ ങ്ങൾക്കിടയാക്കിക്കൊണ്ടിരുന്നു. രക്തചൊരിച്ചിലുണ്ടാകുമെന്ന് ഭയന്ന് ഞാൻ സർക്കാരിൽ ഹർജി കൊടുത്തു. അതോടെ തെക്കൻ പള്ളികളിൽ കയറിക്കൂടായെന്ന് വിലക്കുണ്ടായി. വടക്കൻ കേരള ത്തിലെ ചില സത്യവേദവിശ്വാസികളും ദിവാനെ സമീപിച്ചു. അവി ടെയും നിരോധാജ്ഞ വന്നു. മാർ റോക്കോസിന്റെ തേരോട്ടം തടയ പ്പെട്ടതോടെ ശീശ്മയുടെ കടന്നുകയറ്റത്തിന് അല്പം വിരാമമായി.

കാത്തുകാത്തിരുന്ന മാർപ്പാപ്പയുടെ മറുപടി സെപ്തംബർ അഞ്ചാം തിയ്യതിയാണ് ലഭിച്ചത്. തന്നെ സമീപിച്ചതിൽ അത്യന്തം സന്തുഷ്ടനാണെന്ന് പ്രസ്താവിച്ചശേഷം ഒമ്പതാം പിയൂസ് മാർപ്പാപ്പ റോക്കോസിന് സുറിയാനി പള്ളികളുടെമേൽ യാതൊരധികാരവും നൽകിയിട്ടില്ലെന്ന് വ്യക്തമാക്കി. ആ വ്യാജഇടയനെ തിരികെ വിളിച്ചു കൊള്ളണമെന്ന് പാത്രിയാർക്കീസിനോട് കല്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. മാർപ്പാപ്പയുടെ നിർദ്ദേശപ്രകാരം പാത്രിയാർക്കീസ് മാർ റോക്കോസിനെ രണ്ടുപ്രാവശ്യം തിരികെ വിളിച്ചുകൊണ്ട് കത്തയ ച്ചെങ്കിലും ഫലമുണ്ടായില്ല. റോക്കോസ് മെത്രാൻ കേരളത്തിൽനിന്ന് തിരിച്ചുപോകാൻ തയ്യാറല്ലെങ്കിൽ മഹറോൻ ചൊല്ലിക്കൊള്ളുവാൻ ബർണ്ണർദ്ദീനോസ് മെത്രാപ്പോലീത്താക്ക് നിർദേശം നൽകി.

കാര്യങ്ങൾ പരസ്യമായതോടെ ശീശ്മമെത്രാന് നിൽക്കക്കള്ളി യില്ലാതായി. മടങ്ങിപ്പോകണമോ വേണ്ടയോ? കൂടെ നിൽക്കുന്നവർ സമ്മതിക്കുന്നില്ല. റോക്കോസ് പക്ഷക്കാരായി തീർന്നവരിൽ പലരും പിന്തിരിയാനാരംഭിച്ചു. 1861 നവംബർ 11-ാം തിയ്യതിയാണ് മാർ റോക്കോസ് മെത്രാനെ പരസ്യമായി മഹറോൻ ചൊല്ലിയത്.

"ഔദ്യോഗികരേഖ തെക്കോട്ടുശ്ശേരിയിൽ കൊണ്ടുപോയി കൊടു ക്കണമല്ലോ. കാര്യമെന്തെന്നറിഞ്ഞാൽ ശത്രുപക്ഷക്കാർ വെറുതെ വിടുകയില്ല. കൊന്നുകളയാനും മടിക്കയില്ല." - ഞാൻ കൂടപ്പിറപ്പുക ളോട് കാര്യമുണർത്തിച്ചു.

അല്പസമയത്തേക്ക് ആരും മിണ്ടിയില്ല. രക്തസാക്ഷിയാ കാൻത്തന്നെ സാധ്യതയുണ്ട്.

"കർത്താവേ, ഹൃദയങ്ങളെ സ്പർശിക്കുന്നത് അങ്ങാണല്ലോ. പരിശുദ്ധാരൂപിയുടെ ആത്മശക്തിയാൽ ആരെയെങ്കിലും അഭിഷേ ചിക്കണമേ" - ഞാൻ തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അപ്പോഴതാ കാപ്പിൽ ഗീവർഗ്ഗീസച്ചൻ കൈപൊക്കുന്നു.

"ഞാൻ പോകാം.'

ഉടനടി മറ്റുള്ള വൈദികരും ഞങ്ങളും സന്നദ്ധരാണെന്നു പ്രഖ്യാപിച്ചു. അല്പനേരം മൗനമായി പ്രാർത്ഥിച്ചശേഷം

"ആദ്യം മുന്നോട്ടുവന്ന ഗീവർഗ്ഗീസച്ചൻ തന്നെ പോകട്ടെ"- ഞാൻ തീരുമാനമറിയിച്ചു. ഞങ്ങളെല്ലാവരും അദ്ദേഹത്തിന്റെ ശിരസ്സിൽ കൈകൾവെച്ച് പ്രാർത്ഥിച്ചു. അതദ്ദേഹത്തിന് പ്രചോദനമേകി. ഉടനടി ആ ധൈര്യശാലി തൈക്കാട്ടുശ്ശേരിയിലേക്കു തിരിച്ചു.

"മാർ റോക്കോസിനെ കാണണമല്ലോ".

"മെത്രാനു സമയമില്ല."- തൊണ്ടനാട്ടച്ചൻ മൊഴിഞ്ഞു.

"എങ്കിൽ ഈ കത്ത് അദ്ദേഹത്തിന് കൊടുക്കണേ"

ഉള്ളടക്കം എന്തെന്നറിയാതെ തൊണ്ടനാട്ടച്ചൻ കത്തുവാങ്ങി. ഉടനടി കാപ്പിലച്ചൻ സ്ഥലം വിട്ടു. മഹറോൻ പ്രഖ്യാപനമാണെന്നറിഞ്ഞതോടെ തൊണ്ടനാട്ടച്ചനും കൂട്ടരും ഗീവർഗ്ഗീസച്ചന്റെ പിന്നാലെ ഓടി. അദ്ദേഹം ഒരു വീട്ടിൽ കയറിയൊളിച്ചു. ഉടമസ്ഥൻ അച്ചനെ വിട്ടുകൊടുക്കാൻ തയ്യാറായില്ല. ലത്തീൻ റീത്തുകാരായ അയൽക്കാരുടെ സഹായത്തോടെ കാപ്പിലച്ചൻ കൂനമ്മാവിലെത്തി. അദ്ദേഹത്തെ സുരക്ഷിതനായി കണ്ടപ്പോൾ എന്റെ ശ്വാസം നേരെ വീണു.

"ദൈവമേ, അങ്ങ് എല്ലാം എത്രയോ ഭംഗിയായാണ് ക്രമീകരിക്കുന്നത്! ഞങ്ങളെങ്ങനെ പ്രതിനന്ദിയർപ്പിക്കേണ്ടു? രക്ഷയുടെ കാസ കയ്യിലെടുത്തുകൊണ്ട് ഞാൻ കർത്താവിന്റെ നാമം വിളിച്ച പേക്ഷിക്കട്ടെ."

മഹറോൻ ചൊല്ലൽ കർമ്മം ആരിലും ഭീതി ഉണർത്താൻ പര്യാപ്തമായിരുന്നു. സൂർപ്പലേസും ഊറാറയുമിട്ട പന്ത്രണ്ടു വൈദികർ പന്ത്രണ്ടു മെഴുകുതിരിയും കത്തിച്ചുപിടിച്ചുകൊണ്ട് പ്രദക്ഷിണമായി മദ്ബഹായിൽ നിരന്നു നിന്നു. മെത്രപ്പോലീത്താ കാപ്പയും അംശമുടിയും വടിയും ധരിച്ച് മദ്ധ്യത്തിൽ. മരണമണി തുടർച്ചയായി അടിച്ചുകൊണ്ടിരുന്നു. മെത്രാപ്പോലീത്താ കയ്യിൽ ഒരു വലിയ മെഴുകുതിരി കത്തിച്ചുപിടിച്ചശേഷം മഹറോൻ വാചകങ്ങൾ ഉരുവിടുകയായി. റോക്കോസിനെ കർത്താവിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിൽനിന്നു. സഭാസമൂഹത്തിന്റെ കൂട്ടായ്മയിൽനിന്നും വേർതിരിച്ചു. ശപിക്കപ്പെട്ടവനെന്ന് പ്രഖ്യാപിച്ചു. അനുതപിച്ചും പ്രാശ്ചിത്തമനുഷ്ഠിച്ചും തിരിച്ചുവരുന്നതുവരെ പിശാചിനോടും നരകവാസികളോടും കൂടെ എന്നേക്കുമുള്ള അഗ്നിക്ക് അയാളെ

കയ്യാളിച്ചു. മെഴുകുതിരികൾ ഊതിക്കെടുത്തി അവയിൽ ചവിട്ടിയ ശേഷം കാർമ്മികർ സങ്കീർത്തിയിലേക്ക് തിരിച്ചുപോയി. മഹറോൻ ചൊല്ലുന്ന കർമ്മത്തിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.

"കർത്താവേ കനിയണമേ! മാർ റോക്കോസിന് സത്ബുദ്ധി നൽകണമേ! അനുതപിക്കാൻ വരമേകണമേ!"

മഹറോൻ ചൊല്ലിയെന്ന വാർത്ത പരന്നപ്പോൾ ശീശ്മമെത്രാന് നിൽക്കകള്ളിയില്ലാതായി. ഒരിടത്തും സ്ഥിരമായി തങ്ങാൻ സാധിച്ചില്ല. ജനം അദ്ദേഹത്തിനെതിരായി തിരിഞ്ഞു. കുറച്ചുനാളെങ്കിലും മാഞ്ഞൂർപള്ളിയിൽ താമസിക്കാമെന്നു കരുതി അവിടെയെത്തിയപ്പോൾ അതാ പോലീസ് വ്യൂഹം! കരയ്ക്കിറങ്ങാനാകാതെ ഒരു രാത്രി മുഴുവൻ ബോട്ടിൽ കഴിച്ചുകൂട്ടുവാൻ നിർബന്ധിതനായി.

"എനിക്കു നാട്ടിലേക്കു തിരിച്ചുപോകണം, ദയവായി എന്നെ കൊച്ചിക്കോട്ടയിലെത്തിക്കു." - അനുയായികളുടെ കാലുപിടിച്ച പേക്ഷിച്ചു. അവരുണ്ടോ സമ്മതിക്കുന്നു. പാറായി അവിരായും കുട്ടരും മാർ റോക്കോസിന്റെ ആഗ്രഹം നിവർത്തിച്ചുകൊടുത്തില്ല. ദിവസങ്ങൾ നീങ്ങിക്കൊണ്ടിരുന്നു.

"എനിക്കു തീരെ സുഖമില്ല. ഡോക്ടറെ കണ്ടേതീരൂ."

"ഇവിടെയുള്ള വൈദ്യരെ കാണിക്കാം."

"പറ്റില്ല. കൊച്ചിയിലെ ഡോക്ടർ സായിപ്പിനെത്തന്നെ കാണണം." മെത്രാൻ വാശി പിടിച്ചു. ഭക്ഷണം കഴിക്കാൻ വിസമ്മതിച്ചതോടെ അദ്ദേഹത്തെ അവർ കൊച്ചിയിലെത്തിച്ചു.

അവിടെനിന്ന് മാർ റോക്കോസ് വരാപ്പുഴ മെത്രാപ്പോലീത്താക്ക് അതീവരഹസ്യമായി ഒരു സന്ദേശമയച്ചു.

"ഞാൻ സ്വദേശത്തേക്കു മടങ്ങിപ്പോയ്ക്കൊള്ളാം. യാത്രക്കുള്ള പണം എത്തിക്കണേ."

ബർണ്ണർദ്ദീനോസ് മെത്രാപ്പോലീത്താ ഉടനടി എന്നെ വിളിപ്പിച്ചു. എന്തുചെയ്യണമെന്ന് ആലോചിക്കാനായി.

"പിതാവേ, കർത്താവിന്റെ മാതൃക പിഞ്ചെല്ലുന്നതല്ലേ നല്ലത്?"

തിരുമേനി എന്റെ നിർദ്ദേശം നിർദയം തള്ളിക്കളഞ്ഞു.

"മാർ റോക്കോസ് മാപ്പപേക്ഷിക്കുക തന്നെ വേണം."

വീണ്ടും വീണ്ടും കേണപേക്ഷിച്ചപ്പോൾ മെത്രാപ്പോലീത്താ മനമില്ലാമനസ്സോടെ സമ്മതം മൂളി. ഞാനുടനെ പണവുമായി കൊച്ചിക്കോട്ടയിലേക്കു തിരിച്ചു. അതിനകം ശീശ്മയെ ആശ്ലേഷിച്ചവർ തൊണ്ടനാട്ടച്ചന്റെ നേതൃത്വത്തിൽ തിരിച്ചുപോകുന്നത് തടയാൻ

പ്ലാനിട്ടിരുന്നു. കേസു കൊടുക്കുമെന്ന് ഭീഷണിപ്പെടുത്തി. ഉടനടി സ്ഥലം വിടുകയില്ലെന്ന ഉറപ്പുലഭിച്ചപ്പോഴാണ് അവർ തത്ക്കാലം ശാന്തരായത്. അപ്പോൾ തൊണ്ടനാട്ടച്ചന്റെ ഉള്ളിൽ പണ്ടേ തന്നെ നാമ്പെടുത്തിരുന്ന സ്വപ്നം പൂവിടുകയായി. ബാബേലിൽ ചെന്ന് തനിക്കെന്തുകൊണ്ട് ഒരു മെത്രാനായി തിരിച്ചുവന്നുകൂടാ? മറ്റുള്ള വരോട് വേറൊരു വിധത്തിലാണ് അദ്ദേഹം കാര്യം സംസാരിച്ചത്.

"ബാബേലിൽ ചെന്ന് മറ്റൊരു മെത്രനെ കൊണ്ടുവരാം, എനിക്കും സഹായിക്കുമുള്ള യാത്രാചെലവ് സംഘടിപ്പിച്ചുതരികയാണെങ്കിൽ."

കൽദായവാദികൾ പണം പിരിച്ചുകൊടുക്കുകയും ചെയ്തു.

രഹസ്യത്തിലാണ് ഞാൻ മാർ റോക്കോസിനെ സന്ധിച്ചത്. ചെയ്തത് തെറ്റായിപ്പോയെന്ന ഒരു അനുതാപവാക്യം അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്ന് അടർന്നു വീഴ്ത്തുന്നതിനുള്ള എന്റെ ശ്രമം പാഴായിപ്പോയി. ഏതായാലും നാടുവിടുവാൻ തയ്യാറായല്ലോ. അതിനു സഹായിക്കുക തന്നെ. ആരുടേയും ശ്രദ്ധ ആകർഷിക്കാത്ത വിധമാണ് ഞാൻ ഒരുക്കങ്ങൾ ചെയ്തത്. കപ്പൽ പുറപ്പെടുന്നതിന് വളരെ മുമ്പു തന്നെ തൊണ്ടനാട്ടച്ചനും സഹായിയും അതിൽ സ്ഥലം പിടിച്ചു. മാർ റോക്കോസിനോട് സംസാരിച്ചുകൊണ്ടിരിക്കാൻ രണ്ടു വൈദികരെ ഞാൻ ചട്ടം കെട്ടിയിരുന്നു. നാലുമണിക്ക് കപ്പൽ പുറപ്പെടാനുള്ള മണി മുഴങ്ങി. തത്ക്ഷണം ഏതാനും പേർ അദ്ദേഹത്തിന്റെ മുറിയിലേക്ക് ഓടിക്കയറി പെട്ടികളും മറ്റും എടുത്തുകൊണ്ട് അദ്ദേഹത്തോടൊപ്പം കപ്പലിലെത്തി. ശീശ്മക്കാർ കാര്യമറിഞ്ഞ് ഓടിയെത്തിയപ്പോഴേക്കും, കപ്പൽ പുറപ്പെട്ടു കഴിഞ്ഞിരുന്നു. നിരാശയോടെ നോക്കിനിൽക്കാൻ മാത്രമേ അവർക്കു കഴിഞ്ഞുള്ളൂ. അതോടെ ശീശ്മയെ ആശ്ലേഷിച്ചിരുന്ന പള്ളികളോരോന്നായി സത്യസഭയിലേക്ക് തിരിച്ചുവന്നു. ഞാൻ വിഭാവനം ചെയ്തതുപോലെ എല്ലാം പര്യവസാനിച്ചതിൽ ആനന്ദാശ്രുക്കളോടെ ദൈവത്തിന് നന്ദി പറഞ്ഞു. കൂടപ്പിറപ്പുകളോടൊത്ത് സ്തോത്രഗീതം പാടി.

"ദൈവമേ ഞങ്ങളങ്ങേ വാഴ്ത്തുന്നു
അങ്ങേക്കായെന്നും സ്തോത്രങ്ങൾ."

27

ഒന്നിപ്പിക്കുവാൻ ഒരാലോചന

ബാബേലിലെത്തിയ തൊണ്ടനാട്ടച്ചൻ മെത്രാൻ പദവി ലഭിക്കുന്നതിന് പല സ്ഥലങ്ങളിലും ചെന്ന് മുട്ടി നോക്കി. പക്ഷേ ശ്രമം വിഫലമായപ്പോൾ കുർഡിസ്റ്റാനിലെ നെസ്തോറിയൻ പാത്രിയാർക്കീസിനെ സമീപിച്ച് മെത്രാൻ പട്ടം നേടിയെടുത്തു. അബ്ദീശോ എന്ന പേരിൽ 1863 ൽ കൊച്ചിയിൽ വന്നിറങ്ങി. പക്ഷേ തണുപ്പൻ സ്വീകരണമാണ് ലഭിച്ചത്. വിരലിലെണ്ണാവുന്നവർ മാത്രമാണ് സന്നിഹിതരായിരുന്നുള്ളൂ. അവരിൽത്തന്നെ ആരാണ് പുതിയ മെത്രാനെന്നറിയാനുള്ള ജിജ്ഞാസയാൽ എത്തിച്ചേർന്നവരായിരുന്നു പലരും. പുതിയ വേഷത്തിൽ പ്രത്യക്ഷപ്പെട്ടവനെ തിരിച്ചറിഞ്ഞപ്പോൾ ആളുകൾ നിരാശനായി. പുത്തൻ വീഞ്ഞ് പഴയ തോൽക്കുടത്തിൽ! പാറായി അവിരാക്കു പോലും മനം മടുത്തു. സ്വീകരണങ്ങൾ തട്ടിക്കൂട്ടാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ അബ്ദീശോ പ്ലാശനാലിൽ പോയി താമസിച്ചു. മലമ്പനി പിടിപ്പെട്ട വലഞ്ഞപ്പോൾ 1865 ജനുവരി 25-ാം തിയ്യതി എനിക്കൊരു കത്ത് കൊടുത്തയച്ചു.

"പെ.ബ.പ്രിയോരച്ചൻ ബോധിപ്പാൻ. പലവട്ടവും തമ്മിൽ കാണണമെന്ന് വലിയ ആഗ്രഹം ഉണ്ടായിരുന്നു. അച്ഛനെ കണ്ട് കാര്യങ്ങൾ വിവരമായി ബോധിപ്പിക്കണമെന്ന് താത്പര്യപ്പെട്ട് ഒരുങ്ങിയിരിക്കുന്നു. ദയവുചെയ്ത് തമ്മിൽ കാണുന്നതിന് ഇടയാക്കണമെന്ന് സാധ്യപ്പെടുന്നു."

"പിതാവേ എന്തു ചെയ്യണം?"

"കൊച്ചിക്കോട്ടയിൽ വരുവാൻ അയാളോട് പറയൂ. ജനറാളച്ചൻ അവിടെ ചെന്ന് അയാളെ കാണുന്നതിന് എനിക്ക് വിരോധമില്ല."

ധൂർത്തപുത്രന്മാരെ രണ്ടുകയ്യും നീട്ടി സ്വീകരിക്കുന്ന കാരുണ്യവാനാണല്ലോ കർത്താവ്.

"തെറ്റുകളും കുറ്റങ്ങളും മറക്കുകയും പൊറുക്കുകയും ചെയ്യുന്ന ദൈവമേ, അങ്ങയുടെ കൃപാധിക്യത്തിന്റെ ഒരു കണികയെങ്കിലും അഗതിയായ ഈ മകനു തരണമേ. അങ്ങ് തന്നെ എന്നിലൂടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമേ."

ഈ പ്രാർത്ഥന വീണ്ടും വീണ്ടും ഉരുവിട്ടുകൊണ്ടാണ് ഞാൻ രണ്ടുപേരും പറഞ്ഞൊത്ത പള്ളിയിലെത്തിയത്. ഉച്ചക്ക് 11 മണി മുതൽ 4 മണിവരെ കാത്തിരുന്നുവെങ്കിലും ആരേയും കണ്ടില്ല. 5 മണിയായപ്പോൾ അതാ വരുന്നു, പുറകിൽ ഒരു ശെമ്മാശ്ശനും. കറുത്തമീശ കഴുത്തോളം, കയ്യിൽ ഒരു വടിയും, വെളുത്ത ളോഹയുടെ മീതെ കറുത്ത കാപ്പയും, അത് ഒരു കൈ കൊണ്ട് വാരിപ്പിടിച്ചും, ആ കയ്യിൽ കുടയും മറ്റേകയ്യിൽ വടിയും, ഇപ്രകാരം തെക്കേ വഴിയിൽ കൂടെ ഒളിച്ചെന്ന പോലെ വരുന്നു! ഞാൻ തന്നെ അങ്ങോട്ടു ചെന്ന് സ്തുതി ചൊല്ലി.

അന്തോനിയച്ചൻ അനുതപിച്ച് സത്യവിശ്വാസത്തിലേക്കു തിരിച്ചു വരികയാണെങ്കിൽ മെത്രാപ്പോലീത്താ റോമിലേക്കെഴുതി മഹറോൻ കുറ്റം തീർത്തുകൊള്ളും.

പരവശനായിരുന്നുവെങ്കിലും ആദ്യമൊന്നും പശ്ചാത്തപിക്കാൻ ഒരുക്കമായിരുന്നില്ല. വീണ്ടും വീണ്ടും നിർബന്ധിക്കേണ്ടി വന്നു; ആരോരുമില്ലാതെ കഴിഞ്ഞാലുള്ള ഭവിഷത്ത് ചൂണ്ടികാണിച്ചു. അപ്പോൾ അരമനസ്സായി.

"റോമിൽനിന്നു കല്പന വരുന്നതുവരെ മാന്നാനം ആശ്രമത്തോടനുബന്ധിച്ചുള്ള ബംഗ്ലാവിൽ പ്രാർത്ഥനയും പ്രാശ്ചിത്തവുമായി കഴിയുക."

സമ്മതം മൂളിയെങ്കിലും മാർ അബ്ദീശോ അപ്രകാരം ചെയ്തില്ല. ഒടുവിൽ മനമില്ലാമനസ്സോടെ മാന്നാനത്തെത്തി. റോമിൽനിന്ന് മറുപടി ലഭിക്കാൻ കാലതാമസമുണ്ടായപ്പോൾ ചിലരുടെ കുബുദ്ധി ശ്രവിച്ചതോടെ ചാഞ്ചാട്ടമായി. എന്റെ നിർബന്ധം മൂലം മാർ ബർണ്ണർദ്ദീനോസ് ഗീവർഗ്ഗീസച്ചനെ കുമ്പസാരക്കാരനായി നിയമിച്ചു.

വീണ്ടും വീണ്ടും ഗുണദോഷിക്കേണ്ടിവന്നു, നേരായ മാർഗ്ഗത്തിൽ നിലനിർത്താൻ. അല്പനാൾ കഴിഞ്ഞപ്പോൾ ഞാൻ മെത്രാപ്പോലീത്തായുടെ അടുത്തെത്തി.

"പിതാവേ, തൊണ്ടനാട്ടച്ചൻ നന്നാകാൻ മനസ്സുകാണിക്കുന്നുണ്ട് കുമ്പസാരിക്കാനും കുർബ്ബാന കൈക്കൊള്ളാനും അനുവദിച്ചാൽ കൂടുതൽ ദൈവാനുഗ്രഹം ലഭിക്കുമല്ലോ."

ഒടുവിൽ പിതാവിന്റെ മനസ്സലിഞ്ഞു. അനുവാദങ്ങൾ നൽകി. ശീശ്മ വിതച്ചവൻ ദു:ഖനിയായ്ച്ച താടിമീശ വടിച്ച് ഉയിർപ്പുതിരുന്നാളിൽ കുർബ്ബാന കൈക്കൊണ്ടു. മഹറോൻ ശിക്ഷയിൽനിന്ന് മോചിതനായപ്പോൾ അദ്ദേഹം ഇടമറ്റം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. മെത്രാൻ വേഷധാരിയായി നടന്നിരുന്ന വ്യക്തി ഒരു സാധാരണ ഇടവകവികാരിയായിത്തീർന്നു. ഒരു ദിവസം അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ ഞാൻ ചോദിച്ചു.

"എന്തുണ്ട് വിശേഷം? സുഖം തന്നെയല്ലേ?"

അസംതൃപ്തിയോടെയാണ് മറുപടി പറഞ്ഞത്. എനിക്കു ദു:ഖം തോന്നി. മനോഗുണം നിറഞ്ഞ കർത്താവിനെ സ്തുതിച്ചുകൊണ്ട് ഭക്തജീവിതം നയിക്കേണ്ടതിനു പകരം നീരസഭാവം തുടരുന്നല്ലോ! എന്റെ പ്രാർത്ഥനാ നിയോഗങ്ങളിലൊന്ന് അദ്ദേഹത്തിനു വേണ്ടിയായിരുന്നു.

പക്ഷേ "പാവയ്ക്കായുടെ വേര് മുളക്കും; അതിനാൽ പലരും നശിക്കും" എന്നൊരു ചൊല്ലുണ്ടല്ലോ. അന്തോണി കത്തനാരുടെ ജാത്യാലുള്ള സ്വഭാവം തുത്തെങ്കിലും പോയില്ല. മേലൂസ് മെത്രാൻ വന്ന് കേരളത്തിൽ ശീശ്മ വിതച്ചപ്പോൾ തൊണ്ടനാട്ടച്ചൻ അദ്ദേഹത്തോടൊത്തുകൂടി. പള്ളിഭരണം നടത്താൻ കത്തനാരെ ഭരമേല്പിച്ചുകൊണ്ടാണ് മെത്രാൻ നാടുവിട്ടത്. തൊണ്ടനാട്ടച്ചൻ തൃശ്ശൂരും ഇളന്തോട്ടത്തിലുമായി പാർത്ത് ശീശ്മയിൽപ്പെട്ട ഇടവകകളെ ഭരിച്ചുവന്നു. മാനസാന്തരപ്പെടാതെ നിരാശയുടെ ലക്ഷണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടാണ് മരണമടഞ്ഞത്.

സ്വന്തം റീത്തുകാരനായ മെത്രാനുവേണ്ടിയുള്ള സുറിയാനിക്കാരുടെ ഹൃദയാഭിലാഷം കെട്ടടങ്ങിയിരുന്നില്ലെന്ന് എനിക്കറിയാമായിരുന്നു. ഒരു തീപ്പൊരി വീണാൽ മതി, പൂർവ്വാധികം ശക്തിയോടെ ആളിക്കത്തലുണ്ടാകും. പ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം കൂടിയേതീരൂ. എന്തു ചെയ്യണമെന്ന ആലോചനയായി; ദിവ്യകാരുണ്യനാഥനോട്

മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒരു വെളിവു തോന്നി. പ്രശ്നത്തിന്റെ ഗൗരവം ചൂണ്ടികാണിച്ച് എന്തുകൊണ്ട് പരിശുദ്ധ സിംഹാസനത്തെ സമീപിച്ചുകൂടാ? കൊവേന്തക്കാരുമായി രഹസ്യത്തിൽ ആശയവിനിമയത്തിലേർപ്പെട്ടു. ഒടുവിൽ ആലോചന എന്നറിയപ്പെടുന്ന ഒരു രേഖ തയ്യാറാക്കി റോമിലേക്കയച്ചു. ലത്തീൻ റീത്തിൽപ്പെട്ട മെത്രാൻമാർ ഭരിക്കുന്ന കാലത്തോളം കേരളസഭ കലുഷിതമായിരിക്കും.

സുറിയാനി ഭാഷ പഠിച്ചവരോ, പഠിക്കാൻ കഴിവും മനസ്സും ഉള്ളവരോ ആയ ഏതാനും മിഷിനറിമാരെ സുറിയാനിഭാഷയിലും സുറിയാനിറീത്തിലും കുർബ്ബാനയർപ്പിക്കാനുള്ള അനുവാദത്തോടെ കേരളത്തിലേക്കയക്കണമേ. അടുത്ത മെത്രാനായി അവരിലൊരാളെ നിയമിക്കണമേ. ഇപ്രകാരം സുറിയാനി ആരാധനാക്രമത്തിലും ഭാഷയിലും പരിജ്ഞാനമുള്ള മിഷിനറിമാർ പള്ളികളിൽ വികാരിമാരായിത്തീരുന്നപക്ഷം യാക്കോബായക്കാരുടെ പുനരൈക്യവും നടക്കാൻ സാധ്യതയുണ്ട്.

ഏഴാം ഭാഗം

സന്ധ്യാവന്ദനം

28

ഞാൻ നല്ല അപ്പൻ

വികാരിജനറാളിനോട് പല കാര്യങ്ങളും ചർച്ചചെയ്യേണ്ടി വരുമെന്നതിനാൽ മെത്രാപ്പോലീത്താ കൂനമ്മാവിൽ വന്ന് താമസിക്കാൻ എന്നോടാവശ്യപ്പെട്ടു. മാന്യാനം വിടുന്നതിനുമുൻപ് കൈനകരി സന്ദർശിക്കണം. പിന്നീട് ആ ഭാഗ്യം ലഭിക്കുമോയെന്ന് തീർച്ചയില്ലല്ലോ. സ്വന്തം ഇടവകക്കാർക്ക് എന്നെന്നും ഓർത്തിരിക്കാൻ എന്താണ് നൽകേണ്ടത്? പ്രാർത്ഥിച്ചു. അപ്പോൾ ഒസ്യത്ത് കുറിച്ചുവയ്ക്കുവാൻ പ്രചോദനമുണ്ടായി. ഞാൻ ജീവിക്കുന്നതും ചരിക്കുന്നതും നിലനിൽക്കുന്നതുമായ ത്രിത്വക്കുടുംബമായ തിരുക്കുടുംബത്തിന്റെ ഭാഷ്യമാകണം ഓരോ ഭവനവും. സമകാലികപശ്ചാലത്തിന്റെ കാഴ്ച്ചപ്പാടിൽ ദൈവം വിഭാവനം ചെയ്യുന്ന കുടുംബത്തിന്റെ നഖചിത്രം വരച്ചുവയ്ക്കണം. എക്കാലത്തേക്കും എന്നേക്കും പ്രസക്തമായ ക്രിസ്തുവിന്റെ അനുയായികളുടെ കൂട്ടായ്മയാകണം അത്. ഞാൻ അനുചിന്തനത്തിൽ മുഴുകി. അപ്പോൾ കർത്താവിന്റെ അരൂപിയുടെ ഇളക്കം അനുഭവപ്പെട്ടു. *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന ശീർഷകത്തിൽ ക്രിസ്തീയകുടുംബചട്ടവും മക്കളെ വളർത്തേണ്ടവിധവും വള്ളത്തിലിരുന്നുകൊണ്ടുതന്നെ എഴുതി പൂർത്തിയാക്കാൻ അനുഗ്രഹിച്ച ദൈവമേ, അങ്ങേക്കു എന്നും ഇന്നും എല്ലായ്പ്പോഴും സ്തുതിയുണ്ടാകട്ടെ.

"നല്ല ക്രസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു." എന്നാരംഭിക്കുന്ന ആ നീണ്ട കത്തിൽ കുടുംബം

മോക്ഷത്തിന്റെ പതിപ്പാണെന്നും, സ്നേഹത്തിന്റെ കൂട്ടായ്മയാക ണമെന്നും വ്യക്തമാക്കി. അംഗങ്ങൾ തമ്പുരാനോടും മനുഷ്യരോടും സമാധാനത്തിൽ വർത്തിക്കണം. ഓരോരുത്തരും ജീവിതാന്തസ്സിനു തക്കവണ്ണം ജോലി ചെയ്യണം. കുടുംബം ആശ്വാസത്തിന്റേയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും ക്രമീകൃതജീവിതത്തി ന്റേയും നികേതനമാകണം. "അതിനാൽ ഞാൻ എഴുതിയുണ്ടാക്കിയ കുടുംബചട്ടം ചാവരുളായി അംഗീകരിക്കുകയും സൂക്ഷ്മമായി അനുസരിക്കയും അനുസരിപ്പിക്കയും ചെയ്യണ"മെന്ന് കൈനകരി ക്കാരോട് അഭ്യർത്ഥിക്കുന്നുണ്ട് ആ ലിഖിതത്തിൽ.

കുടുംബചട്ടം ഇരുപത്തിനാല് ഉപഭാഗങ്ങളായാണ് ഞാൻ അവ തരിപ്പിച്ചിരിക്കുക.

1. നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ
2. കോടതി കയറരുത്
3. കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ നടത്തരുത്
4. അത്യാവശ്യമില്ലാതെ വായ്പ വാങ്ങരുത്.
5. പണക്കാരനെന്നു ഭാവിക്കരുത്.
6. ആർഭാടങ്ങൾ ഒഴിവാക്കുക.
7. അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്.
8. ദൈവഭയമില്ലാത്തവരുമായുള്ള സംബന്ധം ആപത്ക്കരമാണ്
9. നല്ല മര്യാദക്കാരെ മാത്രം വീട്ടിൽ കയറ്റിയാൽ മതി.
10. പരദൂഷണം വർജ്ജിക്കണം.
11. വസ്തു വാങ്ങിച്ചു കൂട്ടാനുള്ള പ്രവണത ഉപേക്ഷിക്കുക
12. ജോലി ചെയ്തുകൊണ്ടിരിക്കുന്നവരാകുക.
13. കച്ചവടം ആത്മനാശത്തിന് വഴിതെളിച്ചേക്കാം.
14. അന്യന് ഒരുപകാരമെങ്കിലും ചെയ്യാത്ത ദിവസം നഷ്ടമായി പരിഗണിക്കുക
15. ധൂർത്തും ലുബ്ധും തിന്മകളാണ്.
16. സ്നേഹിതന്മാരെ സൂക്ഷിച്ചുമാത്രം തിരഞ്ഞെടുക്കുക.
17. കട്ടവസ്തു സൂക്ഷിക്കുന്ന വീട് കത്തിപ്പോകും.
18. വേലക്കാർക്ക് ന്യായമായ കൂലി ഉടനടി കൊടുക്കണം, കുടുംബ ത്തിന്റെ പ്രധാനസമ്പത്ത് ദൈവഭക്തിയാകണം, കഴിയുമെങ്കിൽ എല്ലാ ദിവസവും കൂർബ്ബാനയിൽ സംബന്ധിക്കുക.

19. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി പാലിക്കുക.
20. രോഗങ്ങളിലും സഹനങ്ങളിലും ദൈവതിരുമനസ്സിന് കയ്യാളിക്കുക.
21. സത്ഗ്രന്ഥങ്ങൾ നിക്ഷേപമായി കരുതുകയും വായിക്കുകയും ചെയ്യുക.
22. കടമുള്ള ദിവസങ്ങളിൽ കൂർബ്ബാന കാണുക.
23. വേലക്കാർ ദൈവപേടിയുള്ളവരാകണം.
24. കൃത്യസമയത്ത് ഉറങ്ങാനും ഉണരാനും ശ്രദ്ധിക്കണം.

തുടർന്നുള്ള രണ്ടാം ഭാഗം സന്താനങ്ങളെ ദൈവത്തിന്റെ പ്രേമ ഭാജനങ്ങളായി വളർത്തേണ്ട വിധത്തെക്കുറിച്ചുള്ള അനുശാസനങ്ങളാണ്. ആദ്യമായി കാരണവന്മാരെ അഭിസംബോധന ചെയ്യുന്നു. അവർ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം. "മക്കൾ സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കയ്യിലേൽപ്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തിരുരക്തത്താൽ ശുദ്ധീകരിക്കുന്നതിനും, തന്റെ ശുശ്രൂഷികളാകുന്നതിനും, വിധിദിവസത്തിൽ തിരികെ ഏൽപ്പിക്കുന്നതിനുമായി നൽകപ്പെട്ടിരിക്കുന്ന ആത്മാക്കൾ. നിങ്ങളുടെ കുറ്റം മൂലം അവരിൽ ഒരാളെങ്കിലും നരകത്തിൽ നിപതിക്കാനിടയായാൽ നിങ്ങളുടെ രക്ഷതന്നെ അപകടത്തിലാകുമെന്ന് ഓർത്തുകൊള്ളുവിൻ. അവരെക്കുറിച്ച് നിങ്ങളോടാണ് കർത്താവ് കണക്കു ചോദിക്കുക. തന്മൂലം ഇളം പ്രായത്തിൽത്തന്നെ തമ്പുരാനെ സ്നേഹിക്കാനും ഭയഭക്തിപൂർവ്വം വണങ്ങാനും അവരെ പഠിപ്പിക്കണം. ഇല്ലെങ്കിൽ പിന്നീട് അവർ നിങ്ങളോടും സ്നേഹാദരവോടെ വർത്തിക്കുകയില്ല. മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാനു കാഴ്ചവയ്ക്കുകയും തിരുക്കുടുംബത്തെ ഭരമേല്പിക്കുകയും അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യണം."

രണ്ടാമത്തെ അനുചിന്തനം കുഞ്ഞുങ്ങൾക്കു നൽകേണ്ട ആത്മീയാഹാരത്തെക്കുറിച്ചാണ്. എന്റെ അമ്മ പാലൂട്ടുമ്പോൾത്തന്നെ സുകൃതസരണിയിൽ വളർത്തിയവിധം ഓർമ്മയിൽ നിറഞ്ഞു നിന്നിരുന്നു. ആ സാധ്യതയെ അനുകരിക്കാൻ കാരണവന്മാരെ ഞാൻ ഉദ്ബോധിപ്പിച്ചു.

മൂന്നു കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം. കൊച്ചു കുഞ്ഞുങ്ങളെ ഉടുപ്പില്ലാതെ വീട്ടിനകത്തുപോലും നടത്തരുത്, സഭ്യമല്ലാത്തതൊന്നും അവർ കേൾക്കേ സംസാരിക്കരുത്; ഗർഭധാരണത്തെക്കുറിച്ചുള്ള കാര്യങ്ങൾ ഓതിക്കൊടുക്കരുത്. അല്പം പ്രായമായ കുട്ടികളെ കാരണവന്മാരുടെ മുറിയിൽ കിടത്തരുത്. ആൺകുട്ടികളും

പെൺകുട്ടികളും ഒരേ മുറിയിൽ ഉറങ്ങുന്നത് അവരിൽ ലൈംഗികത ഉണർത്തുവാനിടയാക്കിയേക്കാം. അമ്മയുടെ ദൃഷ്ടിയിൽപ്പെടാത്തിടത്തേക്ക് കുഞ്ഞുങ്ങളെ കളിക്കാൻ വിടുന്നത് നന്നല്ല. നല്ലവരല്ലാത്തവരുടെ കയ്യിൽ അവരെ ഏല്പിക്കരുത്.

അക്കാലത്ത് കൈനകരിയിൽ സ്കൂളുകൾ വിരളമായിരുന്നു. പഠിപ്പിക്കുന്നതിലും കാരണവന്മാർക്ക് ഉത്സാഹമുണ്ടായിരുന്നില്ല. ചെറുപ്പത്തിൽത്തന്നെ പാടത്ത് തങ്ങളോടൊത്തു കുട്ടികളും പണിയെടുക്കട്ടെ. ഈ അലംഭാവമനസ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് ഞാൻ ഇപ്രകാരം നിർബന്ധിച്ചത്. "തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിലയക്കണം; അവർ പഠിക്കുന്നുണ്ടോയെന്നും കൂട്ടുകാരാരെല്ലാമാണെന്നും അന്വേഷിച്ചുകൊണ്ടിരിക്കണം, ഞായറാഴ്ചതോറും പഠിച്ചതെല്ലാം പരിശോധിക്കുകയും വേണം." നാലു വയസ്സാകുമ്പോൾ തിരിച്ചറിവുണ്ടാകുമല്ലോ. ഉടനടി കുട്ടികളെ സ്കൂളിൽ വിടണമെന്ന് ഞാൻ അനുശാസിച്ചു. യാത്രാക്ലേശങ്ങളും സാമ്പത്തികപ്രശ്നങ്ങളും മറ്റും മനസ്സിലാക്കാതെയല്ല ഞാൻ ഇത്തരം നിഷ്കർഷ വെച്ചത്. ക്രൈസ്തവർ "വിദ്യാധനം സർവ്വധനാൽ പ്രധാന"മായി കരുതിയേ തീരൂ. ആ രംഗത്ത് അവർക്കുള്ള പോരായ്മ പരിഹരിക്കപ്പെടണം.

"കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്. എന്തെന്നാൽ അവർ മാലാഖമാരായി പോവുകയും പിശാചുക്കളായി പിന്തിരിയുകയും ചെയ്യുന്നു." ചാർച്ചക്കാരുടെ ഭവനങ്ങളെല്ലാം തിന്മ അഭ്യസിപ്പിക്കുന്ന കളരികളാണെന്ന മുൻവിധിയോടുകൂടിയല്ല ഞാൻ ഈ നിബന്ധന എഴുതിച്ചേർത്തത്. എല്ലാ കുടുംബങ്ങളും "ആകാശമോക്ഷത്തിന് സദൃശ്യ" മാവുകയില്ലല്ലോ. "പവിത്രതയുടെ കണ്ണാടി"കളായി കുട്ടികളെ വളർത്താൻ തത്പരരല്ലാത്തവരുമുണ്ടാകും. ആ യാഥാർത്ഥ്യം ആരും മറന്നുപോകരുത്.

പാപസങ്കീർത്തനത്തിന്റേയും കന്യകാംബികയോടുള്ള ഭക്തിയുടേയും പ്രാധാന്യത്തെക്കുറിച്ചുള്ളതാണ് തുടർന്നുള്ള പ്രബോധനം. "ഏഴുവയസ്സു തികയുമ്പോൾ കുമ്പസാരിക്കുവാൻ അറിയേണ്ടതൊക്കെയും അവരെ പഠിപ്പിച്ച് കുമ്പസാരിപ്പിക്കണം. പ്രത്യേകമായിട്ട് ദൈവമാതാവിന്റെമേൽ ഭക്തിയായിരിപ്പാനും അവരെ അഭ്യസിപ്പിക്കണം." ഈ വാക്കുകൾ എഴുതുമ്പോൾ എന്റെ സ്വന്തം അമ്മയുടെ രൂപം മനോമുകുരത്തിൽ പ്രതിഫലിച്ചു നിന്നിരുന്നു.

കുട്ടികളോട് അതിവാത്സല്യവും അതികാർക്കശ്യവും അരുത്. രണ്ടും ദുഷ്യം ചെയ്യും. ശിക്ഷണക്രമത്തെക്കുറിച്ച് നിശ്ചിതനിർദ്ദേശങ്ങൾ

ഞാൻ എഴുതിച്ചേർത്തു. ശിക്ഷിക്കുന്നതിനുമുൻപ് തെറ്റ് കുട്ടികളെ ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുക; തുടർന്നും അതാവർത്തിച്ചാൽ ഭക്ഷണം കുറയ്ക്കുമെന്ന് മുന്നറിയിപ്പു നൽകുക; ചിലപ്പോൾ മുട്ടിന്മേൽ നിർത്തുകയും ചെയ്യാം. അത്തരം ശിക്ഷണം അവർ ഓർത്തിരിക്കും. അസഭ്യപദങ്ങളുപയോഗിച്ചാകരുത് കുറ്റപ്പെടുത്തൽ. അപ്പനുമമ്മയും പരസ്പരം ബഹുമാനത്തോടും സ്നേഹത്തോടും കൂടെ വർത്തിക്കുന്നത് മക്കൾക്ക് ഒരു മാതൃകയാകും.

"ചെറുപ്പത്തിൽത്തന്നെ ലോകനടപ്പെന്നു പറഞ്ഞുകൊണ്ട് നുണയും സൂത്രങ്ങളും തട്ടിപ്പും ചതിവും അവരെ അഭ്യസിപ്പിക്കേണ്ട; പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ അവരെ പഠിപ്പിക്കുക." ക്രൈസ്തവർ ലോകത്തിന്റെ പ്രത്യയശാസ്ത്രം പാടേ വർജ്ജിക്കണം. പരമാർത്ഥതയും നീതിയുമാകണം അവരുടെ മുഖമുദ്ര.

പ്രാർത്ഥിക്കുന്നവരുടെ കൂട്ടായ്മയാകണം ക്രിസ്തീയകുടുംബാംഗങ്ങൾ. വൈകുന്നേരമാകുമ്പോൾ എല്ലാവരും വീട്ടിലെത്തി നമസ്കാരം ചൊല്ലണം. അതിനുശേഷം മക്കൾ അപ്പനും അമ്മക്കും സ്തുതി ചൊല്ലി കൈ മുത്തണം. കൗമാരപ്രായം വളരെ സൂക്ഷിക്കേണ്ട സമയമാണ്. അക്കാലത്ത് ശ്രാദ്ധം, പെരുന്നാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്ക് മക്കളെ പറഞ്ഞയക്കാതെ ഏതെങ്കിലും തൊഴിൽ അഭ്യസിപ്പിക്കണം. പെൺകുട്ടികളെ ആഘോഷങ്ങൾക്കായി ചമയിച്ചയക്കുന്നതും പ്രാപ്തിയിൽ കവിഞ്ഞുള്ള നിഗളത്തിനടുത്ത് ഉടുപ്പും ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും പാടേ പരിവർജ്ജിക്കുക തന്നെ വേണം. ഒരു പെൺപൈതലിന്റെ ആഭരണമെന്തായിരിക്കണമെന്ന് ഞാൻ അക്കമിട്ടു പറഞ്ഞു: അടക്കം, ഭക്തി, മിണ്ടടക്കം, കണ്ണടക്കം.

തുടർന്ന് നാലു പ്രശ്നങ്ങളിലേക്കു നാട്ടുകാരുടെ ശ്രദ്ധ ഞാൻ തിരിച്ചു. പിള്ളപ്പട എന്ന വഴക്ക് ഉണ്ടാക്കാതിരിക്കൽ, മക്കൾക്ക് പ്രായപൂർത്തിയാകുമ്പോൾ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം നൽകൽ, മാതാപിതാക്കന്മാർ ജീവിച്ചിരിക്കുമ്പോൾ വീടു ഭരണം മക്കളെ ഏൽപ്പിക്കാതിരിക്കൽ, ബോധക്ഷയം വരുന്നതിനു മുൻപുതന്നെ സ്വത്ത് ഭാഗം വയ്ക്കൽ.

സമാപനസന്ദേശമായി ഞാൻ മക്കളെ അഭിസംബോധന ചെയ്തു. "നിങ്ങൾ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽത്തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ നാലാം പ്രമാണം

ലംഘിക്കുന്നവർക്ക് പരലോകത്തിൽ മാത്രമല്ല ഈ ലോകത്തിൽത്തന്നെ ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നുവെന്ന് നല്ലവണ്ണം ഓർത്തുകൊൾവിൻ." ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ചാവരുൾ വിരചിച്ചത്. ഈ മരണശാസനം പകർത്തിയെഴുതി വീടുകളിൽ സൂക്ഷിക്കാൻ ഞാൻ ഇടവകക്കാരെ കടപ്പെടുത്തി. മൂലപ്രതി കുരിശുപള്ളിയിലെ പെട്ടിയിൽ നിക്ഷേപിക്കണം. ഓരോ മാസാദ്യശനിയാഴ്ച്ചയും എല്ലാവരും ഒന്നിച്ചുകൂടി ചാവരുൾ വായിക്കണം. അതിനുശേഷം "കർത്താവേ, നീതിമാന്മാരുടെ ഭവനത്തിൽ ഈ ശുശ്രൂഷിയുടെ ആത്മാവിന് നിത്യവിശ്രമമേകണമേ"യെന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും വേണം.

29

അവസാനസന്ദർശനം

ചാവരുളിലെ അവസാനവാക്യം പൂർത്തിയായപ്പോൾ ഞാൻ പുറത്തേക്കുനോക്കി. അതാ പ്രഭാതം പൊട്ടിവിടരുന്നു! ഞാൻ റാന്തൽ അണച്ചു. നിദ്രാഭാരത്താൽ കണ്ണുകൾ അടഞ്ഞുപോയ്ക്കൊണ്ടിരുന്നെങ്കിലും മനസ്സിൽ ദൈവികമായ സന്തോഷത്തിന്റെ പൂത്തിരി! സ്ഥലത്തെത്താറായെന്ന് മനസ്സിലായി.

"കൂടപ്പിറപ്പേ" - ഞാൻ വള്ളക്കാരനെ വിളിച്ചു.

"ആദ്യം ചേന്നങ്കരിപ്പള്ളിയിലേക്കുപോകാം. ദേവാലയത്തിൽ ചെന്ന് കുർബ്ബാന ചൊല്ലണം."

വള്ളം കടവിലടുത്തപ്പോൾ അതാ ഒരു ജനക്കൂട്ടം! വികാരിയച്ചൻ തൊട്ടു മദ്ധ്യത്തിൽ പൂമാലയുമേന്തി നിൽക്കുന്നു! ഞാൻ എത്തിച്ചേർന്നിരുന്നവരുടെ മുഖങ്ങളിലേക്ക് ഉറ്റുനോക്കി. മറിയംകുഞ്ഞും ഭർത്താവും മക്കളും കൈകാണിക്കുന്നുണ്ട്. പഴയതലമുറയിൽ ജീവിച്ചിരിക്കുന്നവരുടെ വദനങ്ങൾ സൂര്യനുതുല്യം പ്രശോഭിക്കുന്നു.

എന്റെ നാട്! എന്റെ നാട്ടുകാർ! തറവാട്ടുകാർ! കൂടപ്പിറപ്പുകൾ! എന്നെ സ്വാഗതം ചെയ്യുന്ന കൊച്ചോളങ്ങൾ! ഇളം കാറ്റിൽ നെൽച്ചെടികൾ താളം പിടിക്കുന്നു! എന്നിൽ ഉന്മേഷം ഉദിച്ചുപൊങ്ങി.

"ഇപ്പോലെയുള്ള ഭാഗ്യമീലോകെ വെച്ചുവെങ്കീ-
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം.
നന്ദി ദൈവമേ, നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ!"

കരയിൽ കാലുകുത്തിയ ഉടനെ എല്ലാവരും എന്റെ ചുറ്റും തിക്കിക്കൂടി.

"പ്രിയോരച്ചോ"

"വികാരി ജനറാളച്ചോ"

"എന്നെ ഓർക്കുന്നുണ്ടോ?"

"അങ്ങ് നാടിന്റെ അഭിമാനമാണ്"

"കൈനകരിയുടെ ഭാഗ്യതിലകം!"

"എന്നാലും ഇത്രനാൾ ഇങ്ങോട്ടൊന്നു വന്നിലല്ലോ"

"ആരേയും മറന്നിട്ടില്ല, മക്കളേ. നിങ്ങളോരോരുത്തരും എന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ധാരാളം ജോലിത്തിരക്കുണ്ടായിരുന്നു. സന്ന്യാസസഭയുടേയും രൂപതയുടേയും കാര്യങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതില്ലേ? നമുക്കുടനെ പള്ളിയിലേക്കു പോകാം. എല്ലാവർക്കും വേണ്ടി ഞാൻ ബലിയർപ്പിക്കാം."

വികാരിയച്ചനെ വിളിച്ച് ഞാൻ താഴ്ന്ന സ്വരത്തിൽ ചോദിച്ചു.

"പറഞ്ഞതുപോലെ എല്ലാവർക്കും ഭക്ഷണം ഒരുക്കിയിട്ടില്ലേ?"

"ഉവ്വ് വികാരിജനറാളച്ചോ. പല വീട്ടുകാരും സ്വമേധയാ മുന്നോട്ടു വന്നതു കാരണം പള്ളിയിൽ നിന്ന് ചിലവ് വഹിക്കേണ്ടി വന്നില്ല."

"നന്ദി വികാരിയച്ചാ, വളരെ നന്ദി."

ജനങ്ങളിലേക്കു തിരിഞ്ഞ്: "കുർബ്ബാനക്കുശേഷം എല്ലാവർക്കും എന്റെ വക സൽക്കാരം. കപ്പയും, മത്തിയും, കട്ടൻ കാപ്പിയും."

എല്ലാവരും സസന്തോഷം കയ്യടിച്ചു.

ഭക്തിനിർഭരമായിരുന്നു കുർബ്ബാന. ഇടക്കൊക്കെ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു. ഇതെന്റെ ഇവിടുത്തെ അവസാന ബലിയർപ്പണമായിരിക്കും. കുർബ്ബാനമദ്ധ്യേ ഞാൻ തയ്യാറാക്കിയിരുന്ന ചാവരുളിന്റെ സംഗ്രഹം ഇടവകജനങ്ങളുമായി പങ്കുവെച്ചു. മാംസത്തിലും അരൂപിയിലും ഞാനുമായി ബന്ധപ്പെട്ട ചേന്നങ്കരിക്കാരുടെ അനുദിനജീവിതം തിരുക്കുടുംബത്തിന്റെ മാതൃകയിലുള്ളതാകണമെന്ന് ഓർമ്മിപ്പിച്ചു. അതായിരിക്കണം അവരുടെ തനിമ. എന്നോടുള്ള സ്നേഹത്തിന്റെ സാക്ഷ്യം.

"ഞാൻ പറഞ്ഞതു പോലെ ചെയ്തില്ലേ?"

എല്ലാവരും സമ്മതഭാവത്തിൽ തലയാട്ടി.

ആദിമക്രിസ്ത്യാനികളെപ്പോലെ ഏകോദരസഹോദരതുല്യം എല്ലാവരും സസന്തോഷം ആഹാരം ആസ്വദിച്ചു. ഒന്നും കഴിക്കുവാൻ എനിക്കു തോന്നിയില്ല. തിബേരിയൂസ് കടൽത്തീരത്ത് പ്രത്യക്ഷനായ

ഉത്ഥിതൻ ശിഷ്യർ ഭക്ഷിക്കുന്നതുകണ്ട് ആനന്ദിച്ച കാര്യം അപ്പോൾ ഓർമ്മയിൽ വന്നു. എന്റെ ഹൃദയവും സ്നേഹത്താൽ തുടിച്ചു കൊണ്ടിരുന്നു. ഭക്ഷണം അവസാനിച്ചപ്പോൾ നാട്ടുകാരുടെ മുൻപിൽ ഞാൻ ഒരു പുത്തൻ വിഷയം അവതരിപ്പിച്ചു.

"നമുക്കൊരു ഉപവിശാല തുടങ്ങിയാലോ?"

എല്ലാവരും ജിജ്ഞാസാപൂർവ്വം എന്ന നോക്കി. സംഗതി പിടികിട്ടിയില്ലെന്നു തോന്നുന്നു.

ഞാൻ വിശദമായി പറയാം. പാവപ്പെട്ടവർക്കും ആരോഗ്യമില്ലാത്തവർക്കുമുള്ള ഒരു വീട്. അത്തരക്കാരെ ഈ ഉപവിശാലയിൽ കൊണ്ടുവന്ന് ഇടവകക്കാരുടെ നേതൃത്വത്തിൽ തീറ്റിപ്പോറ്റാം; ചികിത്സിക്കാം; നല്ല മരണത്തിനൊരുക്കാം. നിത്യതയിലേക്കുള്ള യാത്ര ആരംഭിച്ചിരിക്കുന്നവരാണല്ലോ അവർ. മാർ യൗസേപ്പുപിതാവാകണം തോണിയുടെ അമരക്കാരൻ. അദ്ദേഹം നമ്മെ സുരക്ഷിതരായി സ്വർഗ്ഗതീരത്തെത്തിക്കും. പാപികളുടെ സങ്കേതമായ കന്യകാംബിക കടൽക്കള്ളന്മാരിൽ നിന്നെല്ലാം കാത്തുകൊള്ളും. ഒരൊറ്റ വാക്കാൽ കോളിളക്കത്തെ ശാന്തമാക്കിയ ഈശോയായിരിക്കും ശക്തവും ഉറപ്പുമുള്ള നങ്കൂരം. എന്തു തോന്നുന്നു?

ആർക്കും എതിരുണ്ടായില്ല. പക്ഷേ ചില സംശയങ്ങൾ.

"ആര് ഏറ്റെടുത്തു നടത്തും?"

"പണം എവിടെ നിന്നുണ്ടാക്കും?"

"പ്രിയ മക്കളേ, ഭാരതത്തിലെ ഒന്നാമത്തെ ഉപവിശാലയും നന്മരണസഖ്യവുമായിരിക്കും ഇത്. മാർ യൗസേപ്പിതാവിന്റെ നാമം സ്ഥാപനത്തിനു നൽകണം. പണത്തെക്കുറിച്ച് പര്യാകുലത വേണ്ട. കർത്താവിന് ഏറ്റം ഇഷ്ടകരമായ ഇക്കാര്യം അവിടുന്ന് നടത്തിക്കൊള്ളും. ഓരോ വീട്ടുകാരും കഴിവനുസരിച്ച് പിരിവു നൽകണം. ഒരു സ്ഥിരം ഫണ്ടുണ്ടാക്കി അതിന്റെ പലിശകൊണ്ട് കാര്യങ്ങൾ നടത്താം. വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയുണ്ടാക്കണം. അല്പം പണം ഞാൻ പിരിച്ചുതരാം."

ഉപവിശാല എന്ന ആശയം മാർ യൗസേപ്പിതാവു തന്നെ മുൻകൈ എടുത്തു പ്രാവർത്തികമാക്കുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. നന്മരണത്തിന്റെ മദ്ധ്യസ്ഥനാണല്ലോ വത്സലതാതൻ.

"ഒരു കാര്യം കൂടി പറയട്ടെ. മെത്രാപ്പോലീത്താ ആവശ്യപ്പെട്ടതുകൊണ്ട് ഞാൻ മാന്നാനത്തുനിന്ന് കൂനമ്മാവിലേക്കു താമസം മാറുകയാണ്."

എല്ലാവർക്കും സങ്കടമായി. സ്ത്രീകളിൽ ചിലർ തേങ്ങിക്കരഞ്ഞു. എന്റെ കണ്ണുകളും നിറഞ്ഞു തുളുമ്പി.

30

കാർമേഘപടലങ്ങൾ സഭയുടെ നഭോമണ്ഡലത്തിൽ

"മെത്രാപ്പോലീത്താക്ക് ദീനം കൂടുതലാണ്" - ദെലഗാദച്ചന്റെ കുറിപ്പ് കിട്ടിയ ഉടനെ ഞാൻ വരാപ്പുഴയിലേക്ക് യാത്രയായി. ഞങ്ങളുടെ സഭയെ പ്രത്യകം സ്നേഹിച്ചവനായിരുന്നു മാർ ബർണ്ണർദ്ദീനോസ്. എന്നോട് പ്രത്യേകവാത്സല്യം കാണിച്ചിരുന്നു. അദ്ദേഹം ചരമ മടഞ്ഞാൽ എന്തു സംഭവിക്കുമോ ആവോ? വേവലാതിയോടു കൂടെയാണ് ഞാൻ അരമനയിലെത്തിയത്. മൂപ്പച്ചന്മാർ പുറത്തുണ്ട്.

"പിതാവിന് എങ്ങനെയുണ്ട്?"

മെത്രാപ്പോലീത്താ വൈദ്യന്മാരെ കാണുവാൻ സമ്മതിക്കുന്നില്ല. ആരേയും അകത്തു പ്രവേശിപ്പിക്കുന്നുമില്ല. ലെയോപോൾദച്ചൻ മാത്രം മുറിയിലുണ്ട്. വാതിൽക്കൽ മുട്ടിനോക്കുക. ആരാണെന്നറിഞ്ഞാൽ ചിലപ്പോൾ അനുവദിച്ചേക്കാം.

എന്റെ പേര് പറഞ്ഞു ഉടനെ അനുവാദം കിട്ടി. തീർത്തും അവശനായിരിക്കുന്നു തിരുമേനി. ഒന്നും ഉരിയാടാനാകുന്നില്ല. എന്നെ കണ്ട ഉടനെ കരങ്ങളിൽ അമർത്തിപ്പിടിച്ചു സ്നേഹപൂർവ്വം കണ്ണുകളിലേക്കു നോക്കി. അശ്രുധാരയാൽ എനിക്കൊന്നും കാണാനാകുന്നില്ലല്ലോ.

"പിതാവേ, ഞങ്ങളുടെ സഭയേയും എന്നെയും അനുഗ്രഹിക്കണമേ." - ഒടുവിൽ ഞാനൊരുവിധം പറഞ്ഞൊപ്പിച്ചു. കൈകളുയർത്തുവാൻ ആയാസപ്പെടുന്നതു കണ്ടപ്പോൾ ദെലഗാദച്ചൻ സഹായിച്ചു. ഞാൻ

ആശീർവാദം ഏറ്റുവാങ്ങി. അതോടെ ആ ശരീരം നിശ്ചലമായി. പൊട്ടിക്കരയാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. ശബ്ദം കേട്ടപ്പോൾ മുപ്പച്ചന്മാർ ഓടിയെത്തി. ആശ്വാസവചസ്സുകളോതി എന്നെ മുറിയിൽ നിന്നു ഇറക്കി.

അന്തരിച്ച പിതാവിന് വേണ്ടിയുള്ള കർമ്മങ്ങൾ എല്ലാ ആശ്രമങ്ങളിലും നടത്തുവാൻ ഞാൻ ആവശ്യപ്പെട്ടു. കൂനമ്മാവിൽ തപസ്സു കൂർബ്ബാന ചൊല്ലി. മരിച്ചവരുടെ തിരുക്കർമ്മങ്ങൾ നാൽപ്പത്തൊന്നുവരെ അനുഷ്ഠിക്കുകയുണ്ടായി.

അടുത്ത മെത്രാപ്പോലീത്താ ആരായിരിക്കും? പ്രാർത്ഥനാപൂർവ്വം ദിനങ്ങൾ ചിലവഴിച്ചപ്പോൾ അറിഞ്ഞു, ലെയനാർദ്ദ് മെല്ലാനോയാണ് അനന്തരഗാമിയെന്ന്. സഭയോട് അത്ര അടുപ്പമില്ലാത്തവനായിരുന്നു അദ്ദേഹം. നയതന്ത്രജ്ഞൻ. മറ്റു മിഷിനറിമാരെല്ലാം ഞങ്ങളോട് സ്നേഹപൂർവ്വം വർത്തിച്ചപ്പോൾ ഇദ്ദേഹം മാത്രം അകൽച്ച പാലിച്ചിരുന്നു. ദൈവമേ, കാർമേഘങ്ങൾ ഉരുണ്ടുകൂടുകയാണോ സഭയുടെ നഭോമണ്ഡലത്തിൽ? കർത്താവ് മാത്രം ആശ്രയം. ദൈവതിരുമനസ്സ് നിറവേറട്ടെ. നിയമനവാർത്ത അറിഞ്ഞ ഉടനെ ഇതര ആശ്രമങ്ങളിലെ സുപ്പീരിയേഴ്സിനെ എല്ലാം ആളയച്ചുവരുത്തി. അവരും കൂനമ്മാവിലെ അംഗങ്ങളും നവസന്ന്യാസികളുമടക്കം ആശംസകളർപ്പിക്കാൻ വരാപ്പുഴയിലെത്തി. കുറെനേരം കാത്തു നിന്നശേഷമാണ് കാണാനായത്. ഞങ്ങളെല്ലാവരും മുട്ടുകുത്തി കൈകൾ ചുംബിച്ചു; തിരുമുൽക്കാഴ്ചകളർപ്പിച്ചു; വാഴ്വപേക്ഷിച്ചു. ഔപചാരികതയോടുകൂടെയാണ് പെരുമാറ്റം. മുഖത്ത് അത്ര പ്രസാദമില്ല. ഞങ്ങളുമായുള്ള അദ്ദേഹത്തിന്റെ ഭാവിബന്ധം അത്ര നന്നായിരിക്കുകയില്ലെന്ന് എനിക്ക് ബോധ്യമായി. കൂനമ്മാവിൽ മടങ്ങിയെത്തിയ ഉടനെ ആശ്രമശ്രേഷ്ഠന്മാരുമായി ആലോചനയിലേർപ്പെട്ടു. അവർക്കും കാര്യം മനസ്സിലായിരുന്നു. നിയമാനുഷ്ഠാനങ്ങളിലും പ്രാർത്ഥനാ ജീവിതത്തിലും അജപാലനാരംഗത്തും സഭാംഗങ്ങൾ അതീവശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ നിർദ്ദേശിച്ചു. എന്തെങ്കിലും കുറ്റം കണ്ടെത്തുവാൻ മെത്രാപ്പോലീത്താക്ക് ആരും ഇടം നൽകരുത് എന്ന തീരുമാനത്തോടെയാണ് ശ്രേഷ്ഠന്മാർ തിരിച്ചുപോയത്.

31

അവതാരാഘോഷകൻ

തിരുവവതാരരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ആഴ്ന്നിറങ്ങുവാൻ എന്നെ അനുഗ്രഹിച്ച ദൈവമേ, അങ്ങേക്ക് കോടാനുകോടി സ്തുതികളർപ്പിച്ചാലും മതിയാവുകയില്ലല്ലോ. കാണാകേണം, കാണാകേണം എന്ന് നിരന്തരം ജപിച്ചുകൊണ്ടിരുന്നു ദർശനവീട്ടിൽ പാർപ്പുറപ്പിച്ചിരുന്നവൻ. ആ അത്യാർത്തിക്കും അന്തർദാഹത്തിനും *ആത്മാനുതാപം* മൂന്നാം പാദത്തിൽ ഞാൻ ഭാഷ്യം നൽകിയിട്ടുണ്ട്. അറുപത്തിയഞ്ചു പ്രാവശ്യം ആ ക്രിയാപദം ആവർത്തിച്ചിരിക്കുന്നു. താഴെപ്പറയുന്നവ ദർശിക്കണമെന്ന് ഞാൻ അഭിലഷിച്ചു.

മനുഷ്യത്രാതാവും, ആലാഹാപുത്രനും (ദൈവം), കൺമണിയും, ഈജിപ്തിലേക്ക് പ്രയാണം ചെയ്ത നാഥനും, അന്നജാ പുത്രനും, കല്യാണരൂപനും, വേദപുത്രനും, സൃഷ്ടികർത്താവും, നല്ലവനും, പരമപിതൃസുതനും, കാരണത്രാതാവും, കിരീടധാരനും, മനുഷ്യകുമാരനും, കൗതുകലനും, ഈശനും, പൂഴിയിൽ ശയിക്കുന്ന ഉണ്ണിയും, ഋത്വധിനാഥനും ഏകേശനാഥനും, കേസരിരാജനും, മനുഷ്യരെ രക്ഷിപ്പാൻ കീഴ്പ്പെട്ടവനുമായ ഉണ്ണിപ്പൈതലിനെ എനിക്കു കാണണം.

"മാലാഖമാർ വന്ന് കുമ്പിട്ടു വാഴ്ത്തുന്ന
ചേലൊത്ത മേനി ഞാൻ കാണാകേണം
തൃക്കണ്ണുകൾ കൊണ്ട് മാതാവേ നോക്കുന്ന
അക്കൺമണിയെ ഞാൻ കാണാകേണം

പുഞ്ചിരി കാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച
പൊൻചുണ്ടുകളെ ഞാൻ കാണാകേണം
ഇച്ചയോടമ്മയെ കെട്ടിപ്പിടിച്ചൊരു
കൊച്ചുകരങ്ങളെ കാണാകേണം.
അന്നേരം ജീവൻനില ചാഞ്ചലാടുന്ന
ആനന്ദാധിക്യവും കാണാകേണം
സ്നേഹാധിക്യത്താൽ ചുരത്തിയ പാൽ തള്ള
മോഹാൽ കൊടുത്തതും കാണാകേണം
പുത്രൻ പാലുണ്ണുമ്പോൾ മാതാവിനുണ്ടായ
ചിത്രമാം ഭക്തിയും കാണാകേണം
എപ്പേരും കണ്ടാനന്ദാബ്ധിയിൽ താഴുന്ന
ചില്പൂമാൻ യൂസെ (യൗസേപ്പ്) കാണാകേണം"

ഭാരതത്തിലെ ഋഷിമാർ കണ്ണടച്ച് ഒരേ ദൈവനാമം വർഷങ്ങളോളം ജപിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ മുൻപിൽ ഇഷ്ട ദേവൻ പ്രത്യക്ഷമായതുപോലെ, "കാണാകേണം" എന്റെ യാവനയും, പാനീയവും, ശ്വാസവും, ആശ്വാസവും, ഭാഗ്യവും, മംഗളവുമായിത്തീർന്നപ്പോൾ കാരുണ്യവാൻ കടാക്ഷിച്ചു; വരദാനമേകി. ബെത്‌ലഹെം ഗുഹയിൽ അരങ്ങേറിയ അത്ഭുതസംഭവങ്ങൾ അതീന്ദ്രിയദൃഷ്ടിയോടെ പാർക്കുവാൻ കർത്താവെനിക്ക് കൃപയേകി. ദിവ്യകുമാരൻ മന്നിൽ വേഗം അവതീർണ്ണനാകാൻ മാർ യൗസേപ്പ് പ്രാർത്ഥിച്ചതും, കന്യകാംബികയുടെ അപേക്ഷയുമൊക്കെ കേൾക്കുവാൻ എന്റെ കർണ്ണങ്ങൾക്ക് ഭാഗ്യം ലഭിച്ചു. ഈശോയുടെ ജനന വേളയിൽ മാലാഖമാർ

"വാനിലും പുരത്തിലും കോവിലിൻ പുരത്തിലും
വാനവരാടിപ്പാടി പുഷ്പവൃഷ്ടി ചെയ്തതും"

കാണുകയും കേൾക്കുകയും ചെയ്തു ഈ അഗതികളിൽ അഗതിയായവൻ. മാതാവും മാർ യൗസേപ്പും ഉണ്ണിയെ വന്ദിച്ചത് കണ്ടപ്പോൾ എനിക്കൊരാഗ്രഹം.

"നിന്നുടെ തിരുമേനി സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിത തിരുനാസി
ചുവന്നോരധരങ്ങൾ ശംഖുവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്ന തേൻതുള്ളി സ്വരങ്ങളും
പാർക്കുവാൻ കൊതിക്കുന്നു, കേൾക്കുവാനാശിക്കുന്നു,
പാർത്തുസുക്ഷിപ്പാൻ നേത്രം യോഗ്യമല്ലയോ നാഥാ!
സ്നേഹാഗ്നി നീയെന്നതും നീയെന്നുടെ ദയാനിധി,
ദാഹിച്ചു കൊതിക്കുന്നേൻ, മേപാപം തടവിതോ!"

തിരുമുഖദർശനത്തിനായുള്ള എന്റെ അടങ്ങാത്ത തൃഷ്ണയും ജ്വരവും പൊന്നുണ്ണി മനസ്സിലാക്കി. അവിടുന്ന് സ്നേഹപൂർവ്വം എന്നെ കടാക്ഷിച്ചു. കൊച്ചുകരങ്ങൾ നീട്ടുന്നു, എന്നെ തഴുകാനായി; തിരുപ്പാദങ്ങൾ ഇപ്പോൾത്തന്നെ പാപികളെ തേടുവാനായി ഓടുകയാണോ? അതൊക്കെ കണ്ടതോടെ എന്റെ മനസ്സിൽ ദൈവിക കുളിർമ നിറഞ്ഞുതുളുമ്പി. ദൈവസാക്ഷാത്കാരത്തോടൊപ്പം ആത്മ സാക്ഷാത്കാരവും കൈവന്നു.

ഞാൻ കൂനമ്മാവിലേക്ക് താമസം മാറ്റിയല്ലോ. അപ്പോൾ അവിടെയായിരുന്നു സഭയുടെ പൊതു നവസന്ന്യാസഭവനം. ദർശന വീട്ടിൽ ജീവിതകാലം മുഴുവൻ വാസമുറപ്പിക്കാനുള്ള പരിശീലന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കേണ്ടവരാണല്ലോ ആ യോഗാർത്ഥികൾ. അവരിൽ തിരുവവതാരരഹസ്യത്തിന്റെ അന്തരാത്മാവിലേക്ക് ആഴ്ന്നിറങ്ങുവാനുള്ള ഹൃദയജ്വരം ജ്വലിപ്പിക്കണം. എന്താണതിനൊരു പോംവഴി? ചിന്തിച്ചു, പ്രാർത്ഥിച്ചു, ആലോചന ചോദിച്ചു.

"ജ്ഞാനപിതാവേ അങ്ങേക്കെന്തെങ്കിലും ആശയമുണ്ടോ?"

ലെയോപോൾദ് മൂപ്പച്ചനോട് ഞാൻ ചോദിച്ചു. ഏറെ നേരം പര്യാലോചനയിൽ മുഴുകിനിന്ന ശേഷം

"വലിയ പ്രിയോരച്ചോ, ഇറ്റലിയിൽ ഒരു പതിവുണ്ട്. പരിശീലനഭവനങ്ങളിൽ തിരുപ്പിറവിയുടെ പിറ്റേനാൾ തൊട്ട് ദനഹാതിരുന്നാളിന്റെ തലേനാൾവരെ വൈകുന്നേരത്തെ ധ്യാനത്തിനുശേഷം യൂവസന്ന്യാസികൾ ബെത്ലഹെമിൽ അരങ്ങേറിയ സംഭവങ്ങൾ എക്ലോഗ് രൂപത്തിൽ അവതരിപ്പിക്കുമായിരുന്നു. ഇടയനാടകങ്ങളെന്ന് അവയെ വിശേഷിപ്പിക്കാം. കർത്താവു ജനിച്ചപ്പോൾ ആടുകൾക്ക് കാവലിരുന്ന ഇടയന്മാരെയാണല്ലോ മാലാഖമാർ പ്രത്യക്ഷപ്പെട്ട് പിറവിയുടെ സന്ദേശമറിയിച്ചത്. സദ്വാർത്ത ശ്രവിച്ചയുടനെ പതിതരും പാവപ്പെട്ടവരുമായ ആ നിഷ്കളങ്കമാനസർ ഉണ്ണിയെ കണ്ട് സ്നേഹാദരവുകൾ അർപ്പിക്കുവാൻ ഓടിപ്പോകുകയുണ്ടായി. അവർക്കിടയിലുണ്ടായ സംവാദങ്ങളും കുഞ്ഞിപ്പൈതലുമായി നടത്തിയ സല്ലാപങ്ങളുമാണ് എക്ലോഗിന്റെ പ്രധാനപ്പെട്ട ഉള്ളടക്കം. അതുപോലെ അത്ഭുതകരമായ നക്ഷത്രം ദർശിച്ച ജ്യോതിഷരുടെ ആഗമനമാണ് മറ്റൊരു പ്രമേയം. തിരുപ്പിറവിയെ അവിശ്വസിച്ചവർ മാനസാന്തരപ്പെടുന്ന കഥ, കുഞ്ഞിപ്പൈതങ്ങളെ കൊന്നൊടുക്കുവാനുള്ള ശ്രമം തുടങ്ങിയവയൊക്കെ എക്ലോഗുകളുടെ വിഷയമാക്കാം."

"വളരെ നന്ദി, ദൈലഗാദച്ചോ. അതിമനോഹരം തന്നെ അങ്ങയുടെ ആശയം. ഞാനുടനെ പണി തുടങ്ങട്ടെ. പുരാതന നാടകങ്ങളെ

അനുകരിച്ച് പദ്യരൂപത്തിലാകുന്നതല്ലേ നല്ലത്? കേരള ക്രൈസ്തവ സാഹിത്യശാഖക്ക് അതൊരു മുതൽക്കൂട്ടാകാം."

"പ്രിയോരച്ചനെ ദൈവം അനുഗ്രഹിക്കട്ടെ! കർത്താവിന്റെ അരൂപിയുടെ തൂലികയായി വർത്തിച്ചാലും. ദിവ്യപ്രചോദന മനുസരിച്ച് എല്ലാം ചെയ്തുകൊള്ളുക. ഞാൻ പ്രാർത്ഥിക്കാം. "

"ആയിരമായിരം ഉപകാരം! ധ്യാനത്തിന്റെ ലോകത്തിൽ വ്യാപരിച്ചാൽ മാത്രമേ തിരുവവതാരരഹസ്യത്തിന് ഭാഷ്യം നൽകാൻ പ്രചോദനം ലഭിക്കുകയുള്ളു. അടുത്തയാഴ്ച്ച തന്നെ ഞാൻ ഏതാനും ദിവസങ്ങൾ ഏകാന്തതയിലും പ്രാർത്ഥനയിലും മുഴുകിക്കഴിയാനുള്ള അനുവാദം തരണമേ."

"നല്ല കാര്യമാണല്ലോ. അനുവാദം തരുന്നു. ആരും ശല്യപ്പെടുത്താതിരിക്കാൻ ഞാൻ ഏർപ്പാടു ചെയ്യാം."

(മുട്ടുകുത്തിക്കൊണ്ട്) "ദൈലഗാദച്ചോ, അങ്ങെനെ അനുഗ്രഹിക്കണമേ."

മുപ്പച്ചൻ എന്റെ തലയിൽ കൈവെച്ച് പ്രാർത്ഥിച്ചനുഗ്രഹിച്ചു.

അഭൗമികമായ ആവേശവും ഉത്സാഹവും എന്നിൽ നിറയുന്നതായി തോന്നി. അനുചിന്തനത്തിന്റെ ലോകത്തിൽ ആ നിമിഷം മുതൽത്തന്നെ വ്യാപരിക്കാൻ ആരംഭിച്ചു. *താ ലാക് റൂഹാ* എന്ന പരിശുദ്ധാരൂപിയുടെ പ്രാർത്ഥന നിരന്തരം ഉരുവിട്ടുകൊണ്ടിരുന്നു.

ആദ്യത്തെ അഞ്ച് എക്ലോഗുകൾ സ്വന്തം കൈപ്പടയിൽ വിരചിച്ചു. മറ്റ് അഞ്ചെണ്ണം അന്ന് നവസന്ന്യാസിയായിരുന്ന ആഹാ ലൂയീസിന് പറഞ്ഞുകൊടുത്ത് എഴുതിച്ചതാണ്. കുനമ്മാവിലെ കർമ്മലീത്താ സന്ന്യാസിനീ മഠത്തിന്റെ അധിപയായി നിയമിക്കപ്പെട്ട ഏലീശ്വാമ്മയുടെ സഹോദരനാണ് ആ യുവസന്ന്യാസി. തന്മൂലം ഞാനുമായി കൂടുതൽ അടുപ്പമുണ്ടായിരുന്നു. ഇടക്കിടെ എന്റെ മുറിയിൽ വരുന്നതിന് സ്വാതന്ത്ര്യം നൽകിയിരുന്നു. ആദ്യത്തെ അഞ്ച് എക്ലോഗുകളെക്കുറിച്ചുമാത്രം പരാമർശിക്കാം.

ശാസ്ത്രികളുടെ എക്ലോഗിൽ ഞാൻ ജ്യോതിഷർക്ക് പരമ്പരാഗതമായ ഗാസ്പർ (സമ്പത്തിന്റെ നാഥൻ), ബെൽത്താസർ (ദൈവം നിന്റെ ജീവനെ സംരക്ഷിക്കട്ടെ), മെൽക്കിയോർ (പ്രകാശത്തിന്റെ രാജാവ്) എന്നീ നാമങ്ങളല്ല നൽകിയിരിക്കുക; പ്രത്യുത പൗരസ്ത്യ കേരളസഭയിലെ സുറിയാനി പേരുകളാൽ (തറാസി, മെലീബോ, മെനേൽക്കാ) ആ സിദ്ധന്മാരെ അവതരിപ്പിച്ചിരിക്കുന്നു. തറാസി നേരസ്ഥനും ഉറച്ചുനിൽക്കുന്നവനുമാണ്. സുഗന്ധതൈലം പോലെ

യുള്ളവനത്രെ മെലീബോ. മെനൽക്കായുടെ അർത്ഥമോ വെടിപ്പുള്ളവൻ എന്നത്രേ. അമീന്താ (മുക്കപ്പെട്ടവൻ, ശുദ്ധീകരിക്കപ്പെട്ടവൻ എന്നർത്ഥം) എന്ന കുട്ടിയും, ദെമുനാ (രക്തവർണ്ണമുള്ളവൾ) എന്നൊരാളും രംഗത്തുണ്ട്. മൂന്നുശാസ്ത്രിമാരും നിശാവേളയിൽ ഒന്നിച്ചുകൂടുവാൻ ഇടവന്നു. ആഗതനാകാനിരുന്ന രക്ഷകനായിരുന്നു സംസാരവിഷയം. അവിടുത്തെ ദർശിക്കുവാൻ ഭാഗ്യം ലഭിച്ചിരുന്നെങ്കിൽ! ദൈവം അതിനിടയാക്കുമെന്ന് അവർ പ്രത്യാശിച്ചു. പഴയനിയമത്തിൽ മിശിഹാ അവതീർണ്ണനാകുമെന്ന് പറഞ്ഞ കാലം അവർ കണക്കുകൂട്ടി. അപ്പോഴാണ് സുഹൃത്തായ ദെമുനാ സ്ഥലത്തെത്തിയത്. ബെത്‌ലഹെമിലെ ചില ആട്ടിടയന്മാർക്ക് വാനവ ദൂതർ പ്രത്യക്ഷപ്പെട്ടുവെന്ന വാർത്തയുടെ നേരറിയാൻ പുറപ്പെട്ടതായിരുന്നു. ശാസ്ത്രികൾ കണക്കുകൂട്ടിയപ്പോൾ സമയം സമാഗതമായിരിക്കുന്നുവെന്ന് ബോധ്യമായി. സംഭാഷണമദ്ധ്യേ അമീന്താ എന്ന കുട്ടി നടന്നുവരുന്നു. രാത്രിനേരത്ത് ഭയം കൂടാതെ എങ്ങോട്ടു പോകുന്നുവെന്ന് അന്വേഷിച്ചപ്പോൾ അമീന്താ

"ഞാൻ ബെത്‌ലഹെമിലെ കാലിത്തൊഴുത്തിൽ പിറന്ന പൊന്നുണ്ണിയെ കാണാൻ പോകുന്നു."

തത്ക്ഷണം ശാസ്ത്രികളെല്ലാം അവനോടൊപ്പം ഇറങ്ങിത്തിരിച്ചു. എക്‌ലോഗ് അവസാനിക്കുന്നത് ഒരു പ്രാർത്ഥനയോടുകൂടെയാണ്.

"ആ ദിവ്യ ഉണ്ണിയേ, നിനക്ക് പൂജയായി കാഴ്ച്ച വയ്ക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ കൈക്കൊള്ളണമേ. നിന്നെ കണ്ടതിനുശേഷം ഈ കണ്ണുകളാൽ മറ്റൊന്നും കാണണ്ട. അതോടെ മരിച്ചാൽ കൊള്ളാമായിരുന്നു. ആമ്മേൻ!"

രണ്ടാമത്തെ എക്‌ലോഗിൽ ചില അവിശ്വാസികളെ അവതരിപ്പിക്കുന്നു. രക്ഷകൻ കാലിത്തൊഴുത്തിൽ ജനിച്ചു എന്ന വാർത്ത വിശ്വസിക്കാത്തവരായിരുന്നു പലെമ്മോനും ലിസ്ത്രായും. അമീന്തായും ദെമുനയും അവരെ മനസ്സുതിരിപ്പിക്കുവാൻ ശ്രമിക്കുകയാണ്. പെട്ടന്നൊന്നും വിശ്വസിക്കാൻ തയ്യാറായിരുന്നില്ല രണ്ടുപേരും. എങ്കിലും മനസ്സിന് അല്പം ഇളക്കമുണ്ടാകുന്നുണ്ട്. അപ്പോഴതാ മാലാഖമാരുടെ പാട്ടു കേൾക്കുന്നു! പലെമ്മോനും ലിസ്ത്രായും ദു:ഖാർത്തരായി. തങ്ങളുടെ അവിശ്വാസം ദൈവം പൊറുക്കുമോ? അപ്പോൾ അവിടെ ആഗതനായ കൊറിദ്യനെ സങ്കടകാരണം അന്വേഷിക്കുന്നു. കാര്യം മറിഞ്ഞപ്പോൾ സമാശ്വാസവചസ്സുകളോതുകയായി അയാൾ. ദൈവം ദയാനിധിയാണ്. നീതിയുടെ ഇപ്പോൾ കരുണയുടെ കാലമാണ്. നീതിയുടെ സമയം വന്നണഞ്ഞിട്ടില്ല. അതിനാൽ ഭയപ്പെടേണ്ട. ആ വാക്ക്

ശ്രവിച്ചപ്പോൾ രണ്ടുപേർക്കും ആശ്വാസമായി. അവരും കാലിത്തൊഴുത്തിൽ ചെന്ന് കുഞ്ഞിപ്പൈതലിനെ പ്രണമിക്കുന്നു. തങ്ങളുടെ അവിശ്വാസത്തിന് മാപ്പപേക്ഷിക്കുന്നു.

ഇടയന്മാരുടെ എക്‌ലോഗാണ് തുടർന്നുള്ളത്. മെലീബോയും തീത്തിരോയും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. എമ്മാനുവേലിന്റെ ജനനത്തെക്കുറിച്ചുള്ള ഏശ.7 ലെ പ്രവചനം അല്പം മുമ്പു ശ്രവിച്ച മെലീബോ ദു:ഖിതനായിരുന്നു. രക്ഷകനെ കാണുവാൻ ഭാഗ്യമുണ്ടാകുകയില്ലല്ലോ എന്നതായിരുന്നു സങ്കടകാരണം. തീത്തിരോ സമാശ്വാസവചസ്സുകളോതി:

"രക്ഷകൻ ജനിക്കുവാനുള്ള കാലം വന്നുചേർന്നിരിക്കുന്നുവെന്നാണ് തോന്നുന്നത്. മരിക്കുന്നതിനുമുൻപ് അവിടുത്തെ തൃക്കൺപാർക്കാൻ പാവപ്പെട്ടവരായ നമുക്ക് അനുഗ്രഹം ലഭിക്കാതിരിക്കുകയില്ല."

തീത്തിരൊയുടെ ഇളയപ്പനായ മറുനെ രംഗത്തെത്തി. അയാൾ കേസറിന്റെ കല്പന പ്രകാരം ജറുസലെമിലേക്ക് പേരെഴുതിക്കാൻ പോയതായിരുന്നു. കാര്യം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ മെലിബോയുടെ മകൻ ഓടിവരുന്നു.

"അപ്പാ, അപ്പാ, അപ്പാ"

മെലീബോ: "എന്താ, എന്തു സംഭവിച്ചു?"

അലീപിയോ: "എത്രയോ നല്ല പാട്ട്! എത്രയോ നല്ല പ്രകാശം!"

മറുനെ: "ഉറക്കത്തിൽ സ്വപ്നം കണ്ടതാണോ?"

അലീപിയോ: "സ്വപ്നമല്ല, സ്വപ്നമല്ല. മെല്ലീരോ മുത്തപ്പനും മറ്റു പലരും കണ്ടു, കേട്ടു."

അതെന്താണെന്നറിയുവാൻ മറ്റുള്ളവർ തിടുക്കം കൂട്ടി.

അലീപിയോ: "ഞാൻ മുത്തപ്പനോടുകൂടെ നിൽക്കുകയായിരുന്നു. മറ്റു പല ഇടയന്മാരും അടുത്തുണ്ട്. അപ്പോൾ ഇടവിതാനത്തിൽ മാലാഖമാർ പാട്ടു പാടുന്നു, കൊട്ടിക്കൊണ്ടിരിക്കുന്നു!"

മറ്റുള്ളവർ: "എന്തു പാട്ടാണവർ പാടിയിരുന്നത്?"

അലീപിയോ: "എനിക്കു നല്ലതിൻ വണ്ണം തിരിഞ്ഞില്ല. മുത്തപ്പൻ എല്ലാം വ്യക്തമായി കേട്ടു. ആകാശങ്ങളിൽ തമ്പുരാന് സ്തുതി! ഭൂമിയിൽ മനുഷ്യർക്കു സമാധാനം!"

മറ്റുള്ളവർ: "എന്തൊരതിശയം! നമുക്ക് അന്വേഷിച്ചാലോ?"

അപ്പോൾ മാലാഖമാരുടെ ഗാനം അവിടെ മുഴങ്ങി.

"ഉണ്ണി പിറന്നു ബെത്‌ലഹെമിൽ
വന്ദനമരുളാൻ വന്നിടുവിൻ
മംഗളഗാനം പാടിടുവിൻ
നിത്യപിതാവിൻ മാഹാത്മ്യം
ചൂടി വരുന്നൊരു രക്ഷകനെ
താണുവണങ്ങി നമിച്ചിടുവിൻ"

അലീപിയോ: "ദേ പാട്ട്! ദേ പാട്ട്!"

മെലീബോ: "ആ! ദൈവമേ!"

എല്ലാവരും: "നമുക്കുടനെ പോകണം; ബെത്‌ലഹെമിൽ ചെല്ലണം; ഉണ്ണിയെ കാണണം "

മലീബോ: "അയ്യോ നമ്മുടെ വസ്ത്രം വൃത്തിയുള്ളതല്ലല്ലോ! മാത്രമല്ല ഉണ്ണിക്കു കാഴ്ച കൊടുക്കാൻ എന്തെങ്കിലും വേണ്ടേ?"

അലീപിയോ: "അപ്പാ, ഇന്നലെ പിറന്ന എന്റെ വെളുത്ത കുഞ്ഞാടിനെ തിരുമുൽക്കാഴ്ച്ച നൽകട്ടെ."

തീത്തിരോ: "പാവപ്പെട്ടവരായ നമുക്ക് ആദ്യം ചെന്ന് ദിവ്യ ഉണ്ണിയെ ആരാധിക്കാം. ഹൃദയങ്ങൾ കാഴ്ച്ച വയ്ക്കാം. പിന്നീട് ആട്ടിൻ കൂട്ടത്തിലെ ഏറ്റവും നല്ല കുഞ്ഞാടുകളെ കൊണ്ടുപോയി കൊടുക്കാം."

എല്ലാവരും: "കൊള്ളാം, കൊള്ളാം."

അലീപിയോ: "ഇന്നലെ ആടുമേയ്ക്കാൻ പോയപ്പോൾ എനിക്കൊരു പ്രാവിൻ കുഞ്ഞിനെ കിട്ടി. അതിനെയും കൊണ്ടുവരട്ടെ?"

ഓരോരുത്തരും പൊന്നുണ്ണിയെ ചെന്നുകണ്ട് കുമ്പിട്ടുവണങ്ങി പ്രാർത്ഥിക്കുന്നു. അലീപിയോയുടെ അപേക്ഷയോടുകൂടി എക്‌ലോഗ് സമാപിക്കുന്നു.

"ആ എന്റെ കൊച്ചുണ്ണിയെ, ഞാൻ കൊച്ചലീപിയോ ആകുന്നു. എനിക്കൊരു വെളുത്ത കുഞ്ഞാടും ഒരു പ്രാവുമേയുള്ളൂ. അത് നിനക്ക് കാഴ്ച്ച വച്ചിരിക്കുന്നു."

നാലാമത്തെ എക്‌ലോഗിൽ മെലീബോ, മറുനെ, തീത്തീരോ, കൊച്ചലീപിയോ എന്നിവരോടൊപ്പം തറാസി ശാസ്ത്രിയുമുണ്ട്. ആരംഭത്തിൽ ഇടയന്മാർ ദിവ്യഉണ്ണിയെ ചെന്നാരാധിക്കാൻ തങ്ങൾക്കു ലഭിച്ച മഹാഭാഗ്യത്തെക്കുറിച്ചും കാഴ്ചകൾ സമർപ്പിച്ചതിനെക്കുറിച്ചും സംസാരിച്ചുകൊണ്ടിരിക്കുന്നു.

മെലീബോ: "ഹെറോദോസ് രാജാവ് ദിവ്യഉണ്ണിയെ കണ്ടു വന്ദിക്കാൻ പോകുന്നുണ്ടെന്ന് മറ്റൊരു വാർത്ത കേട്ടല്ലോ?"

തീത്തിരോ: "രാജാവിന്റെ പറച്ചിൽ മുഖവിലക്കെടുക്കേണ്ടതില്ല. കുഞ്ഞിപ്പൈതലിനെ കൊന്നുകളയാനും ആ കശ്മലൻ മടിക്കുകയില്ല."

മെലീബോ മറുനെയോട്: "നീ ഒന്ന് ബെത്‌ലഹെമിൽ ചെന്ന് കാര്യങ്ങൾ അറിഞ്ഞു വാ. കുഞ്ഞിപ്പൈതലിന്റെ അപ്പനമ്മമാർക്കു സ്തുതി ചൊല്ലുകയും വേണം."

മറുനെ യാത്രയാകുന്നു. മറ്റുള്ളവർ അല്പം അകലെ താമസിക്കുന്ന തറാസിയുടെ അടുത്തെത്തുന്നു.

തറാസി: "മക്കളേ, മനുഷ്യനായി ജനിച്ച രക്ഷകനെ കാണാൻ പോകുന്നതിനു പകരം ഇങ്ങോട്ടെന്തിനാണു വന്നത്? "

ഇടയന്മാർ ഹേറോദോസ് രാജാവ് കുഞ്ഞിപ്പൈതലിനെ വധിക്കാനൊരുങ്ങുന്നുവെന്ന വാർത്ത അറിയിക്കുന്നു.

തറാസി: "ഭയപ്പെടേണ്ട, ഭൂമിയിൽ അവതീർണ്ണനായിരിക്കുന്നവൻ സർവ്വ രാജാക്കന്മാരെക്കാളും വല്ലനോണ്. ആർക്കും അവിടുത്തെ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഒടുവിൽ ദൈവശിക്ഷ ആ കശ്മലന്റെ തലയിൽ നിപതിക്കുകയും ചെയ്യും. ഞാൻ പോയി ഒന്നന്വേഷിക്കട്ടെ."

തറാസി പോയിട്ടും ഇടയന്മാർ സങ്കടപ്പെട്ടുകൊണ്ട് നിൽക്കുമ്പോൾ മറുനെ കിതച്ചുകൊണ്ടെത്തുന്നു.

"കൂട്ടുകാരേ, നമ്മൾ കേട്ട കാര്യം നേരു തന്നെ."

മെലീബോ: "അയ്യോ, അയ്യോ, ഉണ്ണിയെ പിടിച്ചോ?"

തീത്തിരോ: "വേഗം പറ. ഉണ്ണി രക്ഷപ്പെട്ടോ?"

മറുനെ: "ഞാൻ ബെത്‌ലഹെമിലെ കാലിക്കൂട്ടിൽ ചെന്നു നോക്കി. അവിടെ ആരേയും കണ്ടില്ല."

ആ സമയത്ത് അലീപിയോ ഉറക്കെ കരഞ്ഞുകൊണ്ട് ഓടിവരുന്നു.

"അപ്പാ, അപ്പാ, അയ്യോ ചോര, ദേ ചോര"

മെലീബോ: "പറയൂ, കണ്ടതെല്ലാം പറയൂ"

അലീപിയോ: "എല്ലാ കുഞ്ഞുങ്ങളേയും കൊല്ലുന്നു. പട്ടാളക്കാർ പൈതങ്ങളെ പിടിച്ച് കയ്യും കാലും നുറുനുറുക്കായി വെട്ടുന്നു."

ഇടയന്മാർ: "അയ്യോ കഷ്ടം, കഷ്ടം! ദൈവമേ മഹാകഷ്ടം!"

അലീപിയോ: "ചേട്ടന്റെ കൊച്ചുകൻ അമ്മയുടെ മടിയിൽ കിടന്ന് ചിരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പട്ടാളക്കാരൻ വന്ന് കുഞ്ഞിന്റെ കാലു പിടിച്ച് നടുവെ കീറി. "

തീത്തിരോ: "നമ്മൾ ഇവിടെ കയ്യും കെട്ടി നിൽക്കുന്നത് ശരിയല്ല. ഓരോരുത്തരും ഓരോ വഴിക്ക് പോയി ദിവ്യഉണ്ണിയെ അന്വേഷിക്കണം."

ആ സമയത്ത് തറാസി സ്ഥലത്തെത്തുന്നു.

"പ്രിയമുള്ള മക്കളേ ആശ്വസിക്കുവിൻ. നമ്മുടെ ദിവ്യഉണ്ണി രക്ഷപ്പെട്ടു. പരദേശത്തേക്ക് ആ കുടുംബം യാത്ര പുറപ്പെട്ടു കഴിഞ്ഞു. നമുക്ക് ഓടിച്ചെന്ന് അവസാനമായി തിരുപ്പാദങ്ങളിൽ വീഴാം."

ഇടയന്മാർ: "കഷ്ടം, കർത്താവ് നമ്മുടെ നാടു വിടുകയാണോ? ഇതാ ഞങ്ങൾ പുറപ്പെട്ടു കഴിഞ്ഞു. "

ഓരോരുത്തരും ഉണ്ണിയുടെ തൃപ്പാദങ്ങൾ മുത്തിക്കൊണ്ട് തങ്ങളുടെ സങ്കടം അറിയിക്കുന്നു.

"തമ്പുരാന്റെ നിത്യകുമാരാ, നിന്നെ സ്നേഹിക്കുന്നതിനു പകരം മനുഷ്യർ നിന്നെ ഉപദ്രവിക്കുകയാണല്ലോ? രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ. ഞങ്ങളെ അനുഗ്രഹിക്കണമേ. നീ എവിടെ പോയാലും ഞങ്ങളുടെ ഹൃദയം നിന്റെ കൂടെയുണ്ട്."

അലീപിയോ: "ആ, എന്റെ പ്രിയമുള്ള ഉണ്ണീശോയെ നീ എന്നെ വിട്ടു പോവുകയാണോ? എന്റെ കൊച്ചനുജനെ അവർ കൊന്നു കളഞ്ഞു. ഇനി എനിക്കാരാണ് കൂട്ടിനുള്ളത്?"

എക്ലോഗുകൾ എഴുതി പൂർത്തിയയാക്കിയശേഷം പിറവിത്തിരുന്നാളിനോടനുബന്ധിച്ചുള്ള ദിനങ്ങളിൽ അവ കൂനമ്മാവ് ആശ്രമത്തിൽ നവസന്ന്യാസികൾ അവതരിപ്പിച്ചു. ബെത്‌ലഹെമിൽ അരങ്ങേറിയ സംഭവങ്ങളിൽ ഭാഗഭാക്കാകാൻ അവസരം ലഭിച്ചതിൽ നന്ദിയുടേയും സ്നേഹത്തിന്റേയും കണ്ണീർ ചൊരിഞ്ഞു എല്ലാവരും. ആ അനുഗ്രഹദാനത്തിന് നിമിത്തമാകാൻ ഭാഗ്യം നൽകിയ ദൈവമേ, ഞാനെങ്ങനെ അങ്ങേക്കു "കൃതോത്തരമണക്കേണ്ടൂ?"

32

ക്രൂശിതദർശകൻ

കർത്താവെനിക്കു നല്കിയ മറ്റൊരു ദാനമായിരുന്നു അവിടുത്തെ പങ്കപ്പാടുകളെക്കുറിച്ചുള്ള ഉൾക്കാഴ്ച്ച. ജീവിതകാലത്ത് കർത്താവിനനുഭവിക്കേണ്ടിവന്ന എല്ലാവിധ സഹനങ്ങളുടേയും മൂലകാരണം എന്റെ പാപങ്ങളും അവിശ്വസ്തതകളുമാണെന്ന ബോധ്യത്താൽ ഞാൻ ഹൃദയകണ്ണീരൊഴുക്കി.

"മേപാപം മഹാപാപേ മേ താപം വർദ്ധിക്കുന്നു
മേ നാഥേ, ശരണം നീയല്ലാതില്ല മമ
അയ്യയ്യോ! മഹാദു:ഖമയ്യയ്യോ! മഹാകഷ്ടം
അയ്യയ്യോ! മമ നാഥാ, അയ്യയ്യോ മമസ്നേഹം!
അയ്യയ്യോ മമപാപം കാരണമിതിനയ്യോ
ആഹാ ഹാ മഹാ യഘോരഘോരമാം കാഴ്ച്ച
ആഹാ ഹാ മഹാദു:ഖം ...
അയ്യയ്യോ മമ തായേ, അടിയൻ സ്മരിക്കുമ്പോൾ
അയ്യയ്യോ ഭയത്തിനാൽ ഞടുങ്ങുന്നമ്മേ, നാഥേ"

എന്റെ ഹൃദയത്തുടിപ്പുകൾക്ക് *ധ്യാനസല്ലാപങ്ങൾ* എന്ന കൃതിയിൽ ഞാൻ ആവിഷ്കാരം നൽകിയിട്ടുണ്ട്.

ലൂക്കാ 15 ലെ ധൂർത്തപുത്രന്റെ ഉപമ എനിക്കേറ്റവും പ്രിയപ്പെട്ട തായിരുന്നു. മൂടിയനായ പുത്രൻ ഞാൻ തന്നെയാണ്. എന്റെ തന്നെ രൂപകമായാണ് ആ കഥയെ ഞാൻ നോക്കികണ്ടത്. അപ്പൻ തന്ന സമ്പത്തുകളൊക്കെയും ധൂളിച്ച് (പൊടിയാക്കി) കളഞ്ഞ് അധർമ്മക്കാരന് വേല ചെയ്ത് അവന്റെ പന്നികളെ മേയിച്ചു നടന്നവൻ...

പഞ്ഞത്താൽ മെലിഞ്ഞ് നാണം മറപ്പാൻ കില്ലത്തുണി (കീറപ്പഴന്തുണി) ധരിച്ച് ഞാൻ അപ്പന്റെ വീട്ടിലേക്കു യാത്ര പുറപ്പെട്ടു. അപ്പന്റെ തൃപ്പാദത്തിൽ സാഷ്ടാംഗം വീണ് പൊറുതിയപേക്ഷിച്ചു. തിരുദർശനത്തിനായി മുഖമുയർത്തി നോക്കിയപ്പോൾ കണ്ടത് തൃപ്പാദങ്ങളെയാണ്. ആണികളാൽ തുളയ്ക്കപ്പെട്ട് രക്തം വാർന്നൊഴുകുന്ന കാലുകൾ! വേദനയാലെന്റെ ഹൃദയം പുളഞ്ഞു. അപ്പോൾ അപ്പൻ തിരുവായ് മൊഴിഞ്ഞു.

"അല്പനാം നിന്നെത്തേടി വലഞ്ഞേൻ മമസുതാ,
മലകളാഴികളുമടവിതെരുവീഥി
വലഞ്ഞേനഹം തേടിമേസുതാ, മഹാദുഃഖാൽ
കല്ലുകൾ മുള്ളുകളും ചവിട്ടിപ്പൊടിച്ചുഞാൻ
തെല്ലൊരുനേരം വ്യഥാ ഞാനിരുന്നില്ലമോദാൽ
തൊണ്ണൂറ്റൊൻപതു നല്ലോരജങ്ങൾവച്ചേച്ചുഞാൻ
എണ്ണത്തിലൊന്നാംനിന്നെ തേടി ഞാൻ വലഞ്ഞിതാ
മേതാതന്റെ ദേവമടിയിൽനിന്നുനീങ്ങി"

അയ്യോ എന്റെ കാലുകളിൽ പിശാചുകെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ടാണല്ലോ ആ തൃക്കാലുകൾ കയറുകളാൽ വരിഞ്ഞു കെട്ടപ്പെട്ടത്? പാപത്തിനായിട്ട് എന്റെ കാലുകളെ ഇളക്കാതിരിക്കാൻ വേണ്ടി ഇളകാത്തവിധം വലിയ ആണികളാൽ അപ്പന്റെ കാലുകൾ തറക്കപ്പെട്ടു. എന്നിട്ടും ഈ നന്ദി കെട്ടവൻ പാപം ചെയ്യാനായി കാലുകൾ ഇളക്കാൻ തുനിഞ്ഞല്ലോ. പ്രിയ അപ്പാ, ക്ഷമിക്കണമേ. ഹൃദയക്കണ്ണുനീരാൽ ഞാൻ രക്തം വാർന്നൊഴുകുന്ന ആ തൃപ്പാദങ്ങൾ കഴുകിത്തുടച്ച് സ്നേഹചുംബനങ്ങളർപ്പിക്കട്ടെ!
ഞാൻ പ്രാർത്ഥിച്ചു.

"വ്യാകുലമാതാവേ, നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

ഏറെ നേരം പ്രണമിച്ചു കിടന്നശേഷം കണ്ണുകളുയർത്തി. അപ്പോൾ അപ്പന്റെ കാൽമുട്ടുകൾ ദൃഷ്ടിഗോചരമായി. ഹാ, കഷ്ടം, അവ തല്ലിത്തകർക്കപ്പെട്ടിരിക്കുന്നു. ഈ നികൃഷ്ടപാപിയാണല്ലോ അപ്രകാരം ചെയ്തത്! പ്രിയ അപ്പാ, ക്ഷമിക്കണമേ. കദനഭാരത്താൽ തകർന്ന ഹൃദയത്തോടെ അപ്പന്റെ തിരുമുട്ടുകളെ ഞാൻ പ്രണമിക്കുന്നു.

വ്യാകുലമാതാവേ, നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ.

വീണ്ടും ഞാൻ അല്പം കൂടി മുകളിലേക്കു മുഖമുയർത്തി നോക്കിയപ്പോൾ തിരുമേനിയാണ് ഗോചരീഭവിച്ചത്. അയ്യയ്യോ! ആ കാഴ്ച്ച കാണാൻ ആർക്കു കഴിയും? എന്റെ അതിക്രമങ്ങൾക്കും അകൃത്യങ്ങൾക്കും വേണ്ടി ആ തിരുമേനി തല്ലിച്ചതക്കപ്പെട്ടിരിക്കുന്നു. പടയാളികളുടെ ഇടികൾ എന്റെ ചങ്കിനെ പൊള്ളിക്കുന്നു. നാറുന്ന ഈ ശരീരത്തെ സ്നേഹിച്ച എന്നെ ശിക്ഷിച്ചുകൊള്ളുക. ദു:ഖമേ, മഹാദു:ഖം. അപ്പന്റെ തിരുമേനിയെ ഞാൻ സാഷ്ടാംഗം പ്രണമിച്ചു കിടന്നു.

"വ്യാകുലമാതാവേ, നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

വീണ്ടും മുഖമുയർത്തി നോക്കിയപ്പോൾ ഞാൻ കണ്ടത് അപ്പന്റെ തിരുത്തോളുകളാണ്. കഷ്ടം! ഭാരമേറിയ കുരിശുചുമന്ന് ആ തിരുത്തോളുകൾ തകർന്നടിഞ്ഞിരിക്കുന്നു, രക്തമൊഴുകിക്കൊണ്ടിരിക്കുന്നു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അപ്പോൾ അപ്പന്റെ സ്വരം ഞാൻ കേട്ടു.

"നിങ്ങളെ സ്വർഗ്ഗമതിലേറ്റുവാൻ മമതോളിൽ
ഭംഗിയില്ലാത്ത മരം ചുമന്നീഗിരിയേറി"

പ്രിയ അപ്പാ, നീ എന്റെമേൽ വെച്ച സ്നേഹത്തെ പ്രതിയാണല്ലോ ഈ സഹനം ഏറ്റെടുത്തത്... മാംസമില്ലാതെ പൊങ്ങിയിരിക്കുന്ന നിന്റെ തോളിന്മേൽ എന്റെ പാപച്ചുമടുകൾ കെട്ടിവച്ചിരിക്കുന്ന ഭാരമേറിയ കുരിശിനെ നീ തെളിവോടെ എടുത്തുവെച്ചുകൊണ്ടു നടന്നല്ലോ. സ്നേഹഹീനനായ ഈ അധമൻ അങ്ങയുടെ തിരുത്തോളുകളെ കമിഴ്ന്നുവീണു പ്രണമിക്കട്ടെ.

"വ്യാകുലമാതാവേ നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

പ്രിയ അപ്പാ, ഞാനിതാ അങ്ങയുടെ തൃക്കരങ്ങൾ കാണുന്നു.

അപ്പൻ: "ചോരനു സമനായ് കരങ്ങൾകെട്ടി മമ
ചാരനാം പ്രിയജനം മമസൃഷ്ടികൾ നിങ്ങൾ
തറച്ചു മമകരം കാലുകളുമതിൽച്ചേർത്തു
മുറിച്ചു മമ നാഡി ഉയർത്തിയതിനോടെ"

പ്രിയ അപ്പാ, എനിക്കു ജന്മം നൽകുകയും പരിപാലിക്കുകയും ചെയ്തതിന്റെ നന്ദി ഞാൻ കാണിച്ചതിപ്രകാരമാണല്ലോ.

"എന്നുടെ കരങ്ങളാൽ ചെയ്യുന്ന പാപങ്ങളാൽ
നിൻ തിരുക്കരങ്ങളെ തുളച്ചേനഹം കഷ്ടം!"

അപ്പാ, ഈ കശ്മലനോടു പൊറുക്കേണമേ. കണ്ണീരൊഴുക്കിക്കൊണ്ട് ഞാൻ ആ തൃക്കരങ്ങളെ സാഷ്ടാംഗം പ്രണമിക്കട്ടെ.

"വ്യാകുലമാതാവേ നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

"ആ എന്റെ അനുഗ്രഹമുള്ള അപ്പാ, ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ. അയ്യോ അതെത്ര വിരൂപമായിരിക്കുന്നു!" "ആ അയ്യോ, എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ?" നീചനായ ഞാൻ മറ്റു മുഖങ്ങളുടെ സൗന്ദര്യം തേടിപ്പോയതുകൊണ്ടല്ലേ ദുഷ്ടസേവകന്മാർ തങ്ങളുടെ അശുദ്ധ ഉമിനീരൊഴുക്കി അതിനെ തീർത്തും മലിനമാക്കിയത്!

"ദൈവമേ, എന്നിൽ കനിയേണമേ
പാപങ്ങളെല്ലാം പൊറുക്കേണമേ
ഘോരമാമെന്നുടെ അപരാധങ്ങൾ
കനിവീയെന്നു മറക്കേണമേ."

പശ്ചാത്താപവിവശനായ ഈ ധൂർത്തപുത്രൻ ആ തിരുമുഖത്തെ സാഷ്ടാംഗം നമിക്കട്ടെ.

"വ്യാകുലമാതാവേ, നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

വീണ്ടും കണ്ണുകൾ കുറച്ചുകൂടി ഉയർത്തി നോക്കിയപ്പോൾ തിരുക്കവിളുകളാണ് ഗോചരീഭവിച്ചത്. "ആ കർത്താവേ, നിന്റെ കവിളുകളിൽ പതിഞ്ഞിരിക്കുന്ന ഈ വിരലുകളുടെ ഭാഷയും അടയാളവും അതിനു ചുറ്റുമുള്ള പച്ചച്ചുള്ള കരുവാളിപ്പും എന്താ യിരിക്കുന്നു. അവ എന്റെ ദുഷ്ടകരങ്ങളുടേതു തന്നെയാണല്ലോ." അന്ന് അപ്പനെ അടിച്ചവരുടെ കൈകൾക്ക് ഞാൻ ശക്തി പകർന്ന് കൊടുക്കുകയും ചെയ്തു. അപ്പാ, എന്നോടു പൊറുക്കണമേ. തിരുസന്നിധിയിൽ ഞാൻ പ്രണമിക്കട്ടെ.

"വ്യാകുലമാതാവേ നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

പ്രിയ അപ്പാ, കുറച്ചുകൂടി മുഖമുയർത്തി ആ തിരുച്ചുണ്ടുകളിൽ ദൃഷ്ടി പതിപ്പിക്കട്ടെ. അയ്യോ "തൊണ്ടിപ്പഴം പോൽ ശോഭയുള്ള തിരുച്ചുണ്ടുകൾക്ക്" എന്താണ് സംഭവിച്ചത്? അവ കരിഞ്ഞനിറമായിരിക്കുന്നു, തീർത്തും വിരൂപമായിരിക്കുന്നു. അതിനു കാരണക്കാരൻ ഈ മഹാപാപി മാത്രമാണ്. അപ്പാ, എന്നോട് ക്ഷമിക്കണമേ. പശ്ചാത്താപവിവശനായി ഞാനിതാ തിരുസന്നിധിയിൽ വീണു കിടക്കുന്നു.

"വ്യാകുലമാതാവേ, നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

കണ്ണുകൾ അല്പം കൂടി ഉയർത്തി നോക്കിയപ്പോൾ അവ തിരുനയനങ്ങളിൽ പതിഞ്ഞു. "ഇതാ തലയിൽനിന്നിറങ്ങിയിരിക്കുന്ന മുള്ളുകളുടെ മുനകളാലും പല പ്രാവശ്യവും തലയിലടിച്ചതിനാലും കണ്ണുകൾ ചോരനിറമായി കാണപ്പെടുന്നല്ലോ. അയ്യോ ഇതെന്ത്? എന്നോടുള്ള സ്നേഹത്തെ പ്രതി അപ്പൻ എനിക്ക് സൂക്ഷമുള്ള രണ്ടു കണ്ണുകൾ തന്നു. എന്നാൽ ഞാൻ എന്താണ് ചെയ്തത്? വ്യർത്ഥമായതും എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്ക് ഞാൻ എന്റെ കണ്ണുകൾ തുറന്നുപോയി. അതിനാലാണല്ലോ അപ്പന്റെ കണ്ണുകൾ രക്തനിറമായി പകരപ്പെട്ടത്! അപ്പന്റെ കണ്ണുകളിൽ ഞാൻ തന്നെയാണല്ലോ മഹാ മുൾമുന പതിപ്പിച്ചത്? അവയിൽ കൂർത്തുനീണ്ട മുള്ളുകൾ ഞാൻ തറച്ചുകയറ്റിയല്ലോ! ഇത്ര വലിയ നന്ദികേടിനതയും ദുഷ്ടതയും കാണിക്കാൻ എനിക്കു കഴിഞ്ഞതെങ്ങനെ?" ഞാൻ ഹൃദയക്കണ്ണീരൊഴുക്കട്ടെ. കാരുണ്യമൂറുന്ന ആ നയനങ്ങളെ മനസ്സിൽ പതിപ്പിച്ചുറപ്പിച്ചുകൊണ്ട് തിരുസന്നിധിയിൽ ഞാനിതാ പ്രണമിക്കുന്നു.

"വ്യാകുലമാതാവേ നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

അപ്പന്റെ ദിവ്യശിരസ്സിനെ ദർശിക്കാൻ ഞാനിതാ കണ്ണുകളുയർത്തുന്നു. അയ്യോ എന്താണു ഞാൻ കാണുന്നത്? "കർത്താവേ നിന്റെ തിരുത്തലയെ ഞാൻ നോക്കുമ്പോൾ അതിൽ വെച്ചു തറച്ചിരിക്കുന്ന മുള്ളുകൾ നിന്റെ തലയെ തുളച്ചു കടന്നിരിക്കുന്നു! ഇതൊക്കെയും എന്റെ നിഗളം മൂതലായ നിരൂപണങ്ങളാൽ എത്രയോ പ്രാവശ്യം നിന്റെ തിരുശിരസ്സിനെ ഞാൻ നൊമ്പരപ്പെടുത്തി." അയ്യോ അപ്പാ, ഈ മുൾക്കെട്ടിനെ എന്റെ തലയിൽ നീ വയ്ക്കണമേ. ഇനി മരണപര്യന്തം എപ്പോഴും ഇതിനെ ഞാൻ ഓർത്ത് ദു:ഖിക്കട്ടെ. ഓർമ്മയാലേ നിനക്കിഷ്ടമില്ലാത്ത യാതൊരു വിചാരവും എന്റെ തലയിൽ കയറാതിരിക്കട്ടെ. എനിക്കുവേണ്ടി കീറിമുറിക്കപ്പെട്ട് നിണമൊഴുക്കിക്കൊണ്ടിരിക്കുന്ന അപ്പന്റെ ശിരസ്സിനെ ഞാനിതാ കുമ്പിട്ടാരാധിക്കുന്നു.

"വ്യാകുലമാതാവേ, നിന്നോമൽ കുമാരകന്റെ
തിരുമുറിവുകളെൻ ഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണേ."

കുരിശിൽ തറക്കപ്പെട്ട അപ്പനെ എനിക്കും അനുകരിക്കണം. എന്റെ പാപങ്ങളാണല്ലോ പ്രിയതാതനെ കുരിശിലേറ്റിയത്. എനിക്കെന്താണ് ചെയ്യാനാകുക? കർത്താവ് ഒരു വഴി തോന്നിപ്പിച്ചു. വലതുവശത്ത് കുരിശിൽ തറയ്ക്കപ്പെട്ട നല്ല കള്ളന്റെ കുരിശിലേറിയാലോ?

അപ്പന്റെ കൂരിശിനടിയിൽ എനിക്കുവേണ്ടി മറിയം മഗ്ദലെനാമ്മയെ നിറുത്തുക തന്നെ. ആത്മീയമായി ഞാൻ വലതുവശത്ത് കൂരിശിൽ കയറുകയായി. ആ നല്ല തസ്ക്കരന്റെ കർത്താവിനോടുള്ള എരിയ സ്വരത്തോടുകൂടിയ അപേക്ഷ ഞാൻ അനുകരിക്കുന്നു: കർത്താവേ, അയാളോടു കല്പിച്ചതുപോലെ നിന്റെ ഇഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾത്തന്നെ നീ എന്നോടുകൂടെയായിരിക്കും എന്നുള്ള തിരുവചനം എന്റെയുള്ളിൽ കേൾപ്പിക്കണമേ; നിന്റെ കൃപാദാനം എന്നിൽ നിലനിർത്തി പാപങ്ങളൊക്കെയും പൊറുത്തരുളണമേ. ആമ്മേൻ.

32

കടശിഅപേക്ഷ

ധ്യാനത്തിന്റെ അവസാനദിനങ്ങളായപ്പോഴേക്കും *ആത്മാനുതാപം* പൂർത്തിയാക്കാൻ കാരുണ്യവാനായ കർത്താവ് കൃപയേകി. കാവൃത്തിന്റെ അവസാനം മാതാവിനോടുള്ള കടശി അപേക്ഷയാണ്. കന്യാകാംബിക കനിഞ്ഞ് എനിക്ക് നല്ല മരണം നൽകണം.

"കന്നിയമ്മേ നിന്റെ ദാസിയായ പാപി ഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയൽപ്പമായ്
എന്നശുദ്ധ നാവിനാലെ പാപിയെന്ന ദാസിമേ
നിന്റെ ശുദ്ധനാവിനാലെ തരിക ഇന്നു ശരണവും"

എന്റെ നാവ് അശുദ്ധമാണ്. അങ്ങയൂടേതു പരിശുദ്ധവും. അമ്മ മാത്രമാണ് എന്റെ ശരണം. അമ്മയുടെ പരിശുദ്ധാത്മാവിനാലെ എനിക്ക് അങ്ങയുടെ സ്നേഹസുതനായ ഈശോയുടെ മുൻപിൽ അഞ്ജലിയണക്കുവാൻ അനുഗ്രഹം ചോദിച്ചു വാങ്ങിത്തരണമേ.

കരുണയും ദയയും നിറഞ്ഞ അമ്മേ, മഹാപാപിയായ എനിക്കു പാപശുദ്ധി നൽകണമേ. അങ്ങയുടെ മനോജ്ഞവും ദയയും നിറഞ്ഞ വാക്കുകളെ ഞാൻ സ്മരിക്കുന്നു. പാരിൽനിന്നും നീങ്ങി അങ്ങയുടെ പാദത്തിൽ ചേരുക മാത്രമാണ് എന്റെ ശരണം.

മരണത്തെപ്പറ്റിയുള്ള സ്മരണയിൽ എന്റെ മാനസമുഴലുന്നു. മൃത്യുവിന്റെ തിരശ്ശീല വീഴുമ്പോൾ അങ്ങയുടെ ദയ നിറഞ്ഞ തിരുമുഖം

എന്റെ നയനങ്ങൾക്കു ദൃശ്യമാക്കണമേ. വിധിയെപ്പറ്റി ഞാൻ ഭയചകിതനാണ്. കാരുണ്യത്തിന്റെ നികേതനമേ, അങ്ങയുടെ സൂര്യ ശോഭപോലെ ഏവർക്കും ലഭ്യമാക്കുന്ന കാരുണ്യത്തെപ്പറ്റി എന്റെ ഹൃദയത്തിൽ ഞാൻ നിനച്ചിരിക്കുകയാണ്. പരിശുദ്ധത്രിത്വം അങ്ങേക്ക് ആ അധികാരം നൽകിയിട്ടുണ്ടല്ലോ.

അങ്ങിൽ മാനവരെല്ലാം അൻപർപ്പിക്കുവാൻ അങ്ങു വചിക്കുന്നതെല്ലാം താൻ ചെയ്യുമെന്നും അങ്ങയുടെ സ്നേഹസുതൻ അരുളിച്ചെയ്തിരിക്കുന്നല്ലോ. ഈ തിരുവാക്യം എന്നെ ഭാഗ്യവാനാക്കുന്നു.

ദയയുടെ ഗുരുവും കാരണവുമായ നാഥന്റെ അമ്മേ, എന്റെ മരണസമയവും ദിനവും സ്ഥലവുമെല്ലാം അങ്ങു നിശ്ചയിച്ചുകൊള്ളുക. എനിക്കൊന്നിനും വശമില്ല.

ഭക്തവത്സലേ, ശത്രുവിന്റെ തന്ത്രങ്ങളെയും ശക്തിയേയും കുറിച്ച് അങ്ങേക്കറിയാമല്ലോ. അങ്ങയുടെ നയനങ്ങൾ സ്നേഹപൂർവ്വം എന്നിൽ പതിപ്പിക്കുകയും, കരുണാരശ്മി എന്നിൽ വീശുകയും ചെയ്താൽ മതി, പിന്നെ അവനൊന്നും ചെയ്യാൻ കഴിയില്ല എന്നതു തീർച്ചയാണ്.

അങ്ങയുടെ അൻപിനാൽ ഈ ദാസന്റെ കുറ്റങ്ങളും പാപങ്ങളും അവക്കുള്ള ഇഹത്തിലേയും പരത്തിലേയും ശിക്ഷകളും അങ്ങയുടെ അപേക്ഷയുടെ ശക്തിയാൽ നീക്കിക്കളയണമേ.

ഞാൻ ഈ സംസാരസാഗരം കടക്കുമ്പോൾ സ്നേഹപുത്രനോടും എന്റെ പിതാവായ അങ്ങയുടെ പ്രിയ കാന്തനോടും കൂടി അങ്ങ് ഇമ്പമോടെ വന്നു തുണക്കുകയും അൻപോടനുഗ്രഹിക്കുകയും ചെയ്യണമേ. പാപം നിറഞ്ഞ ഈ ലോകജീവിതത്തിന് അന്ത്യം കുറിക്കുന്ന സമയത്ത് സ്നേഹപൂർവ്വം തിരുസുതന്റേയും അങ്ങയുടേയും തിരുനാമങ്ങൾ ഉച്ചരിച്ചുകൊണ്ട് ദാസനായ എന്റെ ആത്മാവിനെ ഈശോയുടെ തൃക്കരങ്ങളിൽ സമർപ്പിക്കാൻ കനിയണമേ. ഭൂമിയുടെ കാഴ്ച ശമിക്കുന്ന സമയത്ത് എന്റെ നയനങ്ങൾക്ക് ലോകരക്ഷകനായ അങ്ങയുടെ പുത്രന്റെ തെളിവും സ്നേഹവും ദയയും നിറഞ്ഞ വദനം ദർശിക്കാൻ ഇടനൽകണമേ. അതിനായി എന്റെ ശിരസ്സിൽ കൈവെച്ച് അനുഗ്രഹിച്ചാലും!

കരുണനിറഞ്ഞ നാഥേ, എന്റെ മരണസമയത്തിനു മുമ്പായി എന്നോടു കരുണ കാണിക്കുകയും അങ്ങയുടെ ദാസനെ നന്നായി പരിപാലിച്ചു രക്ഷിക്കുകയും ചെയ്യണമേ. ആമ്മേൻ.

എട്ടാം ഭാഗം

കലാശക്കൊട്ട്

33

മരണപത്രിക

പ്രണിധാനദിനങ്ങൾ അവസാനിച്ചപ്പോഴേക്കും ഞാൻ തീർത്തും അവശനായി. ഇരിക്കാൻ പോലും കെല്പില്ലാത്ത അവസ്ഥാവിശേഷം. കട്ടിലിൽ കിടക്കേണ്ടി വന്നു. കണ്ണിന്റെ കാഴ്ച്ചയും തീരെ കുറഞ്ഞതായി അനുഭവപ്പെട്ടു. അപ്പോഴതാ വാതിൽക്കൽ ആരോ മൂട്ടുന്നു! കടന്നുവന്ന വ്യക്തി സ്തുതി ചൊല്ലി.

"ആരാണത്? മനസ്സിലായില്ലല്ലോ."

"പ്രിയോരച്ചാ, ഇത് ഞാനാണ്, ആഹാ ലൂയീസ്. കണ്ണിനെന്തുപ്പറ്റി? കിടക്കുന്നതെന്ത്? വൈദ്യരെ വിളിക്കണമോ?"

"സഹോദരാ, തത്ക്കാലം വേണ്ടാ. അത്രക്ക് അസുഖമൊന്നുമില്ല. ഏകാഗ്രത നിറഞ്ഞ ഈ ദിവസങ്ങളിലെ അദ്ധ്വാനം അൽപം കൂടിപ്പോയെന്നു തോന്നുന്നു. അതിൽ വിഷമമൊന്നുമില്ല. എന്റെ ജീവിതത്തിലെ ജോലി ചെയ്യാൻ കഴിയാത്ത രാത്രികാലം അടുത്തുവരികയാണ്."

"പ്രിയോരച്ചാ, അങ്ങനെയൊന്നും പറയരുതെ. അങ്ങ് ചരമടഞ്ഞാൽ ഞങ്ങൾക്കാരാണാശ്രയം? അനാഥരെ വിട്ടുപോകരുതേ."

കരയുന്ന സ്വരത്തിലാണ് ബ്രദർ സംസാരിച്ചത്.

"ആഹാ ലൂയീസ് വിഷമിക്കരുതേ. ദൈവമറിയാതെ ഒന്നും സംഭവിക്കുകയില്ല. നമ്മുടെ ജീവിതത്തിന്റെ ദൈർഘ്യം തൃക്കരങ്ങളിലാണല്ലോ. എന്റെ കാരണവന്മാരേക്കാൾ കൂടുതൽ ആയുസ്സ് എനിക്കു ലഭിച്ചിട്ടുണ്ട്. ആ ദാനത്തിന് നന്ദി പറയുക."

ശ്മശാനമുകത ഞങ്ങളുടെ ഇടയിൽ പരന്നു. അപ്പോൾ എനിക്കൊരു ആശയം തോന്നി. സഭാംഗങ്ങൾക്ക് ഒരു ചാവരുൾ എഴുതിയോലോ? കർത്താവ് തന്റെ മരണത്തിനു മുൻപ് അന്ത്യ പ്രഭാഷണം നടത്തുകയുണ്ടായല്ലോ. എനിക്ക് പറയാനുള്ളത് ലിഖിതരൂപത്തിൽ നൽകിയാൽ എല്ലാ തലമുറയും അത് ഓർത്തിരിക്കും.

"ലൂയിസ് സഹോദരാ, തത്ക്കാലം പോയ്ക്കോളൂ. രണ്ടുമണിക്കൂർ കഴിഞ്ഞ് വീണ്ടും തിരിച്ചുവരണം."

ആഹാ ലൂയീസ് സ്ഥലം വിട്ട ഉടനെ ഞാൻ എഴുന്നേറ്റിരുന്നു. മേശമേലിരുന്ന തിരുക്കുടുംബരൂപത്തിൽ ദൃഷ്ടിയുറപ്പിച്ചു. കർത്താവു തന്നെ മരണപത്രിക തയ്യാറാക്കണമെന്നപേക്ഷിച്ചു. പരിശുദ്ധാത്മാവിനോടുള്ള *താലാക് റൂഹാ* ധ്യാനപൂർവ്വം ചൊല്ലി. അപ്പോൾ എന്താണെഴുതേണ്ടതെന്ന് കർത്താവ് എനിക്ക് തോന്നിച്ചു തന്നു.

"ബ. എന്റെ കുടപ്പിറപ്പുകളായ കൊവേന്ത അച്ചന്മാരും സ്നേഹിക്കപ്പെട്ട മക്കളായ പുതുസന്ന്യാസികൾ അൾമേനി ദർശനക്കാർ ഏവരോടും കൂടെ കർത്താവിൽ സ്വസ്തി ചൊല്ലി നിങ്ങളുടെ ശുശ്രൂഷിയായ തിരുക്കുടുംബത്തിന്റെ ആഹാ. കുര്യാക്കോസ് ഏലിയാ എന്ന ഞാൻ നിങ്ങളോടുള്ള എന്റെ കഴിവുപടാർത്ഥയും ഒടുക്കത്തെ ഗുണദോഷവാക്കും ചാവരുളുമായി ഇതിനെ അറിയിക്കുന്നു."

മരണപത്രികയുടെ ഉള്ളടക്കത്തെ സംക്ഷിപ്തരൂപത്തിൽ അവതരിപ്പിക്കട്ടെ.

"സന്ന്യാസസമൂഹം കർമ്മലീത്താസഭയായിത്തീർന്നത് ദൈവാലോചനയാലത്രേ. നമ്മുടെ ബലക്ഷയം കണ്ടിട്ടാണ് അമ്മ നമ്മളെ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തത്."

"സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ പൂർണ്ണമായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയത്രേ. ഇതുള്ളവൻ സന്ന്യാസി... ചൊൽവിളി കാക്കുന്നവരാരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രസിക്കും, നിശ്ചയം."

"എത്ര കൊവേന്തകളിൽ ഉണ്ടായാലും ഒരുവീട്, ഒരമ്മയുടെ ഉദരത്തിൽനിന്നു പിറന്ന് ആ തള്ളയുടെ പാൽ കുടിച്ചുവളർന്നവർ എന്നതിൻ പ്രകാരം പട്ടാങ്ങയുള്ള സ്നേഹത്തിന് ഒരിക്കലും കുറവു വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചുവരികയും വേണം. ഇത് എത്രയും വലിയ അനുശാസനമായി ഓർത്തുകൊള്ളണം."

"കുടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കുവാൻ തിരുമനസ്സായിരിക്കുന്നു. ആൾചുരുക്കത്താൽ അവർക്കാവശ്യമായ ഈ സഹായം നിറവേറ്റപ്പെടുന്നില്ല. അതിനാൽ കൂടുതൽ നവസന്യാസവേനങ്ങളും കൊവേന്തകളും ആവശ്യമാണ്. ഇക്കാര്യം മെത്രാപ്പോലീത്തായെ ഉണർത്തിക്കണം."

തുടർന്ന് ഉപകാരികളെ ഓർക്കാനും പ്രാർത്ഥിക്കാനും ആവശ്യപ്പെടുകയാണ്. പ്രത്യേകിച്ച്: നെസ്തോറിയസിന്റെ ശീശ്മയിൽപ്പെടാതെ നമ്മുടെ കാരണവന്മാരെ സംരക്ഷിച്ച മനേസിസ് മെത്രാൻ, പോർച്ചുഗീസ് രാജകുടുംബം, ഈശോസഭക്കാർ, ബർണ്ണദീനോസ് മെത്രാപ്പോലീത്താ, പീലിപ്പോസ്, മർസിലിനോസ്, ലെയോപോൾദ് മുപ്പച്ചന്മാർ, ദെലഗാദച്ചന്റെ ഇറ്റലിയിലെ കുടുംബം എന്നിവരെ ദൈവത്തിന്റെ പക്കൽ ഓർമ്മിച്ചുകൊള്ളണം. വികാരി അപ്പസ്തോലിക്കാ അച്ചന്റെ ശുശ്രൂഷികളായി വേല ചെയ്യണം സഭാംഗങ്ങൾ.

മഠം, ബോർഡിംഗ്, യോഗാർത്ഥി ഭവനം എന്നിവയുടെ കാര്യങ്ങളിൽ നിയമിക്കപ്പെട്ടവരല്ലാതെ മറ്റാരും ഇടപെടരുത്. കള്ളക്കേസിൽ കുടുക്കി എന്നെ കോടതി കയറ്റിയ മൂട്ടുച്ചിറ ഇടവകയിലെ മാഞ്ഞൂര് കളപ്പുരക്കൽ മാത്തൻ എന്നയാളിന്റെ കുടുംബത്തിന് മാന്യാനം കൊവേന്തക്കാർ കഴിയുന്നത്ര ഉപകാരം ചെയ്യണം. അതുപോലെ സ്ഥലം തന്ന തയ്യിൽ പെരുമാലിൽ കുടുംബക്കാരെ പ്രാർത്ഥനയിൽ ഓർക്കണം, സഹായിക്കണം. വാഴക്കുളം ആശ്രമവാസികൾ പാറായിയുടേയും, എൽത്തുരുത്തുകാർ തരകന്റേയും കല്ലൂർക്കാരന്റേയും, അമ്പഴക്കാട്ടുക്കാർ കണിച്ചായി ഇട്ടൂപ്പിന്റേയും ഓർമ്മക്കാരാകണം.

മരണപത്രികയിലെ അവസാനഖണ്ഡിക മാപ്പപേക്ഷയാണ്. വികാരി അപ്പസ്തോലിക്ക അച്ചനോടും, ദെലഗാദച്ചനോടും മുപ്പച്ചന്മാരോടും എല്ലാ കൊവേന്തക്കാരോടും ഞാൻ മാപ്പുചോദിച്ചു. "എന്റെ കടത്തിന് തക്കവണ്ണം ഓരോരുത്തരോടും ചെയ്യേണ്ടിയിരുന്ന ശുശ്രൂഷകളിലും ശേഷം സകലത്തിലും ഞാൻ കടപ്പെട്ടിരിക്കുന്ന കുറവുകൾ എന്നോടു പൊറുക്കണമെന്ന് ദൈവതിരുമുമ്പിൽ ഞാൻ യാചിക്കുന്നു." സഭയിൽ ഒന്നാമനായി പറഞ്ഞൊപ്പ് ചെയ്ത് ആദ്യത്തെ ശ്രേഷ്ഠനായിത്തീർന്ന ഞാൻ ന്യായപ്രമാണവും ക്രമാനുഷ്ഠാന വിധികളും കാക്കുവാനും മറ്റുള്ളവരെക്കൊണ്ട് അപ്രകാരം ചെയ്യിപ്പിക്കാനുമുള്ള വലിയ കടമ മുഴുവനായിട്ട് നിറവേറ്റിയിട്ടില്ല; നല്ല മാതൃക കാണിച്ചുതരികയുണ്ടായില്ല. തന്മൂലം നിങ്ങൾക്കനുഭവപ്പെട്ട ഇടർച്ചകൾ എന്നോട് പൊറുക്കണമേ. എന്റെ തണ്യമാതൃക അനുകരിക്കരുതേ. തീക്ഷണതയിൽ ഓരോരുത്തരും മുന്നേറണമെന്ന് ഞാൻ അപേക്ഷിക്കുന്നു."

ആശയങ്ങൾ അനർഗ്ഗളം പ്രവഹിക്കുകയായിരുന്നു. തത്സമയം ഞാൻ മറ്റൊരാളായി മാറിപ്പോയ പ്രതീതിയുണ്ടായി. ക്ഷീണം അനുഭവപ്പെട്ടതേയില്ല. ലിഖിതം ഒന്നുകൂടി വായിച്ചുനോക്കിയശേഷം അത് കവറിലിട്ട് ഒട്ടിച്ച് മുദ്രവച്ചു. അപ്പോഴേക്കും യുവസന്ന്യാസി കടന്നുവന്നു.

"ഇയീസ് സഹോദരാ, ബ്രദറിനോടെനിക്ക് കൂടുതൽ അടുപ്പം തോന്നുന്നു. അതിനാൽ ഒരു കാര്യം വിശ്വസിച്ച് ഭരമേല്പിക്കട്ടെ."

കവർ നീട്ടിക്കൊണ്ട്: "ഇത് മറ്റാരും അറിയാതെ സൂക്ഷിച്ചുവയ്ക്കണം. ഞാൻ മരിച്ചശേഷം ദൈലഗാദച്ചനെ ഏൽപ്പിക്കുകയും വേണം."

"ഞാൻ വാക്കു തരുന്നു."

"ദൈവം സഹോദരനെ അനുഗ്രഹിക്കട്ടെ!"

ഒമ്പതാം ഭാഗം

അന്ത്യാമന്ത്രണം

തുടർന്നുള്ള ആത്മകഥ ഞാൻ ആഹാളൂയിസ് നവസന്ന്യാസിക്ക് പറഞ്ഞുകൊടുത്ത് എഴുതിച്ചതാണ്. അവസാനം ചേർത്തിരിക്കുന്ന അനുബന്ധം ആ സഹോദരൻ തനിച്ചെഴുതിയതും. താൻ കണ്ടതും കേട്ടതും അദ്ദേഹം കുറിച്ചുവച്ചിരുന്നു.

34

എന്റെ സ്ലീവാപ്പാത

നാൽപ്പതു ദിവസത്തോളം നീണ്ട ഏകാന്തധ്യാനം എന്റെ ഇന്നുവരെയുള്ള ജീവിതത്തെക്കുറിച്ചുള്ള ഒരു അവലോകനമായിരുന്നു. അത് ഇത്രയധികം അനുഗ്രഹപ്രദമായിത്തീർക്കുവാനിടയാക്കിയ കാരുണ്യവാരിധിയായ കർത്താവിന് നന്ദിയുടെ നറുമലരുകൾ! ധ്യാനം അവസാനിച്ചിട്ടും അവശതക്ക് കുറവുകണ്ടില്ല. എപ്പോഴും കിടക്കണമെന്നുള്ള ചിന്ത. പക്ഷേ സന്ന്യാസിയായ എനിക്ക് അനുവാദമില്ലാതെ അപ്രാകാരം ചെയ്യാൻ സാധിക്കുകയില്ലല്ലോ. ദൈലഗാദച്ചന്റെ അനുമതി വേണം. ബുദ്ധിമുട്ടി എഴുന്നേറ്റ് അദ്ദേഹത്തിന്റെ മുറിയിലെത്തി, എക്ലോഗുകളുടെ കയ്യെഴുത്തുപ്രതികൾ എടുത്തിരുന്നു. സ്തുതിചൊല്ലിയപ്പോൾ:

"പ്രിയോരച്ചോ, എന്താണു വിശേഷം? ധ്യാനമെല്ലാം പൊടിപൊടിച്ചില്ലേ?"

"ദൈവത്തിനു സ്തുതി. എല്ലാം ഭംഗിയായി പര്യവസാനിച്ചു. ആദ്ധ്യാത്മിക പിതാവായ അങ്ങയുടെ പ്രാർത്ഥനാ സഹായത്തിന് നന്ദിയുണ്ട്."

"വാർത്ത കേട്ടതിൽ സന്തോഷം. കയ്യിലുള്ളതെന്താണ്?"

"ഇതാ എക്ലോഗുകളുടെ കയ്യെഴുത്തുപ്രതി."

"വളരെ നല്ലത്. അടുത്തുവരുന്ന പിറവിക്കാലത്തുതന്നെ നമുക്ക് നവസന്ന്യാസികളെക്കൊണ്ട് അവ അവതരിപ്പിക്കാം. പ്രിയോരച്ചൻതന്നെ നേതൃത്വം നൽകണം."

"ചെയ്തുകൊള്ളാം ദൈലഗാദച്ചോ. ഞാനിപ്പോൾ വന്നത് ഒരു അനുവാദം വാങ്ങിക്കാനാണ്. വളരെ ക്ഷീണം തോന്നുന്നു. കിടന്നാൽ കൊള്ളാമെന്നുണ്ട്."

"പ്രിയോരച്ചന് അവശത തോന്നുമ്പോഴൊക്കെ വിശ്രമിച്ചു കൊള്ളൂ. ഓരോ പ്രാവശ്യവും ബുദ്ധിമുട്ടി അനുവാദത്തിനായി വരണമെന്നില്ല."

"വളരെ വളരെ നന്ദി."

"ഒരു വിശേഷമുണ്ട്. മെത്രാനച്ചൻ വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുന്നതിന് റോമിലേക്ക് അടുത്തമാസം പുറപ്പെടുന്നു. കൂടെ ചെല്ലാൻ എന്നോടും ആവശ്യപ്പെട്ടിട്ടുണ്ട്."

"ഈയവസരത്തിൽ എന്നെ വിട്ടുപോകുകയാണല്ലേ?" ഗദ്ഗദ സ്വരത്തിലാണ് ഞാൻ മൊഴിഞ്ഞത്.

"വിഷമിക്കേണ്ട പ്രിയോരച്ചാ, തമ്പുരാൻ കൂടെയുണ്ടല്ലോ. പത്തു പന്ത്രണ്ടു മാസമെടുത്തെന്നു വരും മടങ്ങിവരുവാൻ. തിരിച്ചെത്തുമ്പോൾ പ്രിയോരച്ചനെ ആരോഗ്യവാനായി എനിക്കു കാണണം."

സങ്കടമടക്കുവാൻ അല്പസമയമെടുത്തു. അതിനുശേഷം ഇപ്രകാരമാരാഞ്ഞു.

"വത്തിക്കാൻ കൗൺസിൽ നടത്തുവാനായി വളരെയധികം പിലവു വരുമല്ലോ. ആരാണതു വഹിക്കുക?"

"ലോകത്തിലെ എല്ലാ രൂപതങ്ങളിൽ നിന്നും സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്."

"സുറിയാനിപള്ളികളിൽ ചെന്ന് ഞാൻ പിരിവെടുക്കാം. അണ്ണാൻ കുഞ്ഞിനും തന്നാലായതെന്നാണല്ലോ പൊല്ല്. സദയം അനുവദിക്കണം."

നല്ല കാര്യത്തിനായതുകൊണ്ട് ഞാൻ അനുവാദം തരുന്നു. ആരോഗ്യം സൂക്ഷിച്ചുകൊള്ളണം. മറ്റൊരു വിശേഷവുമുണ്ട്. മെത്രാനച്ചന്റെ അഭാവത്തിൽ പീലിപ്പോസ് മിഷിനറി പ്രൊ വികാരി അപ്പസ്തോലിക്കയായുടെ ജോലി നിർവഹിക്കും. എന്റെ സ്ഥാനത്ത് അനുജനായ ജെരാർദ്ദച്ചനെ പ്രൊവിൻഷ്യൽ ദൈലഗാദായി നിയമിക്കുന്നുണ്ട്. പക്ഷേ എല്ലാകാര്യങ്ങളും പ്രിയോരച്ചന്റെ അഭിപ്രായ പ്രകാരം നടത്തണമെന്ന് മെത്രാനച്ചൻ കല്പിച്ചിരിക്കുന്നു.

തിരുസ്സഭയുടെ ഈ സാമ്പത്തിക പ്രശ്നത്തിൽ സുറിയാനി പള്ളികൾ എന്തെങ്കിലും ചെയ്തേ മതിയാകൂ. ഈ ചിന്ത എന്നിൽ ഉത്സാഹം

ജനിപ്പിച്ചു. ക്ഷീണത്തെപ്പറ്റി ചിന്തിക്കാൻ സമയമില്ലെന്നായി. ഞാൻ തോപ്പിലച്ചനോടും യൗസേപ്പച്ചനോടും കൂടെ പിരിവിനിറങ്ങി. യാത്ര ചെയ്യുക വളരെ ബുദ്ധിമുട്ടായിരുന്നുവെങ്കിലും കർത്താവിനും അവിടുത്തെ പള്ളിക്കും വേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കാൻ ഞാൻ സന്നദ്ധനായി. വിശ്രമലേശമന്യേ ചുറ്റി നടന്ന് 3200 രൂപയോളം പിരിച്ചെടുത്തു. അതിന് ഏകദേശം ഒരു മാസമെടുത്തു.

അപ്പോഴേക്കും റോമിലേക്ക് പുറപ്പെടാനുള്ള സമയമായിരുന്നു. കുന്നമ്മാവ് കൊവേന്തയിൽ വന്നുപോകണമെന്ന് മെത്രപ്പോലീത്തായോട് അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹം സമ്മതം മൂളി. സമ്മേളനത്തിൽ കൊവേന്തവകയായി ഒരു മംഗളപത്രം സമർപ്പിക്കുകയും പിരിച്ചെടുത്ത തുക രൂപതാധികാരിയെ ഏൽപ്പിക്കുകയും ചെയ്തു. അനന്തരം പുത്തൻ പാനായിലെ "അമ്മകന്നീ..."യുടെ താളത്തിൽ ഞാൻ രചിച്ചിരുന്ന കവിത ദീനസ്വരത്തിൽ വായിച്ചു. വശഹീനനായ എന്റെമേൽ വലിയ ഭാരം ചുമത്തി മരണസമയത്ത് സഹായിക്കേണ്ട ജ്ഞാനപിതാവിനേയും കൂട്ടിക്കൊണ്ട് പോകുന്നത് വളരെ സങ്കടകരമാണ് എന്നതായിരുന്നു കവിതയുടെ ഉള്ളടക്കം. ശ്രോതാക്കളുടെയെല്ലാം കണ്ണുകൾ നിറഞ്ഞു. അഞ്ചു വിനാഴികയോളും ആർക്കും ഉരിയാടാനായില്ല.

"സാരമില്ല പ്രിയോരച്ചോ, തമ്പുരാനുണ്ടല്ലോ തുണയ്ക്ക്. അവിടുന്നിൽ ശരണപ്പെടുക" - അവസാനം മെത്രാപ്പോലീത്താ ആശ്വാസവചസ്സുകളോതി.

സുനഹദോസിനോടനുബന്ധിച്ചായിരുന്നു കന്യകാമഠാവ് അമലോത്ഭവയാണെന്ന വിശ്വാസസത്യം ഔദ്യോഗികമായി മാർപ്പാപ്പ പ്രഖ്യാപിച്ചത്. അതറിഞ്ഞപ്പോൾ സന്തോഷാധിക്യത്താൽ ഞാൻ വാവിട്ടു കരഞ്ഞുപോയി. ആഘോഷമായ പാട്ടുകുർബ്ബാനയും *ലാക് ആലാഹ*യും പാടി. എല്ലാ ആശ്രമങ്ങളിലും അപ്രകാരം ചെയ്യുവാൻ ആവശ്യപ്പെട്ടു. ഡിസംബർ എട്ടാം തിയ്യതിയുടെ തലേദിവസം ആഘോഷമായ വേസ്പരാക്ക് നേതൃത്വം നൽകിയതും ഞാൻ തന്നെ. തിരുന്നാൾ ദിനത്തിൽ കന്യകാംബികയെ വാഴ്ത്തിസ്തുതിച്ചുകൊണ്ട് നീണ്ട ഒരു പ്രസംഗം നടത്തുകയും ചെയ്തു.

കുന്നമ്മാവിലെ കന്യാസ്ത്രീകളുടെ ചുമതല എന്നെയാണ് ഏൽപ്പിച്ചിരുന്നത്. അതിനാൽ ബുദ്ധിമുട്ടിയാണെങ്കിലും ചെന്നു കാണുവാനും ഉപദേശം പറയുവാനും ശ്രമിച്ചിരുന്നു. അവർക്ക് ചില കത്തുകളെഴുതി കൊടുത്തയക്കലും പതിവാക്കി. ആശ്രമത്തിൽ നാല്പതുമണി

ആരാധന നടക്കുമ്പോൾ അതിൽ സംബന്ധിക്കുവാൻ സിസ്റ്റേഴ്സിന് അനുവാദമില്ലായിരുന്നു. സമാശ്വസിപ്പിച്ചുകൊണ്ട് ഞാനെഴുതി. "മഠത്തിന്റെ മൂലയിൽനിന്നുകൊണ്ട് ഈ നിങ്ങുടെ ശുദ്ധമണവാളൻ ഈശോമിശിഹാക്കു ചെയ്യുന്ന ആരാധനതന്നെ തനിക്ക് എത്രയും പ്രിയമുള്ളതാകുന്നു... തന്റെ മണവറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിയുവിൻ. എനിക്കുവേണ്ടി അപേക്ഷിപ്പിൻ." എന്നെപ്പോലെ ദീനമായി കിടപ്പിലായ ശ്രേഷ്ഠത്തിക്ക് ഒരെളുപ്പ ചികിത്സ 1970 ഏപ്രിൽ 2-ാം തിയ്യതി നിർദ്ദേശിച്ചുകൊടുത്തു. സുകൃതകൃത്യങ്ങൾ സ്വയം ചെയ്യാൻ കഴിവില്ലെങ്കിൽ മറ്റുള്ളവരുടെ പുണ്യപ്രവൃത്തികൾ ഓർത്ത് സന്തോഷിക്കുക. "ഇതിനാൽ പൂർവ്വം തുടങ്ങി ഏറിയ വിശുദ്ധരുടേയും രക്തസാക്ഷികളുടേയും പാപിനിയായ മഗ്ദെലനായുടേയും മറ്റും പുണ്യങ്ങളും പരിഹാര പ്രവൃത്തികളും ഓർത്ത് സന്തോഷിച്ച് നമുക്കുള്ളതായി കാഴ്ച്ച വയ്ക്കുക." ഞാൻ അഭ്യസിച്ചിരുന്ന രീതിയും അവരെ പഠിപ്പിച്ചു: "നാഡീഞരമ്പുകളുടെ ഇളക്കങ്ങളും, കണ്ണുചിമ്മുക, ശ്വാസം വിടുക, മുതലായതും പക്ഷിപറവകളുടെ സ്വരങ്ങളും നമ്മുടെ അപേക്ഷകളായി തനിച്ചു തനിച്ചും ആകമാനമായും കർത്താവിന്റെ പ്രവൃത്തിയോട് ചേർത്ത് കാഴ്ചവയ്ക്കുക. അതുവഴി നമ്മുടെ കുറ്റങ്ങൾ മാഞ്ഞുപോകുന്നു. ഏറിയ പുണ്യസമ്പത്തുകളും കിട്ടുന്നു." ഞാൻ ചെയ്തുപോരുന്ന മറ്റൊരു സുകൃതപ്രവൃത്തിയും അവർക്ക് അനുകരിക്കാം: "കർത്താവേ എന്നെ അനുഗ്രഹിക്കേണമേ എന്നു ഞാൻ ചൊല്ലുമ്പോൾ മഠങ്ങളിലും പ്രാർത്ഥനാമുറികളിലും ചൊല്ലുന്ന എല്ലാ നമസ്കാരങ്ങളുടേയും അർത്ഥം വച്ചിരിക്കുന്നു." അന്നൊക്കെ പെസഹാവ്യാഴാഴ്ച്ച പള്ളിയിൽ ആഘോഷമായ ഒരു കുർബ്ബാന മാത്രമേ പതിവുണ്ടായിരുന്നുള്ളൂ. ആ കുർബാനക്കിടക്കല്ലാതെ ദിവ്യകാരുണ്യം സ്വീകരിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. മദറും ഞാനും ദീനമായി കിടപ്പിലായിരുന്നു. അതിനാൽ 1870 ഏപ്രിൽ 13-ാം തിയ്യതി ഞാൻ ഇപ്രകാരം എഴുതി: "ശ്രേഷ്ഠത്തിയമ്മേ, നിങ്ങളും ഞാനും നാളെ പഷ്ണി (പട്ടിണി) യായിരിപ്പാൻ ദൈവം തിരുമനസ്സായിരിക്കുന്നു... (ഒരു മാർഗ്ഗം നിർദ്ദേശിക്കാം) അരൂപിയാലെ ഹൃദയത്തിൽ തന്നെ വിരുന്നിനു വിളിപ്പിൻ. ഉയർത്ത് പുത്തനായി തന്നെ കാണുന്നതു വരെ ദൈവമാതാവിനോടും മൂന്നു മറിയങ്ങളോടും കൂടെ തന്റെ പങ്കപ്പാടുകൾക്കും ഉയർപ്പിന്റെ തെളിവിനും കാത്ത് തന്നോടുകൂടെ ഒന്നിച്ചിരിപ്പിൻ." കൂലികൊടുക്കാൻ കാശില്ലാതെ വിഷമിച്ചിരുന്ന സിസ്റ്റേഴ്സിന് ഞാൻ 1870 മെയ് 23-ാം തിയ്യതി എഴുതുകയുണ്ടായി, "നാം വേലയെടുപ്പിക്കുക. പണം

തമ്പുരാൻ തരും. ഇതു നമ്മുടെ വകയല്ലാ. പിന്നെയോ ഈശോമിശിഹായുടെ പത്രമേനി (പിതൃസ്വത്ത്) യത്രേ. നാം വേല ചെയ്താൽ മതി." ആ കത്തിനൊപ്പം മറ്റു കാര്യങ്ങൾ ഞാൻ ഓർമിപ്പിച്ചു: "ചൊൽവിളി, എളിമ, ഉപവി എന്നിവക്കായി പരിശ്രമിക്കുക. യാതൊരുത്തനും അൽപനേരവും വെറുതെ കളയാതിരിക്കുവാൻ ഉത്സാഹിക്കുക. ഇതിന്റെ വില എത്രയോ വലുതെന്നോർക്കണമേ." 1870 ഒക്ടോബർ 15-ാം തിയ്യതിയായിരുന്നു മഠത്തിലേക്കുള്ള എന്റെ അവസാനസന്ദർശനം. എന്റെ ആഗ്രഹപ്രകാരം കന്യാസ്ത്രീകൾ രാജകന്യക സൂറിയാനിയിൽ പാടി. ആലാപനത്തിൽ വന്നുപോയ ചില തെറ്റുകൾ ഞാൻ തിരുത്തിക്കൊടുക്കുകയും ചെയ്തു.

ശീശ്മയിൽ ചേർന്നിരുന്ന ആനക്കല്ലുകൽ പള്ളിക്കാർ അനുരഞ്ജനപ്പെടുവാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ പീലിപ്പോസ് മിഷിനറിയും ജരാർദ്ദച്ചനും അങ്ങോട്ടു പോകാൻ തയ്യാറായി.

"പ്രിയോരച്ചോ, അങ്ങും ഞങ്ങളുടെ കൂടെ വരണം. അങ്ങയുടെ വാക്കുകൾ കേൾക്കാൻ അവരാഗ്രഹിക്കുന്നു" - ജെരാർദ്ദച്ചൻ നിർബന്ധിച്ചതനുസരിച്ച് സുഖമില്ലെങ്കിലും ഞാനും പോയി. ഫലമെന്തായിരുന്നുവെന്നോ? കഠിനമായ വാതപ്പനി പിടിപ്പെട്ട് കിടക്കയിൽ വീണുപോയി ഞാൻ. അതോടെ കണ്ണിന്റെ കാഴ്ച്ചയും തീരെ കുറഞ്ഞു. വിവരമറിഞ്ഞപ്പോൾ മാന്നാനത്തുനിന്ന് നേത്രവൈദ്യനായ മുട്ടത്തുപാടത്തു വർക്കി ശെമ്മാശ്ശൻ വന്നെത്തി. ചില പൊടിക്കൈകൾ പ്രയോഗിച്ചു നോക്കിയെങ്കിലും ഫലമുണ്ടായില്ല.

"മാന്നാനത്തു കൊണ്ടുപോയി ചികിത്സിച്ച് ഞാൻ സുഖമാക്കാം" - ശെമ്മാശ്ശൻ പറഞ്ഞു

കൊവേന്തക്കാർക്ക് തടസ്സമുണ്ടായില്ല.

മെത്രാനച്ചനും ലെയോപോൾദച്ചനും ഞാനിവിടെ താമസമാക്കണമെന്ന് പറഞ്ഞിട്ടുള്ളതിനാൽ മാന്നാനത്തേക്ക് പോകുന്നതിന് എന്റെ മനസ്സാക്ഷി സമ്മതിക്കുന്നില്ല.

ശെമ്മാശ്ശൻ ചെന്ന് തന്റെ ജ്യേഷ്ഠനായ ഈപ്പൻ വൈദ്യനെ കൂനമ്മാവിലേക്കയച്ചു. പല മാർഗ്ഗങ്ങളും നോക്കിയെങ്കിലും ഗുണം കണ്ടില്ല.

"കണ്ണിൽ അട്ടയിട്ടാലോ? കുറെ വേദനയും വിഷമവും സഹിക്കേണ്ടി വരും."

"വൈദ്യർ പറയുന്നതുപോലെ."

കർത്താവിന്റെ പീഡാനുഭവത്തിൽ പങ്കുചേരാൻ ലഭിച്ച അവസരം! പരാതിപ്പെടാതെ എല്ലാം മൗനമായി സഹിച്ചു. പക്ഷേ ജെരാർദ്ദച്ചനും മറ്റും ആ ചികിത്സ അരോചകമായി തോന്നി. വലിയ ഉപകാരവു മുണ്ടായില്ല.

"എറണാകുളത്തുള്ള ഡോക്ടർ ഗെണ്ഡ്റൂവിനെ വരുത്തി കാണിച്ചാലോ?" - ജെരാർദ്ദച്ചൻ.

അദ്ദേഹം വന്ന് പരിശോധിച്ചപ്പോൾ കാരണം കണ്ടുപിടിച്ചു.

"പിത്തം കോപിച്ച് ഉഷ്ണം കൊണ്ടിരിക്കുന്നു. സുഖപ്പെടുത്താനാകും. രണ്ടു ചെവികളുടേയും മേൽഭാഗം മുതൽ നെറ്റിവരെ നാലു വിരൽ വീതിയിൽ പൊള്ളിക്കുന്നതിനു മരുന്നു പുരട്ടാം. അപ്പോൾ കുമിളയായി പൊങ്ങും. അതു പൊട്ടിച്ചാൽ കുറെയധികം ദുർനീര് പൊയ്ക്കൊള്ളും. അതോടെ ആശ്വാസമാകും."

വളരെ വേദനാകരമായിരുന്നു ആ ചികിത്സ. ഗാഗുൽത്തായിലേക്കുള്ള എന്റെ കുരിശും ചുമന്നുള്ള യാത്ര പുരോഗമിക്കുന്നു!

"ക്രൂശിതനായ കർത്താവേ, ശക്തിതരണമേ"

ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചപ്പോൾ കണ്ണിന്റെ കാഴ്ച വീണ്ടുകിട്ടി. പൊള്ളിച്ച സ്ഥലം സുഖപ്പെടുന്നതിന് കുറച്ചു നാൾ വേണ്ടിവന്നുവെന്നു മാത്രം.

1870 സെപ്തംബറിൽ വിശുദ്ധ ഫിലോമിനായുടെ തിരുനാളിൽ ഞാൻ കുനമ്മാവു പള്ളിയിൽ പ്രസംഗിച്ചു. അതായിരുന്നു എന്റെ അവസാനത്തെ ധർമ്മോപദേശം.

വേറൊരു സഹനവും എനിക്കുണ്ടായി. പീലിപ്പോസ് മുപ്പച്ചനും മറ്റും നിർബന്ധിച്ചതുകൊണ്ട് എന്നെ ആശ്രമത്തിന് വെളിയിൽ കിഴക്കുവശത്തുള്ള ചെറിയ ബംഗ്ളാവിലാണ് പാർപ്പിച്ചിരുന്നത്. ആവൃതിയിൽ നിന്ന് മാറിത്താമസിക്കുന്നത് എനിക്കു ഹൃദയഭേദകമായിരുന്നു. എങ്കിലും ചൊൽവിളിയെപ്രതി അതിനും ആമ്മേൻ പറഞ്ഞു. അവിടെ കിടന്നിരുന്നപ്പോഴും ആശ്രമത്തിലെ ക്ത്യാഭ്യാസങ്ങൾ അനുഷ്ഠിക്കുന്നതിന് ഉത്സാഹിച്ചിരുന്നു. യാമപ്രാർത്ഥകൾ പുസ്തകത്തിൽ നോക്കി ചൊല്ലുന്നതിന് വിഷമമായിരുന്നതിനാൽ മറ്റുള്ളവരുടെ സഹായത്തോടെ അവ ജപിച്ചുവന്നു. സങ്കീർത്തനങ്ങളും മറ്റും എനിക്ക് കാണാപാഠമായിരുന്നു. എന്നാൽ വിവരമറിഞ്ഞപ്പോൾ അധികാരികൾ മുടക്കി.

"പ്രിയോരച്ചോ, അധികം ബദ്ധശ്രദ്ധനാകാൻ ആയാസപ്പെട്ടാൽ രോഗം വർദ്ധിക്കാനിടയുണ്ട്. അതിനാൽ യാമപ്രാർത്ഥനകൾ ചൊല്ലേണ്ടതില്ല. പകരം ഏതാനും "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ജപം ചൊല്ലിയാൽ മതി. സമ്മതമാണോ?"

"അങ്ങ് കല്പിക്കുന്നതുപോലെ"

സമൂഹപ്രാർത്ഥനയിൽ സംബന്ധിക്കാതിരിക്കുന്നതിൽപരം വലിയ കുരിശ് ഒരു സന്ന്യാസിക്ക് ലഭിക്കുവാനുണ്ടോ? എങ്കിലും മേലധികാരിയുടെ നിർദ്ദേശത്തിൽ ദൈവേഷ്ടം കണ്ടെത്താൻ ശ്രമിച്ചു. മറ്റു സമയങ്ങളിലും ദൈവസ്നേഹപ്രകരണങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു. എനിക്കേറ്റം ഇഷ്ടകരമായ ഗീതം ഗീതം വീണ്ടും പാടിക്കൊണ്ടിരിക്കുന്നതിൽ ഹൃദയാനന്ദം കണ്ടെത്തി.

"മമപിതാവു നീ, ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ,
എന്നുടെ സ്നേഹം നീയേ, ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ, യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ."

അതുപോലെ ആദ്ധ്യാത്മികഗ്രന്ഥങ്ങളും വിശുദ്ധന്മാരുടെ ചരിത്രങ്ങളും നവസന്ന്യാസികളെക്കൊണ്ട് വായിപ്പിച്ചിരുന്നു. പാരായണരോടൊത്ത് നല്ല മരണത്തിനൊരുക്കുന്ന ഗ്രന്ഥത്തിലെ പല ജപങ്ങളും കൂടെചൊല്ലിയിരുന്നു. അടുക്കൽ അടുക്കൽ ദിവ്യകാരുണ്യം സ്വീകരിക്കൽ പതിവാക്കി.

അസുഖമാണെന്നറിഞ്ഞപ്പോൾ സന്ദർശകർ ഒഴുകിയെത്തി. ധ്യാനിക്കാനും പ്രാർത്ഥിക്കാനും തടസ്സമായിത്തീർന്നുവെങ്കിലും അനിഷ്ടം കാണിക്കാതെ എല്ലാവരോടും സന്തോഷത്തോടും നന്ദിയോടും കൂടെ സംസാരിക്കാൻ ശ്രദ്ധിച്ചു.. സന്ദർഭാനുസൃതം സാരോപദേശങ്ങൾ പറയുവാൻ മടിച്ചില്ല. എന്റെ ആരോഗ്യത്തെ കുറിച്ചല്ല അധികം സംസാരിച്ചത്. മറ്റുള്ളവരുടെ വിശേഷങ്ങൾ ചോദിച്ചറിയുകയും പ്രാർത്ഥനാസഹായം വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു.

വാർത്തകേട്ട് കൈനകരിയിൽനിന്ന് മറിയംകുഞ്ഞും ഭർത്താവും പരിഭ്രാന്തരായി ഓടിയെത്തി.

"അച്ചോ, ഈശോമിശിഹാക്ക് സ്തുതിയായിരിക്കട്ടെ!"

"എപ്പോഴും സ്തുതിയായിരിക്കട്ടെ! മറിയംകുഞ്ഞ് ക്ഷീണിച്ചു പോയല്ലോ, എന്തുപറ്റി? മക്കൾക്കെല്ലാം സുഖമാണോ?"

"പ്രാരാബ്ധങ്ങൾ കൂടിക്കൂടി വരികയല്ലേ?"

ഭർത്താവ്: "അച്ചോ, കൃഷി പണ്ടത്തെപ്പോലെ മെച്ചപ്പെടുന്നില്ല. കൂലിക്കാരെ കിട്ടാനും അത്ര എളുപ്പമല്ല. രണ്ടുപേരും പാടത്ത് ഇറങ്ങി പണിയെടുക്കേണ്ട സ്ഥിതിയാണ്."

മറിയം കുഞ്ഞ്: "കുട്ടികളെയെല്ലാം കെട്ടിച്ചുവിട്ടു. അതോടെ മിണ്ടാനും പറയാനും മറ്റാരും ഇല്ലാതായി. അതിന്റെ വിഷമം അനുഭവപ്പെടുന്നു."

"എല്ലാം കർത്താവിന്റെ ഇഷ്ടമല്ലേ? അവിടുന്നറിയാതെ ഒന്നും സംഭവിക്കുന്നില്ലല്ലോ. പ്രാർത്ഥിക്കുവാൻ രണ്ടുപേരും കൂടുതൽ സമയം കണ്ടെത്തണം. രാവിലെ ഉണരുമ്പോൾ അന്നത്തെ ദിവസം കർത്താവിന് കാഴ്ചവയ്ക്കണം. ജോലികൾ അവിടുത്തോടൊന്നിച്ച് ചെയ്യാൻ പരിശീലിക്കണം."

വാഴ്വ് കൊടുത്ത് അവരെ പറഞ്ഞയച്ചു. സന്തോഷചിത്തരായാണ് ഇരുവരും മടങ്ങിയത്. 1870 ഒക്ടോബർ 27-ാം തിയ്യതി ഞാൻ അന്ത്യ പൂജയർപ്പിച്ചു.

1870 നവംബർ 8-ാം തിയ്യതി റോമിലേക്കുപോയിരുന്ന മെത്രാപ്പോലീത്തായും ദെലഗാദച്ചനും തിരിച്ചെത്തി. ഉടനടി എന്റെ ആത്മീയപിതാവ് എന്നെ സന്ദർശിച്ചു. രണ്ടുപേരും സന്തോഷാധിക്യത്താൽ പൊട്ടിക്കരഞ്ഞുപോയി. തുടർന്ന് രണ്ടു മണിക്കൂറോളം ഞാൻ അദ്ദേഹത്തോട് തനിച്ചു സംസാരിച്ചു. കൊവേന്തയിൽ താമസിച്ചുകൊണ്ട് മരിക്കണമെന്ന അഭിലാഷം അറിഞ്ഞ ഉടനെ അതിന് ഇടപാടു ചെയ്തു.

പിറ്റേദിവസം മെത്രാപ്പോലീത്താ വന്നുപോയി. മുഖത്ത് തെളിച്ചമില്ല. എനിക്കു കാര്യം മനസ്സിലായി. സുറിയാനി മെത്രാന്മാർക്കായി ഞാൻ റോമിലേക്കെഴുതിയ കാര്യം അറിഞ്ഞിരിക്കണം. പ്രതികരണം പ്രതീക്ഷിച്ചതാണ്. കുരിശെടുക്കാൻ കർത്താവേ, ശക്തിതരണമേ. എന്റെ മരണശേഷം നാട്ടുമെത്രാന്മാർക്കായുള്ള ശ്രമം ശക്തമാകാനാണ് സാധ്യത. മെത്രാപ്പോലീത്താ സഭക്കെതിരായി ആഞ്ഞടിച്ചെന്നും വരും. ഈശോയേ, അങ്ങയുടെ അമ്മയുടെ സഭയെ കൈവിടല്ലേ.

രോഗം നാൾക്കുനാൾ വർദ്ധിച്ചുവന്നപ്പോൾ ദെലഗാദച്ചന് ഒരാശയം.

"പ്രിയോരച്ചോ, അമ്പഴക്കാട്ടേക്കുപോയാലോ? ആശ്വാസം കിട്ടാനിടയുണ്ട്."

സ്വാഭാവികമായി എനിക്ക് അത്ര ഇഷ്ടമായില്ല. എങ്കിലും അധികാരികളുടെ ആഗ്രഹത്തിന് ഞാൻ വഴങ്ങിക്കൊടുത്തു. സ്ഥലത്തെത്തിയപ്പോൾ സുഖക്കേട് ഒന്നുകൂടി വർദ്ധിച്ചു. കുനമ്മാവിലേക്ക് ഉടനടി മടങ്ങേണ്ടിവന്നു.

മരണമടുത്തുവെന്നു മനസ്സിലായപ്പോൾ ഇഹലോകബന്ധങ്ങൾ വിച്ഛേദിക്കാൻ പരിശ്രമമായി. ഒരാഗ്രഹം മാത്രം.

"കാരുണ്യനാഥനാം ദിവ്യകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം"

സന്ദർശകർ ആദ്ധ്യാത്മികകാര്യങ്ങൾ മാത്രം സംസാരിക്കണമെന്ന അപേക്ഷ മുറിയുടെ വാതിൽക്കൽ പതിക്കാൻ ഇടപാടു ചെയ്തു. ഉപവാസമനുഷ്ഠിച്ചുകൊണ്ട് ദിവ്യകാരുണ്യം ഉൾക്കൊള്ളണമെന്ന് നിഷ്ഠ വച്ചു. അതിനാൽ നേരം വെളുക്കുമ്പോൾത്തന്നെ കുർബ്ബാന സ്വീകരിച്ചിരുന്നു.

പലപ്പോഴും നീണ്ടമയക്കം അനുഭവപ്പെട്ടു. വൈദ്യം പഠിച്ചിരുന്ന ആഹാ നിക്ലാവോസ് ഇടക്കിടക്ക് പ്രശ്നങ്ങൾക്ക് പ്രതിവിധികൾ നിർദ്ദേശിച്ചിരുന്നു. മാത്തുതരകൻ വന്നു കണ്ടു. സ്ഥിതി വഷളായി വരുന്നതിൽ വിഷമിച്ചാണ് മടങ്ങിപോയത്. ലൂയീസ് നവസന്ന്യാസിയും പലപ്പോഴും കൂട്ടിനുണ്ടായിരുന്നു. ഒരു ദിവസം മയങ്ങിക്കിടക്കവേ പെട്ടന്നു ഞാൻ ഉറക്കെ ചിരിച്ചു. ആഹാ ലൂയീസ് തട്ടിവിളിച്ച പ്പോഴാണ് കണ്ണുതുറന്നത്.

"പ്രിയോരച്ചോ, എന്തെങ്കിലും വിശേഷമുണ്ടോ?"

"എന്റെ ഇച്ചാച്ചനും അമ്മയും ചേട്ടായിയും വന്നിരുന്നു. കൊച്ചു കുര്യാക്കോസേ, തെറ്റിപ്പോയി. വലിയ പ്രയോരച്ചോ." ആ അഭിസംബോധന കേട്ടാണ് ഞാൻ പൊട്ടിച്ചിരിച്ചത്. അവരും എന്നോടൊത്ത് ചിരിക്കുന്നുണ്ടായിരുന്നു. കഷ്ടം, അപ്പോഴേക്കും ബ്രദർ എന്നെ ഉണർത്തിയല്ലോ.

അനുസ്മൃതി

പ്രിയോരച്ചന്റെ അന്ത്യനാളുകളിൽ അടുത്തുണ്ടാകാൻ അനുഗ്രഹം ലഭിച്ച ആഹാ ലൂയീസാണ് ഞാൻ. ദെലഗാദച്ചനും നിക്ലാവോസ് സഹോദരനും പലപ്പോഴും മുറിയിലുണ്ടായിരുന്നു. നേരിട്ടുകണ്ടതും മറ്റുള്ളവർ പറഞ്ഞുകേട്ടതുമായ കാര്യങ്ങൾ കുറിക്കട്ടെ.

ഒരു ദിവസം മയക്കത്തിൽ ആരോടോ സംസാരിക്കുന്നു. മുറിയിലുണ്ടായിരുന്ന ആഹാ നിക്ലാവോസ് കുലുക്കിവിളിച്ചു:

"കണ്ടില്ലേ?"

"എന്താണു പ്രിയോരച്ചാ, ഞാനൊന്നും കണ്ടില്ലല്ലോ?"

"എന്റെ പ്രിയപ്പെട്ട മൂന്ന് അമ്മമാർ വന്നിരിക്കുന്നു. എന്നെ മാടി വിളിക്കുന്നു!"

"ആരാണവർ?"

അയ്യോ അറിഞ്ഞുകൂടേ? തേറ്റക്കാരികളായ (അനുതാപികളായ) മൂന്ന് മറിയങ്ങൾ. മഗ്ദലനാമ്മ, ഈജിപ്തിലെ അമ്മ, കൊർത്തോനാമ്മ. അവർ ഇടക്കിടക്ക് വരുന്നുണ്ട്, സമയമടുത്തുവെന്ന് അറിയിച്ചുകൊണ്ട്.

അവശതകൾ ഏറിവരുംതോറും ഇഹലോകബന്ധങ്ങൾ അടർന്നുവീണുകൊണ്ടിരുന്നു. ഉണർന്നിരിക്കുമ്പോഴൊക്കെ മേശമേൽ വച്ചിരുന്ന തിരുക്കുടുംബരൂപത്തിൽ കണ്ണും പതിപ്പിച്ചുകൊണ്ടാണ് കിടന്നിരുന്നത്. *ആത്മാനുതാപത്തി*ലെ മാതാവിനോടുള്ള കടശി അപേക്ഷ ഇടക്കിടയ്ക്ക് എന്നെക്കൊണ്ട് ചൊല്ലിച്ചിരുന്നു.

ദെലഗാദച്ചൻ മുറിയിലുണ്ടായിരുന്ന ഒരു ദിവസം ആ മുഖം മിന്നിത്തിളങ്ങുന്നു.

"പ്രിയോരച്ചോ, എന്താണ് മുഖത്ത് പതിവില്ലാത്ത പ്രകാശം?"

"പിതാവേ, ഇന്നലെ ഒരാൾ എന്നെ കാണാൻ വന്നിരുന്നു."

"ആര്?"

"വി. അമ്മത്രേസ്യ. ആ സ്വർഗ്ഗരൂപിണിയെ ആദ്യം ഞാൻ തിരിച്ചറിഞ്ഞില്ല. അപ്പോൾ പറയുകയാണ്: നിന്നെ മാംസത്തള്ളയെക്കാൾ അധികം സ്നേഹിക്കുന്നവളെ മനസ്സിലായില്ലെന്നോ?"

സന്തോഷാധിക്യത്താൽ എനിക്കു വീർപ്പുമുട്ടലുണ്ടായി.

അപ്പോൾ: "മകനേ കുര്യക്കോസേ, ഇവിടെ കിടന്ന് കഴിച്ചുകൂട്ടാനാണോ ഭാവം?"

"അമ്മേ, എനിക്കെഴുന്നേൽക്കാൻ ആകുന്നില്ലല്ലോ?"

"മാലാഖമാരുടെ രണ്ടു ചിറകുകൾ നിനക്കു ഞാൻ തരാം. ഒന്നു രണ്ടു ദിവസം കൂടി ക്ഷമിക്കൂ. അപ്പോൾ വാനവിതാനത്തിലൂടെ പറന്നു പറന്ന് സ്വർഗ്ഗത്തിലെത്തിച്ചേരാൻ കഴിയും. ഒരു കാര്യമുണ്ട്. അതിനു മുൻപായി കദനത്തിന്റെ കാസാ മട്ടോളം കുടിച്ചു തീർക്കേണ്ടി വരും. സമ്മതമാണോ?"

"അമ്മയും മറ്റു മൂന്നു മറിയങ്ങളും പ്രാർത്ഥിച്ചാൽ കാരുണ്യവാനായ കർത്താവ് ശക്തി തരാതിരിക്കുകയില്ല."

"കുര്യാക്കോസിനെ മറ്റൊരു ഭാഗ്യം കാത്തിരിക്കുന്നു. മരണസമയത്ത് കൂട്ടിക്കൊണ്ടു പോകുവാൻ നീ ആയുഷ്ക്കാലം മുഴുവൻ ജീവിതം കഴിച്ചിരുന്ന തിരുക്കുടുംബാംഗങ്ങൾ വന്നെത്തും."

ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് അമ്മ അപ്രത്യക്ഷയായി.

പ്രിയോരച്ചന്റെ വാക്കുകൾ കേട്ടപ്പോൾ ദെലഗാദച്ചന്റെ കണ്ണു നിറഞ്ഞു.

1871 ജനുവരി 2-ാം തിയ്യതി കാലത്ത് ശുഷ്കാന്തിയോടെ പാപസങ്കീർത്തനം ചെയ്ത് ദിവ്യകാരുണ്യമുൾക്കൊണ്ടു. ഉച്ച കഴിഞ്ഞപ്പോൾ ശക്തിയായ ഓക്കാനവും ശർദ്ദിയും തുടങ്ങി. ആഹാ നിക്കളാവോസിന്റെ ചികിത്സയൊന്നും ഫലിച്ചില്ല. ദെലഗാദച്ചൻ ഉടനടി കന്യാസ്ത്രീകളെ അറിയിച്ചു, പ്രിയോരച്ചനുവേണ്ടി പ്രാർത്ഥനാമുറിയിൽ ചെന്ന് പ്രത്യേകം അപേക്ഷിക്കുവാനായി. അതിനുശേഷം അദ്ദേഹം മുറിയിലേക്കോടി. രോഗിയുടെ സഹനം കണ്ടുനിൽക്കാനായില്ല. കട്ടിലിൽ ചെന്നുവീണ് കരച്ചിലായി.

ആശ്രമവാസികളെല്ലാവരും എത്തിച്ചേർന്നു. മുറിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതോടൊപ്പം കരയുന്നുമുണ്ട്. രോഗിയുടെ അധരങ്ങൾ ചലിച്ചു.

"ഒപ്രുശുമാ"

കൂനമാവ് കൊവേന്തയുടെ വികാരിയായ യൗസേപ്പച്ചൻ: "പ്രിയോരച്ചാ, ആരാണ് തരേണ്ടത്?"

"ദെലഗദാച്ചൻ"

ഉടനെ അദ്ദേഹത്തെ വിളിക്കാൻ ആളുപോയി.

"എനിക്കതിന് ശക്തിയില്ല. ഞാൻ കരഞ്ഞുപോകും."

"ദൈലഗാദച്ചന് ഒപ്രുശുമാ നൽകാൻ കഴിയുകയില്ലെന്ന് പറയുന്നു. ഇനി ആരു വേണം?" - യൗസേപ്പച്ചൻ.

"എന്നാൽ അച്ചൻ തന്നെ മതി. സുറിയാനിയിലുള്ള പ്രാർത്ഥനകൾക്ക് എനിക്ക് മറുപടി ചൊല്ലാൻ ആകുമല്ലോ."

''പ്രിയോരച്ചോ, ആദ്യം അങ്ങയുടെ അന്ത്യോപദേശം ഞങ്ങൾക്കു കേൾക്കണം."

രോഗി എഴുന്നേറ്റിരിക്കുവാൻ ശ്രമം നടത്തി. ചിലർ സഹായിച്ചു. തലയണപൊക്കി വച്ചപ്പോൾ ചാരിയിരിക്കാനായി.

"പ്രിയ കൂടപ്പിറപ്പുകളേ, കർത്താവ് എന്നെ വിളിക്കുന്നു, ദു:ഖിക്കരുത്. ആ നിമിഷത്തിനുവേണ്ടി നന്നായി ഒരുങ്ങാൻ ദൈവം എന്നെ സഹായിച്ചിട്ടുണ്ട്. തിരുക്കുടുംബമെന്ന ത്രിത്വക്കുടുംബത്തെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് അവരെ സദാ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ കൃപയാൽ മാമോദീസായിൽ എനിക്കു ലഭിച്ച വരപ്രസാദം നശിപ്പിക്കുന്നതിന് ഇട വന്നിട്ടില്ല. നിങ്ങളെയെല്ലാം ഞാൻ തിരുക്കുടുംബത്തിന് പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ ആശ്രയിക്കുവിൻ. തിരുക്കുടുംബം നിങ്ങളുടെ ഹൃദയങ്ങളിൽ അധികാരം നടത്തട്ടെ. ഒരു കാര്യം മറക്കരുത്. ന്യായപ്രമാണവും ക്രമാനുഷ്ഠാനവിധികളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷമമായി കാക്കണം. സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ മുഴുഹൃദയത്തോടുകൂടെ സ്നേഹിക്കുവിൻ! ആ തിരുഹൃദയത്തിൽനിന്ന് ജീവജലം മതിവരുവോളം കോരിയെടുപ്പിൻ."

അന്ത്യശാസനം അവസാനിച്ചപ്പോൾ യൗസേപ്പച്ചൻ: "പ്രിയോരച്ചോ അങ്ങയുടെ വാഴ്വ് ഇവിടെ കൂടിയിരിക്കുന്നവർക്കും സഭാംഗങ്ങൾക്കോരോരുത്തർക്കും നൽകണമേ..."

ആയാസപ്പെട്ട് കരങ്ങളുയർത്തി എല്ലാവരേയും ആശീർവദിച്ചു. അതിനുശേഷം നിവർന്നുകിടന്നപ്പോൾ യൗസേപ്പച്ചൻ ഒപ്രുശുമാ നൽകി. ബോധത്തോടെ ഓരോ പ്രാർത്ഥനക്കും മറുപടി ചൊല്ലി. തിരുകർമ്മത്തിനുശേഷം കാര്യമായൊന്നും ഉരിയാടിയില്ല.

ഇടയ്ക്കിടെ ഓക്കാനവും ശർദ്ദിയും. ചിലപ്പോൾ അല്പം മയങ്ങും. ഉണരുമ്പോൾ മറ്റുള്ളവരോടൊപ്പം സുകൃതജപങ്ങൾ ചൊല്ലാൻ ശ്രമിച്ചിരുന്നു. ഇതിനിടെ മാത്തുതരകൻ എത്തിച്ചേർന്നു. അദ്ദേഹം ചില ഔഷധങ്ങൾ കൊടുത്തപ്പോൾ ഓക്കാനത്തിന് അൽപം ശമനം ഉണ്ടായി. മയക്കം വർദ്ധിച്ചു. വലിവു തുടങ്ങി.

ദൈവഗാദച്ചൻ തൊട്ടടുത്ത് മുട്ടുകുത്തി നിന്നിരുന്നു. പേരുവിളിക്കുമ്പോൾ കണ്ണുതുറന്നെന്നു വരും.

"പ്രിയോരച്ചാ, എങ്ങനെയുണ്ട്? ഹൃദയസമാധാനമുണ്ടോ? സന്തോഷമാണോ?"

മറുപടി വശ്യതയേറിയ ഒരു പുഞ്ചിരിയായിരുന്നു. സ്വർഗ്ഗീയ മന്ദഹാസമെന്ന് അതിനെ വിശേഷിപ്പിക്കുന്നതാകും ശരി.

ജനുവരി മൂന്നാം തിയ്യതി പുലർച്ചയായി. അച്ചന്മാർ ചിലർ കുർബ്ബാന ചൊല്ലുന്നതിനും, നവസന്ന്യാസികൾ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും പള്ളിയിലേക്കു പോയി. ഏഴരമണിയോടെ പെട്ടന്നൊരു ഭാവഭേദം. അടുത്തുനിന്നിരുന്ന അച്ചന്മാർ ദോഷപ്പൊറുതി നൽകുകയും സുകൃതജപങ്ങൾ ചൊല്ലുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അന്ത്യശ്വാസം വലിച്ചു. ആ പാവനാത്മാവിനെ കൂട്ടിക്കൊണ്ടു പോകുവാൻ തിരുക്കുടുംബത്തോടൊപ്പം അദ്ദേഹത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥരുടെ ഒരുഗണംതന്നെ വന്നെത്തിയിരിക്കണം. കൂടിയിരുന്നവർക്കെല്ലാം ഒരു അഭൗമികസമാധാനം അനുഭവപ്പെട്ടു. ഒരു വിശുദ്ധന്റെ ദേഹവിയോഗത്തിന് സാക്ഷികളായതിൽ ആത്മസംപ്രീതരായി അവർ.

നിർദ്ദേശാനുസരണം മുദ്രവച്ച കവർ ഞാൻ ദൈവഗാദച്ചനെ ഏല്പിച്ചു. വായിച്ചുനോക്കിയശേഷം അദ്ദേഹം കണ്ണുതുടക്കുന്നു.

"ലൂയീസ് സഹോദരാ, ഇത് പ്രിയോരച്ചന്റെ സഭാംഗങ്ങൾക്കുള്ള മരണപത്രികയാണ്. ഇതിന്റെ പകർപ്പുകളെടുത്ത് എല്ലാ കൊവേന്തകളിലേക്കും അയക്കണം."

എന്റെ അനുസ്മരണം പ്രിയോരച്ചന്റെ മരണദിനത്തിൽ മൂപ്പച്ചൻ ഡയറിയിൽ കുറിച്ചുവെച്ച അവസാനവരികളോടുകൂടി സമാപിക്കട്ടെ: അല്ലയോ, പരിശുദ്ധവും മനോഹരവുമായ ആത്മാവേ, എനിക്കു വേണ്ടി പ്രാർത്ഥിക്കണമേ."

യാവനപാനം നീയേ

ആത്മകഥാപരമായ ആഖ്യായിക

ആഹാ കുര്യാക്കോസ് ഏലിയാ



"മമപിതാവു നീ, ഭാഗ്യവുമെനിക്കു നീ,
മംഗളം നീയെന്നിയേ മറ്റെന്തഗുണം നാഥാ!
എന്നുടെ സ്നേഹം നീയേ, ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനുമെങ്ങെനെ ജീവിക്കുന്നു
ശ്വാസവുമെനിക്കു നീ, യാവനപാനം നീയേ,
ആശ്വാസം നിന്നിലല്ലാതെവിടെ എനിക്കയ്യോ!"

ഭാഷ്യകർത്താവ്

ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ